
2017 ഒക്ടോബർ ലക്കം 4

# സ്വസ്തി

ത്രൈമാസിക

യോഗക്ഷേമസഭ
കോഴിക്കോട്
ജില്ലാ കമ്മിറ്റി
പ്രസിദ്ധീകരണം



## നമ്പൂരിത്തം എങ്ങോട്ട്

## ബ്രാഹ്മണ്യം ചർച്ചയായ സമ്മേളനം

## സ്വയംഭൂ സ്വർഗ്ഗമാക്കിയ സ്വപ്നഭൂമിയിൽ


അർദ്ധനാരീശ്വരൻ-
കവർ പെയിന്റിംഗ്-
സതീഷ് തായാട്ട്

S





## സ്വസ്തി വായനക്കാരാകൂ...
## വരിക്കാരാകൂ...







**ഒക്ടോബർ ലക്കത്തോടെ സ്വസ്തിയുടെ ഒരു വർഷത്തെ നാല് ലക്കം എന്ന ലക്ഷ്യം പൂർത്തിയാവുകയാണ്... 2018 ജനുവരി ലക്കം വാർഷിക പതിപ്പ്...**

**ഉപസഭകളിലെ എല്ലാ ഇല്ലങ്ങളിലും സ്വസ്തി എത്തട്ടെ.....**

**2018ലെ ലക്കങ്ങൾക്ക് വേണ്ടി ഉപസഭാ സെക്രട്ടറിമാരെ ബന്ധപ്പെട്ട് കോപ്പി ഉറപ്പ് വരുത്തുക**

കൂടുതൽ വിവരങ്ങൾക്ക്:
**കെ.എം. പരമേശ്വരൻ (8089441634)**
**ഉമശ്രീ (9496164912)**

നിങ്ങളുടെ സൃഷ്ടികൾ അയക്കേണ്ട വിലാസം:
K.M. Parameswaran,
`Aryasree', Arakkinar P.O, Kozhikode -673028 Mob: 8089441634

Email: swasthithrimonthly@gmail.com

പുസ്തകം 1 |ലക്കം 4

2017 ഒക്ടോബർ

5119 കാർത്തികം (യുഗാബ്ദം) 1193 തുലാം (കൊല്ലവർഷം)
ശ്വേതാശ്വരകല്പം-വൈവസ്വത മന്വന്തരം (7) ശിശിര ഋതു
യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം




**ചീഫ് എഡിറ്റർ**
**കൊയത്തൊടി ചെറുമുക്കു പരമേശ്വരൻ**

**അസോസിയേറ്റ് എഡിറ്റർ**
**പാനാട് പദ്മനാഭൻ നമ്പൂതിരി**

**മാനേജിംഗ് എഡിറ്റർ**
**ഉമശ്രീ കിഴക്കുമ്പാട്**

**അംഗങ്ങൾ**
**ഡോ. വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരി**
**വി.ഇ. നാരായണൻ നമ്പൂതിരി**
**വിനോദ് മങ്ങത്തായ**
**രവി മങ്ങത്തായ**

**മാനേജിംഗ് കമ്മിറ്റി**
**മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി**
(പ്രിന്റർ ആന്റ് പബ്ലിഷർ)
**കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്**
(സർക്കുലേഷൻ മാനേജർ)
**വിനീത്‌രാജ് കന്മന**
**വിനീത് കണ്ടമംഗലം**

**ഉപദേശക സമിതി**
പാലാഞ്ചീരി നാരായണൻ നമ്പൂതിരി
(യോഗക്ഷേമ സഭ സംസ്ഥാന സമിതി അംഗം)
കോരമ്പറ്റ ശങ്കരൻ നമ്പൂതിരി
(ജില്ലാ സെക്രട്ടറി)
രമേശൻ പുൽപ്പറമ്പിൽ
ഹേമലതാദേവി പാറക്കോട്
(ജില്ലാ വനിതാ സഭാ പ്രസിഡന്റ്)

**ഡിസൈനിംഗ്**
റീഡിഫൈൻ ഗ്രാഫിക്സ്
കോയൻകോ ബസാർ
കോഴിക്കോട് -673001
9847941277

**വര**
ചുഴലിപ്പുറം വാസുദേവൻ നമ്പൂതിരി

# അബ്രാഹ്മണനിൽ എന്തിന് നിർത്തണം?

**ഒ**റ്റ ചോദ്യമേയുള്ളൂ.

മതേതരത്വവും ജനാധിപത്യവും സോഷ്യലിസവും നടപ്പാക്കാനുള്ള ആപ്പീസാണോ ക്ഷേത്രങ്ങൾ. യെസ് എന്നാണ് ഉത്തരമെങ്കിൽ ഒരക്ഷരവും പാഴാക്കാനില്ല. നോ കമന്റ്സ് .

മറിച്ച് നോ എന്നാണ് ഉത്തരമെങ്കിൽ ചിലത് പറയാം.

ക്ഷേത്രങ്ങൾ സംസ്ഥാപിച്ച് പരിപാലിച്ചു പോന്നത് മാർക്സും മതേതരസർക്കാരുകളല്ല , മതത്തിന്റെ വക്താക്കളാണ്. അത് നമ്പൂതിരിയാവാം. ശ്രീനാരായണഗുരുവാകാം. അയ്യൻകാളിയുടെ ആശയക്കാരോ മലയരയനോ ആവാം. ആരായാലും സംസ്ഥാപിച്ച തന്ത്രിയുടെ തീർപ്പിന് നടത്താനുള്ളതാണ് അത്. എന്താവണം അവിടത്തെ മൂർത്തി. എന്താവണം മൂലമന്ത്രം. എപ്പോൾ നട തുറക്കണം. എന്തു നിവേദിക്കണം. എന്തു വഴിപാട് കഴിക്കാം എന്നൊക്കെ തീരുമാനിക്കുന്നത് തന്ത്രിയാണ്.

കുളം കുഴിക്കണോ കക്കൂസ് ഉണ്ടാക്കണോ എന്ന് വാർഡ്സഭ ചേർന്ന് ഭൂരിപക്ഷം നോക്കി തീരുമാനിക്കുന്ന ജനകീയാസൂത്രണം പോലെ ഒന്നല്ല അത്. ഭൂരിപക്ഷഹിതം നോക്കി ചെയ്യനുള്ള ഒരു കാര്യവും ക്ഷേത്രത്തിനകത്തില്ല. ദേവഹിതം മാത്രമേ നോക്കാനുള്ളൂ. ആ ഹിതം നടപ്പാക്കുന്ന ആളാണ് തന്ത്രി.

ഇപ്പോഴത്തെ കാലത്ത് കൂടുതൽ ഭക്തരെത്തുന്നത് അയ്യപ്പനെ വണങ്ങാനാണ് എന്ന് പറഞ്ഞ് ഏതെങ്കിലും അമ്പലത്തിൽ വിഷ്ണുവിനെ മാറ്റി അയ്യപ്പനെ പ്രതിഷ്ഠിക്കണമെന്ന് പറഞ്ഞാൽ അങ്ങനെ ചെയ്യാൻ പറ്റുമോ?. വായനശാലയിൽ മനോരമ നിർത്തി ദേശാഭിമാനി ആക്കുന്ന പോലെ ചെയ്യുന്ന ഒന്നല്ല അത്. പഞ്ചാമൃതത്തിന് പകരം ബിരിയാണി മതിയെന്നു പറഞ്ഞാലോ?.

എന്തിന് ഹിന്ദുവാവണം പൂജാരി? മതേതരത്വത്തിന് എതിരല്ലേ അത്.

Swasthi Trimonthly | C/o K.M. Parameswaran | "Aryasree' | Arakkinar P.O | Kozhikode -673028 | Mob: 8089441634
Printed at Premier Printers | Annie Hall Road | Calicut-2
For private circulation only

# സ്വസ്തി

ത്രൈമാസിക

ഒക്ടോബർ 2017


## ആരൊക്കെ എന്തൊക്കെ


3 ബ്രാഹ്മണ്യം ചർച്ചയായ സമ്മേളനം

6 ആ പണക്കിഴി തുറന്നപ്പോൾ ശരിക്കും ഞെട്ടി

13 നമ്പൂരിത്തം എങ്ങോട്ട്

29 സ്വയംഭൂ സ്വർഗ്ഗമാക്കിയ സ്വപ്നഭൂമിയിൽ

40 മുറിഞ്ഞുപോയ വാല്

44 കൽച്ചട്ടിയിലെ ചോറുരുള

44 ദശാവതാര കീർത്തനം

45 ഒരു ഓൾഡ് അങ്കിളിന്റെ പ്രശംസ

47 നമ്പൂതിരി വിദ്യാലയം ഇല്ലായിരുന്നെങ്കിൽ


**അഭിനന്ദനങ്ങൾ.....**
**സഭാവാർത്തകൾ.....**
**പാണിഗ്രഹണം....**
**ആദരാഞ്ജലികൾ....**

എന്തിന് ആൺശാന്തി? പുരുഷമേധാവിത്വമല്ലേ അത്.

എന്തിന് പാൽപ്പായസം ? ഭക്ഷണസ്വാതന്ത്ര്യത്തിൽ ഇടപെടലല്ലേ അത്.

എന്തിന് വാലായ്മ ? അന്ധവിശ്വാസമല്ലേ അത്.

എന്തിന് ഉത്സവം? പാഴ്ചെലവല്ലേ അത്.

എന്തിന് ഗണപതിഹോമം? അന്തരീക്ഷമലിനീകരണമല്ലേ അത്.

എന്തിന് വഴിപാടുകൾ? ദൈവത്തിന്റെ പേരിലുള്ള ചൂഷണമല്ലേ അത്.

എന്തിന് തീണ്ടാരി ? അനാചാരമല്ലേ അത്.

ഇത്തരം യുക്തികളുമായി ക്ഷേത്രത്തിനകത്ത് വരുന്നത് ക്ഷേത്രം എന്ന സങ്കല്പത്തിന് തന്നെ എതിരാണ്.

ജാതി മത ലിംഗ വർഗ്ഗ ഭാഷാ ഗോത്ര വിവേചനങ്ങൾ സർക്കാർ ജോലിയിൽ പാടില്ലാത്തതാണ്. നല്ല കാര്യം. പക്ഷേ, ക്ഷേത്രജോലി സർക്കാർ ജോലി ആണോ? യെസ് എന്ന് പറയുന്നവരോട് ഒന്നേ ചോദിക്കാനുള്ളൂ. സർക്കാർ ആപ്പീസിൽ പുലയോ വാലായ്മയോ തീണ്ടാരിയോ ആചരിക്കുമോ? സർക്കാർ ആപ്പീസിൽ ചോര ചിന്തിയാൽ പുണ്യാഹം തളിക്കുമോ? ഇങ്ങനെ പല അനാചാരങ്ങളും നടമാടുന്ന 'സർക്കാർ ആപ്പീസാ'ണ് ക്ഷേത്രങ്ങളെന്നറിയുക. ഇനി അത്തരം അനാചാരങ്ങളും ഇല്ലാതാവട്ടെ. സ്ഥിതിസമത്വം പൂത്തുലയട്ടെ. ഇന്ന് അബ്രാഹ്മണനെ ശാന്തിക്കാരനാക്കി. നാളെ അഹിന്ദുവിനെയും ആക്കിക്കൂടേ? ഇതേ യുക്തി പോരേ അതിനും. പൂജ പഠിച്ച ഏതൊരു ഇന്ത്യൻ പൗരനും 'സർക്കാർ ക്ഷേത്ര'ങ്ങളിൽ ശാന്തിക്കാരനോ ശാന്തിക്കാരിയോ ആവാം. അതാവണം സർക്കാർ പറയേണ്ടത്. അങ്ങനെ ഏകപക്ഷീയമായാൽ മതിയോ?

തീർന്നില്ല , ബാങ്ക് വിളിക്കാൻ അറിയുന്ന ഏതൊരാളെയും പള്ളികളിൽ നിയമിക്കണ്ടേ!

വെഞ്ചെരിക്കാൻ അറിയാവുന്ന ഏതൊരാളെയും അതിനും സമ്മതിക്കേണ്ടേ!!

എല്ലാ തരം മതസ്ഥാപനങ്ങളിലെയും നിയമനങ്ങൾ പി.എസ്. സിക്ക് വിടാൻ മതേതരസർക്കാർ തയ്യാറാവണം.

എന്തിന് അബ്രഹ്മണനിൽ ഒതുങ്ങുന്നു, അഹിന്ദുവിനെക്കൂടി അവരോധിച്ചാലേ യഥാർത്ഥ മതേതരത്വം പുലരൂ. ശബരിമലമേശാന്തിയായി ഒരന്യമതക്കാരനെ നിയമിക്കൂ. അന്യമതക്കാരുടെ പണവും അവിടത്തെ ഭണ്ഡാരത്തിൽ എത്തുന്നുണ്ടല്ലോ. അങ്ങനെ എല്ലാ മതസ്ഥാപനങ്ങളിലെയും എല്ലാ തസ്തികകളിലും 'ജാതി മത ലിംഗ വർഗ്ഗ ഭാഷാ ഗോത്ര വിവേചന'മില്ലാതെ എല്ലാവർക്കും തുല്യ അവസരം കിട്ടുന്ന 'ആ അച്ഛാ ദിൻ' കൂടി നടപ്പാക്കിയിട്ടേ ഇറങ്ങിപ്പോകാവൂ എന്നൊരു അപേക്ഷ കൂടിയുണ്ട്.

ആരെ മന്ത്രിയാക്കണം എന്ന് തീരുമാനിക്കാൻ ജനങ്ങളിൽ ഒരാൾക്കും അധികാരമില്ല. മുഖ്യമന്ത്രിയ്ക്ക് മാത്രം അവകാശപ്പെട്ട ഒന്നാണല്ലോ അത്. അങ്ങനെ ചില കാര്യങ്ങൾ ക്ഷേത്രങ്ങളിലുമുണ്ട്. തന്ത്രിയ്ക്ക് മാത്രം അവകാശപ്പെട്ടത്. തന്ത്രിസ്ഥാനം മന്ത്രി ഏറ്റെടുക്കാത്ത സ്ഥിതിക്ക് അതാണ് അതിന്റെ ശരി.

**പത്രാധിപർ**



# ബ്രാഹ്മണ്യം ചർച്ചയായ സമ്മേളനം

## അടുത്ത ജന്മത്തിലെങ്കിലും ബ്രാഹ്മണനായി ജനിക്കണമെന്ന് പറഞ്ഞ സുരേഷ് ഗോപിക്ക് നന്ദി.

**മധു അരീക്കര**



യോഗക്ഷേമസഭയുടെ സംസ്ഥാന സമ്മേളനം നടന്നാൽ അത് പൊതുസമൂഹം വലിയ തോതിലൊന്നും ചർച്ച ചെയ്യാറില്ല. എന്നാൽ ഇത്തവണ വലിയ ചർച്ചയാണ് നടന്നത്. ട്രോളുകളും മറ്റുമായി സമൂഹ മാധ്യമങ്ങളിലൂം സമ്മേളന വാർത്ത വന്നു.

അടുത്ത ജന്മത്തിലെങ്കിലും ബ്രാഹ്മണനായി ജനിക്കണമെന്ന് പറഞ്ഞ സുരേഷ് ഗോപിക്ക് നന്ദി.

ഇതിനു പുറമെ മറ്റൊരു കാരണം കൂടിയുണ്ടായി. കർമ്മം കൊണ്ടു ബ്രാഹ്മണനാവുന്നതും അബ്രാഹ്മണൻ ശാന്തിക്കാരനാവുന്നതും തുടങ്ങി വേറെ ചിലതും വലിയ ചർച്ചയായി. ചുരുക്കത്തിൽ 'ബ്രാഹ്മണ്യം' നമ്പൂതിരിമാർക്കിടയിലും അല്ലാത്തവരിലും നല്ല ചർച്ചയായി മാറി.

**ഇതിനു പുറമെ മറ്റൊരു കാരണം കൂടിയുണ്ടായി. കർമ്മം കൊണ്ടു ബ്രാഹ്മണനാവുന്നതും അബ്രാഹ്മണൻ ശാന്തിക്കാരനാവുന്നതും തുടങ്ങി വേറെ ചിലതും വലിയ ചർച്ചയായി. ചുരുക്കത്തിൽ 'ബ്രാഹ്മണ്യം' നമ്പുതിരിമാർക്കിടയിലും അല്ലാത്തവരിലും നല്ല ചർച്ചയായി മാറി.**

ശ്രീപത്മനാഭന്റെ തട്ടകത്ത് നടന്ന സംസ്ഥാന സമ്മേളനം ശുഭസൂചകമായി. 'നാം സഭയ്ക്ക് വേണ്ടി, സഭ നമുക്ക് വേണ്ടി' എന്ന സന്ദേശമുയർത്തിയായിരുന്നു ഇത്തവണത്തെ സമ്മേളനം. സെപ്തംബർ 23,24 തീയതികളിലായി നടന്ന സമ്മേളനത്തിലെ സുരേഷ് ഗോപി



*ശ്രീപത്മനാഭം 2017 – സംസ്ഥാന സമ്മേളനം നടൻ സുരേഷ് ഗോപി ഉദ്ഘാടനം ചെയ്യുന്നു*

എം.പി.യുടെ ഉദ്ഘാടന പ്രസംഗമാണ് സംവാദങ്ങൾക്ക് തിരികൊളുത്തിയത്.

മൂന്ന് വേദികളിലായി വിവിധ സെഷനുകൾ. കാസർകോട് മുതൽ കന്യാകുമാരി വരെയുള്ള പ്രതിനിധികൾ, പതിനായിരങ്ങളുടെ പങ്കാളിത്തം, കലാപരിപാടികൾ തുടങ്ങി വൈവിധ്യ




*വനിതാ സമ്മേളനം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായ് തമ്പുരാട്ടി ഉദ്ഘാടനം ചെയ്യുന്നു*

*കൗൺസിൽ യോഗം*



**ഓംകാരാങ്കിത ശുഭ്രപ താകയുമായി ആയിരങ്ങൾ അണിനിരന്ന സമാപന ഘോഷയാത്ര സഭയുടെ ശക്തി വിളിച്ചോതി.**

സമ്പന്നമായി സമ്മേളനം.

ശാന്തിക്ഷേമ യൂണിയൻ പ്രതിനിധി സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രനാണ് ഉദ്ഘാടനം ചെയ്തത്. ആചാര്യ സദസ്സാകട്ടെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ചെയർമാൻ പ്രയാർ ഗോപാലകൃഷ്ണനും ഉദ്ഘാടനം ചെയ്തു. യുവജന സമ്മേളനം അവിട്ടം തിരുനാൾ ആദിത്യവർമ്മയാണ് ഉദ്ഘാടനം ചെയ്തത്.

വിദ്യാഭ്യാസ പുരസ്കാരങ്ങൾ 200 ൽപരം വിദ്യാർത്ഥികൾക്ക് നൽകി. സംസ്ഥാന പ്രസിഡന്റ് വൈക്കം പി. എൻ. നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. സെപ്തം. 17 പതാകദിനമായി ആചരിച്ചു. സെപ്തംബർ 22 ന് കൊടിമര ഘോഷയാത്രയും (കൊല്ലം ജില്ലയിൽ നിന്ന്), പതാകാ പ്രയാണവും (കന്യാകുമാരി ജില്ലയിൽ നിന്നും) തിരുവനന്തപുരത്തേക്ക് സംഘടിപ്പിച്ച് സ്വാഗതസംഘം സമ്മേളനം ബഹുജന ശ്രദ്ധയിൽ കൊണ്ടുവന്നു.

ശ്രീകുമാർ താമരപ്പിള്ളി നഗർ (പ്രിയദർശിനി ഹാൾ), ശ്രീമതി സുജാതാ നഗർ (ശ്രീദേവി കല്യാണ മണ്ഡപം), ഹരികൃഷ്ണൻ നഗർ (ശ്രീശങ്കരമഠം) എന്നിവിടങ്ങളിലാണ് വിവിധ സമ്മേളനങ്ങൾക്ക് വേദി ഒരുക്കിയത്.

പ്രഭാതത്തിൽ രണ്ടു ദിവസവും അഷ്ടദ്രവ്യ ഗണപതിഹോമവും വേദജപവും സഹസ്രനാമവും മറ്റും ശുഭാരംഭം കുറിച്ചു.

നടുവിൽ മഠം വില്വമംഗലം സ്വാമിയാർ മഠത്തിൽ നിന്നും പകർന്നു നൽകിയ ഭദ്രദീപം പ്രധാന വേദിയിലേക്കു ആദ്യ ദിവസം എഴുന്നള്ളിച്ചത് എടുത്തുപറയേണ്ടതാണ്.

ആചാര്യ സദസ്സിൽ യോഗ ക്ഷേമ സഭാ കോഴിക്കോട് ജില്ലാ അദ്ധ്യക്ഷനും സ്വസ്തി ത്രൈമാസികയുടെ പ്രിന്ററും പബ്ലിഷറുമായ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി അദ്ധ്യക്ഷനായിരുന്നു. സംസ്ഥാന കൗൺസിൽ യോഗത്തിൽ കോ




**സമ്മേളനത്തിന്റെ ഭാഗമായി നടന്ന പ്രകടനത്തിൽ നിന്ന്**


*അവതരണ ഗാനം*

ഴിക്കോട് ജില്ലയെ പ്രതിനിധീകരിച്ച് ജില്ലാ സെക്രട്ടറി കോരമ്പറ്റ ശങ്കരൻ നമ്പൂതിരിയും മധു അരീക്കരയും സംസാരിച്ചു.

യോഗക്ഷേമ സഭയുടെ പോഷക ഘടകമായ വനിതാ സഭയുടെ ആഭിമുഖ്യത്തിലുള്ള വനിതാ സമ്മേളനം നടന്നു. വനിതാ സഭ പ്രസിഡന്റ് സോയ അന്തർജ്ജനം അദ്ധ്യക്ഷത വഹിച്ചു. അശ്വതി തിരുനാൾ ഗൗരിലക്ഷ്മി ബായ് തമ്പുരാട്ടി ഉദ്ഘാടനം ചെയ്തു. ഡോ. പ്രമീളാദേവി (വനിതാ കമ്മിഷൻ അംഗം) മുഖ്യപ്രഭാഷണം നടത്തി)


ഓംകാരാങ്കിത ശുഭ്രപതാകയുമായി ആയിരങ്ങൾ അണിനിരന്ന സമാപന ഘോഷയാത്ര സഭയുടെ ശക്തി വിളിച്ചോതി. സമാപന സമ്മേളനത്തിൽ തിരുവനന്തപുരം മേയർ അഡ്വ. വി.കെ. പ്രശാന്ത്, എ.കെ.ബി.എഫ് ജനറൽ സെക്രട്ടറി പ്രദീപ് ജ്യോതി എന്നിവരും പങ്കെടുത്തു.


*യുവജന സമ്മേളനം അവിട്ടം തിരുനാൾ ആദിത്യവർമ്മ ഉദ്ഘാടനം ചെയ്യുന്നു*


*സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ സുരേഷ്ഗോപി എം.പി. ശങ്കരാചാര്യരുടെ പാദത്തിൽ പുഷ്പാർച്ചന നടത്തുന്നു*


*വനിതാസഭാ സമ്മേളനം അശ്വതി തിരുനാൾ തമ്പുരാട്ടി ഉദ്ഘാടനം ചെയ്യുന്നു*


*സമ്മേളനത്തിലെ വിവിധ ദൃശ്യങ്ങൾ*



## ആ പണക്കിഴി തുറന്നപ്പോൾ

# ശരിയ്ക്കും ഞെട്ടി

**തിരുമംഗലം നാരായണൻ നമ്പൂതിരി**



ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള ഭാഷാദിന പത്രം മനോരമയ്ക്ക് ഒരു മ്യൂറൽ പെയിൻറിംഗ് ആവശ്യമായി വന്നു. കർക്കിടക വിപണിയിൽ പുറത്തിറക്കുന്ന രാമായണത്തിന് കവർഫോട്ടോ ആയി ഉപയോഗിക്കാൻ. അവർ ഒരു ടാലൻ്ഡ് ഹണ്ടും നടത്തിയില്ല. ഒരാളോട് മാത്രമേ ചോദിച്ചുള്ളൂ കവർ ചിത്രം വരച്ചു തരാമോ എന്ന്.

അത് നമുക്കിടയിലെ ഒരു നമ്പൂതിരിയോടായിരുന്നു! സതീഷ് തായാട്ടിനോട് !!

ശ്രീരാമന്റെ ചിത്രത്തിന് ഇന്റർനെറ്റിൽ ഒരു പഞ്ഞവുമില്ല. മാത്രമല്ല മനോരമയിൽത്തന്നെ ഒരു പാട് ഇല്ലസ്ട്രേറ്റർമാരുണ്ട്. എന്നിട്ടും ശ്രീരാമപട്ടാഭിഷേകത്തിന് അവസരം ലഭിച്ചത് സതീഷിന്. മികച്ച മ്യൂറൽ ആർട്ടിസ്റ്റിനു വേണ്ടിയുള്ള മനോരമയുടെ അന്വേഷണമാണ് സതീഷിൽ എത്തിച്ചേർന്നത്.

ഒരു മനോരമ മാത്രമല്ല സതീഷിനെ ത്തേടി വന്നത്.

ഒളപ്പമണ്ണ മനയുടെ ഒരു ക്ഷേത്രമുണ്ട് മണ്ണാർക്കാട്ട്. പള്ളിക്കുറിപ്പ് മഹാവിഷ്ണുക്ഷേത്രം. അവിടത്തെ വാതിൽമാടത്തിൽ ഒരു പ്രത്യേകശ്രീകോവിലുമുണ്ട്. 160 ചതുരശ്രഅടി വലിപ്പമുള്ള അനന്തശയനമാണ് ആ വാതിൽ മാടത്തിലെ പ്രത്യേകത.

ഏതോ പുരാതനകാലത്ത് വരച്ചു ചേർത്ത ആ ചിത്രം കാലപ്പഴക്കത്താൽ കേടു വന്നിരിക്കുന്നു. അത് പൂർണ്ണമായും മാറ്റി വരയ്ക്കണം . ഒരു മാറ്റവും വരുത്താതെ. അതിന് പറ്റിയ ചുവർ ചിത്രകാരനെ അന്വേഷിക്കുകയായിരുന്നു ഒളപ്പമണ്ണ നമ്പൂതിരിപ്പാട്.

കുറെ ചിത്രകാരന്മാർ എസ്റ്റിമേറ്റ് നൽകി. പല ആളുകളും അതേപ്പറ്റി പ്രോജക്ട് സമർപ്പിച്ചു. ആ സമയത്താണ് പേരശ്ശിയുടെ മകൻ വഴി ഇക്കാര്യം സതീഷ് അറിയുന്നത്. മറ്റു പലരെയും പോലെ സതീഷും താല്പര്യമറിയിച്ചു. നമ്പൂതിരിപ്പാട് സതീഷിനെ വിളിപ്പിച്ചു.

സതീഷ് ചെന്നു. കുളിച്ചു ശുദ്ധമായ ശേഷംഅകത്തു കയറി നോക്കി. ഇരുൾ മൂടിയ വാതിൽ മാടത്തിൽ മങ്ങിയതെങ്കിലും അതീവ പ്രത്യേകതകൾ ഉള്ള ഒരു അനന്തശയനം. മാസങ്ങൾ ചെലവഴിച്ചാലേ അത് പൂർണ്ണമായും വരയ്ക്കാനാവൂ എന്ന് ബോദ്ധ്യമായി. ഇന്നയിന്ന രീതിയിലൊക്കെ വേണം അത് ചെയ്യാൻ എന്ന് നമ്പൂതിരിപ്പാടിനോട് പറഞ്ഞു.

പ്രകൃതിദത്തമായ വർണ്ണങ്ങളേ ഉപയോഗിക്കാവൂ. വരകളിൽ മാറ്റം പാടില്ല. ഭാവപ്പകർച്ച ഉണ്ടാവരുത്. തുടങ്ങി കുറെ കാര്യങ്ങൾ സതീഷ് നിഷ്കർഷിച്ചു. നമ്പൂതിരിപ്പാട് ഇങ്ങോട്ട് പറയാൻ ഉദ്ദേശിച്ച കാര്യങ്ങൾ ഒന്നൊന്നായി സതീഷ് അങ്ങോട്ട് പറഞ്ഞു. ആരെക്കൊണ്ട് ചെയ്യിച്ചാലും ഇത്തരം കാര്യങ്ങളിൽ നിഷ്കർഷ കുറയരുത് എന്ന അഭിപ്രായവും.

നമ്പൂതിരിപ്പാട് ഒന്നും പറഞ്ഞില്ല. സതീഷ് മടങ്ങിപ്പോന്നു.

ആ വർക്ക് മറ്റാർക്കെങ്കിലും നൽകിക്കാണും.

മാസങ്ങൾ കഴിഞ്ഞു. ഒരു ദിവസം

ഒരു ഫോൺ കാൾ. ഒളപ്പമണ്ണ മനയ്ക്കലേക്ക് ചെല്ലാൻ. ചെന്നു. കാര്യങ്ങളെല്ലാം വീണ്ടും സംസാരിച്ചു. വിശദമായി ത്തന്നെ. എന്നാൽ വരയ്ക്കാൻ തുടങ്ങാം എന്നായി നമ്പൂതിരിപ്പാട്. പോരുമ്പോൾ ഒരു കിഴിയും നൽകി.

ഇല്ലത്തെത്തി കിഴിയുടെ കെട്ടഴിച്ചപ്പോൾ ഒരു ലക്ഷം രൂപ!

അത്രയും തുക ഒന്നിച്ചു കാണുന്നത് അന്നായിരുന്നു.!!

വരയ്ക്കാനുള്ള അഡ്വാൻസ് തുക!!!

പക്ഷേ, ഇത്ര വലിയൊരു വർക്ക് ചെയ്തു തീർക്കാനാവുമോ ? മാത്രമല്ല ദേവചൈതന്യമമുള്ള ചിത്രമാണ്. മാസികയുടെ കവറല്ല. അതായി പിന്നത്തെ ആശങ്ക. സുഹൃത്തുക്കളായ വൈദ്യമഠം രഞ്ജിത്തിനെയും തോട്ടപ്പായ പ്രസാദിനെയും ഒപ്പം കൂട്ടി. പിന്നെ മൂന്നര മാസം അവിടെത്തന്നെയായിരുന്നു. പത്തായപ്പുരയിൽ താമസം.

രാവിലത്തെ പൂജകൾ കഴിഞ്ഞ് പതിനൊന്ന് മണിയോടെയാണ് അമ്പലം വരക്കാർക്കായി ഒഴിഞ്ഞു കൊടുക്കുക. അപ്പോൾ കുളിച്ച് ശുദ്ധമായി വരും. ഉച്ച വരെ വര. പിന്നെ ഊണ് കഴിഞ്ഞാൽ വീണ്ടും കുളി. അങ്ങനെ ദിവസം മൂന്നും നാലും കുളി. അതായിരുന്നു ദിനചര്യ.

ഒരാഴ്ച കൊണ്ട് നിരവധി ട്രേസിംഗ് പേപ്പറുകളിലായി ചിത്രം പൂർണ്ണമായും പകർത്തി. പിന്നെ, ചുമർ ശരിയാക്കി. ഇളനീരും കുമ്മായവും ചേർത്താണ് വെള്ള പശ്ചാത്തലം തയ്യറാക്കാക്കുന്നത്. അമ്പിലേറെ ലെയറുകളിലായി അടിച്ചു ചേർത്ത് പ്രതലമൊരുക്കി. അപ്പോൾമാത്രമാണ് പുളിയിലക്കനത്തിലാവുന്നത്. അതിനുമുകളിലാണ് വര. ആ വര തീർന്നപ്പോൾ ആശ്വാസമല്ല ആശങ്കയായിരുന്നു. ആളുകൾ എന്തുപറയും. പഴയ ചിത്രം പോലെ ആയില്ലെങ്കിൽ. പക്ഷേ, ആശങ്ക അസ്ഥാനത്തായി. എല്ലാവരുടേയും അഭിനന്ദനങ്ങൾ. വീണ്ടും രണ്ടര ലക്ഷം കൂടി പ്രതിഫലവും.

എപ്പോഴും ചുമരിൽത്തന്നെ ആവണമെന്നില്ല വര.

കൊയിലാണ്ടിയിലെ ഒരു ക്ഷേത്രത്തിൽ ദാരുശില്പമാണ്. വളരെ പഴക്കമുള്ളത്. അതിൽ ഭംഗി വരുത്താനായി ഇനാമൽ പെയിന്റ് ചെയ്തു. ദേവപ്രശ്നത്തിൽ അത് അഹിതമായി കണ്ടു. ഇനിയെന്ത് വേണം. ചുമർചിത്രശൈലിയിൽ പ്രകൃതിദത്തമായ വർണ്ണങ്ങൾ ഉപയോഗിച്ച് മോടി കൂട്ടണം. അങ്ങനെ ചെയ്യണമെങ്കിൽ വിഗ്രഹം പുറത്തെടുക്കണം. പക്ഷേ, പുറത്തെടുക്കുന്നതിനോട് ദൈവജ്ഞന് താല്പര്യമില്ല. അകത്ത് കയറിത്തന്നെ നിറം കൊടുക്കാൻ പറ്റിയ ആൾ വൈകാതെ വരുമെന്നായി ജ്യോതിഷി. അങ്ങനെയാണ് ആ ചാന്താട്ടം സതീഷിനെത്തേടി എത്തിയത്.

ഇങ്ങനെ ഒരു പാട് വേറിട്ട അനുഭവങ്ങൾ.

**രാവിലത്തെ പൂജകൾ കഴിഞ്ഞ് പതിനൊന്ന് മണിയോടെയാണ് അമ്പലം വരക്കാർക്കായി ഒഴിഞ്ഞു കൊടുക്കുക. അപ്പോൾ കുളിച്ച് ശുദ്ധമായി വരും. ഉച്ച വരെ വര. പിന്നെ ഊണ് കഴിഞ്ഞാൽ വീണ്ടും കുളി. അങ്ങനെ ദിവസം മൂന്നും നാലും കുളി. അതായിരുന്നു ദിനചര്യ.**

ചിത്രം വര കൊണ്ട് ജീവിക്കാമെന്ന് ഒരു ഉറപ്പും ഇല്ലായിരുന്നു. എന്നിട്ടും പത്താം ക്ലാസ് കഴിഞ്ഞ് പ്രീ ഡിഗ്രിയ്ക്ക് ചേരുന്നതിനു പകരം യൂണിവേഴ്സൽ ആർട്സിൽ ചിത്രം വരയ്ക്ക് ചേർന്നു. അച്ഛൻ എതിരൊന്നും പറഞ്ഞില്ല. എട്ടാം ക്ലാസിൽ പഠിക്കുന്നോൾ വാരികകളിലെ നോവലുകളിൽ കാണുന്ന ഇലസ്ട്രേഷൻ പകർത്തുന്നതായിരുന്നു ഹോബി. അതിൽ കുറച്ചൊക്കെ വരയുണ്ടെന്ന് കൂട്ടുകാർ പറഞ്ഞത് പ്രചോദനവുമായി.

യൂണിവേഴ്സൽ ആർട്സിൽ പഠിക്കുമ്പോഴാണ് ചിത്രകലയിൽ പല തരം വിഭാഗങ്ങൾ ഉണ്ടെന്നും അതിലൊന്നാണ് ചുമർ ചിത്രരചനയെന്നും മനസ്സിലായത്. 1999ൽ യൂണിവേഴ്സലിലെ കോഴ്സ് കഴിഞ്ഞു, കേരളത്തിലെ ഏറ്റവും മികച്ച ചുമർചിത്രകലാ കേന്ദ്രം





ഗുരുവായൂരിലാണെന്ന് ആയിടെ മനസ്സിലാക്കി. അതിൽ അഡ്മിഷൻ കിട്ടാൻ എന്താണ് വഴി. രണ്ടു വഴിയേ ഉള്ളൂ. ഒന്ന് ഗുരവായൂരപ്പന്റെ അനുഗ്രഹം വേണം. മറ്റൊന്ന് പ്രവേശന പരീക്ഷയിൽ നന്നായി വരയ്ക്കാനും പറ്റണം.

ഭാഗ്യം!

120 പേർ മത്സരിച്ചതിൽ നിന്ന് പത്തു പേരെ തിരഞ്ഞെടുത്തപ്പോൾ അതിൽ ഒരാളായി. പിന്നത്തെ ബാച്ചിനെ തിരഞ്ഞെടുക്കുക അഞ്ചു വർഷം കഴിഞ്ഞാണ്. ഒരു ബാച്ചിന്റെ പഠനം പൂർത്തിയായിക്കഴിഞ്ഞാലേ അടുത്ത ബാച്ചിനെ എടുക്കൂ. താമസം ,ഭക്ഷണം, തുടങ്ങി എല്ലാം സൗജന്യം. പോരാത്തതിന് സ്റ്റൈപ്പൻഡും. മികച്ച ഗുരുകുല സമ്പ്രദായം. സംസ്കൃതം, ചരിത്രം , തുടങ്ങി ചിത്രരകലയ്ക്കപ്പുറത്തെ കാര്യങ്ങളും ഉൾക്കൊള്ളുന്ന സമഗ്രസിലബസ്. പ്രിൻസിപ്പാളും കുട്ടികളും ഒരുമിച്ച് മാമസം. അതാണ് ഇൻസ്റ്റിട്യൂട്ട് ഓഫ് മ്യൂറൽ പെയിന്റിംഗിന്റെ പ്രത്യേകത. 2000ത്തിൽ ആ ഗുരുകുലത്തിൽ ചേർന്ന സതീഷ് കോഴ്സ് കഴിഞ്ഞ് പുറത്തു വരുന്നത് 2006ൽ. അതാകട്ടെ ഒന്നാം ക്ളാസോടെ.

ഇനിയെന്ത് ? പഠനസമയത്ത് എറണാകുളം ദർബാർ ഹാളിൽ നടത്തിയ എക്സിബിഷന്റെ അനുഭവം ഉണ്ടായിരുന്നു. ആ ധൈര്യത്തിൽ കോഴിക്കോട്ട് ഒരു മ്യൂറൽ എക്സിബിഷൻ നടത്തി. വെറുതെയായില്ല അത്. എക്സിബിഷൻ

**ഗുരവായൂരപ്പന്റെ അനുഗ്രഹം വേണം. പ്രവേശന പരീക്ഷയിൽ നന്നായി വരയ്ക്കാനും പറ്റണം. ഭാഗ്യം!120 പേർ മത്സരിച്ചതിൽ നിന്ന് പത്തു പേരെ തിരഞ്ഞെടുത്തപ്പോൾ അതിൽ ഒരാളായി.**

കണ്ടഒരാൾ പൂക്കാട് കലാലയത്തിലെത്തിച്ചു. വരയ്ക്കാനല്ല വര പഠിപ്പിക്കാൻ. അങ്ങനെ ചിത്രകലാ അദ്ധ്യാപകന്റെ വേഷവും.

ആ അദ്ധ്യാപകജോലി വീണ്ടും വഴിത്തിരിവായി.

ഒയിസ്ക ഇന്റർ നാഷണലിന്റെ കോഴിക്കോട്ടെ വുമൺസ് ചാപ്റ്റർ ചിത്രകലയിൽ പ്രതിവാര ക്ളാസ് തുടങ്ങുന്നു. പരിശീലിപ്പിക്കാൻ ആളു വേണം.അവർ പരിശീലകനായി കണ്ടെത്തിയത് സതീഷിനെ. ആറു കുട്ടികളുമായി തുടങ്ങിയ ക്ളാസിൽ ഇപ്പോൾ 40 കുട്ടികളുണ്ട്. ആർട്ടിസ്റ്റ് നമ്പൂതിരിയെപ്പോലുള്ള ചിത്രകാരന്മാരും സൂര്യ കൃഷ്ണമൂർത്തിയെപ്പോളുള്ള കലാകാരന്മാരും സതീഷ് തായാട്ടിന്റെ ഈ ക്ളാസുകളിൽ അതിഥിയായി എത്തിയിട്ടുണ്ട്. പഠനകാലത്ത് തിരുവനന്തപുരത്തെ സൂര്യ ഫെസ്റ്റിവലിനു തുടർച്ചയായി ചുമർചിത്രം വരയ്ക്കാൻ പോയ അനുഭവവും ഈ ബന്ധത്തിനു പിന്നിലുണ്ട്. ആ ബന്ധം കൊണ്ടു തന്നെയാണ് സതീഷിന്റെ കുട്ടികൾ വരിച്ച പശുപതിയെന്ന ചിത്രത്തിന്റെ നേത്രോന്മീലനം നടത്താൻ സൂര്യകൃഷ്ണമൂർത്തി സമ്മതിച്ചതും.

നമുക്കിടയിലെ തികച്ചും സാധാരണക്കാരനായ ഈ നമ്പൂതിരിയെക്കുറിച്ച് ഇനിയുമുണ്ട് പറയാൻ.

എം. ജി.ശശിഭൂഷൺ തന്റെ ചുമർ ചിത്രകലാ പുസ്തകത്തിൽ ഉൾക്കൊള്ളിക്കാൻ ചിത്രം വരെ ഏല്പിച്ചത് സതീഷിനെ.

മലബാറിലെ ഏറ്റവും വലിയ ക്യാൻസർ ആശുപത്രിയായ എം.വി. ആർ ക്യാൻസർ സെന്ററിലെ കേരളീയം എന്ന പരമ്പരയൊരുക്കാൻ തിരഞ്ഞെടുത്തത് സതീഷിനെ. അവിടത്തെ എം. ഡിയെ കാണാൻ വരുന്നവർക്കെല്ലാം കേരളീയം കൂടി കണ്ടേ മടങ്ങാനാവൂ. കാരണം ആ വലിയ ചിത്രത്തിന്റെ കാൻവാസ് എം.ഡിയുടെ മുറിയുടെ ചുമരുകളാണ്.

സതീഷിന്റെ ഇല്ലത്തെ ഓരോ ചുമരിലും ചിത്രമാണ്. പൂർത്തിയാക്കിയതും അല്ലാത്തതുമായ നിരവധി ചിത്രങ്ങൾ. കേരളത്തിലെ 100 ചിത്രകാരന്മാരുടെ ഓരോ ചിത്രങ്ങൾ സമാഹരിച്ച് വൻ പ്രദർശനത്തിന് വേദിയൊരുങ്ങിയപ്പോൾ അതിലൊരാൾ സതീഷ്. മദനൻ, പോൾകല്ലാനോട് തുടങ്ങി പ്രശസ്ത ചിത്രകാരന്മാരാണ് മറ്റു ചിലർ എന്നറിയുമ്പോഴാണ് ആപ്രദർശനത്തിന്റെ വലിപ്പം തിരിച്ചറിയുന്നത്.

# പുളിയില കനത്തിൽ 30 തവണ അടിക്കേണ്ടിവരും

കേരളത്തിന്റെ തനത് പാരമ്പര്യ ശൈലിയാണ് കേരളീയ ചുമർ ചിത്രകല. ഇന്ത്യയിൽ ഉടനീളം പല ശൈലിയിലുള്ള ചിത്രങ്ങൾ ഉണ്ട്. ഉദാഹരണത്തിന് തഞ്ചാവൂർ പെയിന്റിംഗ്, മധുബാനി ശൈലി, ബംഗാളി ശൈലി മുതലായവ. കേരളത്തിലെ സവിശേഷമായ ശൈലിയാണ്, നാം ഇപ്പോൾ കാണുന്ന ചുമർ ചിത്രകല. ഇത് ക്ഷേത്രങ്ങളിലും ക്രിസ്ത്യൻ പള്ളികളിലും കാണപ്പെട്ടിരുന്നു. മറ്റു ചിത്രകലകളിൽ നിന്ന് വ്യത്യാസമായി പ്രകൃതിജന്യമായ കളറുകൾ മാത്രമാണ് ഇതിനായി ഉപയോഗിക്കുന്നത്. നവ ഭാവുകത്വ ഭാഷയിൽ പറഞ്ഞാൽ തികച്ചും 'എക്കോ ഫ്രന്റ്ലി'! അഞ്ചു കളറുകൾ ആണ് ഉപയോഗിക്കുന്നത്. അതായത്- പഞ്ചവർണ്ണം എന്നാണ് സാങ്കേതികമായി പറയുക. എന്തു ചിത്രങ്ങളും ഏതു ചുമരിലും വരച്ചാൽ 'ചുമർചിത്ര'മാവില്ല. പ്രകൃതിയിൽ നിന്നുള്ള കളറുകൾ വേണം. പിന്നെ ചുമർ ഒരുക്കാനുണ്ട്. 'പ്രതലം തയ്യാറാക്കൽ'. ഇതു തന്നെ വളരെ സാങ്കേതികമായ ഒരു പ്രക്രിയ ആണ്. പടവ് കഴിഞ്ഞ 'നഗ്ന'മായ ചുമരാണ് കലാകാരനെ ഏൽപ്പിക്കുന്നത്. പിന്നീട് നീറ്റുകക്ക വാങ്ങി കുമ്മായമുണ്ടാക്കി പൊടിയാക്കി, തരിച്ച മണലും കൂടി 1:1 എന്ന അനുപാതത്തിലാക്കുന്നു. വരയ്ക്കാനുള്ള ചുമരിൽ ഈ മിശ്രിതം ഒരു 'പരുക്കൻ തേപ്പ്' തേയ്ക്കുന്നു. വെറുതെ തേയ്ക്കുകയല്ല. രണ്ടുമൂന്ന് ആഴ്ച ഈ മിശ്രിതം കുഴച്ചുവെക്കും. ഇത് ഉപയോഗിച്ചാണ് പ്രതലം ഒന്നാമതായി ഒരുക്കുന്നത്. ഒന്നോ രണ്ടോ ആഴ്ചകൾക്കുശേഷം ഇതേ മിശ്രിതം ഒന്നുകൂടി മിനുസപ്പെടുത്തി 'ദ്വിതീയ പ്രതലം' തേയ്ക്കുന്നു. പിന്നീട് തൃതീയ പ്രതലത്തിനായി മണലും കുമ്മായവും തമ്മിൽ കൂടിച്ചേരാനായി 'ഗം' ആയി ഉപയോഗിക്കുന്നത് ഊഞ്ഞാൽ വള്ളിയുടെ 'ചാറ്' ആണ്. ഈ മിശ്രിതത്തിൽ ഒരു ബാഹ്യവസ്തുവോ തരിയോ, കല്ലോ ഒന്നും കലരാൻ പാടില്ല. അങ്ങനെ വന്നാൽ പ്രതലം വിള്ളലുണ്ടാവും. പൊളിച്ചെടുത്ത് വേറെ തേയ്ക്കണം. കാരണം, ചിത്രങ്ങൾ കാലാന്തരത്തോളം നിലനിൽക്കേണ്ടത് കലാകാരന്റെ ആവശ്യമാണ്. പിന്നെ കുമ്മായത്തിന്റെ 'നൂറ്' പലതവണ അരിച്ചെടുത്ത് ഇളനീരും കുട്ടി ഒരു 'പുളിയില കനത്തിൽ' പ്രതലത്തിൽ തേച്ച് ഉണങ്ങിയാൽ നല്ല വെളുത്ത മിനുസമാർന്ന പ്രതലമായി. ചുമർചിത്രകലാ പഠന പദ്ധതിയിൽ ഇതും ഒരു പ്രധാന സിലബസ് ഐറ്റം ആണ്. ചുണ്ണാമ്പും ഇളനീരും സാധാരണ 25 മുതൽ 30 തവണയൊക്കെ അടിക്കേണ്ടിവരും. 'പുളിയില' കനം ലഭിക്കാൻ! വരയ്ക്കാനുപയോഗിക്കുന്ന ബ്രഷ്, ഇയ്യാൻ പുല്ല്, കോരപ്പുല്ല് തുടങ്ങിയ പുല്ലിൽ നിന്നാണ് ഉണ്ടാക്കുന്നത്. മുളന്തണ്ടിൽ കെട്ടിവെക്കും. ഉപയോഗിക്കുന്ന നിറങ്ങൾ: മഞ്ഞയും ചോപ്പും, വെട്ടുകല്ലിൽ നിന്ന് ലഭിക്കുന്നു. കല്ല് പൊടിച്ച് അരച്ചാണ് കളർ പേസ്റ്റ് ഉണ്ടാക്കുന്നത്- നീല അമരിചെടി, പച്ച- വിളക്ക് കരി.



# വൈഭവം

കവിതയൊഴുകീടുവാൻ നിറമുള്ള പീലികൾ
കരമതിലൊരുക്കിവെക്കേണം
മഷി നനച്ചെന്നും മിനുക്കിവെച്ചീടുവാൻ
മനതാരൊരുങ്ങി നിൽക്കേണം
ഒരു പാഴ്ക്കിനാവിൽ ലയിച്ചിരുന്നങ്ങനെ...
സ്വപ്നങ്ങൾ നെയ്തെടുക്കേണം
കാണാത്ത കേൾക്കാത്ത കാര്യങ്ങളൊക്കെയും
ഓരത്തു ചേർത്തുവെക്കേണം
അരികത്തു വന്നതും നിന്നതും മൊഴിചേർത്ത്
കാതിൽ പറഞ്ഞതുമെല്ലാം
മങ്ങാതെ മായാതെ ചേർത്തടുക്കീട്ടൊരു
മായാപ്രപഞ്ചമാക്കേണം
ഒരു കയ്യുമിരുകയ്യുമായി വരുന്നവർ-
ക്കകതാരരക്കിട്ടു സൂക്ഷിക്കുമെന്നവർ-
ക്കിരുകയ്യുമായി ഞാൻ നൽകുമെന്നാലവർ-
ക്കൊരുകുടം മുന്തിരിത്തേൻ കവിത!
നൃത്യത നെയ്യുന്ന കാരുണ്യപൂരമായ്
നൽക്കവിതാശാഖയേറിപ്പടുത്തൊരീ-
മുത്തുകൾ, ചന്തംപടുത്തൊരീമാല;
നൽക്കവിതാസാരമായ മാല



ശ്രീദേവി ഏളപ്പില





ചില നുണകൾ
അങ്ങനെയാണ്.
ആവർത്തിച്ച് സത്യമാക്കും.
ബ്രഹ്മർഷി നാരദനെ
ഏഷണിക്കാരനും നുണയ
നും മറ്റുമാക്കി ചിത്രീകരിച്ച്
'പരദൂഷണ
പ്രിയ'നാക്കുന്ന
കഥകൾ
നിരന്തരം കേട്ട് കേട്ട്
പലർക്കും നാരദൻ
മോശം കഥാപാത്രമാണ്.
എന്നാൽ
വാസ്തവമെന്താണ്?

# തിരുത്തേണ്ട ഒരു ഏഷണി

**കെ.എം.പരമേശ്വരൻ**



ചില നുണകൾ അങ്ങനെയാണ്. ആവർത്തിച്ച് സത്യമാക്കും. ബ്രഹ്മർഷി നാരദനെ ഏഷണിക്കാരനും നുണയനും മറ്റുമാക്കി ചിത്രീകരിച്ച് 'പരദൂഷണ പ്രിയ'നാക്കുന്ന കഥകൾ നിരന്തരം കേട്ട് കേട്ട് പലർക്കും നാരദൻ മോശം കഥാപാത്രമാണ്.

എന്നാൽ വാസ്തവമെന്താണ്?

നരനെക്കുറിച്ചുള്ള ജ്ഞാനം നൽകുന്നവനാണ് നാരദൻ. ഏഷണിയല്ല 'ഏഷണ'യാണ് നാരദന്റെ പ്രവൃത്തി. ഏഷണയെന്നാൽ അന്വേഷണം. അന്വേഷണമെന്നാലോ-സത്യാന്വേഷണവും.

മൂവുലകിലും സഞ്ചരിച്ച് സത്യാന്വേഷണം നടത്തി യഥാർത്ഥവസ്തുതകളെ വ്യവച്ഛേദിച്ചു നൽകിയ മഹർഷിയാണ് നാരദൻ.

ആഷാഢത്തിലെ കൃഷ്ണപ്രഥമയാണ് നാരദ ജയന്തി. ഭാരതത്തിലെ ആദ്യ 'പത്രപ്രവർത്തകൻ' കൂടിയായ അദ്ദേഹത്തിന്റെ ജയന്തി ദേശീയ പത്രപ്രവർത്തക ദിനമായും ആചരിക്കുന്നു. ലോകത്ത് നല്ലതുമാത്രം ഭവിക്കട്ടെ എന്ന ഭാവാത്മക കാഴ്ചപ്പാടോടെ ഇടപെടലുകൾ നടത്തിയ വാർത്താനിറകുടം കൂടിയാണ് അദ്ദേഹം. മറ്റു വിധത്തിലുള്ള എല്ലാ നുണക്കഥകളും ഏഷണകളും തിരുത്തേണ്ടതാണ്.

ചില നാരദ പ്രവൃത്തികൾ നിരീക്ഷിച്ചാൽ ചിത്രം വ്യക്തമാവും.

ധ്രുവൻ എന്ന അഞ്ചുവയസ്സുകാരൻ കൊട്ടാരം വിട്ട് വനം ലക്ഷ്യമാക്കി ഇറങ്ങിയിരിക്കുന്നു എന്ന വിവരം കിട്ടിയപ്പോൾ ആണ് നാരദന്റെ ആദ്യത്തെ ഇടപെടലുണ്ടായത്. ഭാവിയിൽ അഭിഷിക്തനാവേണ്ട രാജകുമാരനാണ് ധ്രുവൻ. 'നിനക്ക് രാജസിംഹാസനത്തിൽ ഇരിക്കാൻ ഈ ജന്മത്തിൽ കഴിയില്ല. അടുത്ത ജന്മത്തിൽ എന്റെ മകനായി പിറക്കണം' എന്ന ചെറിയമ്മ സുരുചിയുടെ ശകാരമാണ് ധ്രുവന്റെ സങ്കടത്തിന്റെ മൂലകാരണം. അവരുടെ മുമ്പിൽ അച്ഛന്റെയും തന്റെ അമ്മയായ സുനീതിയുടേയും നിസ്സഹായാവസ്ഥയും. അമ്മയാണ് തപസ്സിനായി പ്രേരിപ്പിക്കുന്നതും സമ്മതിക്കുന്നതും.

ചെറിയമ്മയോടു ക്ഷമിച്ച് കൊട്ടാരത്തിലേക്കു തിരിച്ചുപോകാനാണ് ആദ്യം ധ്രുവകുമാരനോട് നാരദൻ പ്രേരിപ്പിക്കുന്നത്. പല രീതിയിലും പറഞ്ഞുനോക്കിയിട്ടും ധ്രുവന്റെ ദൃഢനിശ്ചയം മാറ്റാൻ കഴിയില്ലെന്നു നാരദനു ബോദ്ധ്യമായി. താൻ പറഞ്ഞതു അനുസരിക്കാതിരുന്നതിന് ധ്രുവനോട് നാരദന് ഒട്ടും വിഷമം തോന്നിയില്ല. പിന്നെ തപസ്സിന്റെ വഴിയിലേക്കു ഉപനയിക്കുന്നതും ഹിംസ്രമൃഗശല്ല്യമില്ലാത്ത 'മധുവന'ത്തിൽ തപസ്ഥാനം ഒരുക്കിക്കൊടുക്കുന്നതും 'ഓം നമോ ഭഗവതേ വാസുദേവായ' എന്ന മൂലമന്ത്രം ഉപദേശിക്കുന്നതും മന്ത്രദേവതയുടെ വാങ്മയ ചിത്രം വിസ്തരിച്ചു പറഞ്ഞു കൊടുക്കുന്നതും ശ്രീനാരാദ മഹർഷിതന്നെ. ആറു മാസത്തെ തപസ്സുകൊണ്ട് ധ്രുവന് ഇഷ്ടദേവതാ സാക്ഷാൽക്കാരം സാദ്ധ്യമായെങ്കിൽ അതിൽ ഗുരുവിനും നിർണ്ണായക പങ്കുണ്ട്.

വേറെയുമുണ്ട് ചില സന്ദർഭങ്ങൾ. ആരാലും കൊല്ലപ്പെടാത്ത വരലബ്ധിക്കായി ഹിരണ്യകശിപു മന്ദരപർവ്വതത്തിൽ ബ്രഹ്മാവിനെ തപസ്സുചെയ്യാൻ പോയ സന്ദർഭം. സ്വർഗ്ഗം തിരിച്ചു പിടിക്കാൻ ദേവേന്ദ്രന്റെ നേതൃത്വത്തിൽ ദേവാസുരയുദ്ധം നടന്നു. അസുരപ്പട ഛിന്നഭിന്നമായി. അസുരരാജധാനിയിൽ നിന്നും ഗർഭിണിയായ കയാധുവിനെ ബന്ധനസ്ഥയാക്കി സ്വർഗ്ഗലോകത്തേക്കു തട്ടിക്കൊണ്ടു പോകാനായിരുന്നു ദേവേന്ദ്രൻ പരിപാടിയിട്ടത്.

ഇവിടേയാണ് ആർഷപാരമ്പര്യത്തിന്റെ മഹനീയത വിളിച്ചോതുന്ന തരത്തിൽ നാരദർഷിയുടെ ഇടപെടലുണ്ടായത്. ഒരു യുദ്ധരംഗം ജീവൻ പമയം വെച്ചു അടുത്തുനിന്ന് വീക്ഷിച്ചുകൊണ്ടിരിക്കുന്ന വാർത്താലേഖകർക്ക് ചിലപ്പോൾ മനുഷ്യത്വപരമായി ഇതുപോലെ ഇടപെടാൻ

സന്ദർഭങ്ങളുണ്ടായെന്നിരിക്കും. പ്രകൃതി ദുരന്തങ്ങളും അപകട രംഗങ്ങളും റിപ്പോർട്ടു ചെയ്യാനെത്തുന്നവർക്കും മനസ്സാക്ഷി ചിലതു ചെയ്യാൻ നമ്മോടു പ്രേരിപ്പിക്കാറുണ്ടല്ലോ.

നാരദൻ നേരെ ദേവേന്ദ്രന്റെ സന്നിധിയിൽ പാഞ്ഞെത്തി. ഗർഭിണിയായ ആ അസുരരാജ്ഞിയെ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കാൻ ആവശ്യപ്പെട്ടു. ഹിരണ്യകശിപുവിന്റെ അസുര വിത്തിനെ കയാധു പ്രസവിച്ച ശേഷം വധിയ്ക്കാനാണ് താൻ അസുരരാജ്ഞിയെ തട്ടിക്കൊണ്ടു പോകുന്നതെന്നാണ് ദേവേന്ദ്രൻ വാദിക്കുന്നത്. ത്രികാലജ്ഞാനിയായ ശ്രീനാരദൻ കയാധുവിന്റെ ഗർഭസ്ഥ ശിശു പാപമൊന്നും ചെയ്യാത്ത സ്ഥിതിക്ക് വധാർഹനല്ലെന്നാണ് ന്യായവാദം നടത്തിയത്. ദേവേന്ദ്രനാൽ സ്വതന്ത്രയാക്കപ്പെട്ട കയാധുവിനെ ദേവസേന തകർത്ത അസുര രാജധാനിയിൽ കൊണ്ടുചെന്നാക്കുന്നതിനു പകരം നേരെ സ്വന്തം ആശ്രമത്തിലേക്കാണ് സംരക്ഷണത്തിനായി കൊണ്ടുപോകുന്നത്.

'കൂട്ടിക്കൊണ്ടു പോകുന്നതുവരെ സുരക്ഷിതമായി എന്റെ ആശ്രമത്തിൽ താമസിക്കാം' എന്നു പറഞ്ഞു സ്വന്തം മകളോടെന്നപോലെ ആശ്വസിപ്പിക്കുന്നു.

നാരദാശ്രമത്തിൽ എത്തിപ്പെടുന്ന കയാധുവിന് നാരദൻ സാന്ത്വന ചികിത്സ നൽകുന്നുണ്ട്. അസുര വംശത്തിന്റെ ആജന്മവൈരിയിൽ നിന്നും കയാധുവിനെ രക്ഷിക്കാൻ നാരദനല്ലാതെ ആർക്കും കഴിയുമായിരുന്നില്ല. അസുരവംശത്തോട് നാരദന് വിദ്വേഷമുണ്ടായിരുന്നില്ലെന്ന് ഇതിലൂടെ വ്യക്തമാണ്. എന്നാൽ ഹിരണ്യകശിപുവിന്റെ ആസുരിക ഏകാധിപത്യത്തോട് അദ്ദേഹം എതിരുമാണ്.

കയാധുവിന്റെ ഗർഭത്തിലുള്ള അസുരവിത്തിനെ ലോകോപകാരിയായ വിഷ്ണുഭക്തോത്തംസമാക്കി മാറ്റിയെടുക്കാനുള്ള ഒരു പരീക്ഷണമാണ് നാരദൻ നടത്തിയത്. കയാധുവിന് നാരായണ നാമം ഉപദേശിക്കുന്നു. നിരന്തരം നാരായണ നാമജപം നടത്താൻ പ്രേരിപ്പിക്കുന്നു. നാരദാശ്രമത്തിലെ ആത്മീയ ജീവിതരീതിയിലേക്കും ഭക്ഷണ ക്രമത്തിലേക്കും മാറി ഗർഭകാല ഔഷധസേവകളെല്ലാം അനുഷ്ഠിച്ച് കായാധു സുഖപ്രസവത്തിലൂടെ പ്രഹ്ലാദന് ജന്മം നൽകുന്നു.

ഒരു ബ്രഹ്മസൃഷ്ടിയാലും കൊല്ലപ്പെടരുത്, ആകാശം-ഭൂമി-ജലം-ഇവിടങ്ങളിലൊന്നും ആയുധം കൊണ്ടു വധിക്കപ്പെടരുത്, കൊട്ടാരത്തിന്റെ അകത്തും പുറത്തും, പകലും രാത്രിയും തന്റെ മരണമുണ്ടാകരുത്, ത്രിലോകങ്ങളിലും തന്റെ ഏകാധിപത്യത്തിന് എതിരുനിൽക്കാൻ ദേവന്മാർക്കും അസുരന്മാർക്കും മനുഷ്യർക്കും സാദ്ധ്യമാവാത്ത വരങ്ങളെല്ലാം സ്വായത്തമാക്കി മന്ദരപർവ്വതത്തിൽ നിന്നും തിരിച്ചെത്തി ത്രൈലോക്യാധിപത്യം വീണ്ടെടുത്ത്



**ഭക്തിപ്രസ്ഥാനം കലിയുഗത്തിൽ രൂപപ്പെടുത്തുന്നതിൽ ശ്രീനാരദന്റെ പങ്കുവലുതാണ്.**

അസുരരാജധാനി പുനർനിർമ്മിച്ചശേഷമാണ് കയാധുവിനേയും പ്രകർഷേണ ആഹ്ലാദം നൽകുന്ന പുത്രനേയും കൂട്ടിക്കൊണ്ടുപോകുന്നത്. ആസുരിക വിദ്യാഗുരുകുലത്തിൽ നിഷ്കർഷയോടെ പഠിപ്പിക്കാനയക്കുന്നു. എന്നാൽ പ്രഹ്ലാദന്റെ വിദ്യാഭ്യാസമെല്ലാം നാരദാശ്രമത്തിൽ നിന്ന് പൂർത്തിയായിരുന്നു. ഭക്തിയോഗത്തിന്റെ ഒന്നാം തരം ആചാര്യനായി മാറിയ പ്രഹ്ലാദൻ ഹിരണ്യകശിപുവിന്റെ കണ്ണിലെ കരടായി, കൊടിയ പീഡനങ്ങൾക്ക് വിധേയനായി, ''എല്ലായിടത്തും നിറഞ്ഞു നിൽക്കുന്ന നിന്റെ നാരായണൻ എന്റെ വാളുകൊണ്ട് കൊല്ലപ്പെടുന്നതിൽ നിന്നും നിന്നെ രക്ഷിക്കട്ടെ'' എന്നു പറഞ്ഞ് വാൾപ്രയോഗിച്ച ത്രിസന്ധ്യാ നേരത്തോണല്ലോ 'നരസിംഹാവതാരം'. കൊട്ടാരത്തിന്റെ ഉമ്മറപ്പടിയിലിരുന്ന് നഖം കൊണ്ടാണ് നരസിംഹമൂർത്തി ഹിരണ്യകശിപുവിന് മോക്ഷമരുളുന്നത്.

പിന്നീട് അസുരലോകത്ത് വിഷ്ണുഭക്തനായ പ്രഹ്ലാദന്റെ ഭരണമാണ് തലമുറകളോളം നടന്നത്. പ്രഹ്ലാദപൗത്രനായ മഹാബലിയുടെ മാതൃകാഭരണവും കഴിഞ്ഞാണ് നർമ്മദാതടത്തിലെ യജ്ഞശാലയിൽ വെച്ച് വാമനമൂർത്തിക്ക് സ്വരാജ്യം സമർപ്പിച്ച് സുതലത്തിൽ മാത്രം തന്റെ ഭരണം പരിമിതപ്പെടുത്തി വാഴുന്നതെന്നു കാണാം.

സനാതന ധർമ്മത്തിലെ അവതാരവരിഷ്ഠരായ ശ്രീരാമചന്ദ്രന്റെയും ശ്രീകൃഷ്ണ പരമാത്മാവിന്റെയും കഥ അനശ്വരഗ്രന്ഥങ്ങളാക്കി എഴുതാനും ലവകുശന്മാരേയും ശ്രീ ശുകനേയും ഹൃദിസ്ഥമാക്കിച്ച് ഇതിഹാസ പുരാണ സപ്താഹ - നവാഹ പാരായണ വ്യവസ്ഥയുണ്ടാക്കി സാർവ്വത്രിക പ്രചാരം ഉണ്ടാക്കാനും വാത്മീകി മഹർഷിക്കും വേദവ്യാസനും മാർഗ്ഗദർശനം നൽകിയതും ശ്രീനാരദമഹർഷിയാണ്. ജഗദംബയുടെ കഥകൾ ദേവീഭാഗവതമായി വ്യാസനെക്കൊണ്ടു തന്നെ എഴുതിച്ച് നവാഹപാരായണ വ്യവസ്ഥയും നാരദമഹർഷി ചെയ്തിട്ടുണ്ട്.

ഭക്തിപ്രസ്ഥാനം കലിയുഗത്തിൽ രൂപപ്പെടുത്തുന്നതിൽ ശ്രീനാരദന്റെ പങ്കു വലുതാണ്.

ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം കലിയുഗം തുടങ്ങി. കലിവർഷം 30ൽ കന്നിമാസത്തിലെ വെളുത്ത നവമിക്കാരംഭിച്ച് ഹസ്തിനപുരത്തെ ഗംഗാ തടത്തിൽ ശ്രീമദ് ഭാഗവതം ആദ്യമായി സപ്താഹമായി ശ്രീശുക ബ്രഹ്മർഷി പാരായണം ചെയ്തു. ഇരുന്നൂറു വർഷം കഴിയേണ്ടിവന്നു അടുത്ത സപ്താഹത്തിന്. കലിയുഗം 230ൽ ദക്ഷിണ ഭാരതത്തിൽ തുംഗഭദ്രാതീരത്തെ മഹാപുരത്ത് ആഷാഢമാസത്തിലെ ശുക്ലപക്ഷ നവമിക്കു തുടങ്ങി പൗർണ്ണമിക്കു സമാപിച്ച ദ്വിതീയ ഭാഗവത സപ്താഹത്തിലെ ആചാര്യൻ ഗോകർണ്ണനായിരുന്നു. ധുന്ധുകാരിയുടെ പ്രേതത്തിനു ഗതിവരുത്താനായിരുന്നു രണ്ടാം സപ്താഹം.

കലിയുഗം 260ൽ ഹരിദ്വാറിൽ ഗംഗാതീരത്ത് സനകാദിമഹർഷിമാർ വക്താക്കളും നാരദൻ ശ്രോതാവുമായി നടന്ന സപ്താഹം വൃശ്ചികമാസത്തിലെ വെളുത്ത നവമിക്കാരംഭിച്ചു വെളുത്ത വാവിന് സമാപിച്ചു. ഭക്തിയും ജ്ഞാനവും വൈരാഗ്യവും പരിപൂർണ്ണ ആരോഗ്യം വീണ്ടെടുത്തത് ഈ സപ്താഹത്തോടെയാണ്. ഇതിന്റെ മുഖ്യ സംഘാടകൻ കൂടിയായിരുന്നു നാരദൻ, 4858 വർഷം പിന്നിട്ടപ്പോൾ ഇന്ന് ഭാരതത്തിൽ വെളുത്ത പക്ഷത്തിൽ പ്രതിപദം മുതൽ നവമിവരെ രാമായണ-ദേവീഭാഗവത നവാഹങ്ങളും നവമി മുതൽ പൗർണ്ണമിവരെ ശ്രീമദ് ഭാഗവത സപ്താഹങ്ങളും ഒരിടത്തല്ലെങ്കിൽ മറ്റൊരിടത്ത് നടന്നു വരുന്നതായി നമുക്കു കാണാം.

കലികാലത്ത് മോക്ഷത്തിന് ഭക്തിയെപ്പോലെ ഉത്തമമായ ഉപാധിയില്ല. സംഘടിതമായി പ്രവർത്തിച്ചാൽ മാത്രമെ കലികാലത്ത് വിജയം വരിക്കുകയുള്ളു. വീടുവീടാന്തരം സമ്പർക്കം ചെയ്ത് ഓരോ വ്യക്തിയിലും ഭക്തിയെ കുടിയിരുത്തണമെന്നും നാരദനു ബോദ്ധ്യമാവുന്നു. ഇതിനായി സ്വയം ഉഴിഞ്ഞുവെച്ച് വിഷ്ണുഭക്തി പ്രസ്ഥാനത്തിന് രൂപം നൽകുന്നു. മറ്റെല്ലാ ധർമ്മങ്ങളും മാറ്റിവെച്ച് ഭക്തിയെ പാരിൽ പ്രതിഷ്ഠിച്ചില്ലെങ്കിൽ താൻ വിഷ്ണുഭക്തനെന്നും ഹരിയുടെ ദാസനെന്നും പറയുന്നതിൽ അർത്ഥമില്ലെന്നും നാരദൻ പ്രഖ്യാപിക്കുന്നുണ്ട്.

സ്വസ്തി വായിച്ചു. ഇല്ലങ്ങളെക്കുറിച്ചുള്ള പരമ്പരയാണ് എനിക്കിഷ്ടമായത്. ഓരോ ഇല്ലങ്ങളെക്കുറിച്ചും അറിയാത്ത കുറേ കാര്യങ്ങൾ ഈ പംക്തിയിൽ ഉണ്ട്. അത് എല്ലാവർക്കും ഉപകാരപ്രദമാണ്. മറ്റു ഫീച്ചറുകളും കഥകളും എല്ലാംതന്നെ മികച്ചുനിൽക്കുന്നു. കാണുമ്പോൾ വായിക്കാൻ തോന്നുന്ന മട്ടിൽത്ത ന്നെ പേജുകൾ ഡിസൈൻ ചെയ്തിട്ടുണ്ട്. ആചാരങ്ങളെക്കുറിച്ചുള്ള പംക്തികൾ ഉണ്ടാകുന്നത് നല്ലതാണ്.

**നടുവത്തേടത്ത്**
**നാരായണൻ നമ്പൂതിരിപ്പാട്**
അരീക്കോട് ഉപസഭ

മറ്റു മാസികയിൽ നിന്നും വ്യത്യസ്തമായി നല്ല രീതിയിൽ മുന്നോട്ട് പോവുന്നുണ്ട് .ഇതിന്റെ അണിയറ പ്രവർത്തകർ ഓരോ ലക്കത്തിനും വേണ്ട കാര്യങ്ങൾ മുൻകൂട്ടി തയ്യാറാക്കി നല്ല ചിട്ടയോട് കൂടി നമ്മുടെ കൈകളിൽ എത്തിക്കാൻ ശ്രമിക്കുന്നതിൽ വളരെ സന്തോഷം. അതു പോലെ ഇതിന്റെ മുഖചിത്രം ,പേജുകൾ ഒക്കെ നല്ല നിലവാരമുള്ളതാണ് .ഇതിൽ കൂടുതൽ ജാതകക്കുറിപ്പുകൾ ഉൾപ്പെടുത്താൻ ശ്രമിക്കണം .ഈ മാസിക എല്ലാ ജില്ലകളിലേക്കും എത്തിക്കാൻ ശ്രമിക്കണം. മറ്റു ജില്ലകളിലേക്ക് പോസ്റ്റൽ ആയിട്ട് അയച്ചു കൊടുക്കുകയാണെങ്കിൽ ബന്ധുക്കളിൽ പലരേയും വരിക്കാരാക്കാൻ ശ്രമിക്കാം. സ്വസ്തി മാസികക്ക് എല്ലാ ആശംസകളും നേരുന്നു.

**സന്തോഷ് തായാട്ട്**
ചേവായൂർ ഉപസഭ

ജൂലായ് ലക്കം വായിച്ചു 'നായകനാവുന്ന നമ്പൂതിരി'യിൽ കൂടി നീരജിനെ അടുത്തറിയാൻ സാധിച്ചു. പിന്നെ 'ശാന്തിക്കാർക്കും വേളി തരാവും' ഫോട്ടോ സഹിതം കണ്ടത് മറ്റു ശാന്തിക്കാർക്കും കുടുംബത്തിനും പ്രതീക്ഷ നല്കുന്നതായിരിക്കും
കൂടാതെ ശ്രീജ കിഴിയേടത്തിന്റെ കവിത, യാത്രാ വിവരണം എല്ലാം വളരെ നന്നായിട്ടുണ്ട്. അടുത്ത ലക്കം മുതൽ
കലാലോകത്ത് നിന്നും വിരമിച്ചുള്ള വരെ (നമ്പൂതിരി) ഉൾപ്പെടുത്തി ഒരു ഇൻറർവ്യൂ കൂടി ഉൾപ്പെടുത്തിയാൽ നന്നായിരുന്നു. സ്വസ്തി കൂടുതൽ കൂടുതൽ ഭംഗിയാവട്ടെ നന്നാവട്ടെ.

**ഉഷ കരിപ്പം**
അരീക്കോട് ഉപസഭ

മൂന്നു ലക്കങ്ങളും വായിച്ചു .ഒന്നിനോടൊന്ന് കിടപിടിച്ചു നിൽക്കുന്നു .രൂപത്തിലും ഭാവത്തിലും ഉള്ളടക്കത്തിലും മുൻപന്തിയിലേക്ക് വന്നു കൊണ്ടിരിക്കുകയാണ് സ്വസ്തി .എല്ലാ ഭാവുകങ്ങളും നേർന്നു കൊണ്ട്

**ശ്രീധരൻ നമ്പൂതിരി**
മാടമന ഇല്ലം
തിരുവണ്ണൂർ, കോഴിക്കോട്.

രണ്ടു ലക്കം വായിച്ചപ്പോൾ ഒരു സ്ഥിരം വായനക്കാരിയാകാൻ തീരുമാനിച്ചു. നമ്പൂതിരി മാരെ പുരോഗതിയിലേക്കും സ്വഭാവ മഹിമയിലേക്കും കൈപിടിച്ചുയർത്തുവാൻ കഴിയുന്ന ഒരു ശക്തി സ്രോതസ്സ് എന്ന് വിശേഷിപ്പിക്കുവാൻ യോഗ്യതയുണ്ട് ഈ പ്രസിദ്ധീകരണത്തിന്. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പൂജക്കും തന്ത്രത്തിനും ദിനചര്യകൾക്കും പ്രാധാന്യം കൊടുത്ത് ആബാലവൃദ്ധം ബ്രാഹ്മണരുടെയും ശ്രേയസിന് വഴികാട്ടിയായി ഈ ദീപസ്തംഭം ജ്വലിക്കട്ടെ

**വി.എൻ. ശാരദാ അന്തർജ്ജനം**
മലമേൽ ഇല്ലം ,കിടങ്ങൂർ, കോട്ടയം

യോഗക്ഷേമ സഭയുടെ മറ്റു പ്രസിദ്ധീകരണങ്ങളിൽ നിന്ന് തികച്ചും വ്യത്യസ്തം.. ആദ്യ ലക്കത്തിന്റെ പോരായ്മകൾ പരിഹരിച്ചു കൊണ്ട് രണ്ടാം ലക്കവും അതിന്റെ പോരായ്മകൾ പരിഹരിച്ചു കൊണ്ട് മൂന്നാം ലക്കവും.. ഒന്നാം ലക്കത്തിൽ പേജുകളുടെ ആകർഷണീയതയും ഉള്ളടക്കത്തിന്റെ നിലവാരവും പിന്നീട് ഇറങ്ങിയ രണ്ടെണ്ണത്തിനെ അപേക്ഷിച്ച് കുറവായിരുന്നു.. പക്ഷേ അതെല്ലാം പടിപടിയായി മൂന്നാം ലക്കമെത്തിയപ്പോഴേക്ക് ഉയർത്തിയിരിക്കുന്നു.. അതുകൊണ്ടു തന്നെ ഇനിയുള്ള ലക്കങ്ങളിൽ ഇപ്പോഴുള്ളതിനേക്കാൾ ഉയർന്ന നിലവാരം പ്രതീക്ഷിക്കുന്നു.. സഭയിൽ മാത്രം ഒതുങ്ങി നിൽക്കാതെ മറ്റു സാമൂഹിക കാര്യങ്ങളിൽ കൂടി സ്വസ്തി ഇടപെടലുകൾ നടത്തുമെന്ന് പ്രതീക്ഷിക്കുന്നു...

**അവിഞ്ഞിക്കാട് വാസുദേവൻ**
**ഭട്ടതിരിപ്പാട്...**

സ്വസ്തി വായിക്കാറുണ്ട്... രണ്ടും മൂന്നും ലക്കങ്ങൾ നല്ല നിലവാരം പുലർത്തി... പടേരി, പാലക്കാട്,പാറോളി ഇല്ലപ്പെരുമകളുടെ അവതരണം ഒന്നിനൊന്ന് മികച്ചു നിൽക്കുന്നു... അടുത്ത ഇല്ലമേതാണ് എന്നറിയാനുള്ള ആകാംക്ഷയോടെ കാത്തിരിക്കുന്നു... നീരജ് മാധവിനെ കുറിച്ച് അമ്മയിലൂടെ അവതരിപ്പിച്ച രീതി വളരെ നന്നായിട്ടുണ്ട്... വ്യത്യസ്തമായ ഇത്തരം ശൈലികൾ പ്രതീക്ഷിക്കുന്നു....

**മീര താമരക്കുളം**

അസംഘടിതരായ നമ്പൂതിരി സമുദായത്തിന് ധീരവും ശക്തവുമായ ദിശാബോധം നൽകി യോഗവും ക്ഷേമവും ഉറപ്പുവരുത്തുന്നതിന് ഈ സംരംഭം പ്രയോജനപ്പെടുന്നു എന്നതിൽ അതിയായി സന്തോഷിക്കുന്നു. പലവിധ കാരണങ്ങളാൽ സവർണ്ണനെന്നും പെറ്റി ബൂർഷയെന്നുമൊക്കെയുള്ള സുന്ദര പദ ഉപയോഗങ്ങളിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ബോധപൂർവ്വം അകറ്റിനിർത്താനുള്ള ഗൂഢശക്തിയെ തിരിച്ചറിഞ്ഞ്, ഈ സമുദായത്തിന് അർഹമായ പരിഗണനയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിന് നാമോരോരുത്തരും ഉയിർത്തെഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇനിയും ''നമ്പൂരിശങ്ക' വിട്ടുമാറാതെ എന്തിനും ഏതിനും കുറ്റവും കുറവും പ്രയാസവും ബുദ്ധിമുട്ടുകളും എണ്ണിയെണ്ണി പറയാതെ അതിജീവനത്തിനായുള്ള പോരാട്ടങ്ങളിൽ ഒത്തുചേർന്നില്ലെങ്കിൽ കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ ഈ സമുദായം വംശനാശഭീഷണി നേരിടേണ്ടിവരും എന്നതിൽ ഒരു സംശയവുമില്ല. ജില്ലകളിൽ ഒരിടത്തെങ്കിലും ഈ സമുദായത്തിന്റെ നിത്യനിദാനപൂജ, മന്ത്രതന്ത്രാദികൾ വേണ്ടുംവിധം വഴിപോലെ അക്കാദമികമായി പഠിപ്പിക്കുന്ന ഒരു പാഠശാല തുടങ്ങുന്നതിൽ പുരോഹിതശ്രേഷ്ഠർ വേണ്ട നടപടികൾ സ്വീകരിക്കണമെന്നാശിക്കുന്നു. ഇതിലേക്ക് എല്ലാ സമുദായാംഗങ്ങളും ചെല്ലും ചെലവും വഹിക്കാൻ നിയുക്തരാണെന്നും കൂടി ഓർമ്മിപ്പിച്ച്, സ്വസ്തിക്കും സമുദായത്തിനും എല്ലാ മംഗളാശിസ്സുകളും നേരുന്നു.

**ഉമ ജയൻ, മുണ്ടംപറമ്പ്**

സഭയുടെ ഉയർച്ചക്ക് സ്വസ്തി ഒരു നാഴികക്കല്ല് ആയിത്തീരുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ ,കഴിഞ്ഞ ലക്കത്തിൽ നമ്പൂതിരിയുവാക്കളുടെ വേളി എന്ന പംക്തി നല്ല നിലവാരം പുലർത്തകയും എന്നാൽ വേളി നടക്കാതിരിക്കുന്നത് പലകാരണങ്ങളാൽ 35നും 45 നും ഇടയിൽ പ്രായമുള്ളവർക്കാണ് എന്ന വസ്തുത ഓർമ്മപ്പെടുത്തുന്നു. എല്ലവിധ ആശംസകളും സ്വസ്തിക്ക് നേരുന്നു.

**സ്വാതി പുനം, കോട്ടയം**

സ്വസ്തി വായിച്ചു. നന്നായിട്ടുണ്ട്. എഡിറ്റോറിയൽ പേജ് വളരെയധികം ഇഷ്ടപ്പെട്ടു. കെട്ടിലും മട്ടിലുമൊക്കെ മികച്ചുനിൽക്കുന്നു. ഇനിയുമിനിയും നന്നായിവരട്ടെ.

**അജിത**
കെ.ടി.പി.ടി.

തമാശയായി പറഞ്ഞു കേട്ടതാണ്. ഓം ലെറ്റ് കഴിക്കാൻ മുത്തശ്ശനെക്കൊണ്ട് സമ്മതം വാങ്ങിയ ഉണ്ണിയുടെ കഥ. പ്രണവത്തിൽ തുടങ്ങുന്ന ഒരു പലഹാരം ണ്ട് അത് കഴിച്ചൂടെ മുത്തശ്ശാ. പ്രണവത്തിൽ തൊടങ്ങുന്നത് ഐശ്വര്യാണ്. മുത്തശ്ശന്റെ മറുപടി.



# നമ്പൂരിത്തം എങ്ങോട്ട്

**അറഫാബേക്കറിയിലെ അപ്പം കൊണ്ട് ഗണപതിനേദ്യം കഴിക്കേണ്ട ഗതികേട്. പിണ്ഡകർത്താവ് ഷേക്ക് ഹാൻഡ് നൽകി വാദ്ധ്യാരെ സ്വീകരിക്കുന്ന പുത്തൻ കാലം. ഷർട്ടിന് മുകളിൽ പൂണൂലിട്ട് വേളിക്രിയയ്ക്ക് ഇരിക്കുന്ന വരൻ. ദർഭയ്ക്ക് പകരം വീഡിയോഗ്രാഫറുടെ കേബിളിൽ തുടർന്നിരിക്കുന്ന വധൂവരന്മാർ. പവിത്രമായ ആചാരങ്ങൾ കേവലം ചടങ്ങുകളായതിന്റെ ദുരന്തം.**



ഷോഡശസംസ്കാരം പച്ച മരുന്നോ അങ്ങാടി മരുന്നോ എന്നറിയാത്ത തലത്തിലേക്കാണ് നമ്മുടെ നമ്പൂരിത്തം ഇപ്പോൾകടന്നു പോവുന്നത്. ആചാരങ്ങൾ അനുഷ്ഠാനങ്ങൾ ദിനചര്യകൾ തുടങ്ങി എല്ലാം മാറി.ഇങ്ങനെയാണോ വേണ്ടത്.ഇതു തന്നെയാണോ നേരായ ദിശയിലേക്കുള്ള വഴി.


## സ്വസ്തി ചർച്ച ചെയ്യുന്നു. ഇതെല്ലാം

നമ്പൂരിത്തത്തെ പിടിച്ചു നിർത്താനും പരിഷ്കരിക്കാനും ചുമതലപ്പെട്ട വൈദികന്മാർ പ്രതികരിക്കുന്നു. ഒരന്യജാതിക്കാരിയെ ഒറ്റപുണ്യാഹം കൊണ്ട് അന്തർജനമാക്കാൻ വകുപ്പുണ്ടോ? വരൻ താലി കെട്ടുന്ന തരത്തിലേക്ക് വേളിയുടെ രീതി മാറേണ്ടതുണ്ടോ? ശാന്തി മുടങ്ങാതിരിക്കാൻ പുലമുറിയ്ക്കു ഏർപ്പാട് നല്ലതാണോ? ഇങ്ങനെ ചർച്ച ചെയ്യാൻ ഒരു പാടുണ്ട് കാര്യങ്ങൾ.

ചോണാട് വാസുദേവൻ നമ്പൂതിരി ● പുളിയശ്ശേരി കേശവൻ നമ്പൂതിരി ● മൂസാമ്പൂരി ശ്രീധരൻ നമ്പൂതിരി ● മേൽപ്പള്ളി നാരായണൻ അടിതിരിപ്പാട് ● പേരൂർ നീലകണ്ഠൻ നമ്പൂതിരി ● കളം ഉണ്ണികൃഷ്ണൻ നമ്പൂതിരി ● പുല്ലങ്ങോട് വിഷ്ണു നമ്പൂതിരി ● ബാണത്തൂർ വാസുദേവൻ നമ്പൂതിരിപ്പാട് ● വയപ്പുറം നാരായണൻ നമ്പൂതിരി ● കക്കാട് ദേവൻ നമ്പൂതിരി ● വൈത്തല നാരായണൻ നമ്പൂതിരി

അടുത്ത പേജിൽ വായിക്കുക










നമ്പൂതിരിത്തം എങ്ങോട്ട്
1



മഹാപണ്ഡിതനായ അച്ഛന്റെ മകൻ

അച്ഛനിൽ നിന്ന് ഉപദേശമായി കിട്ടിയ ചടങ്ങുകൾ.

സമാവർത്തനത്തിനു മുമ്പു തന്നെ ചടങ്ങു പഠിച്ച ആൾ.

അമ്മയ്ക്കു വേണ്ടി കൊല്ലം ദീക്ഷിച്ച മകൻ.

പഴയകാലകഥയല്ല, കഴിഞ്ഞ കൊല്ലമായിരുന്നു ദീക്ഷ.

പുളിയശ്ശേരി കേശവൻ നമ്പൂതിരി

# അയിത്തമാവാത്ത മനസ്സ്

**മോ**രും മുതിരയും തമ്മിൽ വല്യ ബന്ധമൊന്നുമില്ല. എന്നാൽ മോരും വാദ്ധ്യാരും തമ്മിലോ? ചാത്തത്തിനും മറ്റും എച്ചിലാവാത്ത, വറ്റാവാത്ത ശുദ്ധമായ മോര് വേണം എന്നുണ്ടെങ്കിൽ സംശയം വേണ്ട പുളിയശ്ശേരിയ്ക്ക് ചെന്നാൽ മതി. ശുദ്ധമായ ഉറ കിട്ടും അവിടെ. അവിടെ അസ്സലൊരു വാദ്ധ്യാർ ശേഷിക്കുന്നതിന്റെ പുണ്യം.

മഹാപണ്ഡിതനായ അച്ഛന്റെ മകൻ. അച്ഛനിൽ നിന്ന് ഉപദേശമായി കിട്ടിയ ചടങ്ങുകൾ. സമാവർത്തനത്തിനു മുമ്പു തന്നെ അതിന്റെ മന്ത്രവും ചടങ്ങും മുഴുവൻ പഠിച്ച ആൾ. കലിയുഗവും കടന്ന് കാലം സൈബർ യുഗത്തിൽ എത്തി നിൽക്കുമ്പോഴും അമ്മയ്ക്കു വേണ്ടി കൊല്ലം ദീക്ഷിച്ച മകൻ. അതും എഴുപതാം വയസ്സിന്റെ പ്രയാസം പോലും അവഗണിച്ച്. പഴയകാലകഥയല്ല, കഴിഞ്ഞ കൊല്ലമായിരുന്നു ദീക്ഷ.

ആ ദീക്ഷക്കാലം മുഴുവനും മൂന്നു നേരം കുളി.

അയിത്തമായിട്ട് ഒരു തുള്ളി വെള്ളം കുടിച്ചിട്ടില്ല. രാവിലത്തെ ബലിയിടലും മറ്റും കഴിഞ്ഞാൽ പറമ്പിലെ പണിയും മറ്റുമായി അയിത്തമായെന്നു വരും. അയിത്തമായോ നൂലു ചവിട്ടിയോ എന്നൊന്നും നോക്കാറില്ല . ഉച്ചയ്ക്ക് ഊണ് കഴിച്ചിരുന്നത് കുളിച്ചിട്ടാണ്. കഴിച്ചിരുന്നത് അന്നന്ന് അരച്ചുണ്ടാക്കിയ മാവ് കൊണ്ടുള്ള പലഹാരങ്ങൾ മാത്രം .

പുളിയശ്ശേരി കേശവൻ നമ്പൂതിരി സാധാരണ വാദ്ധ്യാരല്ല. ജീവിതത്തിൽ സ്വയം ആചരിക്കുന്ന കടുകട്ടിയായ ചിട്ടകൾ ചടങ്ങുകളിലും കാണാതെ വയ്യ.

രാവിലെ അഞ്ചുമണിയ്ക്ക് തുടങ്ങുന്ന ദിനചര്യ അവസാനിക്കുന്നത് എട്ടുമണിക്കാണ്. സഹസ്രാവർത്തി പതിവില്ലെങ്കിലും അത്രയും സമയമെടുക്കും തേവാരം. ദിവസവും മൂന്നു പൂജ. രാവിലെ ഉഷപ്പൂജയും ഉച്ചപൂജയുമായി രണ്ടെണ്ണം. സന്ധ്യയ്ക്ക് അത്താഴപൂജ.

പിന്നെ എല്ലാ ദിവസവും സന്ധ്യാ നമസ്കാരവും ! കർക്കിടകത്തിൽ പന്ത്രണ്ട് ദിവസം മാത്രം സന്ധ്യാ നമസ്കാരം നടത്തുന്നവർ പോലും അതിന് ബുദ്ധിമുട്ടുന്നത് നമുക്കറിയാം. പിന്നെ രുദ്രാഭിഷേകം. മുപ്പട്ട് ശനിയാഴ്ച ഏകാദശരുദ്രം ധാര. ഇല്ലത്തിന്റെ മൂന്നിലൊന്ന് ഭാഗമെങ്കിലും അയിത്തം കയറാത്ത ഇടമാണ്. തേവാരവും മറ്റുമുള്ള പള്ളിയറയിൽ മാത്രമല്ല ശുദ്ധമായ മോര് സൂക്ഷിക്കുന്ന വടക്കിനിയിൽപ്പോലും അയിത്തക്കാരന് പ്രവേശനമില്ല.

തലേന്ന് മുക്കിയിട്ട മുണ്ട് ഇപ്പോഴും ചാത്തത്തിന് എടുക്കാറില്ല. ഒന്നുകിൽ കോടി. അല്ലെങ്കിൽ ഈറൻ. ചാത്തത്തിന് കുളിക്കാൻ പോവുമ്പോൾ ചെരിപ്പ് ഉപയോഗിക്കാറില്ല. സോപ്പും.

അങ്ങനെ കടുകട്ടിയാണ് ജീവിത നിഷ്ഠകൾ. അത് കുറച്ചൊക്കെ വൈദികത്തിലും കാണാതെ വയ്യ.

അച്ഛൻെറ ദീക്ഷക്കാലത്ത് വേറൊരില്ലത്ത് എന്തോ ആവശ്യത്തിന് പോവേണ്ടി വന്നു. ആ ഇല്ലത്താകട്ടെ നന്നായി ശുദ്ധം ആചരിച്ചിരുന്ന കാലവുമാണ്. പക്ഷേ, അവിടത്തെ ശുദ്ധത്തിൽ അത്ര തൃപ്തി വന്നില്ല. ഒടുവിൽ കുളിച്ച് അവിടത്തെ അമ്പലത്തിൽ പോയി ശുദ്ധമായ പ്രസാദം മാത്രം കഴിച്ച് മടങ്ങിയ അനുഭവവും ഈ വാദ്ധ്യാർക്കുണ്ട്. ശുദ്ധത്തിൻെറ കാര്യത്തിൽ അല്പം പഴഞ്ചനാണെന്ന് പറയാൻ ഒട്ടും മടിയില്ല. കുളിച്ചല്ലാതെ ഒരു ക്രിയ പോലും ഇന്നു വരെ കഴിപ്പിച്ചിട്ടുമില്ല. ഉടമസ്ഥൻ കുളിക്കുന്നുണ്ടോ എന്നു നോക്കിയിട്ടു വേണ്ടല്ലോ അവനവൻ കുളിക്കാൻ. അതുപോലെ ത്തന്നെ മറ്റു ജാതിക്കാരുടെ വീടുകളിൽപ്പോയി ഇന്നു വരെ ഒരു പൂജപോലും കഴിച്ചിട്ടുമില്ല. ശുദ്ധംമാറിക്കൊണ്ട് ഇതൊന്നും ചെയ്യാൻ വയ്യെന്ന ശാഠ്യം ഇപ്പോഴുമുണ്ട്.

അരനൂറ്റാണ്ടായി ചടങ്ങുകളും ക്രിയകളുമാണ് ലോകം. ഒരു വിധം എല്ലാ ചടങ്ങുകളും പുസ്തകം നോക്കാതെ കഴിപ്പിക്കാനറിയാം. അച്ഛൻ എഴുതി വച്ച പുസ്തകമാണ് പ്രമാണഗ്രന്ഥം. ആചാര്യനും അച്ഛൻ തന്നെ. എൺപതു കൊല്ലമെങ്കിലും പഴക്കമുള്ള അതിൽ പുംസവനം മുതൽ സപിണ്ഡി വരെ എല്ലാ ക്രിയകളും ഉണ്ട്. അത് ഒരു പ്ളാസ്റ്റിക് കവറിൽ ഭദ്രമായി പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്നു. ചടങ്ങുകൾ ഹൃദിസ്ഥമെങ്കിലും പുസ്തകം കയ്യിൽ കരുതും.

''സംസ്കാരക്രിയ ഒഴികെ മറ്റെല്ലാം നേരത്തെ വശമാക്കിയിരുന്നു. സംസ്കാര ക്രിയ ഉപദേശിച്ചത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. അക്കാലത്ത് ചടങ്ങുകൾ കഴിപ്പിക്കുന്നവർ കുറവായിരുന്നു. ഇല്ലത്തെ ഒരു ചെറിയമ്മ മരിച്ചു. ആ പുലയിലാണ് സംസ്കാരം ഉപദേശിച്ചത്. അത് പുലയിലേ ഉപദേശിക്കാവൂ എന്നൊരു പക്ഷമുണ്ട്. അച്ഛൻ മരിച്ചാൽ സംസ്കാരം കഴിപ്പിക്കാൻ ആളില്ലാതെ വരരുത് എന്നുദ്ദേശിച്ചായിരുന്നു അത്. ആ പുലക്കാലത്ത് സംസ്കാരം വശമാക്കി. മരിച്ചാലുള്ള യാത്രാദാനം തൊട്ടുള്ള സകല ക്രിയകളും. പുല്ല് വിരിച്ച് കി

**അരനൂറ്റാണ്ടായി ചടങ്ങുകളും ക്രിയകളുമാണ് ലോകം. ഒരു വിധം എല്ലാ ചടങ്ങുകളും പുസ്തകം നോക്കാതെ കഴിപ്പിക്കാനറിയാം. അച്ഛൻ എഴുതി വച്ച പുസ്തകമാണ് പ്രമാണഗ്രന്ഥം. ആചാര്യനും അച്ഛൻ തന്നെ. എൺപതു കൊല്ലമെങ്കിലും പഴക്കമുള്ള അതിൽ പുംസവനം മുതൽ സപിണ്ഡി വരെ എല്ലാ ക്രിയകളും ഉണ്ട്. അത് ഒരു പ്ളാസ്റ്റിക് കവറിൽ ഭദ്രമായി പൊതിഞ്ഞ് സൂക്ഷിച്ചിരിക്കുന്നു.**

ടത്തേണ്ടതും പ്രത്യേക മന്ത്രങ്ങളും വേണ്ട സാമഗ്രികളും എല്ലാം. ആ സംസ്കാരപഠനം മറക്കില്ല.''

ശീലിച്ചിട്ടാത്തതും ഉപദേശം ലഭിച്ചിട്ടില്ലാത്തതും ആയ ഒന്നിനും ഈ വാദ്ധ്യാരെ കിട്ടില്ല. ഒരിക്കൽ പരിചയത്തിലുള്ള ഒരാൾ വന്നു . അയാളുടെ മകന്റെ വേളി കഴിപ്പിച്ചു കൊടുക്കണം. ഏൽക്കുകയും ചെയ്തു. പക്ഷേ വധു നമ്പൂതിരിയല്ല എന്ന് പിന്നീടാണ് മനസ്സിലായത്. അപ്പോൾ ആ വേളി ക്രിയയിൽ നിന്ന് പിന്മാറി.

വരൻ നമ്പൂതിരിയാണല്ലോ. വരൻെറ ഭാഗത്തെ ക്രിയ അല്ലേ ചെയ്യേണ്ടത്. അപ്പോൾ പിന്നെ എന്താണ് പ്രശ്നം?

മിത്രോസിയെന്ന് കൈ പിടിക്കേണ്ടേ?

അത് വരനല്ലേ പിടിക്കുന്നത്.വാദ്ധ്യാരല്ലല്ലോ.

ആ കുട്ടിയെയും കൊണ്ട് സപ്തപദം ചെയ്യിക്കേണ്ടേ? ആ കുട്ടി ദർഭയിൽ തുടർന്നിരിക്കേണ്ടേ?

ആ കുട്ടി ഒന്നും ചെയ്യേണ്ടതില്ലല്ലോ. തുടർന്നിരിക്ക്യല്ലേ വേണ്ടൂ.അതിന് ഇത്ര അസ്ഥിത നടിക്കേണ്ടതുണ്ടോ?

അതിനോട് യോജിക്കാൻ വയ്യ. മനസ്സ് അനുവദിക്കുന്നില്ല.

ഇതു വരെ നമ്പൂതിരി അല്ലാത്ത ഒരു കുട്ടിയുമായി വേളി നടത്തി കൊടുത്തിട്ടില്ലേ?

ഇല്ല.

ഇതര ബ്രാഹ്മണരായാൽപ്പോലും.അയ്യർ,എമ്പ്രാന്തിരി തുടങ്ങിവരിൽ നിന്നുള്ള വേളി ആണെങ്കിൽ?.

നമ്മുടെ സമ്പ്രദായമല്ലല്ലോ അവരുടേത്. ആ സമ്പ്രദായ വ്യത്യാസങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് എനിക്കറിയില്ല. അറിയാത്ത കാര്യങ്ങൾ എങ്ങനെ ചെയ്യും. മറ്റുള്ളവർ അത് ചെയ്യുന്നതിന് എനിക്ക് വിരോധമില്ല. ഞാൻ അത് പഠിച്ചിട്ടില്ല എന്നു മാത്രം.

ഉപദേശമില്ലാത്ത കാര്യങ്ങൾ ചെയ്യില്ലെന്ന് ചുരുക്കം.

''അതേ, ഉപദേശമില്ലാത്ത കാര്യങ്ങൾ നിർവഹിച്ചുകൊടുക്കാൻ വയ്യ. വേളിക്കാര്യം പറഞ്ഞപോലെ ത്തന്നെയാണ് ഒരു ദിവസം കൊണ്ട് ഉപനയനം കഴിപ്പിക്കുന്ന കാര്യം . ഉപനയനവും സമാവർത്തനവും കൂടി ഒരുദിവസം കൊണ്ട് കഴിപ്പിക്കാൻ ഉപദേശം ഇല്ല. ധരിച്ചിട്ടും ഇല്ല. ഉപദേശ പ്രകാരേ ഇതൊക്കെ ചെയ്യ വയ്ക്കൂ. പിന്നെ കൊറച്ചൊക്കെ അങ്ങട്ടും ഇങ്ങട്ടും ഒക്കെ വ്യതിചലിച്ചൂന്ന് വരും.''

''ഇതാ, ഇവിടെയാണ് ഒരു സംശയം ചോദിക്കാനുള്ളത്. ഉപദേശം ഇല്ല്യാത്തതു കൊണ്ടാണല്ലോ ഒരു ദിവസം കൊണ്ട് ഒപന്യോം സമാവർത്തനോം കഴിപ്പിക്കാത്തത് . എന്നാൽ കൊറച്ചൊക്കെ അങ്ങട്ടും ഇങ്ങട്ടും ഒക്കെ വ്യതിചലിക്കേണ്ടി വരും എന്നും പറഞ്ഞു. ഇത് എങ്ങനെ ശരിയാവും. മൂന്നു കൊല്ലത്തിൽ നിന്ന് ഒരാൾ ഒരു കൊല്ലത്തേക്ക് വ്യതിചലിച്ചു.വേറൊരാൾ ഒരു മാസത്തിലേക്ക് .വേറൊരാൾ ഒരാഴ്ച. മറ്റൊരാൾ ഒരു ദിവസമാക്കി കുറച്ചു. അപ്പോൾ ഏതു വ്യതിചലനമാണ് ശരി. എന്തായാലും ഉപദേശം മൂന്നു കൊല്ലത്തേക്ക് ആവുമല്ലൊ.''

മൂന്നു കൊല്ലം വേണമെന്നില്ല. ഒരു കൊല്ലം കൊണ്ട് കഴിക്കാം.

അതാണ് ചോദിച്ചത് അതിൻെറ യുക്തി എന്താണ്? വ്യതിചലിക്കുന്നതിൻെറ യുക്തി. എന്തായാലും ഒരു കൊല്ലം കൊണ്ട് കഴിപ്പിക്കാം എന്ന് ഉപദേശം കിട്ടീട്ടുണ്ടാവില്ല്യല്ലോ.

അല്ല അതിന് റിക്കാർഡുണ്ട്. കൈമുക്ക്. പിന്നെ വെള്ളക്കാട്ടെ പട്ടേരി. അച്ഛൻ ണ്ട്. പുതുക്കൊളം ണ്ട്. പിന്നെയും വേറെ ചില വൈദികരുണ്ട്. അവരെല്ലാം ചേർന്ന് കുന്യേപ്പ വെച്ച്

യോഗം ചേർന്നു . ദിവസം കുറച്ചുകൊണ്ടും ക്രിയേം മന്ത്രോം കൊറയ്ക്കാതേകണ്ടും എങ്ങനെ നടത്താം എന്ന് ആലോചിച്ചു. അങ്ങനെ തീരുമാനിച്ചതാണ് ഒരു കൊല്ലം എന്ന്. ആ തീരുമാനത്തിന് ബുക്കും ഉണ്ട്.

അതു ശരി എന്തെങ്കിലും കാണിക്ക്യല്ലാന്നർത്ഥം.

അല്ലല്ല. ഒരു കൊല്ലം ആവുമ്പോൾ എല്ലാത്തിനും സമയം കിട്ടും.ഹോതാരം വ്രതം വേണ്ടത് ആഷാഢം ശ്രാവണം ഈ മാസങ്ങളിലാണ്. ഉപനിഷദം എന്നത് ഉത്തരായണത്തിലെ വെളുത്ത പക്ഷത്തിൽ വേണം. അതുപോലെ വേദം പൂർണ്ണമായും ചൊല്ലുകയും വേണം. അത് അനദ്ധ്യായത്തിൽ പറ്റില്ല.

ചുരുക്കത്തിൽ ഒരു കൊല്ലം എടുത്താൽ ബ്രഹ്മചര്യക്കാലത്ത് വിധിക്കപ്പെട്ട എല്ലാ ചടങ്ങുകളും വിധിപോലെ യഥാകാലത്തും യഥാസമയത്തും ചെയ്യാൻ പറ്റും . അതാണ് ഒരു കൊല്ലത്തിൻെറ യുക്തി എന്നുപറയാം.

അതേ.

ഒരു മാസത്തെയും ഒരു ദിവസത്തെയും മറ്റും ചടങ്ങ് ഉണ്ടായിട്ടേ ഇല്ല?

ഇല്ല.

(ഒറ്റ ദിവസം കൊണ്ട് ഉപനയനവും സമാർവത്തനവും കഴിക്കുന്നതിനോടുള്ള വിയോജിപ്പ് കാരണം  സ്വന്തം ബന്ധുവിന്റെ പോലും ഉപനയനത്തിൽ നിന്ന് വിട്ടു നിന്നതും ഈ വാദ്ധ്യാരുടെ അനുഭവം. )

അല്ലാത്ത ഉപനയനങ്ങളോ?

അത് ഒരു പടി ഉണ്ടാവും. 50 കൊല്ലമായി കഴിപ്പിക്കാൻ തുടങ്ങീട്ട്.

അരനൂറ്റാണ്ടിന്റെ 'ക്രിയാരത്ന ജീവിത'ത്തിൽ ഒരുപാടുണ്ട് വേറിട്ട അനുഭവങ്ങൾ. ഒരിക്കൽ പിണ്ഡം കഴിപ്പിക്കാൻ പോവേണ്ടി വന്നു. വേളിയോ ഉപനയനമോ പോലെ ഒഴിഞ്ഞുമാറാൻ പറ്റാത്ത ഒന്നാണ് മരണാനന്തരചടങ്ങുകൾ. അതുകൊണ്ട് ചടങ്ങ് കഴിപ്പിക്കാമെന്ന് ഏറ്റു.

ഒരുക്കങ്ങൾക്കൊന്നും ഒരു കുറവുമില്ല. ആശ്വാസമായി എല്ലാം വേണ്ട വിധമുണ്ട്. പക്ഷേ, പിണ്ഡക്കാരൻ ഷർട്ടഴിച്ചു കുളികഴിഞ്ഞു വന്നപ്പോൾ പൂണൂലില്ല! ഷർട്ടിന്റെ കൂടെ അഴിഞ്ഞു പോയതാവുമോ ? അല്ല, ഉപനയനം ഉണ്ടായിട്ടില്ല. ഒരു വക സംഗതികളും അറിയുകയുമില്ല.

പൂണൂലില്ലാത്ത ഒരാൾക്ക് എങ്ങനെയാണ് പിണ്ഡക്രിയ പറഞ്ഞു കൊടുക്കുക. ആരോ ഒരു നൂല് എടുത്തു കൊടുത്തു.എങ്ങനെ ആ പിണ്ഡം കഴിപ്പിച്ചു എന്നു ചോദിക്കരുതെന്നേ വാദ്ധ്യാർക്ക് പറയാനുള്ളൂ.

# ഒരു ആധികാരിക സമിതി വേണം

**വയപ്പുറം നാരായണൻ നമ്പുതിരി**

ഇപ്പോൾ തോന്നിയപോലെ നടക്കുന്ന വൈദിക ക്രിയകൾ ഏകോപിപ്പിച്ച് ചിട്ടപ്പെടുത്താൻ ഒരു ആധികാരിക സമിതി വേണമെന്ന് പെരുമൺപുറ വൈദിക വിജ്ഞാന കേന്ദ്രത്തിലെ ആചാര്യൻ വയപ്പുറം നാരായണൻ നമ്പുതിരി പറയുന്നു.



പൂജ പഠിപ്പിക്കാൻ ആവശ്യപ്പെട്ട് ഏതാനും വർഷം മുമ്പ്  പെരുമൺപുറയിലെ കുട്ടികൾ സമീപിച്ചപ്പോൾ ഇല്ലത്ത് വെച്ച് പൂജ പഠിപ്പിച്ചു. അപ്പോൾ തുറന്നു കിട്ടിയ ഒരു ചിന്താപദ്ധതിയാണ് ഗായത്രി വൈദിക താന്ത്രിക വിദ്യാപീഠം തുടങ്ങാൻ കാരണമായത്. വെള്ളിപറമ്പിലെ വെള്ളാട്ട് ഇല്ലത്ത്  വെച്ച് 1996 ൽ വിദ്യാപീഠം പ്രവർത്തനമാരംഭിച്ചു.

2001 ൽ ഒരു ചാരിറ്റബിൾ ട്രസ്റ്റായി രജിസ്റ്റർ ചെയ്തു. സൗജന്യമായി  സ്വന്തം സ്ഥലം ട്രസ്റ്റിനു നൽകി. വൈദിക വിജ്ഞാന കേന്ദ്രം എന്ന പുനർനാമകരണം ചെയ്തു. പൂജാപഠന ക്യാമ്പ്, സൽസംഗങ്ങൾ, പുരാണ പാരായണം, ഷോഡശക്രിയകളുടെ നടത്തിപ്പ് തുടങ്ങിയവ ഇന്ന് വേദാവാടിയിൽ നടന്നു വരുന്നു. സമൂഹത്തിൽ ആത്മീയ ചിന്തയുടെ അനുരണനങ്ങൾ സൃഷ്ടിക്കുന്ന ഒരു സ്ഥാപനമായി വൈദിക വിജ്ഞാന കേന്ദ്രം പ്രവർത്തിച്ചു വരുന്നു.

വൈദിക ഗ്രന്ഥാലയം സ്ഥാപിതമായിട്ടുണ്ട്. ശ്രീരുദ്ര പഠന ക്യാമ്പുകൾ നടന്നു വരുന്നു. വേദപണ്ഡിതന്മാരെ കണ്ടെത്തി സദസ്സിൽ ആദരിയ്ക്കുന്ന ചടങ്ങുകളും കൊല്ലംതോറും നടന്നു വരുന്നുണ്ട്. യോഗ ക്ലാസുകളും ഇവിടെ സമാരംഭിച്ചിരിക്കുന്നു.

ഉപനയനാദിക്രിയയ്ക്ക് ചുരുങ്ങിയത് നാലു ദിവസമെങ്കിലും വേണം. അപ്പോൾ മാത്രമേ ഉപനയന പ്രക്രിയ പൂർണ്ണമാവുകയുള്ളൂ. പലരും അത് അറിയുന്നില്ല. എന്തൊക്കെയോ കാട്ടിക്കൂട്ടുകയാണ്.

ഈ മേഖലയിൽ ശരിയായ നേതൃത്വവും ഏകോപനവും അത്യന്താപേക്ഷിതമാണ്. ഇപ്പോൾ പക്ഷം പിടിച്ച്, കാര്യങ്ങൾ മനസ്സിലാക്കാതെ അപൂർണ്ണമോ, അൽപഭാഗമോ ആയി, തോന്നിയ മട്ട് കാര്യങ്ങൾ നടത്തിക്കുന്ന മട്ടിലാണ് കാര്യങ്ങൾ നീങ്ങുന്നത്. വൈദിക സ്ഥാനത്തുള്ളവരും, അത് കൈകാര്യം ചെയ്യുന്നവരും ഒത്തു ചേർന്ന്, കൂടിയാലോചിച്ച്  ഇതിനെ ചിട്ടപ്പെടുത്തുവാൻ ഒരു ആധികാരിക ബോഡി വികസിപ്പിച്ചെടുക്കുകയും, ആധികാരികമായി ശാസ്ത്രീമയായി ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഓരോ ക്രിയകളെക്കുറിച്ചും ഒരു പ്രീ കൗൺസിലിംഗ് അത്യാവശ്യമാണ്. അപ്പോൾ മാത്രമാണ്  ആ പ്രവൃത്തി സാർത്ഥകമാവുന്നത്. ●

# അറഫ ബേക്കറിയിലെ അപ്പം

**ഇല്ലം നില നിർത്താനായിരുന്നു മുമ്പൊക്കെ ദത്തെടുത്തിരുന്നത്. ആൺ സന്തികൾ ഇല്ലാതായി ഇല്ലത്ത് അനന്തരാവകാശികൾ ഇല്ലാതാവുമ്പോൾ മറ്റേതെങ്കിലും ഇല്ലത്തു നിന്ന് ദത്തെടുക്കും. അയാൾ ആ ഇല്ലത്തെ ആളാവും. ഇതിന് പ്രത്യേക ചടങ്ങുമുണ്ട്. എന്നാൽ ഇപ്പോൾ ഇല്ലം നില നിർത്താനല്ല മറ്റുപലതിനുമാണ് ചിലർ ദത്ത് എന്ന ചടങ്ങ് കഴിക്കുന്നത്.**



ശ്രീധരൻ നമ്പൂതിരി

ഒരു വേളിക്രിയ നടക്കുന്നു. എല്ലാ സംഗതികളും ഒരുക്കിയിട്ടുണ്ട്. പോർട്ടബിൾ ഹോമകുണ്ഡം തൊട്ട് കൂട്ടച്ചമത വരെ എല്ലാം. ക്രിയ തുടങ്ങി. നേദിക്കാൻ അപ്പം വേണം. ഒരുക്കാൻ ഏല്പിച്ച ആൾ അത് തയ്യാറാക്കിയിട്ടില്ല. എന്തു ചെയ്യണമെന്നറിയാതെ വാദ്ധ്യാർ കുഴങ്ങി. പെട്ടെന്ന് ഉത്തരവാദപ്പെട്ട ആൾ വന്നു.

''എന്താ വേണ്ടത്?''

''അപ്പം വേണം''.

അഞ്ച് മിനുട്ട് കഴിഞ്ഞില്ല ഒരു പയ്യൻ ഒരു പൊതിയുമായി ഓടി വന്നു.

''എന്താ ഇത്?''

''അപ്പമാണ്.''

ഇത്രപെട്ടെന്ന് അപ്പമുണ്ടാക്കിയോ? പൊതി അഴിച്ചു നോക്കി. അറഫാ ബേക്കറി! തൊട്ടടുത്ത അങ്ങാടിയിലെ ബേക്കറിയാണ് . അവരുടെ ഒരു കവർ. അതിനുള്ളിൽ ഉണ്ണിയപ്പം.

25 വർഷത്തിനുള്ളിൽ നൂറിലധികം വേളി കഴിപ്പിച്ച വാദ്ധ്യാർക്ക് ആദ്യത്തെ അനുഭവമായിരുന്നു ഇത്. വേളി നിവേദ്യത്തിന് അറഫാ ബേക്കറിയിൽ നിന്ന് വാങ്ങിയ അപ്പം.

ആ കവർ അഴിച്ചു കളഞ്ഞ് അപ്പം ഒരു ഓടകത്തിലാക്കി കൊണ്ടുവരാനുള്ള തോന്നൽ പോലും അയാൾക്കുണ്ടായില്ല.പുതിയ തലമുറയിലെ നമ്പൂതിരിമാർക്ക് ചടങ്ങുകളിൽ എത്ര നിഷ്കർഷയുണ്ടെന്ന് ഈ അനുഭവം സാക്ഷ്യപ്പെടുത്തും.

''പൂജാ സ്റ്റോറിൽ നിന്ന് വേളി സാധനങ്ങളായ ദർഭയും ചമതക്കോലും മറ്റും വാങ്ങുന്ന പോലെയേ അറഫാബേക്കറിയിൽ നിന്ന് നേദ്യത്തിനുള്ള അപ്പം വാങ്ങുന്നതിനെയും അയാൾ കണ്ടുള്ളൂ.''

ഇല്ലം നില നിർത്താനായിരുന്നു മുമ്പൊക്കെ ദത്തെടുത്തിരുന്നത്. ആൺ സന്തികൾ ഇല്ലാതായി ഇല്ലത്ത് അനന്തരാവകാശികൾ ഇല്ലാതാവുമ്പോൾ മറ്റേതെങ്കിലും ഇല്ലത്തു നിന്ന് ദത്തെടുക്കും . അയാൾ ആ ഇല്ലത്തെ ആളാവും . ഇതിന് പ്രത്യേക ചടങ്ങുമുണ്ട്. എന്നാൽ ഇപ്പോൾ ഇല്ലം നില നിർത്താനല്ല മറ്റുപലതിനുമാണ് ചിലർ ദത്ത് എന്ന ചടങ്ങ് കഴിക്കുന്നത്.

''ദത്ത് കഴിച്ചു കൊടുക്കുവാൻ പറ്റുമോ എന്ന് എന്നോട് ചിലർ ചോദിച്ചിരുന്നു. എനിക്ക് അറിയില്ലെന്നാണ് പറഞ്ഞത്. വേറൊന്നും കൊണ്ടല്ല അത്. അവരുടെ ആവശ്യവുമായി പൊരുത്തപ്പെടാൻ എനിക്ക് പ്രയാസമുണ്ട്. ഇതര ജാതിയിൽപ്പെട്ട ഏതെങ്കിലും കുട്ടിയെ പ്രേമിക്കുന്നുണ്ടാവും ആ ഇല്ലത്തെ ഉണ്ണി. അപ്പോൾ ആ കുട്ടിയെ നമ്പൂതിരി ആക്കി മാറ്റലാണ് ലക്ഷ്യം. അതു പോലുള്ളത് ചെയ്ത് ഇനിക്ക് ശീലമില്ല.

ഒരാളുടെ പ്രേമത്തിന് സായൂജ്യമടയാൻ വേണ്ടി ഇതരസമുദായക്കാരിയെ ദത്തെടുക്കുന്നത് ഒരു ഇല്ലം അന്യം നിന്നു പോവാതിരിക്കാൻ അനിവാര്യമായ സാഹചര്യത്തിൽ ദത്തെടുക്കുന്ന പോലെ ഒന്നല്ലല്ലൊ.''

പറയുന്നത് മൂസാമ്പൂരി ശ്രീധരൻ നമ്പൂതിരി. 25 വർഷത്തോളമായി വൈദികവൃത്തിയിലുണ്ട്. കേരളത്തിലെ മിക്ക ജില്ലകളിലും വേളിപോലുള്ള ചടങ്ങുകൾ കഴിപ്പിച്ചിട്ടുമുണ്ട്.

ദത്ത് കഴിപ്പിക്കാനാണെങ്കിൽ താനല്ല നന്നാവുക എന്ന് പറഞ്ഞ് ഒഴിയുന്ന ആളാണ്.

ഇപ്പോൾ നക്ഷത്രഹോമവും നാന്ദീമുഖം ഊട്ടലും മാസിയും അഷ്ടകയും പാർവണവും മറ്റും തിരിച്ചു വരാൻ തുടങ്ങിയിരിക്കുന്നു. ചിലരെങ്കിലും ഇതു പോലുള്ള ചടങ്ങുകൾകഴിപ്പിക്കാൻ വേണ്ടി എത്താറുണ്ട്. ഇപ്പോൾ അത്ര പ്രചാരത്തിലില്ലാത്ത ചില ചടങ്ങുകളാണ് ഇവ. പിതൃപ്രീതിയ്ക്കും മറ്റുമായി ഉള്ളത്. സപിണ്ഡി കഴിഞ്ഞ് അഷ്ടകദാനം പതിവുണ്ടെങ്കിലും ഇത് അങ്ങനെയല്ല. പ്രത്യേക ചടങ്ങാണ്.

മൂസാമ്പൂരിയുടെ ഗുരു എളമന നാരായണൻ നമ്പൂതിരിയാണ്. അദ്ദേഹം യജുർവേദസംഹിത,പദം,ശാഖ, സംസ്കൃതം,തന്ത്രം തുടങ്ങിയവയിലെല്ലാം മഹാപണ്ഡിതനായിരുന്നു. ബൗധായനം ചടങ്ങുകളിൽ അഗ്രഗണ്യനുമായിരുന്നു.ആ ഗുരുവിന്റെ ഉപദേശമില്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിൽ ഈ വാദ്ധ്യാർ വിമുഖനാണ്.

''അപ്പോൾ ഒരു ദിവസം കൊണ്ട് ഉപന

യനവും സമാവർത്തനവും എല്ലാം കൂടി വേണം എന്നു പറഞ്ഞ് ഒരാൾ വന്നാലോ. ഇപ്പോൾ ധാരാളം പതിവുണ്ടല്ലൊ അങ്ങനെ. ചടങ്ങ് കഴിപ്പിക്കുന്ന ആൾ എന്ന നിലയിൽ ഇത്തരം സാഹചര്യത്തിൽ അങ്ങനെ ചെയ്യേണ്ടി വരില്ലേ?''

''ഉപനയനം എത്ര ചുരുക്കിയാലും ഒരു ദിവസം കൊണ്ട് സമാവർത്തനത്തിലേക്ക് എത്തിക്കാനാവില്ല. സാവിത്രം വ്രതം കൊണ്ടിട്ടാണല്ലൊ ഗായത്രി ഉപദേശം. ആ വ്രതം അഴിയാൻ നാലു ദിവസം വേണം. വ്രതമഴിഞ്ഞിട്ട് വേണ്ടേ സമാവർത്തനക്രിയ ചെയ്യാൻ? മറ്റു വ്രതങ്ങളും കൊള്ളണം.വേദം ഒരാവർത്തിയെങ്കിലും ചൊല്ലുകയും വേണം. ഇതിനെല്ലാം കൂടി ഒരു കൊല്ലമെങ്കിലും വേണം. ബ്രഹ്മചാരിയുടെ പ്രധാന ചടങ്ങുകൾ മുഴുവനും ചെയ്തു തീർക്കാൻ മൂന്നു കൊല്ലമാണ് പഴയ കണക്ക്. അതില്ലെങ്കിലും ഒരു കൊല്ലമെങ്കിലും വേണം. കൊല്ലം ദീക്ഷിക്കുന്നത് ചുരുക്കി ത്രിപക്ഷത്തിലേക്ക് വന്നു. പിന്നീട് പന്ത്രണ്ടാം ദിവസം വീടുന്നതും വന്നു.എന്നാൽ എഴാം ദിവസമോ മൂന്നാം ദിവസമോ പുല അവസാനിപ്പിച്ച് പിണ്ഡം വയ്ക്കൽ തുടങ്ങിയിട്ടില്ലല്ലൊ. ഒരു കാര്യം ചെയ്യുമ്പോൾ അതിന്റെ നിഷ്ഠയിൽ ചെയ്യണം.''

''താങ്കൾ ഒറ്റദിവസം കൊണ്ട് ഉപനയനവും സമാവർത്തനവും കൂടി കഴിപ്പിക്കാറില്ലേ?''

''ഇല്ല,നാലു ദിവസം കൊണ്ടാണെന്നു പറഞ്ഞാലും ഒഴിവാക്കാറാണ് പതിവ്. ഈ വർഷം കഴിപ്പിച്ച എല്ലാ ഉപനയനങ്ങളും ഒരു കൊല്ലം ഇരിക്കുന്ന ഉണ്ണികളുടേതാണ്.''

''നമ്പൂതിരി അല്ലാത്ത കുട്ടികളെ ഉപനയനം കഴിപ്പിച്ച് പൂണൂൽ ഇടീപ്പിക്കുന്ന ഏർപ്പാടിനെപ്പറ്റി?''

''ഒരു ഭ്രമത്തിന് ഏതെങ്കിലും ജാതിയിൽപ്പെട്ട സ്ത്രീയെ കല്യാണം കഴിക്കും. പിന്നെ ഉണ്ണിയുണ്ടായിക്കഴിഞ്ഞാൽ അയാളെ ഉപനയനം കഴിപ്പിക്കാൻ തോന്നും. അങ്ങനെ ചിലർ വന്നിട്ടുണ്ട്. ഞാൻ ഒഴിവാകുകയാണ് ചെയ്തത്. എളമന നാരായണപ്ഫൻ പഠിപ്പിച്ചത് മാത്രമേ എനിക്ക് വയ്ക്കൂ.''

''അപ്പോൾ ഇതര സമുദായത്തിൽപ്പെട്ട കുട്ടിയെ വേളിച്ചടങ്ങോടു കൂടി വേളി കഴിക്കുന്നതോ? അങ്ങനെയും ചിലത് തുടങ്ങിയിട്ടുണ്ടല്ലൊ.''

''ഞാൻ കഴിപ്പിക്കാറില്ല. നമുക്ക് പരിചയമില്ലാത്ത ആളുകളാണ് വേളി കഴിപ്പിക്കാൻ ക്ഷണിക്കുന്നതെങ്കിൽ കുട്ടിയുടെ ഇല്ലപ്പേരും അമ്മാത്തും ഒക്കെ ചോദിക്കും. ആശ്വലായനനും ബൗധായനനും തമ്മിൽപ്പോലും ചടങ്ങിൽ വ്യത്യാസമുണ്ടല്ലൊ. അങ്ങനെ ചോദിക്കുമ്പോൾ അറിയാം കുട്ടി നമ്പൂരിയാണോ അല്ലേ എന്നൊക്കെ. അങ്ങനെയുള്ള ചടങ്ങുകൾ എന്തായാലും കഴിപ്പിക്കേണ്ടി വന്നിട്ടില്ല.''

''പിണ്ഡത്തിന്റെ ക്രിയക്ക് കുളം വേണ്ടേ? കുളം ഇല്ലാതെ അനുസ്തരണി എങ്ങനെ നടത്തും .എനിക്കറിയില്ല അത്. ഒരിക്കൽ ഒരു പിണ്ഡം കഴിപ്പിക്കാൻ പോയി. ചെന്നപ്പഴാണ് അറിയുന്നത് അവിടെ കുളമില്ല. അവരോട് കാര്യം പറഞ്ഞു. ഒരു കിലോമീറ്റർ അകലെ ഒരു കുളമുണ്ട്. അവിടെയാവാം എന്ന് പറഞ്ഞ് അവർ തന്നെയാണ് കുളം ഏർപ്പാടാക്കിയത്. വേണ്ടത് അറിയാത്തത് കൊണ്ടാണെങ്കിൽ അത് പറഞ്ഞു കൊടുക്കണം. അതിനനുസരിച്ച് ചെയ്യാൻ തയ്യാറുള്ളവരെ അങ്ങനെ ചെയ്യിക്കണം. ഒന്നും വേണ്ട എന്നു പറയുന്നവർക്ക് പിന്നെന്തിനാ പേരിന് ഇങ്ങനെ

**കൊല്ലം ദീക്ഷിക്കുന്നത് ചുരുക്കി ത്രിപക്ഷത്തിലേക്ക് വന്നു. പിന്നീട് പന്ത്രണ്ടാം ദിവസം വീടുന്നതും വന്നു.എന്നാൽ എഴാം ദിവസമോ മൂന്നാം ദിവസമോ പുല അവസാനിപ്പിച്ച് പിണ്ഡം വയ്ക്കൽ തുടങ്ങിയിട്ടില്ലല്ലൊ. ഒരു കാര്യം ചെയ്യുമ്പോൾ അതിന്റെ നിഷ്ഠയിൽ ചെയ്യണം.**

ചിലത് നടത്തുന്നത്?''

കുളം ഉണ്ടായാലും കുളിമുറിയിൽ നിന്ന് കുളിക്കുന്നവരാണ് പുതുലമുറയിലെ നമ്പൂതിരി. മൂസാമ്പൂരിയുടെ മറ്റൊരനുഭവം ഇതാ: ഒരിടത്ത് സംസ്കാരത്തിന് ചെന്നു. എല്ലാം കഴിഞ്ഞ് കുളിക്കാൻ പറഞ്ഞപ്പോഴാണ് കാര്യം അബദ്ധമായത്. ആ ഇല്ലത്ത് കുളമുണ്ട്. കുളത്തിൽ വെള്ളവുമുണ്ട്. എന്നാൽ കുളത്തിലേക്കുള്ള വഴി മുഴുവൻ കാട് പിടിച്ച് കിടക്കുന്നു. കുളിമുറിയിൽ നിന്നാണത്രെ പതിവു കുളി. സംസ്കാരം കഴിഞ്ഞാൽ മുങ്ങിക്കുളിക്കണമെന്നും പിണ്ഡത്തിനും മറ്റും എന്തായാലും കുളം വേണമെന്നും പറഞ്ഞപ്പോൾ കാട് വെട്ടിത്തെളിയിച്ചു. അങ്ങനെയെങ്കിലും അന്ന് അവർ കുളത്തിൽ കുളിച്ചു.

## വേളിയുടെ ലിസ്റ്റിൽ ഇങ്ങനെ ഒരു അടിക്കുറിപ്പ്

ഇയ്യിടെ ഒരു വേളി കഴിപ്പിക്കാനുണ്ടായി. വരൻ നമ്പൂരി തന്നെയാണെങ്കിലും ഇന്ത്യയ്ക്ക് പുറത്താണ് അധികം കഴിഞ്ഞത്. ശുദ്ധോ തേവാരോ സന്ധ്യാവന്ദനോ ഒന്നും അറിയാത്ത ഒരാൾ. കഴിപ്പിക്കാൻ ചെന്നാൽ കഷ്ടത്തിലാവും എന്ന് ഉറപ്പായിരുന്നു. എന്നാൽ അയാൾക്കാണെങ്കിൽ ക്രിയയോടു കൂടി വേളി വേണംന്ന് മോഹം ണ്ടേനും. ഏൽക്കല്ലാതെ നിവൃത്തി ഇല്ലെന്നു വന്നു. എന്തൊക്കെ ഒരുക്കങ്ങൾ വേണമെന്ന് അയാൾ ചോദിച്ചു. ലിസ്റ്റ് വാട്ട്സ് അപ് ചെയ്തു കൊടുക്കാൻ പറഞ്ഞു.വേളിയ്ക്ക് വേണ്ടഒരുക്കങ്ങൾഎല്ലാം എഴുതി തയ്യാറാക്കി അയച്ചു കൊടുത്തു.

പക്ഷേ,അതുകൊണ്ടായില്ലല്ലൊ. അയാൾക്ക് ഇത് വല്ലതും പറഞ്ഞാൽ മനസ്സിലാവണ്ടേ? നമ്മുടെ ഒന്നും അറിയാത്ത സായ്പിനെപ്പോലെ ആണെങ്കിൽ വല്ലാതെ ഞെരുങ്ങും.അതുകൊണ്ട് ഒരു കാര്യം ചെയ്തു. വാട്ട്സ് അപ് ചെയ്ത ലിസ്റ്റിനു താഴെ ഇങ്ങനെ എഴുതി : വരൻ ഗണപതി നിവേദ്യം പുണ്യാഹം തുടങ്ങിയവ പഠിച്ച് വരണം.

ദർഭ, ഉപരിദർഭ ,അലങ്കാരം,പൂജ എന്നൊക്കെ പറഞ്ഞാൽ എന്താ ചെയ്യേണ്ടത് എന്ന് കൈപിടിച്ച് കാണിക്കേണ്ട അവസ്ഥ ഉണ്ടാവാതിരിക്കാനായിരുന്നു അത്. ഭാഗ്യം അയാൾ അക്കാര്യങ്ങളെല്ലാം കുറെ വശമാക്കി. അല്ലെങ്കിൽ മുഹൂർത്തത്തിന് വേളി കഴിയില്യായിരുന്നു.

ഇതേ പ്രശ്നം ചില ഉപനയനം കഴിപ്പിക്കുമ്പോഴും ഉണ്ടാവാറുണ്ട്. അച്ഛനമ്മമാർക്കൊപ്പം വിദേശത്താവും ഉണ്ണി കഴിയുന്നത്. വെക്കേഷന് നാട്ടിൽ വന്നതാവും .അപ്പോൾ ഉപനയനം വേണം. മലയാളം തന്നെ നന്നെ കഷ്ടി ആവും ആ കുട്ടികൾക്ക്. അവരോട് വേണം സാങ്കേതികജടിലമായ ഭാഷയിൽ ഇതെല്ലാം പറയാൻ.

## വേളിയുടെ കാര്യത്തിലാണ് കുഴങ്ങുന്നത്

പിണ്ഡത്തിനു കുളം ശുദ്ധം തുടങ്ങിയ ചില കാര്യങ്ങളിൽ മാത്രം ശ്രദ്ധിച്ചാൽ മതി. വലിയ കുഴപ്പമില്ലാതെ നടക്കും.തൊടരുത് എന്ന് പറഞ്ഞാൽ ആളുകൾ മാറി നില്ക്കും. ഉപനയനം, സമാവർത്തനം, ചോറൂണ്, ചൗളം തുടങ്ങിയ മറ്റ് ചില ചടങ്ങുകളും വലിയ കുഴപ്പമില്ലാതെ നടത്താം. അതിലൊക്കെ പങ്കെടുക്കുന്നവരുടെ എണ്ണം കുറവായിരിക്കും. മാത്രമല്ല മിക്കവാറും ഇല്ലത്തു തന്നെയാവും ചടങ്ങുകൾ. എന്നാൽ വേളി അങ്ങനെയല്ല. മിക്കവാറും വേളി ഏതെങ്കിലും ഹാളിലായിരിക്കും. ആയിരത്തി അഞ്ഞൂറ് ആളെങ്കിലും പങ്കെടുക്കാനുണ്ടാവും. രണ്ടോ മൂന്നോ മണിക്കൂർ നീളുന്ന ക്രിയ കഴിയും വരെ ക്ഷമിച്ചിരിക്കാൻ വരനു പോലും കഴിയാത്ത സ്ഥിതി. സ്റ്റേജിൽ കയറി വന്ന് ഷേക്ക് ഹാൻഡും സെൽഫിയും. പോരാത്തതിന് രണ്ടു ടീമിന്റെയും വീഡിയോഗ്രാഫർമാരും. വാദ്ധ്യാനല്ല വീഡിയോഗ്രാഫർമാരാണ് വേളി കഴിപ്പിക്കുന്നത് എന്ന നില വന്നു. ഈ തിരക്കിൽ പറയുന്നതൊന്നും വരന് കേൾക്കാനാവില്ല. വേളിയെന്നാൽ എന്തെങ്കിലുമൊക്കെ കാട്ടിക്കൂട്ടലായി മാറി.

വീഡിയോ ശരിയാവണമെന്നാണ് അവരുടെ ശാഠ്യം. അതിലും പ്രധാനമല്ലേ വേളിയുടെ ചടങ്ങ്.അതും ശരിയായ രീതിയിൽ നടക്കണമല്ലോ എന്ന് ഞാൻ പറയാറുണ്ട്. കിഴക്കോട്ട് തിരിഞ്ഞ് ചെയ്യേണ്ട കാര്യം വീഡിയോക്കാരന് ലൈറ്റ് ശരിയാവാൻ വേണ്ടി പടിഞ്ഞാട്ട് തിരിഞ്ഞ് ചെയ്താൽ പോരല്ലൊ. വീഡിയോക്കാരുടെ ശല്യം പോലെ മറ്റൊന്നു കൂടി ഇപ്പോൾ വേളിച്ചടങ്ങിൽ തുടങ്ങീട്ടുണ്ട്. അസ്ഥാനത്തെ ആർപ്പുവിളി. തുടങ്ങിയാൽ പ്പിന്നെ നിർത്തിക്കിട്ടാനും പ്രയാസം. ചടങ്ങ് എങ്ങനേങ്കിലും ഒന്ന് മുഴുമനാക്കണമല്ലൊ. അതിനു പോലും കഴിയാത്ത സാഹചര്യം. ആർപ്പാണോ അട്ടഹാസമാണോ എന്നു പോലും തിരിച്ചറിയാൻ പറ്റാത്ത കോമാളിത്തരം.



## ചുട്ടുകരിച്ച് ഭസ്മമാക്കികൊടുക്കപ്പെടും

ഏറെ നിഷ്കർഷയോടെ ഇപ്പോഴും ചെയ്യുന്ന ചടങ്ങുകളിലൊന്നാണ് സംസ്കാരം. എന്നാൽ പ്രൊഫഷണൽ സംസ്കാരസംഘങ്ങൾ ഇപ്പോഴുണ്ട്. ഒന്നു ഫോൺ ചെയ്താൽ ഗ്യാസും വിറകും ഇരുമ്പ് കുറ്റിയും എല്ലാമായി അവരെത്തും. ഏറ്റവും കുറഞ്ഞ വിറക് ഉപയോഗിക്കാനാണ് അവർ ശ്രമിക്കുക. ഏറ്റവും വേഗത്തിൽ കഴിയുകയും വേണം. നമ്മൾ പ്രേതശുദ്ധി വരുത്തിയാണ് ദഹിപ്പിക്കുന്നത്. ചിത മറ്റൊരാൾ തൊടരുത് . എന്നാൽ നമ്മൾകുറച്ച് വിറക് വെച്ചു കഴിഞ്ഞാൽ ബാക്കി അവർ വെയ്ക്കും. കത്തിയില്ലെങ്കിൽ കോലിട്ട് കുത്തി എളക്കും. തിരിച്ചിട്ടും. ഞാൻ കഴിപ്പിക്കാൻ പോവുന്ന സ്ഥലങ്ങളിൽ ഇതൊന്നും സമ്മതിക്കാറില്ല. പിണ്ഡത്തിനു പോയാലും ഇതാണ് പലേടത്തും അവസ്ഥ. നാളെ പിണ്ഡം വെയ്ക്കേണ്ട ആളാവും ഷേക്ക് ഹാൻഡുമായി വരുന്നത്. വിളമ്പാൻ ശ്രമത്തിനും ഉടമസ്ഥനായ അയാൾ കാണും. ശുദ്ധത്തിൻെറ കാര്യത്തിൽ തീരെ നിഷ്കർഷ ഇല്ലാതായി എന്നു തന്നെ പറയാം. അവരോട് തർക്കിക്കാൻ ഞാനില്ല.

# തർക്കം മൂത്ത് നിശ്ചയം നിർത്തി; പോംവഴി ഫോണിലൂടെ



വൈത്തല

**വി.ഇ. നാരായണൻ നമ്പൂതിരി**

**ദിവസങ്ങൾ കഴിഞ്ഞു ക്രിയകൾ കഴിപ്പിയ്ക്കാൻ എന്നെത്തന്നെ എൽപ്പിച്ചു. പറഞ്ഞു പോയതിലെ പാകപ്പിഴ അപ്പോഴാണ് അറിഞ്ഞത്.**

ഒരിക്കൽ ഒരു ഫോൺകാൾ വന്നു. മറുതലയ്ക്കൽ ഒരു വേളിനിശ്ചയമാണ്. വേളിക്കാര് പറയുന്നു താലികെട്ട് വരൻ നടത്തുമെന്ന്. വധൂ പക്ഷവും അവരുടെ വാദ്ധ്യാരും അത് സമ്മതിക്കുന്നുമില്ല.

അങ്ങനെ നിശ്ചയം തന്നെ വേണ്ടെന്ന് വയ്ക്കുന്ന അവസ്ഥ. ആ സന്ദർഭത്തിലാണ് കുട്ടിയുടെ അമ്മാമൻ ഫോണിൽ വിളിക്കുന്നത്. ഇനി എന്തു ചെയ്യും? നിശ്ചയം മുടങ്ങാതിരിക്കാൻ ഒരു പോംവഴി-അതാണ് വേണ്ടത്.

ഞാൻ ക്ലാസിലായിരുന്നു. തൽക്കാലം മഹാനായ ഇ.എം.എസിന്റെ ശൈലി കടംകൊണ്ടു വരപക്ഷത്തെ വിധിപ്രകാരം വരനും വധുപക്ഷ വിധിപ്രകാരം വധുവും വേളിക്രിയകൾ ചെയ്തുകൊണ്ട് വിവാഹം നടത്താമെന്ന് നിശ്ചയിച്ചു.

ദിവസങ്ങൾ കഴിഞ്ഞു ക്രിയകൾ കഴിപ്പിയ്ക്കാൻ എന്നെത്തന്നെ എൽപ്പിച്ചു. പറഞ്ഞു പോയതിലെ പാകപ്പിഴ അപ്പോഴാണ് അറിഞ്ഞത്. വരപക്ഷത്തെ പുരോഹിതനെ ചെന്നു കണ്ടു. ആപസ്തംബ സൂത്രവിധിയാണ് പറയുന്നത്. കർണ്ണാടകയിലെ ആചാരമുറ. അത് വശപ്പെടുത്തി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ വേളി ക്രിയയും, താലി പുണ്യാഹം മുതൽ പെൺകൊടയുടെ ക്രിയയും ഞാൻ കഴിപ്പിച്ചു. താലികെട്ടിയത് വരൻ തന്നെ. അത് സൂത്രവിധി തന്നെയാണ്. സാധാരണ വേളിയ്ക്ക് ഒരുഘട്ടം കഴിഞ്ഞാൽ പെൺകൊടക്കാരന്റെ സൂത്ര സമ്പ്രദായത്തിനി പ്രാമുഖ്യമില്ല. പിന്നെ പരിഗണിക്കേണ്ടത് വരപക്ഷസൂത്രമാണ്. അത് പ്രായോഗിക തലത്തിൽ പരിഗണിയ്ക്കുക മാത്രമാണ് ഞാൻ ചെയ്തത്.

കൂടെ ജോലി ചെയ്യുന്ന ഒരു വാര്യർ മാഷുടെ മകളുടെ വിവാഹം. മാഷ് പറഞ്ഞു നമ്പൂതിരി മാഷേ ചടങ്ങിന് ഒരു ഹോമം വേണം. പറ്റ്ല്യേ...ആരാ ഹോമം ചെയ്യേണ്ടത്. തിരുമേനി മതി. ശരി ആവാം. സമ്മതിച്ചു. തൃശൂരിലെ എ.സി. ഹാളിലാണ് ചടങ്ങ്. പുക പൊങ്ങരുത്. ഹോമം വേണം താനും. സ്റ്റേജിന്റെ നടുക്ക് ഹോമകുണ്ഡം കൂട്ടി, നെയ്യും മലരും കർപ്പൂരവും മാത്രമായി അഗ്നിജ്വലിപ്പിച്ചു. ഞാൻ ഹോമാഗ്നിയ്ക്കു മുമ്പിലിരുന്നു. വധൂവരന്മാരെ ഇരുപുറവുമിരുത്തി. ലാജ ഹോമ മന്ത്രങ്ങളും സ്വസ്തി സൂക്തവുമൊക്കെ ഉറക്കെ ചൊല്ലി. ആജ്യാഹുതികൾ ചെയ്തു. ഹോമം അവസാനിപ്പിച്ചു. ആ അഗ്നിയെ സാക്ഷിയാക്കി കല്യാണചടങ്ങുകൾ ചെയ്തുകഴിഞ്ഞപ്പോൾ കെ.പി. നാരായണ പിഷാരടിയെപ്പോലുള്ള പണ്ഡിത സദസ്സ് ഒരുമിച്ച് എന്റെയടുത്തു വന്ന് ഏറെ അഭിനന്ദിച്ചു.

ഇങ്ങനെ പതിവിൽ നിന്ന് വ്യതിയാനം ആവശ്യമായ പല സന്ദർഭങ്ങളും ഉണ്ടായി വരും. അങ്ങനെ വരുമെന്ന് ഋഷിവര്യൻമാർ മുന്നെ കണ്ടറിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഒരുകാലത്തും മാറ്റമില്ലാത്തത് ദേശികമായി ഭേദമില്ലാത്തതും കർമ്മങ്ങളുടെ ജീവൻ പകരുന്നതുമായ ക്രിയാഭാഗത്തെ ശ്രൗതം എന്ന് അവർ വിളിച്ചു. എന്നാൽ മറ്റൊരു കർമ്മഭാഗം കാലത്തിനനുസരിച്ച് വർഗ്ഗ വർണ്ണ സമയ സാഹചര്യമനുസരിച്ച് മാറ്റം വരുത്തേണ്ടതുണ്ട്. അതിനെ അവർ സ്മാർത്തമെന്നും വിളിച്ചു. ഇതുരണ്ടും സമ്യക് ആയി ചേരുമ്പോൾ മാത്രമാണ് ഏതൊരു പ്രവൃത്തിയും സഫലമാകുന്നത്.

ചടങ്ങുകാരനായി മാറിയ കഥകൂടി പറഞ്ഞ് ഇത് അവസാനിപ്പിക്കാം. ഒരിക്കൽ മുല്ലപ്പള്ളി വല്യച്ഛൻ ഇല്ലത്തു വന്നു. അവിടുത്തെ കുട്ടിയുടെ ചോറൂണ് കഴിപ്പിക്കാനം ഞാൻ അമ്പരന്നു. സാധാരണ അച്ഛനാണ കഴിപ്പിക്കാൻ പോകാറ്.


''പെൺകുട്ടിയുടെ ചോറൂണാണ്. വാതിൽപ്പുറപ്പാടിന് സ്വസ്തി സൂക്തം വേണ്ടിവരും. അത് തോന്നില്ലേ? മതി ബാക്കി ഞാനുണ്ട്'' ചടങ്ങുകൾ ക്രിയാരത്നമാലയിൽ നോക്കി വായിച്ചു. വേണ്ട കുറിപ്പുകൾ തയ്യാറാക്കി. സ്വസ്തി സൂക്തം പദംമുറിച്ചെഴുതി. അങ്ങനെ ഒരു ചോറൂണിന്റെ പൗരോഹിത്യം നിർവ്വഹിച്ചു.

ഇതുപോലെ മറ്റൊരു ദിവസം. അച്ഛന്റെ പിറന്നാളായ കാർത്തികനാൾ പാടേരി ഇല്ലത്ത് ഒരു സംസ്കാരം വേണ്ടി വന്നു. ശക്രപ്ഫൻ തുടങ്ങിയവരാണ് കഴിക്കാൻ. മരണവാർത്തയറിഞ്ഞ് ചെന്നപ്പോൾ ശക്രപ്ഫൻ പറഞ്ഞു. ''രാമന്റെ നാളല്ലെ വേണ്ട, ഉണ്ണി മതി, ഞാനല്ലേ കഴിക്കാൻ ഒന്നും പറഞ്ഞ് തരികയൊന്നും വേണ്ട. ഒരാള് നടുക്കു വേണം'' ഒന്നുമറിയാതെ ഞാൻ മൂളി. പുസ്തകം ആശ്രയിച്ച് ചടങ്ങുകൾ വായിച്ചുകൊടുത്തു അങ്ങനെ ആദ്യത്തെ സംസ്കാരവും .

# ആരാണ് താലി കെട്ടേണ്ടത്?

''ഒരിക്കൽ ഒരു ഇല്ലത്ത് വേളി കഴിപ്പിക്കാൻ ചെന്നപ്പോൾ താലികെട്ടൽ ചടങ്ങ് വരന് തന്നെ ചെയ്യണം എന്ന് അയാൾക്ക് നിർബന്ധം... അങ്ങനെ ചെയ്യുന്നതാണ് ശരിയത്രേ....അച്ഛൻ താലികെട്ടുന്ന ചടങ്ങ് പ്രാകൃതമാണ് എന്ന് അയാൾക്ക് അഭിപ്രായം.. അച്ഛനമ്മമാരും ഇയാളുടെ ശാഠ്യത്തിൽ വിഷമത്തിലായി... അയാളുടെ സുഹൃത്തുക്കൾ എല്ലാം വരൻ താലി കെട്ടിയാണ് വിവാഹം ചെയ്തത് എന്നതും അവരുടെ കളിയാക്കൽ ഇഷ്ടപ്പെടാതിരിക്കുന്നതും ഒക്കെ അയാളുടെ ശാഠ്യത്തിന് കാരണമായി... .... ... ഇങ്ങനെ ചിന്തിക്കുന്നവരോട് എനിക്കൊന്നേ പറയാനുള്ളൂ.. അച്ഛൻ താലികെട്ടുന്നത് പ്രാകൃതമെങ്കിൽ നമ്മൾ അനുഷ്ഠിക്കുന്ന ചടങ്ങുകൾ എല്ലാം പ്രാകൃതമാണ്.. പുണ്യാഹവും ഹോമവുമെല്ലാം... അങ്ങനെ വരുമ്പോൾ നമ്മൾ അതെല്ലാം ഒഴിവാക്കേണ്ടി വരും.. പിന്നെ മറ്റുള്ളവരുടെ രീതികൾ അവർ പിൻതുടർന്നോട്ടെ.. നമ്മൾ നമ്മുടെ

**അയാളുടെ സുഹൃത്തുക്കൾ എല്ലാം വരൻ താലി കെട്ടിയാണ് വിവാഹം ചെയ്തത് എന്നതും അവരുടെ കളിയാക്കൽ ഇഷ്ടപ്പെടാതിരിക്കുന്നതും ഒക്കെ അയാളുടെ ശാഠ്യത്തിന് കാരണമായി.**


കളം ഉണ്ണികൃഷ്ണൻ നമ്പൂതിരി

ആചാരങ്ങൾക്ക് മൂല്യം കൽപിക്കുക... അതു കൊണ്ട് വെറുതെ ആളുകളെ കാണിക്കാൻ വേണ്ടിയും ഫോട്ടോ എടുപ്പിനു വേണ്ടിയും ഉള്ള കോപ്രായങ്ങൾ ഒഴിവാക്കി ചെയ്യുന്ന കാര്യത്തിൽ അല്പമെങ്കിലും ആത്മാർത്ഥത കാണിക്കുക.. ചെയ്യുന്നത് എന്തിന് അതിന്റെ അർത്ഥം എന്ത് എന്നത് കുറച്ചെങ്കിലും മനസ്സിലാക്കി ചെയ്യാൻ ശ്രമിക്കുക വൈദിക ക്രിയകൾ നിരവധി നടത്തിച്ച് പരിചയമുള്ള കളം ഉണ്ണികൃഷ്ണൻ മാഷിന് തനിക്കുണ്ടായ ഒരു അനുഭവത്തോടുള്ള പ്രതികരണം ഇങ്ങനെ.... നമ്പൂതിരിമാർക്കിടയിൽ പെൺകുട്ടിയെ സുമംഗലിയാക്കി വരനെ ഏൽപ്പിക്കുക എന്നതാണ് ഒരു പിതാവിന്റെ ധർമ്മം... അതാണ് പിതാവ് താലികെട്ടുന്നതിലൂടെ നടപ്പിലാവുന്നത്... തന്നോട് എതിരഭിപ്രായം പറഞ്ഞവരെ തന്റെ അറിവിനനുസരിച്ച് പറഞ്ഞു മനസ്സിലാക്കി തിരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് ഉണ്ണികൃഷ്ണൻ മാഷ് പറയുന്നു...



മറ്റൊരു ഇല്ലത്ത് വേളികഴിപ്പിക്കാൻ ചെന്നപ്പോൾ വേളിയുടെ സമയം കുറക്കുകയാണ് അവർക്ക് ആവശ്യം.... അര മണിക്കൂർ കൊണ്ട് വേളി ക്രിയ തീർന്നാൽ സന്തോഷം അവർക്ക്.... ക്രിയകളെക്കാൾ അവർക്ക് പ്രാധാന്യം ഫോട്ടോ ഷൂട്ടും മറ്റു ബഹളങ്ങളുമൊക്കെയാണ്....

ക്രിയാദികൾ അനുഷ്ഠിക്കുന്നതിനുള്ള സാഹചര്യവും അതിലെ പ്രായോഗികതയും നമ്മൾ കണക്കിലെടുക്കേണ്ടതാണെന്ന് മാഷിന് അഭിപ്രായം... ആചാരങ്ങൾ അനുഷ്ഠിക്കാൻ സാഹചര്യമുള്ളവർ നിർബന്ധമായും അത് ചെയ്തിരിക്കണം.. ഇല്ലങ്ങളിൽ പലയിടത്തും അതിനുള്ള സാഹചര്യം ഉണ്ടായിട്ടും അത്രയൊക്കെ മതി മെനക്കെടാൻ വയ്യ എന്ന കാരണങ്ങൾ കൊണ്ട് മാത്രം ഉപനയനവും സമാവർത്തനവും നാലു ദിവസത്തിലേക്കും ഒരു ദിവസത്തിലേക്കും ഒക്കെ ചുരുക്കുന്ന രക്ഷിതാക്കൾ ഏറെയാണ്... ഉപനയനം കഴിയേണ്ട ഉണ്ണിയുടെ അച്ഛനും മുത്തച്ഛനും ഒക്കെ ശാന്തിയുണ്ട്... ചമതയിടാനും വ്രതങ്ങൾകൊള്ളാനും ഒക്കെയുള്ള സാഹചര്യങ്ങൾ ഉണ്ട് . പക്ഷേ രാവിലെയും വൈകുന്നേരവും അതിനായി അല്പം സമയം കണ്ടെത്താൻ മടി....അതിനോട് യോജിക്കാൻ മാഷിന് പ്രയാസം.... പക്ഷേ ഫ്ളാറ്റുകളിലും വിദേശ രാജ്യങ്ങളിലും മറ്റും താമസിക്കുന്നവരോട് ഒരു കൊല്ലം അല്ലെങ്കിൽ മൂന്നു കൊല്ലം ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കണമെന്ന് പറയുന്നതിൽ പ്രായോഗികത കുറവുണ്ട്... തന്റെ മകന്റെ ഉപനയനം നടന്നു കാണണമെന്ന് രക്ഷിതാക്കൾക്ക് ആഗ്രഹവും ഉണ്ടായിരിക്കും.. അത്തരം സന്ദർഭങ്ങളിൽ ഉപനയനവും സമാവർത്തനവും ഒരു ദിവസംകൊണ്ട് നാലു ദിവസവും കൊണ്ട് നടത്തി കൊടുക്കേണ്ടി വന്നിട്ടുണ്ട് എന്ന് മാഷ് സമ്മതിക്കുന്നു. പക്ഷേ നാലു ദിവസം കൊണ്ട് വ്രതങ്ങളൊന്നും അനുഷ്ഠിക്കാനാവില്ല. പൂണൂലിട്ടു എന്ന് വരുത്താം അത്ര മാത്രം....

ചോറൂണ്, ഉപനയനം, സമാവർത്തനം തുടങ്ങി രക്ഷിതാക്കൾ മുൻകൈയ്യെടുത്ത് ചെയ്യേണ്ട ക്രിയകൾ വേണ്ടപോലെ ഇല്ലാതാകുന്നത് തീർച്ചയായും രക്ഷിതാക്കളുടെ നിർബന്ധബുദ്ധിയില്ലായ്മ തന്നെ ആണ്... നമ്മുടെ കുട്ടികൾ വഴി തെറ്റി പോകാതിരിക്കാനും നമ്മുടെ സംസ്കാരം അറിഞ്ഞു വളരാനും രക്ഷിതാക്കൾ ശ്രദ്ധിക്കണം...

ദത്തെടുത്ത് കുട്ടികളെ വളർത്തുന്നതിലും വേളി കഴിക്കുന്നതിലും മാഷിന് എതിരഭിപ്രായമില്ല... കാരണം ദത്തെടുക്കൽ ചടങ്ങ് പണ്ടു തന്നെയുള്ളതാണ്... ഷോഡശ ക്രിയകളോടുകൂടി ദത്തെടുക്കൽ ചടങ്ങ് നടക്കുമ്പോൾ നമ്മുടെ സംസ്ക്കാരം നിലനിർത്തപ്പെടുന്നു... ഇത്തരത്തിൽ വേളി കഴിക്കുന്നത് ഇന്ന് ആവശ്യമായി മാറുകയും ചെയ്തിരിക്കുന്നു... പക്ഷേ ദത്തെടുക്കുന്നത് 'ലൗ അഫയർ' സാക്ഷാൽക്കരിക്കാൻ വേണ്ടി ആകുന്നതിനോട് വിയോജിപ്പ് ഉണ്ട് ... ജാതി അറിഞ്ഞ് ഇഷ്ടപ്പെടാമെങ്കിൽ ആ ജാതി നിലനിർത്തി തന്നെ ജീവിക്കുക... എങ്കിലും പല ക്രിയകളും സാഹചര്യത്തിന്റെ സമ്മർദ്ദം മൂലം മനസ്സിനിഷ്ടപ്പെടാതെ തന്നെ നടത്തി കൊടുക്കേണ്ടി വന്നിട്ടുണ്ട്...

ഇന്ന് പെൺകുട്ടികളുടെ കാര്യം വലിയ കഷ്ടമാണ്.... ആൺകുട്ടികളായാൽ ഉപനയനവും സമാവർത്തനും എല്ലാം ഉണ്ട് ... അതു കൊണ്ട് ഗായത്രി ജപിക്കാനെങ്കിലും പഠിക്കും ഇന്ന്.... പണ്ടത്തെ പെൺകുട്ടികൾ ഇല്ലത്ത് വടക്കിണിയിലോ പടിഞ്ഞാറ്റയിലോ ഉള്ള തേവർക്ക് നേദിക്കാൻ പഠിപ്പിക്കുമായിരുന്നു.. ഇന്ന് വിളക്കു വക്കണമെന്ന ശീലം കൂടി പലർക്കും ഇല്ലാതായിരിക്കുന്നു... അവരുടെ രക്ഷിതാക്കൾ അവരെ പഠിപ്പിക്കുന്നുമില്ല.. അതു കൊണ്ട് പെൺകുട്ടികളുടെ ആചാരങ്ങൾ ഒന്നും അവർക്ക് അറിയുകയുമില്ല...

ഇളമന നാരായണൻ നമ്പൂതിരിയാണ് ഉണ്ണികൃഷ്ണൻ മാഷുടെ ഗുരു... ഇനി വരുന്ന കാലത്ത് മുഴുവൻ ആചാരങ്ങളും എല്ലാ നിഷ്ഠയോടും കൂടി പാലിക്കുക എന്നത് ബുദ്ധിമുട്ടായിരിക്കും. കാലാനുസൃതമായ മാറ്റങ്ങൾ ആചാരങ്ങളിൽ വരുത്തേണ്ടതായി വരും എന്ന് അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായത്രേ..

എന്നു വച്ച് മുഴുവനായി മാറ്റുക എന്നല്ല.... ഇന്നിപ്പോൾ എല്ലാ ദിവസവും രാവിലെ മുങ്ങി കുളിക്കണം എന്ന് പറയുന്നത് പ്രായോഗികമല്ല... എല്ലാ ഇല്ലങ്ങളിലും കുളവും ഉണ്ടാകില്ല.... അപ്പോൾ രാവിലെ കുളിക്കണം എന്ന ശീലത്തിന് പ്രാധാന്യം കൊടുക്കുക....

**ദത്തെടുക്കൽ ചടങ്ങ് പണ്ടു തന്നെയുള്ളതാണ്... ഷോഡശ ക്രിയകളോടുകൂടി ദത്തെടുക്കൽ ചടങ്ങ് നടക്കുമ്പോൾ നമ്മുടെ സംസ്ക്കാരം നിലനിർത്തപ്പെടുന്നു... ഇത്തരത്തിൽ വേളി കഴിക്കുന്നത് ഇന്ന് ആവശ്യമായി മാറുകയും ചെയ്തിരിക്കുന്നു... പക്ഷേ ദത്തെടുക്കുന്നത് 'ലൗ അഫയർ' സാക്ഷാൽക്കരിക്കാൻ വേണ്ടി ആകുന്നതിനോട് വിയോജിപ്പ് ഉണ്ട്**

# അജ്ഞാനംമൂലം സംസ്കാരം കളയരുത്



ബാണത്തൂർ വാസുദേവൻ നമ്പൂതിരിപ്പാട്

നമ്പൂതിരിമാരുടെ ചടങ്ങുകളായ 'ചോറൂണ്', 'ഓപിന്യം', 'ചമാർത്തം', 'വേളി' തുടങ്ങിയവ ഇപ്പോൾ പരക്കെ നടക്കുന്ന രീതി കാണമ്പോൾ ചോദിക്കാൻ തോന്നാറുള്ളത് ബന്ധുക്കളെയും സുഹൃത്തുക്കളെയും പ്രത്യേകിച്ച് ചടങ്ങിലെ പുതുമ കാണാൻ ഔത്സുക്യമാർന്ന അന്യസമുദായക്കാരെ വിളിച്ച് ആർഭാടമായ ഒരു 'പ്രദർശനം', നല്ല സദ്യ, ഉപഹാരങ്ങളുടെ പൂരം, ജീവിതത്തിലെ അസുലഭ നിമിഷങ്ങൾ 'വീഡിയോ ഗ്രാഫ്' ചെയ്തു സൂക്ഷിയ്ക്കാനുള്ള അവസരം ഇത്രയൊക്കെ മതിയോ എന്നാണ്? ചോദിക്കുന്നത് ബാണത്തൂർ വാസുദേവൻ നമ്പൂതിരിപ്പാട്... ധാരാളമായി ക്രിയാദികൾ കഴിപ്പിക്കാറില്ലെങ്കിലും ഷോഡശ ക്രിയകളെ കുറിച്ച് പഠിക്കാനുള്ള ക്രിയകൾ നടത്തി കൊടുക്കുന്നത് താൻ തന്നെ വേണം എന്ന് നിർബന്ധം പറയുന്നവർക്ക് ചെയ്തു കൊടുക്കുന്ന വാസുദേവൻ നമ്പൂതിരിപ്പാടിന് ഇന്നത്തെ കാട്ടി കൂട്ടലുകളോട് വിയോജിപ്പ്..

''വരനു തന്നെ താലികെട്ടണമെന്ന് ശഠിക്കുന്നവരോട് അങ്ങേക്ക് എന്താണ് പറയാനുള്ളത്?''

''സ്ത്രീയെ ഗൃഹസ്ഥാശ്രമത്തിലേക്ക് ഉപനയിക്കുന്ന ഒരു ചടങ്ങാണ് മുഹൂർത്തത്തോടെ മംഗല്യതാലി അഥവാ യജ്ഞസൂത്രം കെട്ടിക്കുന്നത്... ഉണ്ണികൾക്ക് യജ്ഞോപവീതം അതായത് പൂണൂൽ മുഹൂർത്തത്തിൽ അണിയിക്കുന്നു. അത് ഉപനയനം. ഉണ്ണികൾ ബ്രഹ്മചര്യാശ്രമത്തിലേക്കാണ് നയിക്കപ്പെടുന്നത്. അതിനു ശേഷമാണ് അവർക്ക് ഗ്രഹസ്ഥാശ്രമം. പെൺകുട്ടികൾ നേരിട്ട് ഗൃഹസ്ഥാശ്രമത്തിലേക്കാണ് പ്രവേശിക്കുന്നത്. ബ്രഹ്മചര്യാശ്രമത്തിന്റെ ബുദ്ധിമുട്ടുകൾ അവർക്ക് പറഞ്ഞിട്ടില്ല... ഉപനയനത്തിൽ യജ്ഞോപവീതം ഗുരു അതായത് ഗുരുസ്ഥാനീയനായ അച്ഛൻ കെട്ടിക്കുന്നു.. അതിനു ശേഷം 'ഉദകപൂർവ്വം' ചടങ്ങിലൂടെ വരന് ദാനമായി നൽകുന്നു. നമ്മുടെ സംമ്പ്രദായത്തിൽ ഉദകപൂർവ്വം ചെയ്യുമ്പോഴാണ് ശരിയായ വിവാഹ ചടങ്ങ് തുടങ്ങുന്നത് ... അജ്ഞത കാരണം നമ്മുടെ സംസ്ക്കാരം കളയരുതെന്നാണ് എനിക്ക് തോന്നുന്നത്..''



''ശാന്തിക്ക് തടസ്സമാകാതിരിക്കാൻ വേണ്ടി പുല മുറിക്കുന്നതിൽ അങ്ങയുടെ അഭിപ്രായം?''

''ഏഴാമത്തെ തലമുറയിൽ പുല മുറിക്കാവുന്നതാണ്.. അത് എട്ടാം തലമുറ മുതലേ ബാധകമാകുകയുള്ളൂ.. ഏഴാ തലമുറ വരെയുള്ള ആളുകൾ തമ്മിലുള്ള പുല മുറിയുന്നില്ല.. പക്ഷേ ഇന്നത്തെ പുല മുറിക്കൽ സൗകര്യത്തിനനുസരിച്ചായിട്ടുണ്ട്. അതിൽ ന്യായമുണ്ടെന്ന് തോന്നുന്നില്ല..''

''പല വേളികളിലും വേളിയാർപ്പ് ഒരു മൽസരമായി കാണുന്നുണ്ട്. അങ്ങേക്ക് എന്ത് തോന്നുന്നു അതിനെപ്പറ്റി...?''

''വേളിയാർപ്പ് ഒരു പ്രധാന ചടങ്ങൊന്നുമല്ല.. സ്വീകരണത്തിന്റെ ഒരു ഭാഗം മാത്രമാണ്.. ആർപ്പ് മൂന്നിൽ കുറയാതെ വേണമെന്നാണ്.. പക്ഷേ അത് മൽസരവും വിസിലടിയുമൊക്കെ ആകുന്നത് ശരിയല്ല.. പലപ്പോഴും അത് ചടങ്ങുകഴിപ്പിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്..

ഷോഡശ സംസ്കാരം, നമ്പൂതിരി നേടേണ്ടുന്ന സംസ്കാരം.... അത് നിരന്തരമായ സാധനയിലൂടെയും, ആചരണത്തിലൂടെയും വിചിന്തനത്തിലൂടെയും ആർജ്ജിക്കേണ്ടതാണ്. എല്ലാ ക്ലേശവും സഹിച്ച്, അറിവിന്റെയും അനുഭവത്തിന്റെയും പരിപാകം നേടി 'ശുദ്ധനമ്പൂരി'യാവുമ്പോൾ ആ വ്യക്തിത്വത്തിൽ നിന്നു പ്രസരിയ്ക്കുന്ന സംസ്കാര സൗരഭം സമൂഹത്തെ ആകെ (സ്വസമുദായം മാത്രമല്ല) സുരഭീകരിക്കുകയാണ് വേണ്ടത് ... അല്ലാതെ കോപ്രായങ്ങൾ കാണിക്കുകയല്ല വേണ്ടത്....'' ●

**പുലമുറിക്കുന്നത് സംബന്ധിച്ച 'കൂടസ്ഥേ' എന്നു തുടങ്ങുന്ന സംസ്കൃത പ്രമാണത്തിന് ചോണാടിന്റെ മൊഴിമാറ്റം ഒന്നാന്തരമാണ്**

# ആശൗചത്തിന്റെ അദ്ധ്യാപകൻ



ചോണാട് വാസുദേവൻ നമ്പൂതിരി

ഗുരുവായൂരിലെ ഓതിക്കൻ കുടുംബത്തിലെ എന്റെ ചിരകാല സുഹൃത്തിനെ സന്ദർശിക്കാൻ എത്തിയ എന്നോട് "അമ്മാത്തെ മുത്തഫൻ മരിച്ചാൽ പുലയുണ്ടോ" എന്ന ഒരു ചോദ്യം അദ്ദേഹം ചോദിച്ചത് വർഷങ്ങൾക്കുശേഷം ഓർത്തുപോയി. അദ്ദേഹത്തിന്റെ അമ്മാത്തെ മുത്തഫന്റെ കാര്യമല്ല ചോദിക്കുന്നതെന്ന് എനിക്ക് മനസ്സിലായി. തന്ത്രിയുടെ കാര്യമാണ്. ഞാൻ പറഞ്ഞു: "ഈ വിഷയത്തിൽ സംശയം തീർത്തുതരാൻ കോഴിക്കോട്ട് ചോണാട് വാസുദേവേട്ടനുണ്ട്, ചോദിച്ചുനോക്കാം."

ഫോണിൽ ബന്ധപ്പെട്ടപ്പോൾ അമ്മാത്തെ മുത്തശ്ശനുമായിട്ടേ പുലയുള്ളൂ എന്ന മറുപടിയാണ് കിട്ടിയത്.

'ആശൗച മഞ്ജരി' എന്ന പേരിൽ ഒരു ലഘുപുസ്തകം യോഗക്ഷേമ സഭയുടെ കോഴിക്കോട് ജില്ലാ ഘടകത്തിന്റെ പേരിൽ ബാലുശ്ശേരി കോട്ട കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന 'ആർഷവിദ്യാനികേതനം' പ്രസിദ്ധീകരിച്ചിരുന്നു. 'ആശൗച' വിഷയത്തിൽ വൈദികർ ആധികാരികമായി അവലംബിക്കുന്ന മുപ്പതോളം സംസ്കൃത ശ്ലോകങ്ങൾ ലളിത മലയാളത്തിൽ ശ്ലോകരൂപത്തിൽ ചോണാട് മൊഴിമാറ്റം നടത്തിയതാണ് മൂലശ്ലോകത്തോടൊപ്പം 20 പേജുള്ള ആ കൊച്ചുപുസ്തകത്തിൽ ഉൾപ്പെടുത്തിയിരുന്നത്. ഒമ്പതു വർഷം മുമ്പ് യോഗക്ഷേമസഭയുടെ തിരുവല്ല വാർഷികത്തിൽ വെച്ച് തൃശൂർ തെക്കേമഠം മൂപ്പിൽ സ്വാമിയാരാണ് 'ആശൗച മഞ്ജരി' പ്രകാശനം ചെയ്തത്.

വൈദിക വിവാഹത്തിലെ 'ഉദകപൂർവ്വം' എന്ന ചടങ്ങിന്റെ ചിത്രം മുഖചിത്രമായി ചേർത്താൽ നന്നായിരിക്കും എന്ന് ചോണാടേട്ടൻ നിർദ്ദേശിച്ചിരുന്നു. പല വിവാഹ ആൽബങ്ങളും പരതി. ഒടുവിൽ 1980–ൽ കാറൽമണ്ണ തിരുമുല്ലപ്പള്ളി ക്ഷേത്ര അഗ്രശാലയിൽ നടന്ന ഒരു വേളിയുടെ ഉദകപൂർവ്വ ചടങ്ങ് മുഖചിത്രമായി കൊടുത്തു.

വേളിക്രിയക്കുദകപൂർവ്വമതിന്റെ മുമ്പിൽ
ചെയ്തീടണം പുലമുറിപ്പതിനിച്ഛയെങ്കിൽ
വേളിക്കു വന്ന വധുവിൽ പുനരുത്ഭവിക്കും
ജാതന്റെയപ്പുല തനിക്കു ഭവിയ്ക്കുകില്ല

പുലമുറിക്കുന്നത് സംബന്ധിച്ച 'കൂടസ്ഥേ' എന്നു തുടങ്ങുന്ന സംസ്കൃത പ്രമാണത്തിന് ചോണാടിന്റെ മൊഴിമാറ്റം കാണുക.

ഒന്നാമൻ തൊട്ടൊരേഴാം
തലമുറയിലവന്നാദ്യപുത്രൻ ജനിച്ചാ–
ലെട്ടാമൻ തത്ര ചെന്നിട്ടവനൊടഥ
വിളിച്ചിപ്രകാരം കഥിപ്പൂ
ബാലാ നോം തമ്മിൽ മൂന്നാം പുലയഥ–
യിനിമേൽ പത്തുപോയെന്ന് കേൾപ്പൂ
പിന്നെ മൂന്നും കഴിഞ്ഞാലവിടെയുമിതുപോൽ
ചെയ്കിലേ മൂന്നു പോവൂ
പുരുഷാന്തമേഴു ചെന്നിടുമ്പോൾ
പുല പത്തും കഴിയുന്നു മൂന്നു ബാക്കി
പുരുഷാന്തരമങ്ങു മൂന്നു പോയാൽ
പുല മൂന്നു കഴിയുന്നു വേണ്ടപോലെ.

ഉദകപൂർവ്വമെന്ന വേളിക്രിയയുടെ പ്രാധാന്യമെന്താണെന്ന് മറ്റൊരിടത്തു ചോണാട് 'പ്രത്താമരണവദാശൗചം ദൃഷ്ടവ്യം' എന്ന പ്രമാണമുദ്ധരിച്ച് വിശദീകരിക്കുന്നു.

'പ്ര' എന്നതിന് രണ്ട് എന്നും 'ത' എന്നതിന് തറവാട് എന്നും അർത്ഥമാകുന്നു. എന്നുവെച്ചാൽ ഉദകപൂർവ്വത്തോടെ സ്ത്രീ വരന്റെ ഗൃഹത്തിലെ അംഗമാവുന്നു. സപ്തപദത്തോടുകൂടി പിതൃഗൃഹത്തിലെ അംഗത്വമില്ലാതാവുന്നു.

കന്യയങ്ങു വരഗേഹഗോത്രമായ്
തീർന്നിടുന്നു സഹധർമ്മനീരിനാൽ
ഏഴടിക്കു ജനകന്റെ വീട്ടിലെ
ഗ്ഗോത്രബന്ധമതു വിട്ടുപോയിടും

ശുകപുരം ഗ്രാമത്തിലെ ഒഴുത്തണ്ണൂർ ദേശത്ത് (ഇപ്പോൾ കോ



ഴിക്കോട് ജില്ലയിലെ നരിക്കുനി പഞ്ചായത്ത്) ചോണാട്ടില്ലത്ത് 1110 മകരമാസം 25 ന് ജനനം. ഉപനയനാനന്തരം വേദാദ്ധ്യയന മദ്ധ്യേ ഷോഡശക്രിയകളും മരണാനന്തര ക്രിയകളും പഠിച്ചു. ആയതിലേക്ക് അത്യാവശ്യമായ കാലദീപകം, മുഹൂർത്തപദവി തുടങ്ങിയ ജ്യോതിഷഭാഗങ്ങളും പഠിച്ചു. ആശൗച സംഗ്രഹം മലയാളത്തിലേക്ക് തർജ്ജമ ചെയ്തതിൽ നിന്നുള്ള ഏതാനും വരികളാണ് മുകളിൽ ഉദ്ധരിച്ചത്.

എഴുതാൻ ബുദ്ധിമുട്ടുണ്ട്. കേൾവിയും കുറവുണ്ട്. എങ്കിലും 82–ാം വയസ്സിലും സക്രിയ ബുദ്ധിയാണ്. വിവാഹച്ചടങ്ങിന്റെ ഭാഗമായി വധു ജനിച്ച ഇല്ലവുമായിട്ട് മാത്രമല്ല, ദേശക്കാരും, വ്യത്യസ്ത സമുദായങ്ങളുമായിപ്പോലുമുള്ള കടപ്പാടുകൾ പത്തോളം ദാനങ്ങളിലൂടെ നിർവ്വഹിക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടുകയുണ്ടായി. സ്ത്രീധനത്തിന്റെ മൂന്നിലൊന്ന് ദേശമുഖ്യന് ദാനം ചെയ്യണം. ദേശത്തിന്റേതായ പൊതുധനം ദേശക്ഷേമത്തിനായി ചെലവഴിക്കാനുള്ളതാണ്. വിവാഹ–മരണാനന്തര ചടങ്ങുകളിൽ ദേശക്കാരുടെ പങ്കാളിത്തവും സഹകരണവും അനിവാര്യമത്രേ. യോഗക്ഷേമസഭയുടെ ഉപസഭകൾ എല്ലാ അർത്ഥത്തിലും പഴയകാല ദേശക്കൂട്ടായ്മയായി മാറിയാലേ സമുദായ ജീവിതം കെട്ടുറപ്പുള്ളതാവൂ. ജനിച്ച് 11–ാം ദിവസം അരയിൽ കെട്ടാൻ നൂലുതരുന്ന നെയ്ത്തുകാരുടെ സമൂഹം, സഹപാഠി സമൂഹം, വൈദികൻ, ഓതിക്കൻ, മാതുലൻ, സഹോദരൻ, ദേശമുഖ്യൻ, ചിതയൊരുക്കുന്നതിന്റെ ചുമതലക്കാർ, ശീതികൻ തുടങ്ങിയ പത്തു വിഭാഗങ്ങളോട് ഓരോ വ്യക്തിക്കും തീർത്താൽ തീരാത്ത കടപ്പാടുണ്ടെന്ന് ചുരുക്കം.

ഏകാധിപതികളെപ്പോലെ എല്ലാ സമുദായങ്ങളെയും അടിച്ചമർത്തി ചൂഷണം ചെയ്ത് ജീവിക്കുക എന്നതല്ല, എല്ലാ ജനവിഭാഗങ്ങളുടെയും യോഗക്ഷേമം ഉറപ്പുവരുത്തുന്നതായിരുന്നു, സമൂഹ കേന്ദ്രിതമായിരുന്നു നമ്പൂതിരിമാർ നേതൃത്വം കൊടുത്ത സാമൂഹ്യ വ്യവസ്ഥ എന്നാണ് ചോണാട് ചൂണ്ടിക്കാട്ടിയത്.

# കന്യകമാർക്ക് ചൗളം ഉണ്ടെന്ന് അറിയുന്ന എത്രപേരുണ്ട്?

**പേരൂർ നീലകണ്ഠൻ നമ്പൂതിരി**

ഇന്ന് പലക്രിയകളും നടത്താതായിരിക്കുന്നു. എന്നാൽ മറ്റുള്ളവരെ കാണിക്കുവാനായി വിവാഹം, ഉപനയനം മുതലായ ക്രിയകൾക്ക് അമിത പ്രാധാന്യം നൽകി തുടർന്നുള്ള ക്രിയകൾ പാടെ ഉപേക്ഷിക്കുന്നതായാണ് കണ്ടുവരുന്നത്. ഇത്തരം ക്രിയകൾ നടത്തുന്നതിന് ഇന്നു നേരിടുന്ന പ്രയാസങ്ങൾ പരിഗണിച്ച് പുതിയൊരു വിധി പണ്ഡിതന്മാരുടെ ഭാഗത്തു നിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു.


**ഷോഡശക്രിയകൾ:**
പുംസവനം, സീമന്തം, വിഷ്ണുബലി, ജാതകർമ്മം, നാമകരണം, വാതിൽ പുറപ്പാട്, ചോറൂണ്, ചൗളം, ഉപനയനം, ഉപാകർമ്മം, ഹോതാരം, വേദാരംഭം, ഉപനിഷദം, ഗോദാനം, ശുക്രിയം, സമാവർത്തനം എന്നിവയാണ് നാം ആചരിച്ചുവരുന്ന ഷോഡശക്രിയകൾ.


പേരൂർ

സ്ത്രീകൾക്ക് മേൽപ്പറഞ്ഞവയിൽ ചൗളം വരെയുള്ള ക്രിയകളും കർണ്ണവേധം, നൂതന വസ്ത്രധാരണം എന്നീ ക്രിയകളും നടത്തിവന്നിരുന്നു എന്ന് പലർക്കും ഇന്ന് അറിയുകപോലുമില്ല.

ബ്രാഹ്മണരുടെ ഐക്യം കാംക്ഷിക്കുന്നവർ ഇത്തരം ക്രിയകൾ നടത്തികൊടുക്കുന്നതിനുള്ള ചെലവ് കുറഞ്ഞ പദ്ധതികൾ ആവിഷ്കരിച്ച് ഇത്തരം ക്രിയകളുടെ പ്രാധാന്യം പുതുതലമുറകളിലേക്ക് എത്തിക്കുകയും ചെയ്താൽ ഏവരും ഇത് നിസ്സംശയം സ്വീകരിക്കുമെന്നാണ് എന്റെ അനുഭവം. ഇടക്കാലത്ത് ഇവ വളരെ ലോപിക്കുകയും പൂണുനൂല്പോലും ഉപേക്ഷിച്ച ഒരു കാലം നമ്മുടെ ഇടയിലുണ്ടായിരുന്നു. എന്നാൽ പുതുതലമുറ ക്രിയാദികൾ കഴിക്കുന്നതിന് താല്പര്യമുള്ളവരാണ്.

ഈ മാറ്റം ശുഭോദർക്കമാണ്. ഇത് നിലനിർത്തുന്നതിന് നാം പരിശ്രമിക്കേണ്ടതാണ്. ആദ്യമായി ഒരു തറവാട്ടിൽ ഒരാൾക്കെങ്കിലും എല്ലാ ക്രിയാദികളും അറിയുകയും വൈദികം ഒരു തൊഴിലില്ലാതെ സേവന താല്പര്യത്തോടെ ചെയ്തുകൊടുക്കുവാൻ സന്നദ്ധരാവുകയും, ക്രിയാദികളിൽ പങ്കെടുക്കുന്നത് ഓരോരുത്തരുടെയും കടമയായി കാണുകയും ചെയ്താൽ ഒരു മാറ്റമുണ്ടാകും.



പുല്ലങ്കോട് വിഷ്ണു നമ്പൂതിരി

**? അന്യജാതിയിൽ നിന്നും കുട്ടിയെ നമ്പൂതിരി വിവാഹം കഴിക്കാൻ തീരുമാനിച്ചാൽ അതു വേളിയായി നടത്തിക്കൊടുക്കുമോ?**

**● തീർച്ചയായും നടത്തിക്കൊടുക്കും. വേളികഴിക്കാൻ നിശ്ചയിച്ച ഉണ്ണിയുടെ പിതാവാണ് അതു നിശ്ചയിക്കേണ്ടതെന്നു മാത്രം.**

# മറ്റൊരു മതമാണെങ്കിൽ? ഉത്തരത്തിനു മാറ്റമില്ല

ടി.ടി.സി. കഴിഞ്ഞ് നാട്ടു വിദ്യാലയത്തിൽ ജോലിക്കു ചേർന്ന അദ്ധ്യാപകന് ആദ്യം കിട്ടിയ ജോലി സബ് ജില്ലാ കായിക മേളയിൽ കൊണ്ടു പോകാനായിരുന്നു. മീറ്റിൽ ദയനീയമായി തോറ്റ് കൂക്കുവിളികളോടെ നാട്ടാർ യാത്രയയച്ചപ്പോൾ മീശ മുളയ്ക്കാത്ത മാഷ് വോളിബോളിലെ ആദ്യ പാഠം പഠിച്ചു. തങ്ങൾക്ക് കളി അറിയില്ലെന്ന്.

വോളിബോൾ പ്രേമം മൂത്ത അദ്ധ്യാപകൻ സമ്മർ കോച്ചിംഗ് ക്യാമ്പിനായി കുട്ടികളേയും കൊണ്ട് തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിൽ പോയത് തനിക്കും കൂടി വോളിബോൾ പഠിക്കാനായിരുന്നു. മൈതാനത്തിന് പുറത്തു നിന്ന് കളി കണ്ടുംകൊണ്ട് അദ്ദേഹം ഏകലവ്യനായി കളി പഠിച്ചതും തന്റെ സ്കൂൾ വിദ്യാർത്ഥികളെ വർഷങ്ങളോളം കായികമേളകൾക്ക് പരിശീലിപ്പിച്ച് ജയ വിജയ സോപാനത്തിലേറ്റിയതും കഥയല്ല, ചരിത്രം. പണ്ട് തോറ്റ അതേ ഗ്രൗണ്ടിൽ ജയിച്ച് കാണികളെക്കൊണ്ട് തന്റെ ടീമിനെ വാനോളം പൊക്കി ജയ് വിളിപ്പിച്ചതും ഇക്കഥയുടെ കാവ്യനീതി.

ഇതു ചീക്കിലോട് പുല്ലങ്കോട് വിഷ്ണു മാസ്റ്റർ. നന്മണ്ട സ്കൂളിൽ നിന്നും റിട്ടയർ ചെയ്തു. വാദ്ധ്യാരായ വിഷ്ണു മാസ്റ്റർ സ്വസ്തിയോട് സംസാരിക്കുന്നു.

? ആചാരങ്ങൾ അണുവിട മാറ്റാതെ ക്രിയകൾ കഴിപ്പിക്കുന്നയാളെന്ന് അങ്ങയെ വിശേഷിപ്പിക്കാമോ?

● കർമ്മങ്ങളും അവയുടെ ആചാരണവുമാണ് പ്രധാനം. മഹാനഗരത്തിലെ ആകാശ ചുംബിയായ ഫ്ളാറ്റിൽ താമസിക്കുന്ന കുടുംബത്തോട്, കുളത്തിൽ കുളിച്ചേ ഉപനയനം നടത്തൂ എന്നു വാദ്ധ്യാർ വാശി പിടിക്കുന്നതു ശരിയല്ല. എന്നാലോ കുളിമുറിയിൽ കുളിച്ച് കർമ്മങ്ങൾ നടത്താം എന്നു പുല്ലങ്കോട് വാധ്യാർ പറഞ്ഞു എന്നു വ്യാഖ്യാനിക്കരുത്. പ്രായോഗികവും അതിന്റെ പ്രയോഗസാധുത്വവുമാണ് കാര്യം.

? ഉപനയനവും സമാവർത്തനവും ചുരുക്കി ഒരു ദിവസം കൊണ്ടോ, നാലു ദിവസം കൊണ്ടോ നടത്തുകയാണെങ്കിൽ താങ്കൾ നടത്തിക്കൊടുക്കുമോ?

● തീർച്ചയായും ഉപനയനം നടത്താനുള്ള പിതാവിന്റെ തീരുമാനത്തിനാണ് പ്രാധാന്യം.

? അപ്പോൾ ഷോഡശ കർമ്മങ്ങളിൽ വെള്ളം ചേർക്കുകയല്ലേ?

● ആയിരിക്കാം. തീരുമാനമെടുത്തത് ഞാനല്ലാത്തതുകൊണ്ടു തന്നെ ഷോഡശ കർമ്മങ്ങളിൽ വെള്ളം ചേർക്കുന്നതിന് കാരണം ഞാനല്ല ഇതിനുത്തരം പറയേണ്ടത് എന്റെ ഉത്തരവാദിത്വവുമല്ല.

? ഒരു ദിവസം-നാലു ദിവസം-ചുരുക്കിക്കഴിക്കുക എന്നു വരുകിൽ ഏതാണ് തമ്മിൽ ഭേദം?

● സംശല്യ- നാലു ദിവസം. കാരണം ഉപനയന ഹോമാഗ്നിയിലാണ്. സാവിത്രം വ്രതം. ദണ്ഡ് ചാരൽ/അഴിയൽ എന്നൊക്കെ കേട്ടിട്ടില്ലേ? അഗ്നി സൂക്ഷിക്കാൻ പ്രയാസമില്ലെങ്കിൽ ഈ നാലു ദിവസങ്ങളിലും ഉണ്ണിക്ക് ചമതയിടാൻ പറഞ്ഞു കൊടുക്കേണ്ടതും ചെയ്യിപ്പിക്കേണ്ടതും ആചാര്യനാണ്. ഉപനയനം കണ്ണുതുറപ്പിക്കലും വേണ്ട കാഴ്ചകളിലേക്കും കർമ്മങ്ങളിലേക്കും നയിക്കുകയുമാണല്ലോ.

? അപ്പോൾ ഒരു ദിവസം കൊണ്ടു കഴിക്കുന്നതും കഴിപ്പിക്കുന്നതുമോ?

● പരിഹരിക്കാൻ പറ്റാത്ത അസൗകര്യങ്ങൾ ഉണ്ടായാൽ അങ്ങനെയാവാം. നടേ പറഞ്ഞ പ്രയോഗ സാധുത്വം ഉണ്ടാവണം.

? വിധിയാംവണ്ണം വ്രതങ്ങളൊക്കെ കൊണ്ട് വേദാധ്യയനം നടത്തി മൂന്നു വർഷത്തെ ബ്രഹ്മചര്യവും ചമതയിടലും ഇക്കാലത്ത് അതൊക്കെ പറ്റുമോ?

● എന്താ സംശയം? പറ്റും. ഇച്ഛാശക്തി മാത്രമേ വേണ്ടൂ. അങ്ങിനെ ചെയ്യുന്നവർ ഇഷ്ടം പോലുണ്ടു താനും.

? ഒരു സാങ്കേതിക പ്രശ്നം ചോദിക്കട്ടെ. പൂണൂൽ പൊട്ടിച്ചെറിഞ്ഞ അച്ഛൻ, ആചാരങ്ങൾ പാലിക്കാതെ വേളി കഴിച്ചു. തനിക്കുണ്ടായ ഉണ്ണിയെ ഉപനയനത്തിന് തുനിഞ്ഞാൽ വാധ്യാരാകുമോ?

● അറിഞ്ഞാൽ പറ്റില്ലെന്നു പറയും. താനുണ്ണുന്നതേ താൻ വിളമ്പാവൂ. മറ്റൊ

രു നമ്പൂതിരി ഓനിക്കുന്നതു തന്നെ ഉത്തമം.

? പൂണുലില്ലാത്ത അച്ഛൻ തലേ ദിവസം പൂണുലിട്ടാൽപോരേ?

● പോരാ. അതാചാരത്തിനു വേണ്ടി ആ ചരിക്കലാകും. ഇനി ഇങ്ങനെ വേണ മെന്ന് ആചാര്യന്മാർ വിധിച്ചാൽ അത് നടത്തിക്കൊടുക്കുകയും ചെയ്യും. വൈ ദികന്മാരാണ് വിധികർത്താക്കൾ.

? ഇങ്ങിനെ പോയാൽ ഷോഡശകർമ്മങ്ങ ളും ഹോതാരം, ഉപനിഷദം, ഗോദാനം, ശുക്രിയം ഇത്യാദി വ്രതങ്ങളും ഒക്കെ ലോപിക്കില്ലേ?

A ഉവ്വ്. പക്ഷേ പാഠ്യപദ്ധതി പരിഷ്കരണ ത്തിന് വാധ്യാർ ഉത്തരവാദിയല്ല

? പരദേശ സമ്പ്രദായത്തിൽ ബ്രാഹ്മണർ ക്ക് വേളിക്ക് തലേന്നാണ് സമാവർത്ത നം. അതാണോ ശരി? അത് ഇവിടെയും നടപ്പാക്കിയാലോ?

A സമ്പ്രദായങ്ങൾ തലമുറകളായി രൂപപ്പെ ട്ടു വന്ന രീതികളാണ്. മുങ്ങിക്കുളിക്ക് മലയാള സമ്പ്രദായത്തിലേ വ്യവസ്ഥ യുള്ളൂ. ജ്ഞാന സമ്പാദനത്തിനും ബ്രഹ്മചര്യദീക്ഷയ്ക്കുമായി രൂപം കൊ ടുത്തവയാണ് ചിട്ടകൾ. ഇന്നതു മാത്രം ശരി എന്നു പറയാൻ പറ്റില്ല. പുതിയ കാലഘട്ടത്തിൽ വേഗത്തിൽ എവിടേ യും എത്താം, താമസിക്കാം. രീതികൾ കൂടിക്കലരാനുള്ള സാധ്യതകൾ ഏറെ യാണ്. നിയമാനുസൃതമായത് തന്നെ ഉത്തമം എന്നേ ഇവിടെ പറയാൻ പറ്റൂ.

? അന്യജാതിയിൽ നിന്നും കുട്ടിയെ നമ്പൂ തിരി വിവാഹം കഴിക്കാൻ തീരുമാനി ച്ചാൽ അതു വേളിയായി നടത്തിക്കൊ ടുക്കുമോ?

● തീർച്ചയായും നടത്തിക്കൊടുക്കും. വേ ളികഴിക്കാൻ നിശ്ചയിച്ച ഉണ്ണിയുടെ പി താവാണ് അതു നിശ്ചയിക്കേണ്ടതെന്നു മാത്രം.

? മറ്റൊരു മതമാണെങ്കിൽ

● ഉത്തരത്തിനു മാറ്റമില്ല

? കുട്ടിയെ വേളിച്ചടങ്ങുകൾക്ക് മുമ്പ് നമ്പൂ തിരിയാക്കുമോ?

● നമ്മുടെ സമ്പദായപ്രകാരം വേളികഴി പ്പിച്ച് കൊണ്ടുവരികയാണ് എന്ന് തീരു മാനിച്ചാൽ കുട്ടി പിന്നെ നമ്മുടേതായി. അതിനുവേണ്ടി ആദ്യം കന്യകയെ നമ്പൂ തിരി ആക്കണമെന്നു പറയുന്നതിൽ ഒരു ന്യായവുമില്ല. വേളി കഴിയുന്നതോടെ ആ സംക്രമണം സംഭവിക്കും. അതാണ് വിധി. ഏതു സമ്പദായത്തിലെ കന്യ കയ്ക്കും കൊണ്ടുവരുന്ന സ്ഥലത്തെ രീതികളാണ്/നിയമങ്ങളാണ് ബാധകമാ വുക. ഇത് എത്രയോ കാലമായി തുട രുന്നതാണ്.

? സമൂഹം അംഗീകരിച്ചില്ലെങ്കിലോ?



**അബ്രാഹ്മണ്ശാന്തി പുതിയ വിഷയമേ അല്ല. കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള മന്ദങ്കാവ് ഭഗവതി ക്ഷേത്രം പോലുള്ള എത്രയോ സ്ഥലങ്ങളിൽ നമുക്കു ചുറ്റുമുള്ള ഒട്ടനവധി കാവുകളിലും ക്ഷേത്രങ്ങളിലും അങ്ങിനെയുണ്ടല്ലോ?**

● അംഗീകരിച്ചാൽ ആ നമ്പൂതിരിക്ക്/പിതാ വിന് കഴിയണം. ''എങ്കിൽ സംശായിട്ട്'' ഒന്നും ചെയ്യരുത്. ആലോചിച്ചുറപ്പിച്ച് തീരുമാനമെടുക്കാനും അതിനു നിയമ ങ്ങളുടെ പിൻബലം എടുത്തു കാണി ക്കാനും കഴിയണം.

? വിജാതീയ വിവാഹങ്ങളെ പ്രോത്സാഹി പ്പിക്കുകയാണോ?

● അങ്ങിനെ ഞാൻ പറഞ്ഞിട്ടില്ല. അങ്ങി നെയോ തിരിച്ചോ പറയാൻ എനിക്കു അധികാരവുമില്ല.

? പിതൃകർമ്മങ്ങൾ എങ്ങിനെ വേണം? സപിണ്ഡി? ശ്രദ്ധം? ദീക്ഷക്കാലം?

● ഇതിനൊക്കെ നിശ്ചയിക്കപ്പെട്ട വിധികൾ ഉണ്ട്. സപിണ്ഡി ഊട്ടാൻ ഒരാളെയോ നാലാളെയോ ക്രിയക്ക് ഏല്പിച്ച് കാലം കൂടുകയുമാവാം. എന്നു വെച്ച് പതിനൊ ന്നാം ദിവസത്തെ പിതൃകർമ്മങ്ങളും വർഷത്തിലെ ശ്രാദ്ധവും വേണ്ടെന്നു വെച്ചുകൂടാ.

? ശുദ്ധാ ശുദ്ധങ്ങളെപ്പറ്റി?

● കുളിച്ച് ശരീര ശുദ്ധി പൂർണ്ണമായും വരുത്തി ഒറ്റ വസ്ത്രമുടുത്തേ നമ്പൂതി രി ക്രിയകൾ ചെയ്യാവൂ. മുങ്ങിക്കുളിക്ക ണം എന്നു കരുതി ചളി കെട്ടിയ കുള ത്തിൽ ഉരുണ്ടാൽ അതു ശുദ്ധിയാകില്ല. കുളിമുറിയിൽ കുളിച്ചെന്നു വെച്ച് അത് അശുദ്ധിയുമാവില്ല. ഉത്തമം ജലാശയങ്ങ ളിലെ സ്നാനവും ശുദ്ധം ദീക്ഷിക്കലും തന്നെ. പുതിയ രീതിയിൽ കണ്ടാമിനേ ഷൻ തടയുക എന്നൊക്കെ പറയില്ലേ? അശുദ്ധികളോടും മാലിന്യങ്ങളോടും അയിത്തം പാലിക്കണം.

? പിതൃകർമ്മങ്ങൾ പുത്രൻ തന്നെ നിർവ്വ ഹിക്കണോ? പുത്രിയെ ഉള്ളൂവെങ്കിൽ?

● വേണം. അങ്ങിനെ ആണെങ്കിൽ അടു ത്തുള്ള നമ്പൂതിരിമാർക്കെങ്കിലും അതു നിർവ്വഹിക്കാമല്ലോ. അല്ലാതെ ചെയ്തു പോയാൽ പുനഃസംസ്കാരം കഴിച്ച് ശേ ഷക്രിയ ചെയ്യാനും വിധി ഉണ്ടല്ലോ.

? അബ്രാഹ്മണശാന്തി എന്ന പുതിയ വി ഷയത്തെപ്പറ്റി?

● ഇതു പുതിയ വിഷയമേ അല്ല. കൊച്ചിൻ ദേവസ്വം ബോർഡിനു കീഴിലുള്ള മന്ദ ങ്കാവ് ഭഗവതി ക്ഷേത്രം പോലുള്ള എത്ര യോ സ്ഥലങ്ങളിൽ, നമുക്കു ചുറ്റുമുള്ള ഒട്ടനവധി കാവുകളിലും ക്ഷേത്രങ്ങളി ലും അങ്ങിനെയുണ്ടല്ലോ? വാർഷികമാ യി കഴിക്കുന്ന സർപ്പബലി പോലുള്ള കാര്യങ്ങൾ അവിടങ്ങളിൽ നമ്പൂതിരി തന്നെ കഴിക്കുന്നതും എത്രയോ ഉണ്ട്.

? എന്നാലും എന്തോ ഒരിത്? അബ്രാ ഹ്മണപൂജാരിമാരെ മനസ്സുകൊണ്ട് ഉൾ ക്കൊള്ളാൻ നമ്മുടെ സമുദായം/വിശ്വാ സികൾ തയ്യാറാവുമോ?

● ഇവിടെയും ചോദ്യം പ്രസക്തമല്ല. നാ മെല്ലാരും ഭാരതത്തിലെ ഭരണഘടനയ നുസരിക്കേണ്ടവരാണ്. അവിടെ വിവേ ചനം സാധ്യമല്ല. പാരമ്പര്യമായി ചില ശീലങ്ങൾ കാത്തുസൂക്ഷിക്കുന്നവർക്ക്/ മന്ത്രദീക്ഷ ഉള്ളവർക്ക് നിശ്ചയമായും മുൻഗണന സമൂഹം നൽകും. അതങ്ങി നെയാണ്. സ്വകർമ്മങ്ങൾ ഉപേക്ഷിച്ച ത് നമ്പൂതിരിക്ക് വിനയാകുന്നു. ജന്മം കൊണ്ടും കർമ്മം കൊണ്ടും അതിന്റെ അനുശീലനം കൊണ്ടും നമ്പൂതിരി 'ദ്വി ജ' നായി തുടരണം. ഹിന്ദുവിനെ മനു ഷ്യനെ നയിക്കാൻ ജ്ഞാന തപസ്വി കളായ നമ്പൂതിരിമാർക്ക് കഴിയണം. അവർക്കിടയിൽ ശത്രുക്കളായിക്കൂടാ.

തയ്യാറാക്കിയത്:

**വിനോദ് മങ്ങത്തായ**

# ആചാര ഐക്യം അനിവാര്യം



*മേല്പള്ളി നാരായണൻ അടിതിരിപ്പാട്*

**ഇന്ന് കാലം മാറുകയാണ്. കാലത്തിനനുസരിച്ച് കോലം കെട്ടണം എന്ന് ഏതോ ഒരു വീണ്ടുവിചാരമില്ലാത്ത വ്യക്തി പറഞ്ഞ അഭിപ്രായം വേദവാക്യമായി സ്വീകരിച്ച ബ്രാഹ്മണർ ഇന്ന് എല്ലാം അടിമുടി മാറ്റിക്കൊണ്ടിരിക്കുകയാണ്.**

ലോകത്തിലെ തന്നെ ഏറ്റവും പ്രാചീനവും അതുപോലെ നിത്യനൂതനവും ആയ ഒരു വിശിഷ്ട സംസ്കാരം കാത്തു സൂക്ഷിക്കുന്ന രാഷ്ട്രമാണ് ഭാരതം എന്ന് നമുക്കെല്ലാവർക്കും നിസ്സംശയം അറിയാവുന്ന കാര്യമാണ്. ഭാരത സംസ്കാരത്തെ ആറ്റിക്കുറുക്കി അതിന്റെ സത്ത് മാത്രം ഉൾക്കൊണ്ടുകൊണ്ട് നിർമ്മിക്കപ്പെട്ട വളരെ വിശേഷപ്പെട്ട സംസ്കാരമായിരുന്നു ഒരു കാലത്ത് കേരളീയ സംസ്കാരം. പ്രാചീന കാലഘട്ടത്തിലും ഈ ആധുനിക യുഗത്തിലും ഈയൊരു സംസ്കാരത്തെ അവശ്യം ആവശ്യമായ രീതിയിൽ പരിപാലിച്ചു പോരുന്നവരാണ് കേരളീയ ബ്രഹ്മണർ.

തികച്ചും സാത്വികവും ഈശ്വരീയവുമായ മാർഗ്ഗത്തിൽ സഞ്ചരിക്കുവാനും അധ്യയനം അധ്യാപനം എന്നിവ ഒരു തരി പോലും മൂല്യം ചോർന്നു പോകാതെ അനുഷ്ഠിക്കുവാനും സംസ്കാരം കാത്തു സൂക്ഷിക്കുവാനും വേണ്ടി നാം കർശനമായ രീതിയിൽ ആചാരാനുഷ്ഠാനങ്ങൾ പാലിച്ചിരുന്നു. സുപ്രജ ജനിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സീമന്ത പുംസവനാദി ക്രിയകൾ, കർശനമായി പഠനാരംഭം കുറിക്കുവാനായിക്കൊണ്ട് ഉപനയനാദി ക്രിയകൾ തുടങ്ങിയ ഷോഡശ സംസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിച്ചവർ ഒരു കാലത്ത് ഉലയിലൂതിപ്പഴുപ്പിച്ച് മൂർച്ച കൂട്ടിയ ആയുധം കണക്കെ പരിപക്വത നേടി സമൂഹസേവനം ചെയ്തിരുന്നു.

പക്ഷേ ഇന്ന് കാലം മാറുകയാണ്. കാലത്തിനനുസരിച്ച് കോലം കെട്ടണം എന്ന് ഏതോ ഒരു വീണ്ടുവിചാരമില്ലാത്ത വ്യക്തി പറഞ്ഞ അഭിപ്രായം വേദവാക്യമായി സ്വീകരിച്ച ബ്രാഹ്മണർ ഇന്ന് എല്ലാം അടിമുടി മാറ്റിക്കൊണ്ടിരിക്കുകയാണ്. പണ്ടു കാലത്ത് ആചരിച്ചിരുന്നതുപോലെ ഷോഡശക്രിയകൾ ആചരിക്കാൻ പ്രയാസമുണ്ടെങ്കിലും അതിനെ അതിഭീകരമായ രീതിയിൽ ചുരുക്കിയിട്ടാണ് നമ്മൾ പലതും കൊണ്ടു നടക്കുന്നത്. ഉദാഹരണമായി ദശാബ്ദങ്ങൾക്ക് 12 വർഷം ഉപനയനം ചെയ്ത് അധ്യയനം ചെയ്ത രീതിയെ ന്യായമായ രീതിയിൽ വൈദിക സമൂഹത്തിന്റെ അംഗീകാരത്തോടെ 3 വർഷമാക്കി മാറ്റി. പിന്നീട് ഒരു വർഷമാക്കി മാറ്റി. പക്ഷേ അതു പിന്നീട് 4 ദിവസവും ഒരു ദിവസവും ഒരു മണിക്കൂറും ആക്കി മാറ്റുവാൻ വൈദിക സമൂഹത്തിന്റെ പിന്തുണ ആവശ്യമായി വന്നില്ല എന്നതാണ് രസകരമായ വസ്തുത. ഇങ്ങനെ എല്ലാതരം ക്രിയകളിലും ആചാരങ്ങളിലും ഈ മൂല്യശോഷണം നാം കാണുന്നില്ലേ- ചിന്തിക്കുക. ഈ മൂല്യശോഷണം കാരണം നാം അന്യ സമുദായങ്ങളിൽ നിന്നും കഴിക്കുന്ന വിവാഹം പോലും 'വേളി' ആക്കി നടത്തികൊടുക്കുകയാണ്.

മൂല്യശോഷണം എന്തുകൊണ്ട് സംഭവിക്കുന്നു എന്നത് നാം വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. ബ്രാഹ്മണൻ പാലിക്കേണ്ട ആചാരങ്ങളോ അനുഷ്ഠാനങ്ങളോ വേണ്ടവിധം ചെയ്യുന്നില്ല എന്നതാണ് ഇതിന്റെ പ്രധാനകാരണം. ഒരു വേളിയുടെ ക്രിയക്കു പങ്കെടുത്തപ്പോൾ വരന് കിണ്ടി പ്രോക്ഷിക്കുവാനും ഗണപതി നിവേദ്യം കഴിക്കുവാനും വരെ വാദ്ധ്യാർ പറഞ്ഞു കൊടുക്കുന്നതു കണ്ടപ്പോൾ സങ്കടം തോന്നി. ചുരുങ്ങിയത് ഒരു വർഷമെങ്കിലും ഉപനയനം ചെയ്ത് ഇരുന്ന് ആ സമയത്ത് വേണം ഹോമാചാരവും സമ്പ്രദായങ്ങളും പഠിക്കുവാൻ അതിനുപകരം ഒരു മണിക്കൂർ മാത്രം ഒപിനിച്ചവന്റെ ഗതികേട് നമുക്ക് ആലോചിച്ചാൽ മനസ്സിലാവും.

എല്ലാ സമുദായങ്ങളിലുമെന്നപോലെ ബ്രാഹ്മണ സമുദായത്തിലെ എല്ലാ തരത്തിലുള്ള വിഷയങ്ങൾക്കും അന്തിമ മറുപടിയാണ് വൈദികൻ. കേരളത്തിലെ ഏതെങ്കിലും സ്ഥലത്തുള്ള വൈദികൻ ആചാര നിഷിദ്ധമായ രീതിയിൽ ഒരു പ്രവൃത്തി ഉപദേശിക്കുമ്പോൾ അതു മറ്റു എല്ലാ വൈദികൻമാർക്കും ചീത്തപ്പേരുണ്ടാക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ ആചാരാനുഷ്ഠാനങ്ങൾ ആവശ്യം തന്നെ. സാമൂഹിക പരിസ്ഥിതിയനുസരിച്ച് ചെറിയ ഏറ്റക്കുറച്ചിലുകൾ വരുന്നത് കാലാനുസൃതമാറ്റമാണെന്നും കരുതാം. പക്ഷേ വലിയ വലിയ മാറ്റങ്ങൾ വരുത്തുന്നത് നമ്മുടെ സമുദായത്തിന് അപച്യുതി വരുത്തുന്നു. കൃത്യമായ ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന മറ്റു സമുദായങ്ങൾക്കിടയിൽ നമ്മൾ പരിഹാസ്യരാവുന്നു.

പ്രശസ്തരും പാണ്ഡിത്യനിപുണന്മാരുമായ 6 വൈദികരും ഉപവൈദികന്മാരും അടങ്ങിയതാണ് കേരളത്തിലെ വൈദിക സമൂഹം. ഈ വൈദിക സഭ ഒന്നിച്ചു കൂടി ഈ സഭയിൽ നിന്നും സയുക്തികമായി എടുക്കുന്ന തീരുമാനങ്ങൾ സമുദാ

യത്തിന് ഉന്നതിയേകും എന്നത് തീർച്ചയാണ്. ഇപ്പോൾ നടക്കുന്ന ചെരുപ്പിനനുസരിച്ച് കാൽ മുറിക്കുന്ന സമ്പ്രദായം ഒഴിവാക്കി ബ്രാഹ്മണ സമുദായത്തിനു യാതൊരു വിധത്തിലുള്ള പേരുദോഷവും ഉണ്ടാക്കാത്ത രീതിയിൽ വിവാഹം മുതലായവ നടത്തുവാനുള്ള ഒരു സയുക്തിക തീരുമാനം ഈ വൈദിക സഭയുടെ ഭാഗത്തു നിന്നും ഉണ്ടാവണം. അല്ലാതെ സ്വയം തീരുമാനിക്കുന്ന എത്രകാലം ക്രിയകളും അനുഷ്ഠാനങ്ങളും എങ്ങനെ നടത്തിയാലും അവക്ക് ആധികാരികത ഉണ്ട് എന്ന് പറയാൻ പ്രയാസമാണ്.

സത്വബോധം കൈവിടാതെ സമൂഹ നന്മ ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ട് സ്വന്തം ആചാരാനുഷ്ഠാനങ്ങൾ അനുവർത്തിക്കുന്ന ബ്രാഹ്മണനെയാണ് പൊതുസമൂഹം ആഗ്രഹിക്കുന്നത്. അതിനനുസരിച്ച് ഉയരുവാനും സ്വയംപര്യപ്തരാകുവാനും വേണ്ട ഇച്ഛാശക്തി നമ്മെ മുന്നോട്ടു നയിക്കട്ടെ.

---



# ഒരു സെക്കന്റ് കൊണ്ട് നൂറു കിലോമീറ്റർ!

**നമ്മുടെ പെൺകുട്ടികളുടെ കാര്യത്തിലും വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്.. അവർക്ക് വേണ്ടതൊന്നും പറഞ്ഞു കൊടുക്കാതെയാണ് രക്ഷിതാക്കൾ അവരെ വളർത്തുന്നത്.**

“അനുഷ്ഠാനങ്ങളുടെ അർത്ഥവ്യാപ്തി മനസ്സിലാക്കാതെ അനുഷ്ഠിക്കുന്നതിനെ പ്രയോഗികത എന്ന ഓമനപ്പേരിട്ട് വിളിക്കാമെങ്കിൽ ആ പ്രായോഗികതക്ക് എന്ത് അർത്ഥമാണുള്ളത്. അനുഷ്ഠാനങ്ങൾ ഉണ്ടാക്കിയ കാലത്ത് മന:ശുദ്ധിയും ദ്രവ്യശുദ്ധിയും ഉണ്ടായിരുന്നു... ഇന്ന് അതില്ല...'' പറയുന്നത് കക്കാട് ദേവൻ നമ്പൂതിരി.. വൈദിക സ്ഥാനവും ഒപ്പം നിരവധി ക്ഷേത്രങ്ങളിൽ താന്ത്രികസ്ഥാനവുമുള്ള അവിടനല്ലൂർ കക്കാട്ടില്ലത്തെ അംഗമാണ് ദേവൻ നമ്പൂതിരി...

''ഞാൻ വൈദിക ക്രിയകൾ കഴിപ്പിക്കാൻ ധാരാളമായി പോകാറില്ല. എങ്കിലും പഠിച്ചിട്ടുണ്ട്. അത്യാവശ്യമാണ് എന്നു പറയുന്ന ദിക്കിൽ ചെയ്തു കൊടുക്കും... അത്രേ ള്ളൂ.'' ചടങ്ങു കഴിപ്പിച്ചു കൊടുത്തുള്ള അനുഭവങ്ങൾ കുറവെങ്കിലും ഇന്നത്തെ നടത്തിപ്പുകളുടെ രീതി കാണുമ്പോൾ അദേഹത്തിന് വേവലാതികൾ ഏറെ...

ഗർഭാധാനം മുതൽ അഗ്ന്യാധാനം വരെയുള്ള വേദത്തിലൂന്നിയ കേരള ബ്രാഹ്മണ സംസ്ക്കാരം പാലിക്കുന്നതിൽ നമ്പൂതിരി പരാജയപ്പെടുന്നു.. നമ്പൂരിത്തം പ്രാപ്തമാക്കണമെങ്കിൽ ഗർഭാധാനത്തിൽ തുടങ്ങി പുംസവനം, സീമന്തം, ജാതകർമ്മം, ഉപനയനം തുടങ്ങിയ എല്ലാ ക്രിയകളും വേണ്ട പോലെ നടത്തണം.. അല്ലാതെ മറ്റുള്ളവരെ ബോധിപ്പിക്കാൻ വേണ്ടി മാത്രമാവരുത്.

ഒരു സെക്കന്റ് കൊണ്ട് നൂറു കിലോമീറ്റർ എങ്ങനെ സഞ്ചരിക്കാം എന്നാണ് ഇന്നുള്ളവരുടെ ചിന്ത... നമ്മുടെ ആചാരങ്ങൾ അനുഷ്ഠിക്കണമെന്ന് പറയുമ്പോൾ ആർക്കും സമയമില്ല. കുട്ടികൾക്ക് സ്കൂൾ ,ട്യൂഷൻ തിരക്കുകൾ, വലിയവർക്ക് ഇല്ലാത്ത തിരക്കുകൾ ഇല്ല... ഇവരോട് ദേവൻ നമ്പൂതിരി ചോദിക്കുന്നു ''ദിവസവും മൊബൈലിൽ കളിക്കുന്ന സമയത്തിന്റെ നാലിലൊന്നെങ്കിലും ഉപയോഗിച്ചുകൂടെ നമ്മുടെ ആചാരാനുഷ്ഠാനങ്ങൾ പഠിക്കാൻ?''

അച്ഛന്റെ അടുത്തു നിന്ന് ഗായത്രി ഉപദേശം വാങ്ങി ഗുരുവിന്റെ അടുത്തു നിന്ന് വിദ്യ സായത്തമാക്കാൻ ഒരുങ്ങുന്ന ചടങ്ങാണ് ഉപനയനം... വ്രതം കൊള്ളലും അഴിയലും വേദാധ്യയനവും എല്ലാം പൂർത്തിയാക്കി സംപൂരിതമായ ഒരു തിരിച്ചുവരവാണ് സമാവർത്തനം... അത് ഒരു ദിവസം കൊണ്ടോ നാലു ദിവസം കൊണ്ടോ ഒരിക്കലും സാധ്യമല്ല.. നെഞ്ചിനു കുറുകെ മൂന്നെഴ നൂൽ ഇട്ടതുകൊണ്ട് ഒന്നുമാകുന്നില്ല... എന്തെങ്കിലുമൊക്കെ കാട്ടി കൂട്ടുന്നു എന്നേയുള്ളൂ.. അതിൽ ഒരർത്ഥവുമില്ല...

ഇന്നത്തെ വേളി ചടങ്ങുകൾ തികച്ചും അബദ്ധമായിട്ടുണ്ട്... ക്രിയകൾ എങ്ങനെയെങ്കിലും വേഗം തീർത്ത് മറ്റു ആഘോഷങ്ങൾക്ക് ആണ് പ്രാധാന്യം... ക്രിയകൾക്ക് ശേഷം ഒരു മാലയിടലും കെട്ടലും, കൂക്കിവിളി, വിസിലടി, റോഡിലൂടെ ലോറിയിലും മറ്റും കയറ്റി വരവേൽപ്പ്, ഫ്ളക്സ് പതിക്കൽ, എന്നിങ്ങനെ ആഘോഷങ്ങളുടെ നീണ്ട നിര. എന്താണിതിന്റെയൊക്കെ അർത്ഥം?സംസ്ക്കാരത്തിന്റെ ശോഷണം... സ്വന്തം കാശ്, സ്വന്തം താൽപര്യങ്ങൾ, ആരെയും ഭയക്കേണ്ട, ആരെയും അനുസരിക്കുകയും വേണ്ട.. ആരും നിയന്ത്രിക്കാനുമില്ല.. വേളി ദിവസത്തെ അരോചകമായ കാഴ്ചകളെ ഇങ്ങനെ കാണുന്നു ദേവൻ നമ്പൂതിരി..

ദത്തെടുത്ത് വേളി നടത്തുന്നതിനോട് എനിക്ക് യോജിക്കാൻ കഴിയുകയില്ല. ഗർഭാധാനം മുതൽ ചൗളം വരെയുള്ള ചടങ്ങുകൾ അനുഷ്ഠിച്ചാണ് ഒരു നമ്പൂതിരി പെൺകിടാവ് വരേണ്ടത് ... ദത്തെടുക്കുമ്പോൾ ഇതൊക്കെ എങ്ങനെ നടക്കും എന്നത് എനിക്കറിയില്ല... ഞാൻ കഴിപ്പിച്ചിട്ടുമില്ല ...അതിന്റെ ക്രിയകളെ കുറിച്ചറിയുകയുമില്ല...

നമ്മുടെ പെൺകുട്ടികളുടെ കാര്യത്തിലും വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്.. അവർക്ക് വേണ്ടതൊന്നും പറഞ്ഞു കൊടുക്കാതെയാണ് രക്ഷിതാക്കൾ അവരെ വളർത്തുന്നത്... ഫലം സഹനശക്തി കുറവ്, ക്ഷമയില്ലായ്മ തുടങ്ങിയവയെല്ലാം...

ധർമ്മോ രക്ഷതി രക്ഷിതഃ എന്നാണല്ലോ. ഇവിടങ്ങളിലൊക്കെ ആ ധർമ്മം നമ്മുടെ പിന്തുടർച്ചക്കാരെ രക്ഷിക്കുമായിരിക്കും.

ഇല്ലപ്പെരുമ



# സ്വയംഭൂ സ്വർഗ്ഗമാക്കിയ സ്വപ്നഭൂമിയിൽ...

**രവി മങ്ങത്തായ**

“... അന്ന് കോഴിക്കോട് ബ്രാഹ്മണരുടെ കേന്ദ്രമായിരുന്നു. കോഴിക്കോട് മാത്രം ഏഴായിരത്തോളം നമ്പൂതിരി കുടുംബങ്ങൾ ഉള്ളതിൽ രണ്ടായിരത്തോളവും ടിപ്പുവിന്റെ സൈന്യം നശിപ്പിച്ചു. സുൽത്താൻ കുട്ടികളെയും സ്ത്രീകളെയും പോലും വെറുതെ വിട്ടില്ല. നിർബന്ധിത മതപരിവർത്തനം മൂലം പലർക്കും ഇസ്‌ലാമിലേക്ക് മാറേണ്ടി വന്നു. എന്നാൽ നായന്മാരും പ്രഭുക്കന്മാരും ബ്രാഹ്മണരുമടങ്ങുന്ന വളരെ വലിയൊരു വിഭാഗം അഭിമാനം ഉപേക്ഷിക്കാൻ തയ്യാറല്ലാതെ തിരുവിതാംകൂറിലേക്ക് നാടുവിട്ടു” – പ്രസിദ്ധ ചരിത്രഗവേഷകരുടെ ഈ കണ്ടെത്തലുകൾ തീർത്തും വാസ്തവമെന്ന് നമ്മൾ തിരിച്ചറിയുന്നത് മൂത്തമന ചെമ്പകശ്ശേരി എന്ന പ്രൗഢിയാർന്ന തറവാട് ഈ തിക്താനുഭവങ്ങളുടെ തീച്ചൂളയിൽ ഉയിർകൊണ്ടതാണ് എന്ന നേരറിയുമ്പോഴാണ്.

1780 – 90 കളിൽ ആഴാതൃക്കോവിൽ വിഷ്ണുക്ഷേത്രത്തിനടുത്ത് നടമംഗലം ഇല്ലപ്പറമ്പിൽ, ടിപ്പുവിന്റെ കടുത്ത ആക്രമണങ്ങൾക്കൊടുവിൽ ശേഷിച്ചവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരന്തർജ്ജനവും ഉണ്ണിയും പ്രാണരക്ഷാർത്ഥം തിരുവിതാംകൂറിലേയ്ക്ക് രക്ഷപ്പെട്ടു. അഭയമരുളിയ ധർമ്മരാജാവ് ഒട്ടേറെ സഹായങ്ങൾ അവർക്ക്  നൽകി. ഇതുകൂടാതെ തിരുവിതാംകൂർ രാജാവിന്റെ ‘അന്തർജ്ജനം പെൻഷൻ’ അനുവദിച്ച് ഉത്തരവായി. ഇത് അവർക്ക് എന്നെന്നേക്കും കഴിഞ്ഞുകൂടാനുള്ള വകയുമായി. കുടുംബത്തിലേയ്ക്ക് ഈ പെൻഷൻ കിട്ടിക്കൊണ്ടേയിരുന്നു.

അന്തർജ്ജനവും ഉണ്ണിയും തിരിച്ച് നാട്ടിലെത്തിയപ്പോഴേക്കും അന്തരീക്ഷം ശാന്തമായിരുന്നു. ജന്മദേശത്തുതന്നെ സ്ഥിരതാമസമാക്കണമെന്ന അവരുടെ സ്വപ്നം മൂത്തമന ചെമ്പകശ്ശേരിയിലെ തന്നെ ബന്ധുവായ മണിയഞ്ചേരി സ്വാമിയാരുടെ സഹായത്തോടെ അവർ സഫലമാക്കി. ഇവിടെ തുടങ്ങുന്നു നേരും നന്മയും കാരുണ്യവും കൊണ്ട്





നാടിനാകെ തണലായി, ആശ്രയിക്കുന്നവർക്ക് ആലംബമായി വിളങ്ങുന്ന മൂത്തമന ചെമ്പകശ്ശേരിയുടെ ചരിത്രം.

ഹെക്ടറുകൾ പരന്നുകിടന്നിരുന്ന ചെമ്പകശ്ശേരിയുടെ കൃഷി ദേശത്തെന്നും ഉത്സവകാലമൊരുക്കി. കന്നുപൂട്ടലും വിത്തെറിയലും ഞാറുപറിക്കലും നടലും കൊയ്ത്തും മെതിയും ഇല്ലത്തിന്റേതല്ല, നാടിന്റെ ഉത്സവമായി. ഭൂപരിഷ്കരണ നിയമം വന്നപ്പോൾ പറഞ്ഞറിയിക്കാനാവാത്തത്ര നഷ്ടമാണ് ചെമ്പകശ്ശേരിക്കുണ്ടായത്. എങ്കിലും ആ ഉത്സവകാലം മായുന്നില്ല. ഇവർ ഇന്നും കൃഷിയുടെ ഹരിതാഭ കാത്തുപോരുന്നു, വടുക്കിനിയിലെ കെടാവിളക്കുപോലെ!

കോഴിക്കോട് – മെഡിക്കൽ കോളേജ് റോഡിൽ കോവൂർ വെള്ളിമാടുകുന്ന് പാതയിൽ ഏകദേശം ഒരു കിലോമീറ്റർ പിന്നിട്ടാൽ ചെമ്പകശ്ശേരി ഇല്ലമായി. നാലുകെട്ടിന്റെ പെരുമ ചോരാത്ത നൂതന സങ്കല്പങ്ങൾ ഇഴചേർത്ത് നിർമ്മിച്ച ചെമ്പകശ്ശേരി തറവാട്. തൊട്ടടുത്ത് പഴയ കളപ്പുര സ്വപ്നഭവനമാക്കിയ കാരണവർ കേശവൻ നമ്പൂതിരി... ഇവർ നാടിന്റെ സ്പന്ദനങ്ങൾക്ക് താളമാകുന്നു ഇന്നും എപ്പോഴും.

ഇവിടത്തെ ഐശ്വര്യമായ കെടാവിളക്കിന് എണ്ണയാവുന്നത് ആത്മസമർപ്പണവും നിത്യാനുഷ്ഠാനങ്ങളും സഹജീവിസ്നേഹവുമാണ്. പരമ്പരയാ ഉള്ള നിത്യനിദാനങ്ങളാണ് തറവാടിന്റെ ഈ കീർത്തിക്ക് ആധാരം. ഹൃദയം തുറന്ന് സംവേദനം ചെയ്യാനും സങ്കടങ്ങൾക്ക് ആശ്വാസമേകാനും



മനോജും അമ്മ സാവിത്രി
അന്തർജ്ജനവും



നാടിന്റെ നേട്ടങ്ങൾക്കായി പൊരുതാനും ഒരു മഹാത്മാവുണ്ടായിരുന്നു ഇവിടെ. വന്നെത്തുന്നവരുടെ ഇല്ലായ്മകളും നൊമ്പരങ്ങളും നേരിട്ടറിഞ്ഞ് അവർക്കായി ഒരായുസ്സുമുഴുവൻ കർമ്മസൂര്യനായി ജ്വലിച്ചുനിന്ന, ഇവിടം സ്വർഗ്ഗസമമാക്കിയ സ്നേഹകാരുണ്യങ്ങളുടെ സ്വയംഭൂ. മൂത്തമന ചെമ്പകശ്ശേരി (എം.സി) വാസുദേവൻ നമ്പൂതിരി. ആശ്രയിക്കുന്നവർക്ക് ഇദ്ദേഹം, മനസ്സുചുട്ടുപ്രാർത്ഥിക്കുമ്പോൾ അനുഗ്രഹവർഷം ചൊരിയുന്ന തറവാട്ടുകാവിലെ സ്വയംഭൂ ആയ അയ്യപ്പ സ്വാമിയെപ്പോലെ...!

വാസുദേവൻ നമ്പൂതിരിയുടെയും പാർവ്വതി അന്തർജ്ജനത്തിന്റെയും മകനായി ജനനം. കോഴിക്കോട് സാമൂതിരി

സ്കൂളിലും ദേവഗിരി സെന്റ് ജോസഫ്സ് കോളേജിലും പഠനം. ബി.എഡ് ഒറ്റപ്പാലത്ത്. 25-ാം വയസ്സിൽ കുന്നമംഗലം ഹൈസ്കൂളിൽ അദ്ധ്യാപകനായി. 26-ാമത്തെ വയസ്സിൽ ഒറ്റപ്പാലം വെള്ളിയാട് അരിക്കത്ത് സാവിത്രി സഹധർമ്മിണിയായി. പിന്നീട് മൂന്ന് പതിറ്റാണ്ട് ജെ.ഡി.ടി ഇസ്ലാം ഹൈസ്കൂളിൽ സാമൂഹ്യപാഠം, ഇംഗ്ലീഷ് അദ്ധ്യാപകനായി ജോലി ചെയ്തു. ഇതിലെ ഓരോ പതിറ്റാണ്ടും വാസുദേവൻ നമ്പൂതിരിയെന്ന വിജ്ഞാനദാഹിയെയും കർമ്മയോഗിയെയും കഠിനാധ്വാനിയായ കൃഷിവര്യനെയും മാതൃകാ സംഘാടകനെയും അദ്ദേഹം അനശ്വരനാക്കി.

ഇംഗ്ലീഷാണ് കൈകാര്യം ചെയ്തിരുന്നതെങ്കിലും മലയാളത്തോടായിരുന്നു എം.സി. മാഷ്ക്ക് അഭിനിവേശം. ബി.എഡ്ഡിനു പഠിക്കുമ്പോൾ കവിത ചൊല്ലലിൽ ഒന്നാം സ്ഥാനം നേടിയത് ഈ ആവേശം കൊണ്ടായിരുന്നു. വായനയുടെ ആഴങ്ങളിൽ സ്വയം നഷ്ടപ്പെടാൻ ഇഷ്ടമായിരുന്നു. ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹം സംസ്ഥാനതലത്തിൽ ശ്രദ്ധേയനായ ഒരു ചതുരംഗകളിക്കാരൻ കൂടിയാണ്. ഒരിക്കൽ സംസ്ഥാനതല ചെസ് മത്സരത്തിൽ അന്നത്തെ സംസ്ഥാന ചെസ് അസോസിയേഷൻ സെക്രട്ടറിയും ലോകമറിയുന്ന പിയാനോയിസ്റ്റുമായ ഡോ. ലാൻസ്ലറ്റ് തോമസ്സിനെപ്പോലും അദ്ദേഹം അടിയറവ് പറയിച്ചു.

കൃഷിയിലെ വൈദഗ്ദ്ധ്യം ഏറെ അംഗീകാരങ്ങൾ അദ്ദേഹത്തിനു നേടിക്കൊടുത്തു. 'ത്യാഗമെന്നതേ നേട്ടം താഴ്മതാനഭ്യുന്നതി' ഇവയായിരുന്നു ആ കർമ്മ സംസ്കാരത്തിന്റെ മുഖമുദ്ര. ഇന്ത്യൻ പൊട്ടാഷ് കമ്പനിക്ക് വേണ്ടി ഒരു പ്രത്യേക ഡമോൺസ്ട്രേഷൻ പ്ളോട്ട് NPK (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം) കളുടെ ഒരു പുതിയ കോമ്പിനേഷനിലൂടെ ജയനെല്ല് ഉത്പാദിപ്പിച്ച് റെക്കോർഡ് വിളവ് നേടി. ഇതിന് ഒരു ബൃഹത്തായ അവാർഡും അദ്ദേഹത്തെ തേടിയെത്തി. കാർഷിക സംഘടനകളുടെ അമരത്തും അദ്ദേഹം വെന്നിക്കൊടി പാറിച്ചു. പല ഇറിഗേഷൻ പ്രൊജക്ടുകളിലും ഭാരവാഹിയായി നാടിന്റെ സ്വപ്നക്കുതിപ്പിന് വേഗവും പ്രതീക്ഷയും നൽകി.

ഇതിലൊക്കെ അപ്പുറത്തായിരുന്നു സംഘാടകനായ എം.സി. കർഷക സംഘടനകളിലെ പ്രവർത്തനങ്ങൾ കൂടാതെ യോഗക്ഷേമസഭയും സ്കൂൾ യുവജനോത്സവ വേദികളും അദ്ദേഹത്തിന്റെ സംഘാടനവൈദഗ്ദ്ധ്യം നേരിട്ടറിഞ്ഞു. യോഗക്ഷേമ സഭയിൽ പല ഉയർന്ന സ്ഥാനങ്ങളും വഹിച്ചു. കോഴിക്കോട് ജില്ലാ പ്രസിഡന്റായി ദീർഘകാലം പ്രവർത്തിച്ചു. യുവജനോത്സവങ്ങളിൽ ഭക്ഷണകമ്മിറ്റി കൺവീനറായും തന്റെ അടുക്കും ചിട്ടയും സമഗ്രമായ പ്രാഗത്ഭ്യവും തെളിയിച്ച് എം.സി. മാഷ് എന്ന് എല്ലാവരും സ്നേഹാദരങ്ങളോടെ വിളിയ്ക്കുന്ന വാസുദേവൻ നമ്പൂതിരി വരും കാലത്തിനും മാതൃകയായി.


അച്ഛൻ വാസുദേവൻ നമ്പൂതിരി മരത്തിൽ തീർത്ത ഭസ്മക്കൊട്ട


തറവാട്ടു കാരണവർ കേശവൻ നമ്പൂതിരി
പത്നി പാർവ്വതി അന്തർജ്ജനം

സ്വയംഭൂ വിഗ്രഹം ഇപ്പോഴും വളരുന്നുണ്ട്. ചെമ്പകശ്ശേരി തറവാടിന്റെ പെരുമയും. ആ അനുഗ്രഹാശിസ്സുകൾ പുതുതലമുറയിലേക്കും പടരുന്നു. പഴമയിൽ കടുകിട മാറ്റമില്ല. പുതുമയ്ക്ക് ഒട്ടും കുറവുമില്ല. ദൈവാനുഗ്രഹത്താൽ എല്ലാം പൂർണ്ണശോഭം നിലനിൽക്കുന്നു എന്ന് കാരണവരും എൻജിനീയറിംഗ് മാസ്റ്ററ്റുമായ കേശവൻ നമ്പൂതിരി പറയുന്നു.

സ്വയംഭൂവും പരമകാരുണികനുമായ അയ്യപ്പനാണ് ഈ തറവാടിന്റെ ഐശ്വര്യം. പണ്ട് വയലുഴുമ്പോൾ ഓരത്തെ കാടും വെട്ടിത്തെളിച്ചിരുന്നു. മരം മുറിക്കുന്നതിനു കൊണ്ടുവന്നിരുന്ന കയർ മരത്തിലും മറ്റും കുരുങ്ങി കിടന്നിരുന്നു. പണിക്കാരിലാരോ കുരുങ്ങിയ ആ കയർ പിടിച്ചുവലിച്ചപ്പോൾ അതിൽ അയ്യപ്പ വിഗ്രഹവും കുരുങ്ങിപ്പോയി. വിഗ്രഹത്തിലൂടെ കയർ വീണ്ടും വലിഞ്ഞപ്പോൾ ആ ഭാഗത്ത് രക്തം പൊടിഞ്ഞത്രെ. അന്നത്തെ കാരണവന്മാർ ഉടൻ ജ്യോത്സനെകണ്ട് പ്രശ്നം വെപ്പിച്ചപ്പോഴാണ് അതിലെ അയ്യപ്പന്റെ സാന്നിദ്ധ്യം അറിഞ്ഞത്. കയറുകൊണ്ട് മുറിഞ്ഞതിന്റെ കല ഇപ്പോഴും ആ വിഗ്രഹത്തിലുണ്ട് എന്നത് ഒട്ടും അതിശയോക്തി



മനോജ്, പത്നി ബിന്ദു, മക്കൾ ആദിത്യ, അനഘ

യില്ലാത്ത യാഥാർത്ഥ്യമായി അവശേഷിക്കുന്നു. വളർന്നുകൊണ്ടിരിക്കുന്ന ഈ സ്വയംഭൂ വിഗ്രഹം തറവാട്ടിലെ നിത്യമായ ദൈവസാന്നിദ്ധ്യത്തിന്റെ പ്രത്യക്ഷമായ തെളിവാണ്.


അയ്യപ്പൻ കാവിൽ ദിവസവും നിവേദ്യവും, വർഷത്തിൽ കലശവും പാതിരിശ്ശേരി തന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. ഈ അനുഗ്രഹത്തിന്റെ ഊർജ്ജമാണ് പുതുതലമുറയ്ക്കും പ്രചോദനം.

നടമംഗലത്ത് തേവാരം നടത്തിയിരുന്ന അയ്യപ്പന്റെയും രക്തേശ്വരിയുടെയും ആ സ്ഥലം പുതിയ ബൈപ്പാസിന് അക്വയർ ചെയ്തപ്പോൾ ആവാഹിച്ചുകൊണ്ടുവന്ന് അയ്യപ്പൻ കാവിനരികെ പ്രതിഷ്ഠിച്ചു.

ശിവൻ, വിഷ്ണു, ഗണപതി, ഭദ്രകാളി തുടങ്ങിയ ദേവീദേവന്മാർ നാല്പതോളം സാളഗ്രാമങ്ങളിൽ നിലകൊള്ളുന്നു. നിത്യവും നിവേദ്യം, വെളുത്ത വാവിന് വാവു പൂജ, കൂടാതെ ഗുരുതി, പാലും വെള്ളരി തുടങ്ങിയവയൊക്കെ മുറപ്രകാരം ഇവിടെ നടത്തിവരുന്നു.

ഇല്ലത്തിന്റെ കിഴക്കുഭാഗത്ത്, നാഗയക്ഷി പ്രതിഷ്ഠകളുള്ള സർപ്പക്കാവുകൾ. ഇതിന്റെ പ്രതിഷ്ഠ നടത്തിയത് പാമ്പുംമേയ്ക്കാട്ട് നമ്പൂതിരിമാരാണ്. നാഗങ്ങളുടെ കാവുകൾ ഇല്ലത്തിനു വടക്കുപടിഞ്ഞാറുഭാഗത്തും തെക്കുഭാഗത്തും ഉണ്ട്. അതുകൊണ്ടുതന്നെ പ്രകൃതിയുടെ കനിവും കുളിരും ഇവിടെ വേണ്ടുവോളമുണ്ട്.

ചെമ്പകശ്ശേരിയിലെ ഭഗവതീ സാന്നിധ്യം വന്നത് ഒരു മഹാതപസ്സിന്റെ വരപ്രസാദമായിട്ടാണ്. മുമ്പത്തെ ഒരു കാരണവർ ഇല്ലത്ത്



*എം.സി. വാസുദേവൻ നമ്പൂതിരിയുടെ അച്ഛൻ വാസുദേവൻ നമ്പൂതിരിയും അമ്മ പാർവ്വതി അന്തർജ്ജനവും*



## ഓർമ്മയിലെ എം.സി.




### ഡോ. ആർസു

കോഴിക്കോട് സർവ്വകലാശാല ഹിന്ദി വിഭാഗം
മുൻ തലവൻ, പ്രശസ്ത പണ്ഡിതൻ, പ്രഭാഷകൻ


വെള്ളിമാടുകുന്നിലുള്ള ജെഡിടി ഇസ്ലാം ഹൈസ്കൂളിലായിരുന്നു എന്റെ ഹൈസ്കൂൾകാല പഠനം. എന്റെ ജീവിതത്തിലെ വലിയൊരു വഴിത്തിരിവായിരുന്നു അത്. അന്ന് അവിടെയുണ്ടായിരുന്ന പ്രഗത്ഭരായ അദ്ധ്യാപകർ അവിടുത്തെ വിദ്യാർത്ഥികളുടെ ജീവിതത്തിലെ മാർഗ്ഗദർശികളായി മാറുന്ന അനേകം മാതൃകകൾ ഞാനോർക്കുന്നുണ്ട്. ഞാൻ എട്ട് മുതൽ 10-ാം തരം വരെയാണ് ഇവിടെ പഠിച്ചിരുന്നത്. ആ ഹൈസ്കൂളിലെത്തിയത് ജീവിതത്തിലെ ഒരു വസന്തകാലമായിരുന്നുവെന്ന് ഞാൻ ഇന്ന് ഓർമ്മിച്ചെടുക്കുകയാണ്.

വാസുദേവൻ നമ്പൂതിരിയുടെ സാമൂഹ്യപാഠം ക്ലാസുകൾ, ശരിക്കും പറഞ്ഞാൽ, ചരിത്രത്തിൽ ഉണ്ടാകുന്ന തിയ്യതികൾക്ക് അപ്പുറത്തേക്ക് അതിന്റെ ചൈതന്യം വിദ്യാർത്ഥികളുടെ മനസ്സിലേക്ക് എത്തിക്കാനുള്ള ഒരു അപൂർവ്വ പാടവം അദ്ദേഹം ഉൾക്കൊണ്ടിരുന്നു. ഭാഷയിലും സാഹിത്യത്തിലുമുള്ള അദ്ദേഹത്തിന്റെ അറിവുകൾ ചരിത്രത്തിലേക്ക് പ്രസരിക്കുകയായിരുന്നു എന്നതാണ് അദ്ദേഹത്തിന്റെ ക്ലാസിന്റെ പ്രധാന സവിശേഷത. അദ്ദേഹം ഗുപ്ത കാലത്തെയും മൗര്യകാലഘട്ടത്തെയും മുകുളന്മാരുടെ കാലഘട്ടത്തെയുമൊക്കെ പഠിപ്പിക്കുമ്പോൾ ചരിത്രത്തിന്റെ ശുഷ്കതയും വിരസതയും മാറി അതിലേക്ക് സർഗ്ഗാത്മകതയുടെ ഒരു സൂര്യതേജസ്സ് കടന്നുവരുന്നതായി ഞങ്ങൾ വിദ്യാർത്ഥികൾക്ക് അനുഭവപ്പെട്ടു. അദ്ദേഹത്തിന്റെ പ്രസന്നമായ ശൈലിയും ആ നടപ്പിലുള്ള ചടുലതയും ചാരുതയും ഒക്കെ ആ അദ്ധ്യാപനത്തിന്റെ മാറ്റുകൂട്ടിയിരുന്നുവെന്ന് ഇന്ന് ഞാൻ ഓർത്തെടുക്കുകയാണ്. സദാ സുസ്മേരവദനനായിക്കൊണ്ടാണ് അദ്ദേഹം നടക്കുക. പാന്റും ഷർട്ടും ഇട്ടുവരുന്ന ധാരാളം അദ്ധ്യാപകർ ഉണ്ടായിരുന്നെങ്കിൽ പോലും തനി കേരളീയമായ രീതിയിൽ മുണ്ടും ഷർട്ടും ധരിച്ചുകൊണ്ട് കക്ഷത്തിൽ ഒരു ബാഗുമൊക്കെ പിടിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ആ വരവ് വളരെയേറെ പുതുമയും വ്യത്യസ്തതയുമുള്ളതായിരുന്നു.

സാമൂഹ്യപാഠം പഠിപ്പിച്ച ഒരദ്ധ്യാപകൻ എന്നതിനപ്പുറം സാംസ്കാരികമായ വീക്ഷണവും സാംസ്കാരികമായ ഒരുൾക്കാഴ്ച്ചയും ഒക്കെ നേടിയ ഒരധ്യാപകൻ എന്ന നിലയിൽ അദ്ദേഹം ഞങ്ങളുടെ മനസ്സുകളിൽ നിറഞ്ഞു നിന്നു. തികഞ്ഞ ഒരു ആദ്ധ്യാത്മികതയുടെ പരിവേഷം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായിരുന്നു. അദ്ധ്യാപനം ഒരു തപസ്യയാണെന്ന് മനസ്സിലാക്കുന്ന അദ്ധ്യാപകർ ഇന്ന് വളരെ കുറവാണ്. ആ നിരയിൽ വളരെ വിരളവും വിശിഷ്ടവുമായ ഒരു മാതൃകയായി അദ്ദേഹത്തെ വിലയിരുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

അദ്ദേഹത്തിന്റെ ഓർമ്മ വാസ്തവത്തിൽ എന്റെ ജീവിതത്തിലെ ഒരു പാഥേയമായിട്ട് നിൽക്കുകയാണ്. അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ പുതുക്കുവാൻ പുതിയ പരിപാടികൾ ആവശ്യമാണ്. നമുക്ക് സുകൃതം ചെയ്യാൻ സാധിക്കണമെങ്കിൽ നന്മ ചെയ്ത ആളുകളെ ഓർക്കുവാനുള്ള ഒരു സംസ്കാരം വളർത്തിയെടുക്കുവാൻ സാധിക്കണം. നിങ്ങളുടെ ഈ സംരംഭം ആ വഴിയിലേക്കുള്ള ഒരു ചുവടുവെയ്പ്പായി മാറട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.



*ഇടത് മുകളിൽ: എം.സി. മിനി, സാവിത്രി അന്തർജ്ജനം, സി.എൻ.പാർവ്വതി അന്തർജ്ജനം, എം.സി.പാർവ്വതി അന്തർജ്ജനം, പി.എം.ശ്രീദേവി അന്തർജ്ജനം, എം.സി.സാവിത്രി അന്തർജ്ജനം, സി.ഉഷാബായ് അന്തർജ്ജനം, പി.ദേവകി അന്തർജ്ജനം. രണ്ടാമത്തെ നിരയിൽ: മനോജ് എം.സി, സി.നാരായണൻ നമ്പൂതിരി, എം.സി.കേശവൻ നമ്പൂതിരി, അമ്മ പാർവ്വതി അന്തർജ്ജനം, എം.സി.വാസുദേവൻ നമ്പൂതിരി, പി.ദാമോദരൻ നമ്പൂതിരി, എം.ഗോവിന്ദൻ നമ്പൂതിരി. കുട്ടികൾ (ഇടതുനിന്ന്): പ്രവിത (D/o സാവിത്രി അന്തർജ്ജനം & ഗോവിന്ദൻ നമ്പൂതിരി), ശ്രീജ (D/o കാരണവർ കേശവൻ നമ്പൂതിരി & പാർവ്വതി അന്തർജ്ജനം), പ്രവീൺ (പ്രവിതയുടെ സഹോദരൻ), മഹേഷ് (S/o സി.എൻ.പാർവ്വതി അന്തർജ്ജനം & സി.നാരായണൻ നമ്പൂതിരി*

നിന്ന് വടക്ക് പ്രദേശത്തുള്ള മടപ്പള്ളിക്കാവിൽ കഠിനതപസ്സു ചെയ്തു. ഒടുവിൽ പ്രത്യക്ഷയായ ഭഗവതി ഇല്ലത്തേക്ക് കൂടെ പോന്നുവത്രെ. ഈ ഭഗവതിയെയാണ് ശ്രീചക്രത്തിൽ ആവാഹിച്ച് ഇവിടെ പ്രതിഷ്ഠിച്ച് ആരാധിക്കുന്നത്. ഭഗവതിക്ക് വ്രതാനുഷ്ഠാനങ്ങളോടെ നിത്യനിദാനങ്ങൾ ഇവിടെ നടന്നുവരുന്നു.



''ഉഷസ്സേ മനുഷ്യന്റെ സൗന്ദര്യ സങ്കല്പമാകെക്കുഴച്ചാരു നിർമ്മിച്ചു നിന്നെ'' എന്ന് കവി എം.എൻ.പാലൂർ എഴുതിയത് ഇവിടത്തെ പ്രഭാതം കണ്ടിട്ടായിരിക്കണം. ഇവിടത്തെ പ്രദോഷങ്ങളുടെ സപ്തസൗന്ദര്യവും മറക്കാനാവുന്ന ഒന്നല്ല. ഇവിടെ പരൻ പുമാൻ ശരിക്കും പ്രകൃതിസഹായനായിരിക്കുന്നു. ഇവിടത്തെ പ്രകൃതിക്ക് അനുരൂപ ഭാവങ്ങൾ നൽകി പൃഥ്യപ്തേജോ വായ്വാകാശങ്ങളെ ജഗദീശ്വരൻ തമ്മിൽ പിണച്ചിരിക്കുന്നു. അരയാലും പേരാലും പൗരാണിക പ്രൗഢിയുറ്റ തരുക്കളും മറ്റെങ്ങുമില്ലാത്ത ജൈവവൈവിധ്യവും കാവും കുളവും കുളിരരുവിയും ഓരത്തെ കല്പവൃക്ഷങ്ങളും... ചെമ്പകശ്ശേരി ശരിക്കും സ്വർഗ്ഗം തന്നെയാകുന്നു.

ചെമ്പകശ്ശേരി ഇല്ലം സ്നേഹകാരുണ്യങ്ങളുടെ ഈറ്റില്ലമാണ്. എന്തിനും ഇവിടെ പരിഹാരമുണ്ട്. വിശന്നുവലഞ്ഞു ചെല്ലുമ്പോൾ വയറുനിറയെ ഭക്ഷണമുണ്ട്. സങ്കടങ്ങൾ കേൾക്കാനും സ്നേഹവാത്സല്യങ്ങളോടെ ഉപദേശിക്കാനും ചെന്നെത്തുന്നവർക്കെല്ലാം വാസുദേവൻ നമ്പൂതിരിയായിരുന്നു ഒരത്താണി. 2016 ഡിസംബർ 20ന് ആ ദീപം അണഞ്ഞപ്പോൾ നഷ്ടമായത് നിരന്തരം അവരാശ്രയിച്ചുകൊണ്ടിരുന്ന ഒരു മഹാമനസ്സിന്റെ വിലപ്പെട്ട സാമീപ്യമാണ്. എന്നിട്ടും അവരിൽ പലരും ഇന്നും ചെമ്പകശ്ശേരിയിലെത്തുന്നു... അദ്ദേഹത്തിന്റെ വാക്കുകൾ ചെവിയിൽ ഇരമ്പംകൊള്ളുമ്പോൾ!

പ്രതിഫലമോ പ്രസിദ്ധിയോ ആഗ്രഹിക്കാതെ സഹായം ചെയ്യുന്നതിൽ കാരുണ്യമുണ്ട്. ആരുടെയെങ്കിലും നിർബന്ധംമൂലമാണ് സഹായിക്കുന്നതെങ്കിൽ അത് കാരുണ്യമാവണമെന്നില്ല. നിർബന്ധിച്ചയാളോടുള്ള കടപ്പാടായിരിക്കാം കാരണം. യഥാർത്ഥ കാരുണ്യം എങ്ങനെ ഒഴുകിയെത്തുമെന്ന് ഹൃദയം തൊടുംവിധം 'മർച്ചന്റ് ഓഫ് വെനീസ്'ൽ

## ഓർമ്മയിലെ എം.സി.



### സി.കൃഷ്ണൻ മൂസ്

പ്രസിഡന്റ്, ഗാന്ധി പീസ് ഫൗണ്ടേഷൻ
മുൻ സംസ്ഥാന പ്രസിഡന്റ്, യോഗക്ഷേമസഭ

എനിക്ക് ഏറെക്കാലത്തെ പരിചയവും അടുപ്പവുമുള്ള മഹദ് വ്യക്തിത്വമായിരുന്നു ശ്രീ. എം.സി.മാഷ്. ശ്രേഷ്ഠതയുടെ സൗന്ദര്യമായിരുന്നു അദ്ദേഹത്തിന്റെ ചിന്തകൾക്കും മനസ്സിനും. വ്യക്തിപരമായുള്ള അടുപ്പം ഉണ്ടായിരുന്നതിനാൽ വ്യക്തിപരമായ കാര്യങ്ങളും ഞങ്ങൾ ചർച്ച ചെയ്യാറുണ്ടായിരുന്നു.

സാമൂഹ്യപാഠം അദ്ധ്യാപകനായിരുന്നെങ്കിലും കവിതകൾ വായിക്കാനും ചൊല്ലാനും അതിന്റെ ഉള്ളറകളിലേക്ക് കടന്നു വിശദീകരിക്കാനും ഒരു പ്രത്യേക കഴിവുതന്നെ ഉണ്ടായിരുന്നു അദ്ദേഹത്തിന്. വിനോദയാത്രകളും തീർത്ഥയാത്രകളും ഒരേപോലെ ആസ്വദിച്ചിരുന്നു. കുടുംബസമേതം ഞങ്ങളൊരുമിച്ച് പല ദീർഘദൂര യാത്രകളിലും പങ്കാളികളായിട്ടുണ്ട്.

പഴമയുടെ തനിമകൾ നിലനിർത്തിക്കൊണ്ടുതന്നെ പുതിയവ സ്വീകരിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നു. ചെമ്പകശ്ശേരി തറവാട്ടിലും കാവുകളിലും നിത്യവും പൂജയും ചടങ്ങുകളുമൊക്കെ വേണ്ടപോലെ അദ്ദേഹം നടത്തി. ഒപ്പം തന്നെ നാടിനെ വികസനപാതയിലേക്ക് നയിക്കാൻ വിപ്ലവകരമായ ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. എവിടെയായാലും നല്ലത് തിരഞ്ഞെടുക്കാനും സ്വീകരിക്കാനും അദ്ദേഹത്തിനുള്ള കഴിവ് ഒന്നു വേറെത്തന്നെയായിരുന്നു.

ഒരു വ്യക്തി, ഒരധ്യാപകൻ, ഒരു സംഘാടകൻ എന്നീ നിലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമായിരുന്നു. യോഗക്ഷേമസഭാ പ്രവർത്തനങ്ങളിലൂടെ അടുത്ത ഞങ്ങൾ ഒരിക്കൽപ്പോലും അകന്നിട്ടില്ല. അദ്ദേഹത്തിന്റെ സൗഹൃദം എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ നിമിഷങ്ങളായി ഇന്നും മനസ്സിൽ സൂക്ഷിക്കുന്നു.



*സൈമൾട്ടേനിയസ് ചെസ് ടൂർണ്ണമെന്റ്*

പോർഷ്യയെക്കൊണ്ട് ഷേക്സ്പിയർ പറയിക്കുന്നു. ഞാനെന്തിന് കരുണ കാണിക്കണമെന്ന കൊള്ളപ്പലിശക്കാരനായ ഷൈലോക്കിന്റെ ചോദ്യത്തിനുള്ള മറുപടി അനശ്വരമായിത്തീരുന്നു!

"The qualtiy of mercy is not strain'd,
It droppeth as the gentle rain from heaven
Upon the place beneath, it is twice blest,
It blesseth him that gives and him that takes"

നിർബന്ധിച്ചോ ബലം പ്രയോഗിച്ചോ വരുത്തേണ്ടതല്ല കാരുണ്യം. ആകാശത്തുനിന്നു സൗമ്യമായി ഭൂമിയിലേയ്ക്ക് പെയ്തുവീഴുന്ന മഴ പോലെ സ്വാഭാവികമായി അത് ഒഴുകിയെത്തണം. കരുണകാട്ടുന്നയാളും കിട്ടുന്നയാളും ഇതുവഴി ധന്യരാവുന്നു. ഇതുതന്നെയാണ് വാസുദേവൻ നമ്പൂതിരിയുടെ മഹിമയും ചെമ്പകശ്ശേരിയുടെ പെരുമയും. ആ തെളിനീരുറവയിൽ നിന്ന് കനിവുനീർ കുടിച്ചവരൊക്കെ ഈ മഹാഭവനത്തെ നെഞ്ചേറ്റുന്നു. മാപ്പുപറയാനും സ്വീകരിക്കാനും തയ്യാറുള്ള ലോകത്ത് പരിഹരിക്കാനാവാത്ത ഒരു പ്രശ്നവും ഉണ്ടാവില്ല. വിനയവും ഹൃദയവിശാലതയും ഉണ്ടെങ്കിലേ ഇത് സാധ്യമാകൂ. ബുദ്ധിശക്തിയും കാരുണ്യവും ചേരുമ്പോൾ വിവേകമുണ്ടാവുന്നു എന്ന് പറഞ്ഞത് ഭ്രമകല്പനകളെഴുതി പ്രസിദ്ധയായ വേര നസാരിയൻ ആണ്. എന്തിനും ഏതിനും ഏവർക്കും ആശ്രയമായിരുന്നു വാസുദേവൻ നമ്പൂതിരി. അദ്ദേഹം ആ ജീവിതം വിവേകപൂർവ്വം വരുംതലമുറയ്



അയ്യപ്പൻ- സ്വയംഭൂ

## ഓർമ്മയിലെ എം.സി.




### ആലി മാസ്റ്റർ

റിട്ട. അദ്ധ്യാപകൻ ജെ.ഡി.ടി ഇസ്ലാം ഹയർ സെക്കണ്ടറി സ്കൂൾ, വെള്ളിമാടുകുന്ന്


എന്റെ ഇതുവരെയുള്ള സൗഹൃദങ്ങളിൽ ഊഷ്മളതെ കെടാതെ മനസ്സുനിറയെ കൊണ്ടുനടക്കുന്ന സൗഹൃദമാണ് വാസുദേവൻ നമ്പൂതിരിയുമായി ഉള്ളത്. അദ്ദേഹത്തിന്റെ ഓർമ്മകളിലൂടെ പലവട്ടം പ്രയാണം ചെയത് ഇന്നും ആ ബന്ധം അങ്ങനെത്തന്നെ നിലനിർത്തുകയാണ് ഞാൻ.

ഏറ്റവും അടുത്തറിയുന്നതുകൊണ്ടും ഒരു സഹപ്രവർത്തകനെന്ന നിലയിൽ അദ്ദേഹത്തിന്റെ ആയുസ്സിന്റെ മുഴുവൻ കാലവും കൂടെയുണ്ടായിരുന്ന ആളെന്ന നിലയിൽ വളരെ വ്യത്യസ്തമായിരുന്നു ആ വ്യക്തിത്വം എന്ന് തോന്നിയിട്ടുണ്ട്. നമ്പൂതിരി മാസ്റ്റർ അറിയുന്ന ആളായാലും കൂടെയുള്ളവരായാലും ആർക്കും ബഹുമാനിക്കാൻ തോന്നുന്ന വ്യക്തിയായിരുന്നു. ഇവരിലാർക്കായാലും ഒരു പ്രശ്നമുണ്ടായാൽ അതിന് തക്കതായ ഒരു പരിഹാരം - എന്തു കുരുക്കായാലും അത് വിദഗ്ദ്ധമായി അഴിച്ചെടുക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു.

മനം മയക്കുന്ന വാക്ചാതുരിയായിരുന്നു അദ്ദേഹത്തിന്. ചടങ്ങുകളിൽ നമ്പൂതിരി മാസ്റ്ററുടെ പ്രസംഗം എല്ലാവരും ആഗ്രഹിക്കുന്ന ഒന്നായിരുന്നു. ഇനി സംസാരിക്കുന്നത് നമ്പൂതിരി മാസ്റ്ററാണെന്ന് പറഞ്ഞാൽ സദസ്യരുടെ മുഖം തെളിയുമായിരുന്നു. അവർ കയ്യടിക്കുകയും ചെയ്തിരുന്നു. താരതമ്യമില്ലാത്ത നേതൃപാടവമുണ്ടായിരുന്നെങ്കിലും സ്ഥാനമാനങ്ങൾ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. എല്ലാവരോടും പുഞ്ചിരിച്ചുകൊണ്ട് സംസാരിക്കും. ഇടപെടുന്ന ആളുകളെയെല്ലാം ഊർജ്ജം കൊടുത്ത് പോസറ്റീവാക്കാനുള്ള നമ്പൂതിരി മാസ്റ്ററുടെ കഴിവ് പ്രത്യേകമാണ്. പുരാണങ്ങളിലെ ഉപകഥകൾ എല്ലാം അറിയാമായിരുന്നു. ആഴത്തിലുള്ള അറിവ് ആയിരുന്നു അദ്ദേഹത്തിന്റെ സമ്പന്നത. കഥ, കവിത വായിക്കാനും അവയുടെ മർമ്മം കണ്ടെത്താനും അസാധാരണ പ്രാഗത്ഭ്യമുണ്ടായിരുന്നു.

ജാതിമത ചിന്തയില്ലാതെ എല്ലാവരെയും ഒരുപോലെ കണ്ടു അദ്ദേഹം. ലളിതമായ ജീവിതമാണ് നയിച്ചത്. ആഡംബരത്തിനോട് അല്പംപോലും അഭിനിവേശമുണ്ടായിരുന്നില്ല. കുടുംബകാര്യങ്ങളടക്കം എല്ലാം സംസാരിക്കാറുണ്ടായിരുന്നു. ഓണത്തിനും വിശേഷ ദിവസങ്ങളിലും നമ്പൂതിരി മാസ്റ്റർ വീട്ടിലേയ്ക്ക് ക്ഷണിക്കാറുണ്ടായിരുന്നു.

ഒരാളെയും വേദനിപ്പിക്കാൻ ഇഷ്ടമായിരുന്നില്ല. രോഗത്തെക്കുറിച്ച് ഒരിക്കലും ആശങ്കപ്പെട്ടില്ല. ഡോക്ടറെ തിരഞ്ഞെടുക്കുന്നതിലും ചികിത്സ കൃത്യമായി ചെയ്യുന്നതിലും അദ്ദേഹം മാതൃകയായിരുന്നു.

എല്ലാം തുറന്നുപറയുന്നവരോടായിരുന്നു നമ്പൂതിരി മാസ്റ്റർക്ക് കൂടുതൽ ആഭിമുഖ്യം. മുമ്പ് അനുജൻ കേശവൻ നമ്പൂതിരിയുടെ മകൾ ശ്രീജയെ പെണ്ണുകാണാൻ വന്ന കൃഷ്ണൻ നമ്പൂതിരിയുടെ തലമുടി മുമ്പിൽ അല്പം നരച്ചിരുന്നു. അദ്ദേഹം അത് കറുപ്പിക്കുകയൊന്നും ചെയ്യാതെയാണ് പെണ്ണുകാണാൻ വന്നത്. "ഇതാണ് ഞാൻ, എന്നെ ഇങ്ങനെ ഇഷ്ടപ്പെടുകയാണെങ്കിൽ വിവാഹം ചെയ്താൽ മതി" എന്ന ആ പോളിസി നമ്പൂതിരി മാസ്റ്റർക്ക് വല്ലാതെ ഇഷ്ടപ്പെട്ടു എന്നും കൃഷ്ണൻ നമ്പൂതിരിയെ "അത് നന്നായി" എന്ന് അഭിനന്ദിച്ചു എന്നും എന്നോട് പറഞ്ഞിട്ടുണ്ട്.

എനിക്ക് ഏതു സംശയവും തുറന്നു ചോദിക്കാനും അതിന് പരിഹാരം നൽകാനും കഴിവുള്ള ഏറ്റവും അടുത്ത സുഹൃത്തിനെയാണ് എനിക്കിപ്പോൾ നഷ്ടം വന്നിരിക്കുന്നത്. അതുപോലൊരു സൗഹൃദം ഒരു ഭാഗ്യാനുഭവമാണ്. എനിക്കതു കിട്ടിയല്ലോ എന്ന് ചിന്തിച്ചാണ് ഞാൻ ആശ്വാസം കൊള്ളാറുള്ളത്.



ക്കുള്ള സന്ദേശമാക്കി മാറ്റിയിരിക്കുന്നു. ദൂരെ നിന്നെത്തുന്നവർക്ക് വിശ്രമസ്ഥാനം ചെമ്പകശ്ശേരിയായിരുന്നു.

മെഡിക്കൽ കോളേജ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്ന രോഗികൾക്ക് ഭക്ഷണം കൊണ്ടുപോകുന്നതും

കൂടാതെ കൂടെയുള്ള ബന്ധുക്കൾ ഭക്ഷണം കഴിച്ച് അല്പം വിശ്രമിക്കുന്നതും ഇവിടെത്തന്നെയായിരുന്നു. വ്യവഹാരത്തിനും മറ്റുമെത്തുന്ന പരദേശക്കാരായ നമ്പൂതിരിമാർ പുറമെ നിന്ന് ഭക്ഷണം കഴിക്കുന്ന ശീലമില്ലാത്തതിനാൽ ചെമ്പകശ്ശേരിയെ ആയിരുന്നു ആശ്രയിച്ചത്. ഏതു യാത്രക്കാരനും സുഭിക്ഷമായ ഭക്ഷണവും വസ്ത്രവും താമസവും നൽകി സ്വീകരിച്ച സംസ്കാരമാണ് ചെമ്പകശ്ശേരിയുടേത്. യാത്രക്കാർക്ക് മാത്രമല്ല നാൽക്കാലികൾക്കും കുടിക്കാൻ ഇവിടെ വെള്ളം സംഭരിച്ചുവച്ചിരുന്നു. ഒരു കയ്യിൽ കോരികയും മറുകയ്യിൽ ചട്ടുകവുമേന്തി നിൽക്കുന്ന അന്നപൂർണ്ണേശ്വരി പ്രതിഷ്ഠയുടെ മാഹാത്മ്യം അന്വർത്ഥമാക്കുന്നു ചെമ്പകശ്ശേരിയുടെ ഈ കാരുണ്യശീലം. ഇതിനെല്ലാം മനസ്സറിഞ്ഞ് വാസുദേവൻ നമ്പൂതിരിയുടെ കൂടെനിന്ന് ശക്തി പകർന്നത് സഹധർ

## ഓർമ്മയിലെ എം.സി.




### കെ.നാരായണൻ നമ്പൂതിരി
റിട്ട. അദ്ധ്യാപകൻ (നാഷണൽ അവാർഡ് ജേതാവ്)
തുടർ വിദ്യാഭ്യാസം, സ്റ്റേറ്റ് അക്കാദമിക് സമിതി അംഗം
കുറിഞ്ഞൻകോട്ട് മന, പൈങ്ങോട്ടുപുറം



മൂത്തമന ചമ്പകശ്ശേരി വാസുദേവൻ നമ്പൂതിരി! സഹപ്രവർത്തകർക്ക് പ്രിയങ്കരനായ വി.എൻ. അദ്ധ്യാപകരംഗത്തെ ഓർമ്മകളാണ്, അനുഭവങ്ങളാണ് ഇവിടെ എടുത്തുവെക്കുന്നത്. വായനക്കാർക്കെല്ലാം അറിയുന്നതുപോലെ അദ്ദേഹം വെറും അദ്ധ്യാപകനായി നിൽക്കുന്നില്ല. പ്രശസ്തനായ നെല്ലുല്പാദകൻ, സർക്കാരിന്റെ അപൂർവ്വം വിത്ത് വളർത്തുകാരിൽ ഒരാൾ, പേരെടുത്ത ചെസ് കളിക്കാരൻ, പഠിപ്പിക്കുന്ന വിഷയം ഇംഗ്ലീഷും സാമൂഹ്യശാസ്ത്രവുമാണെങ്കിലും അസൂയാവഹമായ ശൈലിയിൽ കവിതാലാപനം നടത്തുന്ന ആസ്വാദകൻ, നിരന്തര വായനക്കാരൻ; സ്കൂൾ ഭരണനിർവ്വഹണത്തിൽ നിലവാരം പുലർത്തുന്ന മുതിർന്ന അദ്ധ്യാപകൻ, സഹപ്രവർത്തകരുടെ ഉറ്റമിത്രം.

ഒരു സർവ്വകലാശാലയുടെ പകിട്ടോടെ ഉയർന്നുനിൽക്കുന്ന ആ ഇസ്ലാമിക സ്ഥാപനത്തിൽ ഞങ്ങൾ ജോലിക്കാരായി മൂന്ന് നമ്പൂതിരിമാർ. ചെമ്പകശ്ശേരിക്ക് പുറമെ മണിയഞ്ചേരി കേശവൻ നമ്പൂതിരിയും (അന്തരിച്ചു) കെ.നാരായണൻ നമ്പൂതിരി എന്ന ഞാനും. വി.എന്റെ സൽസ്വഭാവംകൊണ്ടും സദ്വൃത്തികൊണ്ടും സംതൃപ്തരായ മാനേജ്മെന്റ്, അദ്ദേഹത്തിന്റെ ശുപാർശാസമ്മിശ്രമായ നിർദ്ദേശംകൊണ്ടാണ് കേശവനെയും എന്നെയും നിയമിച്ചിട്ടുണ്ടാവുക. ആദ്യകാലത്ത് ദേവഗിരി സേവിയോ ഹൈസ്കൂളിൽ ജോലിക്ക് ചേർന്ന എനിക്ക്- 1965-ൽ ഞാനിവിടെ ജൂനിയർമോസ്റ്റ്- കെട്ടുറപ്പുള്ള ജോലി ജെ.ഡി.ടി.യിൽ ലഭിക്കാൻ പണമോ രാഷ്ട്രീയ പിന്തുണയോ മറ്റെന്തെങ്കിലും അനുകൂല സാഹചര്യങ്ങളോ ഇല്ലായിരുന്നു. പക്ഷേ, വാസുദേവൻ നമ്പൂതിരിയുടെ ആത്മാർത്ഥമായ പരിചയപ്പെടുത്തലും മാർഗദർശനവുമാണ് ജെ.ഡി.ടി. ഇസ്ലാം ഹൈസ്കൂളിലെ എന്റെ ഉദ്യോഗലബ്ധിയുടെ അടിത്തറ.

1967-68 മുതൽ 1990 വരെയുള്ള കേരളീയ പൊതുവിദ്യാലയാന്തരീക്ഷം ഒന്നോർത്തുനോക്കൂ. വിദ്യാർത്ഥിസമരങ്ങൾകൊണ്ട് കലുഷിതം; അദ്ധ്യാപക സമരങ്ങൾകൊണ്ടും അസ്വസ്ഥം. നഷ്ടപ്പെടുന്ന അദ്ധ്യയന ദിവസങ്ങൾ. കുറഞ്ഞുകുറഞ്ഞുവരുന്ന പൊതുപരീക്ഷാ ശതമാനം. ഈ ദുർഘട സന്ധികളിൽ പലപ്പോഴും പ്രധാനാദ്ധ്യാപകന്റെ ഇൻചാർജ് പദവി ശ്രീ. വി.എന്ന് വഹിക്കേണ്ടിവന്നിട്ടുണ്ട്. ഒട്ടും പതറാതെ, സമചിത്തതയോടെ, സഹപ്രവർത്തകരുടെ മുഴുവൻ സഹകരണം വാരിക്കൂട്ടിക്കൊണ്ട് ഭാരിച്ച ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുവാൻ അദ്ദേഹം കെല്പുള്ളവനായിരുന്നു. സുതാര്യമായ ഭരണ നിർവ്വഹണവും സുഖദായകമായ സൗഹൃദവും അദ്ദേഹത്തിന്റെ വ്യക്തിഗുണങ്ങളായിരുന്നു. വിദ്യാർത്ഥി സമരങ്ങളിലെ അസുഖകരങ്ങളായ പ്രശ്നങ്ങൾ ഞങ്ങളുടെ കൂട്ടായ്മാ ബലംകൊണ്ട് പ്രശ്നരഹിതമാക്കാൻ ഈ മാന്യസുഹൃത്തിന് കഴിഞ്ഞിട്ടുണ്ട്.

അവിടെ സ്റ്റാഫിന് ഒരു അസോസിയേഷൻ വേണം, അതുണ്ടാക്കി. അപ്പോൾ അതിനൊരു നിയമാവലി (ബൈലോ) വേണം, അതും ഉണ്ടാക്കി. പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പാക്കാനും സക്രിയനായ ഒരു സെക്രട്ടറി വേണം. അതും ഏറ്റെടുത്തു. ഏതാനും കൊല്ലം മാതൃകാപരമായി സ്റ്റാഫ് അസോസിയേഷനെ അദ്ദേഹം നയിച്ചിട്ടുണ്ട്. വല്ലപ്പോഴും ഞങ്ങളുടെ ഇടയ്ക്കുണ്ടാകാവുന്ന ചില ചില്ലറ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള മദ്ധ്യസ്ഥനും വാസുദേവൻ നമ്പൂതിരി തന്നെയായിരുന്നു. ആദ്യകാലത്ത് കാർഷികരംഗത്ത് പ്രകടിപ്പിച്ച തീവ്രതാല്പര്യം അദ്ദേഹത്തെ കൃഷിവകുപ്പിന്റെ പ്രശംസക്ക് പാത്രമാക്കി- ഓർക്കുന്നു... 1970കളിൽ, ഇല്ലത്തിന്റെ മുമ്പിലെ നെല്പാടത്തിൽ ഒരു സെന്റിൽ 3 പറ നെല്ലുല്പാദിപ്പിച്ചത്, അന്നത് ജില്ലയിലെ റിക്കാർഡായിരുന്നു. അന്നുമുതൽ അദ്ദേഹത്തെ 'സീഡ് ഗ്രോവർ' പദവിയിലേക്ക് ഉയർത്തി. ഈ കഴിവുകളിൽ ഒട്ടും അഹങ്കരിക്കാതെ ഈ സഹപ്രവർത്തകൻ ലളിത ജീവിതം നയിച്ചു.

ആസ്തിയിലും ആഢ്യത്തത്തിലും മേലെക്കിടയിലായിട്ടും ഉത്തമ പൈതൃകങ്ങൾക്കുടമയായിട്ടും സ്നേഹാർദ്രവും സൗഹൃദസുഗന്ധിയുമായ നീണ്ട ജീവിതം നയിച്ചതിന് ആ ജ്യേഷ്ഠസഹോദരന് അവസാനിക്കാത്ത ആദരാഞ്ജലികൾ.



സാമൂതിരി
സമ്മാനിച്ച ഇരുമ്പ് ലോക്കർ

മ്മിണി സാവിത്രി അന്തർജ്ജനം തന്നെയായിരുന്നു.

എം.സി മാസ്റ്ററുടെ അച്ഛൻ വാസുദേവൻ നമ്പൂതിരിക്ക് രണ്ട് ഏട്ടന്മാർ ഉണ്ടായിരുന്നു. നാരായണൻ നമ്പൂതിരിയും ഗോവിന്ദൻ നമ്പൂതിരിയും. ഇവർക്ക് രണ്ടു പേർക്കും സന്തതി ഇല്ലാതെ വന്നപ്പോൾ അവർ പ്രശ്നം വെപ്പിക്കുകയും അതിൽ അധികം താമസിക്കാതെ തറവാട്ടിലെ അടുത്തയാൾക്ക് രണ്ട് ഉണ്ണികൾ പിറക്കുമെന്നും അവർ അതികേമന്മാരായിത്തീരുമെന്ന് കാണുകയും ചെയ്തുവത്രെ. അങ്ങനെയാണ് വാസുദേവൻ നമ്പൂതിരി വേളി കഴിക്കാൻ തയ്യാറായത്.

വളരെ ശാന്തനും ക്ഷമാശീലനുമായിരുന്നു വാസുദേവൻ നമ്പൂതിരി. മരം കൊണ്ടും മറ്റും നിരവധി രൂപങ്ങൾ അദ്ദേഹം വാർത്തെടുത്തു. അദ്ദേഹത്തിന്റെ കരവിരുതിൽ പിറന്ന കൗതുകശില്പങ്ങൾ ആരെയും അതിശയിപ്പിക്കുന്നവയാണ്.

പഴയ വിവാഹസമ്പ്രദായം ചെമ്പകശ്ശേരിയിലും അങ്ങനെ തുടർന്നു. വാസുദേവൻ നമ്പൂതിരി കാരശ്ശേരി നാകേരിയിൽ നിന്നാണ് വിവാഹം കഴിച്ചത്. അനുജന്മാരായ ശങ്കരൻ നമ്പൂതിരി, വിഷ്ണു നമ്പൂതിരി, കൃഷ്ണൻ നമ്പൂതിരി എന്നിവർ യഥാക്രമം ബാലുശ്ശേരി അമ്പാടി കോവിലകം, തിരുവണ്ണൂർ കോവിലകം, പൊന്നാനി നമ്പ്രിഷ്ടാതിരി ഗൃഹം എന്നിവിടങ്ങളിൽ നിന്നാണ് സംബന്ധം. ഇവർക്ക് രണ്ടു സഹോദരിമാരാണ് ഉണ്ടായിരുന്നത്. അതിലൊരാളെ തന്ത്രികുടുംബമായ പാതിരിശ്ശേരിക്കും മറ്റേയാളെ ഗുരുവായൂർ മുളമംഗലത്ത് മനയിലേക്കുമായിരുന്നു വിവാഹം ചെയ്തത്.

വാസുദേവൻ നമ്പൂതിരിയുടെയും പാർവ്വതി അന്തർജ്ജനത്തിന്റെയും മക്കൾ ദേവകി അന്തർജ്ജനം - പാലാഞ്ചേരി ഇല്ലം, ശ്രീദേവി അന്തർജ്ജനം -മുതുമന ഇല്ലം പിന്നെ വാസുദേവൻ നമ്പൂതിരി, ഇപ്പോഴത്തെ കാരണവർ കേശവൻ നമ്പൂതിരി, പിന്നീട് പാർവ്വതി അന്തർജ്ജനം - ചെറുവക്കാട് ഇല്ലം, സാവിത്രി അന്തർജ്ജനം-മങ്ങത്തായ ഇല്ലം, (ഏറ്റവും താഴെ രുഗ്മിണി എന്നൊരു കുട്ടിയും. രുഗ്മിണി പക്ഷേ രണ്ടാം വയസ്സിൽത്തന്നെ ഓർമ്മയായി.)

ആശയങ്ങളിൽ വിപ്ലവം വായ്ച്ചിരുന്നു ചെമ്പകശ്ശേരിയുടെ കുതിപ്പിൽ. മലബാറിലെ ആദ്യ സ്വകാര്യബാങ്ക് ചെമ്പകശ്ശേരിക്കാരുടേതായിരുന്നു എന്നുറ



നാഗക്കോട്ട

പ്പിക്കാൻ സംശയിക്കേണ്ട ആവശ്യമില്ല. കോവൂരിൽ പ്രവർത്തിച്ചിരുന്ന ബാങ്ക് ശങ്കരൻ നമ്പൂതിരി & ബ്രദേഴ്സ് എന്ന പേരിലായിരുന്നെന്ന് കേശവൻ നമ്പൂതിരി ഓർത്തെടുക്കുന്നു.

ഒപ്പം തന്നെ ശുദ്ധവും അയിത്തവും അനുഷ്ഠാനങ്ങളും പാലിക്കുകയും ചെയ്തു. സ്കൂളിൽ പഠിക്കുന്ന കാലത്ത് ഇത് ശരിക്കും അറിഞ്ഞിട്ടുണ്ടെന്ന് വാസുദേവൻ നമ്പൂതിരിയുടെ ഇളയ സഹോദരി സാവിത്രി അന്തർജനം പറയുന്നു. സ്കൂളിലേക്ക് ഭക്ഷണം കൊണ്ടുപോവാൻ സമ്മതിച്ചിരുന്നില്ല. കഴിക്കുമ്പോൾ അയിത്തമാവും എന്നതുകൊണ്ട്. സ്കൂളിൽ നിന്ന് എത്ര വിശന്ന് വന്നാലും മുങ്ങിക്കുളിച്ചു വന്നല്ലാതെ ജലപാനം കിട്ടില്ല. ഇതായിരുന്നു സ്ഥിതി. ഏട്ടന്റെ കാലമായപ്പൊ എല്ലാം മാറി. വല്യേട്ടൻ സൗമ്യനും ശാന്തനുമായിരുന്നുവെന്ന് അവർ ഓർത്തു. നല്ല കാര്യങ്ങൾ മാത്രമേ പറയൂ. ഏട്ടൻ അച്ഛനെപ്പോലെ ആയിരുന്നു ഞങ്ങൾക്കെല്ലാം. സാവിത്രി അന്തർജ്ജനത്തിന്റെ വാക്കുകളിൽ തറവാടിനെക്കുറിച്ചും ഏട്ടന്മാരെക്കുറിച്ചും അഭിമാനം.

ചെമ്പകശ്ശേരി കേശവൻ നമ്പൂതിരിയും സാവിത്രി അന്തർജ്ജനത്തിനെ വേട്ട മങ്ങത്തായ ഗോവിന്ദൻ നമ്പൂതിരിയും ദേവഗിരി സേവിയോ ഹൈസ്

## ഓർമ്മയിലെ എം.സി.



### ലത്തീഫ് പറമ്പിൽ

എഴുത്തുകാരൻ, മാധ്യമപ്രവർത്തകൻ

രാവിലെ നടക്കാനിറങ്ങുമ്പോൾ ചെമ്പകശ്ശേരി തറവാടിനു മുന്നിലൂടെയാണ് പോകുന്നതെങ്കിലും അങ്ങോട്ട് കയറിച്ചെല്ലാൻ പറ്റുമോ എന്ന് ആശങ്കപ്പെട്ട് ദിവസവും നടന്നു നീങ്ങും. എന്നെ ഞാനാക്കിയ എന്റെ ഗുരുവിനെ അദ്ദേഹത്തിന്റെ ഇല്ലത്തുചെന്ന് കാണണമെന്ന് കരുതി എങ്കിലും ഈ പേടികാരണം നടന്നില്ല. ഒരു ദിവസം നമ്പൂതിരി മാസ്റ്ററെ വഴിയിൽ കണ്ടു. മാസ്റ്റർ തന്നെ ഇല്ലത്തേക്ക് ക്ഷണിച്ചു. ഞങ്ങൾ ഏറെ നേരം സംസാരിച്ചു. അകത്തേയ്ക്കൊക്കെ കൂട്ടിക്കൊണ്ടുപോയി ശില്പങ്ങളും, പഴയകാല പ്രതാപമിരമ്പുന്ന പല വസ്തുക്കളും കാണിച്ചുതന്നു. ചായയുമൊക്കെത്തന്ന് സൽക്കരിച്ചു. ഇനി ഇതിലൂടെ വരുമ്പോൾ ഇവിടെ കയറാതെ പോകരുതെന്നും പറഞ്ഞു. അതായിരുന്നു വാസുദേവൻ നമ്പൂതിരി മാഷ്. എന്റെ ഉത്തരക്കടലാസുകൾ ഉയർത്തിക്കാണിച്ചായിരുന്നു മാസ്റ്റർ മറ്റുള്ള വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകിയിരുന്നത്. എന്നോട് അതിരറ്റ വാത്സല്യമായിരുന്നു. എന്റെ കയ്യക്ഷരം ഒരു കലാകാരന്റേതാണെന്ന് ആദ്യമായി പറഞ്ഞത് മാഷാണ്. പിന്നെ പല പ്രഗത്ഭരും അതുതന്നെ പറഞ്ഞു. മൂന്നു പതിറ്റാണ്ടോളം തുടർന്ന ഗുരുശിഷ്യ ബന്ധമായിരുന്നു ഞങ്ങളുടേത്.

ശിഷ്യന്മാർക്കുണ്ടാകുന്ന നേട്ടങ്ങൾ എന്നും അദ്ദേഹത്തിന് അതിരറ്റ സന്തോഷമേകി. തികഞ്ഞ പ്രകൃതിസ്നേഹിയായിരുന്നതുകൂടാതെ കൃഷിയോട് വല്ലാത്ത താല്പര്യമായിരുന്നു മാസ്റ്റർക്ക്. എന്നും സംസാരിക്കുമ്പോൾ ചില പുതിയ വിവരങ്ങൾ നമ്പൂതിരി മാസ്റ്ററിൽ നിന്ന് കിട്ടുമായിരുന്നു. പഠിപ്പിക്കുന്ന കാര്യത്തിൽ മാത്രമേ കാർക്കശ്യം ഉണ്ടായിരുന്നുള്ളൂ. അതും വിദ്യാർത്ഥികൾക്ക് ജീവിതത്തിൽ ഉപകരിക്കുവാനായിരുന്നു. എന്റെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിൽ വാസുദേവൻ നമ്പൂതിരി മാസ്റ്ററുടെ സ്വാധീനം വളരെ വലുതാണ്. അതുകൊണ്ടു തന്നെ ഞാനാരാധിക്കുന്നവരുടെ കൂട്ടത്തിലാണ് മാസ്റ്ററുടെ സ്ഥാനം.

കൂളിൽ ഒരുമിച്ച് പഠിച്ചവരായിരുന്നു. യാദൃശ്ചികമാണെങ്കിലും ഇവർ പിന്നീട് പരസ്പരം മറ്റേയാളുടെ സഹോദരിയെ മാറ്റത്തിന് വിവാഹം കഴിക്കുകയായിരുന്നു. കാരണവർ കേശവൻ നമ്പൂതിരി ഗോവിന്ദൻ നമ്പൂതിരിയുടെ സഹോദരി പാർവ്വതിയെയും വിവാഹം കഴിച്ചു.

സാമൂതിരി രാജാവുമായി വളരെ അടുപ്പമായിരുന്നു ഇവിടത്തെ കാരണവന്മാർക്കെല്ലാം. അതിലൊരാൾ രാജാവിന്റെ ഉപദേശകനുമായി. നാട്ടിൽ കള്ളന്മാരുടെ ശല്യം രൂക്ഷമായപ്പോൾ വിലപ്പെട്ടതെല്ലാം ഭദ്രമായി സൂക്ഷിക്കാൻ സാമൂതിരി രാജാവ് നൽകിയ ഇരുമ്പുലോക്കർ ഇന്നും ചെമ്പകശ്ശേരിയിൽ കാണാം. ചെമ്പകശ്ശേരിക്കാർക്ക് ലൈസൻസുള്ള തോക്കും ഉണ്ടായിരുന്നത്രെ.


മാതൃകാദ്ധ്യാപകനുള്ള സംസ്ഥാന പുരസ്കാരം മനോജ് മാസ്റ്റർ ഏറ്റുവാങ്ങുന്നു

വാസുദേവൻ നമ്പൂതിരിയുടെ നന്മയും നൈർമ്മല്യവും ദൈവവരമായി കിട്ടിയ മകൻ എം.സി. മനോജ് അച്ഛന്റെ പാതയിൽത്തന്നെ ജീവിതയാത്ര തുടരുന്നു. അച്ഛൻ ജോലി നോക്കിയ ജെ.ഡി.ടി ഇസ്ലാം സ്കൂളിന്റെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ജന്തുശാസ്ത്രവിഭാഗം സീനിയർ അധ്യാപകനാണ് ഇപ്പോൾ മനോജ്. എല്ലാ രംഗത്തും അച്ഛന്റെ പ്രതിഭയോടൊപ്പം നിൽക്കുന്നു മനോജ് മാസ്റ്ററുടെ പ്രാഗത്ഭ്യവും പ്രവർത്തനങ്ങളും. മാതൃകാദ്ധ്യാപകനുള്ള സംസ്ഥാന പുരസ്കാരം 2012ൽ അദ്ദേഹത്തെ തേടിയെത്തി. സംഘടനാരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ചു. വൊക്കേഷണൽ ഹയർ സെക്കന്ററി നോൺവൊക്കേഷണൽ ലക്ചറേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി, കോഴിക്കോട് നടന്ന സംസ്ഥാന യുവജനോത്സവങ്ങളിൽ നിരവധി തവണ ഫിനാൻസ്, പബ്ലിസിറ്റി കൺവീനർ എന്നിങ്ങനെ അദ്ദേഹത്തിന്റെ നിസ്തുല സംഭാവനകൾ ഏറെ ശ്രദ്ധേയമായി. ഒരു പതിറ്റാണ്ടോളം ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂനിവേഴ്സിറ്റിയു (IGNOU) ടെ കോ-ഓർഡിനേറ്ററായി പ്രശംസ നേടി. എം.എസ്.സി സുവോളജി, ബി.എഡ്സ് എന്നീ അക്കാദമിക് യോഗ്യതകൾക്കപ്പുറത്ത് ആധുനിക വിദ്യാഭ്യാസ മേഖലയെ പുഷ്ടിപ്പെടുത്താനും ഭാവിതലമുറയ്ക്ക് വേണ്ടവിധം ഉപയുക്തമാക്കാനുമുള്ള യത്നം അദ്ദേഹം തുടരുകയാണ്. പുതിയ വീക്ഷണങ്ങൾക്കൊപ്പം പുതിയ ലക്ഷ്യവും അദ്ദേഹത്തിനുണ്ട് - ആ ശ്രമങ്ങൾ പുതിയ ഉയരങ്ങൾ തേടുന്നു.

അച്ഛനുള്ള ഗുരുദക്ഷിണയാണ് മനോജ് മാസ്റ്റർ ചെസ്സിൽ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്ന ഓരോ നേട്ടവും. എല്ലാം പഠിപ്പിച്ചത് അച്ഛൻ തന്നെ എന്ന് അദ്ദേഹം പറയുന്നു. മനോജ് ഇന്ന് ഒട്ടേറെ ശിഷ്യഗണങ്ങളുള്ള ചെസ് മാസ്റ്റർ തന്നെയാണ്. അന്താരാഷ്ട്ര FIDE റേറ്റഡ് ചെസ് താരം; ചെസ്സിൽ ഇന്നും അജയ്യമായി തുടരുകയാണ് അദ്ദേഹത്തിന്റെ അശ്വമേധം.



സംസ്ഥാന യൂത്ത് ചെസ് ചാമ്പ്യൻ, കാലിക്കറ്റ് യൂനിവേഴ്സിറ്റി ചെസ് ചാമ്പ്യൻ, നിരവധി തവണ സംസ്ഥാന ബി സോണൽ ചെസ് ചാമ്പ്യൻ, ഒട്ടേറെ പ്രാവശ്യം ഓപ്പൺ ചെസ് ചാമ്പ്യൻ. ഇവിടെ തീരുന്നില്ല മനോജ് മാസ്റ്ററുടെ വിജയഗാഥ. സൈമൾട്ടേനിയസ് ചെസ്

## ഓർമ്മയിലെ എം.സി.



### ഡോ. ഇഗ്നീഷ്യസ് ജേക്കബ്ബ്

FRCP, ലണ്ടൻ UK

ശ്രീ. വാസുദേവൻ നമ്പൂതിരി എനിക്ക് എന്നും ഉറ്റസുഹൃത്തും എന്റെ സന്തത സഹചാരിയും ആണ്. എന്തു കാര്യമായാലും ഒരു പ്രശ്നം വന്നാൽ അദ്ദേഹത്തെയാണ് ഞാൻ സമീപിക്കുക. കുടുംബ കാര്യങ്ങൾ എല്ലാം ഞങ്ങൾ പങ്കുവെക്കുമായിരുന്നു. എപ്പോഴും പുതിയ ഉയരങ്ങൾ തേടാൻ നിറഞ്ഞ പ്രചോദനമായിരുന്നു വാസുദേവൻ നമ്പൂതിരി.

ഞങ്ങൾ ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ ഒരുമിച്ച് പഠിച്ചവരാണ്. അന്നു തുടങ്ങിയതാണ് ഈ ബന്ധം. അത് അദ്ദേഹത്തിന്റെ ജീവിതാവസാനം വരെ തുടർന്നു. ഏതു കാര്യത്തിലും എനിക്ക് മാർഗ്ഗദർശി അദ്ദേഹം തന്നെയായിരുന്നു. ഞാൻ ലണ്ടനിലാണ് താമസമെങ്കിലും നിരന്തര സമ്പർക്കം പുലർത്തിയിരുന്നു അദ്ദേഹവുമായി. നാട്ടിൽ വരുമ്പോൾ ഞങ്ങൾ കുടുംബസമേതം ഒരുമിച്ചുകൂടുകയും ഒരുമിച്ച് ഭക്ഷണം കഴിക്കുകയും ആ സൗഹൃദം മനസ്സുനിറയെ ആസ്വദിക്കുകയും ചെയ്തു. ആ സൗഹൃദം എനിക്കും കുടുംബത്തിനും ഒരിക്കലും മറക്കാനാവാത്തതാണ്. അദ്ദേഹത്തിന് എന്റെ ആദരപ്രണാമം.

ടൂർണമെന്റിൽ 35 പേരോട് ഒരുമിച്ച് കളിച്ച് ചാമ്പ്യനായത് ഈ ജന്മസുകൃതമായി അദ്ദേഹം കരുതുന്നു.

കോഴിക്കോട് ജില്ലാ ചെസ് അസോസിയേഷൻ സെക്രട്ടറിയായി ദീർഘകാലം തന്റെ നേതൃപാടവം തെളിയിച്ച മനോജ് കോഴിക്കോട്ടു വച്ചു നടന്ന ലോകജൂനിയർ ചെസ് ചാമ്പ്യൻഷിപ്പിന്റെ സംഘാടനത്തിലും പ്രധാനപങ്കു വഹിച്ചു.

കൃഷിയിലും അച്ഛനെപ്പോലെ ത്തന്നെ അഗ്രഗണ്യനാണ് മകനും. തന്റെ വയലേലകളിൽ പുതിയ പരീക്ഷണങ്ങൾ അദ്ദേഹവും നടത്തുന്നു. രുദ്രാക്ഷം, ലക്ഷ്മീതരു തുടങ്ങിയ എണ്ണമറ്റ അപൂർവ്വ ഔഷധച്ചെടികൾ അദ്ദേഹം വളർത്തുന്നു. കൃഷി എന്ന ഹോബി ചെമ്പകശ്ശേരിപ്പറമ്പിന് മാറ്റത്തിന്റെ മിഴിവ് പകർന്നിരിക്കുന്നു. ഇന്ന് നട്ട് പരിപാലിച്ചുപോരുന്ന ആയിരത്തിലേറെ റബ്ബർമരങ്ങൾ ചെമ്പകശ്ശേരിയുടെ കൃഷിപ്രതാപത്തിന് പുതിയ മാനം നൽകുന്നു.

ഹിമായത്ത് ഇസ്ലാം ഹയർസെക്കന്ററി സ്കൂളിലെ എൻഎസ്എസ് പ്രവർത്തനങ്ങൾക്ക് 2 ഏക്കറോളം കൃഷി ചെയ്യാനായി നൽകിയതും വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുമിച്ചുള്ള കൊയ്ത്തുത്സവം കോഴിക്കോട് ബഹു. മേയർ തോട്ടത്തിൽ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നതും മാധ്യമ വാർത്തകളിൽ നിറഞ്ഞു. അങ്ങനെ ചെമ്പകശ്ശേരിപ്പാടം


മിനി - ശങ്കർ ദാസ്... വിവാഹം

ഒരിക്കൽക്കൂടി ഹരിതവർണ്ണമണിഞ്ഞു; സമൃദ്ധിയുടെ മുഴക്കാപ്പു ചാർത്തി.

ഹിമായത്ത് ഇസ്ലാം ഹയർ സെക്കന്ററി സ്കൂളിൽ ഗണിതശാസ്ത്ര അദ്ധ്യാപികയായ ബിന്ദു മനോജ് മാസ്റ്ററുടെ ജീവിതസഖിയായി വന്നത് തകഴി ശിവശങ്കരപ്പിള്ളയുടെ നാട്ടിലെ പ്രശസ്ത നമ്പൂതിരി കുടുംബമായ പാലത്തിങ്കര ഇല്ലത്തു നിന്നുമായിരുന്നു. നല്ലൊരു പാട്ടുകാരി കൂടിയായ ബിന്ദുടീച്ചർ സംസ്ഥാന യുവജനോത്സവങ്ങളിൽ ലളിതഗാന മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. രാഗതാളമയമായ ജീവിതഗാനം തുടരുകയാണിവർ.

മകൻ ആദിത്യ കോഴിക്കോട് ഗവ. എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് & കമ്യൂണിക്കേഷൻ വിദ്യാർത്ഥിയാണ്. ഇതിനപ്പുറം ചില നേട്ടങ്ങൾ ആദിത്യനെ ആകാശത്തോളമുയർത്തുന്നു. നമ്മുടെ ഇടയിൽ ഇതുവ

**ഓർമ്മയിലെ എം.സി.**



## കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി

ചീഫ് എഡിറ്റർ, സ്വസ്തി

1977–ൽ കേസരിയിൽ സഹപത്രാധിപരായി ജോലിക്കെത്തിയ കാലം മുതൽ ചെമ്പകശ്ശേരി ഇല്ലത്ത് ഒരു നിത്യനെപ്പോലെയാണ് ഞാൻ.

1980–ൽ എന്റെ വിവാഹം. എട്ടു വർഷത്തോളം മാത്തോട്ടത്ത് ലൈൻവീട്ടിൽ വാടകക്ക് താമസം. അക്കാലത്ത് ഒരു സാഹസം ചെയ്തു. വീടുണ്ടാക്കാൻ സ്ഥലത്തിനായി മംഗലശ്ശേരി ദാമോദര ശർമ്മ (സോമൻ)ക്ക് അഡ്വാൻസ് കൊടുത്തു. മൂന്നു മാസത്തിനുള്ളിൽ സ്ഥലം രജിസ്റ്റർ ചെയ്യണം. കൈയിൽ കെട്ടിയിരിപ്പില്ല. ബന്ധുക്കളോട് ചോദിക്കാൻ ജാള്യത. ദൈവദൂതരെപ്പോലെ ചെമ്പകശ്ശേരി മാഷും സാവിത്രി ഓപ്പോളും കോഴിക്കോട് പാളയം റോഡിലെ വെങ്കിടേശ് ബിൽഡിംഗിലെ രണ്ടാം നിലയിലുള്ള കേസരി ഓഫീസിലേക്ക് ഒരു ഉച്ചക്ക് വരുന്നു. ബാങ്കിൽ നിന്നും പതിനായിരം രൂപ എടുത്താണ് വരവ്. മംഗലശ്ശേരി ബാലേട്ടൻ പറഞ്ഞ് അഡ്വാൻസ് കാര്യം മാഷറിഞ്ഞിരിക്കുന്നു. മൂന്നു സെന്റിനു വേണ്ട തുക സമാജ പുരുഷൻ, വിരാൾ പുരുഷൻ ഇവരിലൂടെ എത്തിച്ചുതന്നു എന്നേ ഓർക്കുമ്പോൾ പറയാനാവൂ.

യശഃശരീരനായ അഷ്ടവൈദ്യൻ ഇളയടത്ത് തൈക്കാട് നീലകണ്ഠൻ മൂസ്സ്(കുട്ടൻ മൂസ്സ്)ന്റെ പത്നിക്ക് കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സാർത്ഥം വരേണ്ടിവന്നപ്പോൾ മെഡിക്കൽ കോളേജ് പരിസരത്തെ ചെമ്പകശ്ശേരി ഇല്ലത്താണ് കുടുംബാംഗങ്ങൾ കുളിക്കാനും ഭക്ഷണം കഴിക്കാനുമൊക്കെ സ്വന്തം ഭവനം പോലെ പെരുമാറിയത്.

യശഃശരീരനായ ചെമ്പകശ്ശേരി വാസുദേവൻ മാഷ് യോഗക്ഷേമസഭയിലെ കോഴിക്കോട്ടെ ആദ്യ നേതാവാണ്. 1987 ലെ സംസ്ഥാന സമ്മേളനം വൻ വിജയമാക്കിയ ഭക്ഷണ സമിതി കൺവീനറാണ്. 1989 മുതൽ 2015 വരെ കോഴിക്കോട് ആദിശങ്കര യോഗക്ഷേമം കേന്ദ്രത്തിന്റെ ഭരണസമിതി അംഗമായിരുന്നു. കോവൂർ വിഷ്ണുക്ഷേത്ര പരിസരത്തെ ആസ്ഥാനഭൂമി വാങ്ങുന്നതിൽ നിർണ്ണായക പങ്കും പിന്നീട് മേൽനോട്ട ചുമതലയും നിർവ്വഹിച്ച രക്ഷാധികാരിയായിരുന്നു. സാഹിത്യ- ചരിത്ര- സാംസ്കാരിക വിഷയങ്ങളിൽ ആഴത്തിലും പരപ്പിലും വായിച്ച് പഠിപ്പിച്ച അദ്ധ്യാപകനായിരുന്നു.



രെ ആരും കൈവരിക്കാത്ത അത്യുജ്ജ്വല നേട്ടം... പാശ്ചാത്യ സംഗീതത്തിലെ പ്രധാന ഉപകരണമായ പിയാനോയിൽ ലണ്ടനിലെ ലോകപ്രശസ്തമായ ട്രിനിറ്റി സ്കൂൾ ഓഫ് മ്യൂസിക്കിൽ നിന്ന് ഏറ്റവും ഉയർന്ന 8th ഗ്രേഡ് പരീക്ഷ ഉയർന്ന മാർക്കോടെ വിജയിച്ച് സർട്ടിഫിക്കറ്റ് നേടിയത്. എ.ആർ റഹ്മാനും സ്റ്റീഫൻ ദേവസ്സിയും ഇതേ സ്കൂളിൽ പഠിച്ചിറങ്ങിയവരാണെന്ന യാഥാർത്ഥ്യം ഈ തകർപ്പൻ വിജയത്തിന്റെ മൂല്യം പതിന്മടങ്ങാക്കുന്നു. പ്രശസ്ത സംഗീതജ്ഞൻ പ്രമോദ് റെയ്നോൾഡ്സിനു കീഴിൽ ആദിത്യ പരിശീലനം തുടരുകയാണ് ഇപ്പോഴും. മകൾ അനഘ സിൽവർഹിൽസ് ഹൈസ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥിനിയാണ്. ഭാവനയുടെ ലോകത്ത് ചിത്രങ്ങളാണ് അവൾക്ക് കൂട്ട്. അവൾ വരക്കുന്നു. ഇനിയും വരാനിരിക്കുന്ന ചിത്രരചനയിലെ വസന്തങ്ങൾ!

മനോജ് മാസ്റ്ററുടെ ഏക സഹോദരി മിനി ഇപ്പോൾ ഡൽഹിയിൽ സകുടുംബം താമസിക്കുന്നു. നാഷണൽ പവർഗ്രിഡ് കോർപ്പറേഷനിൽ ഡെപ്യൂട്ടി ജനറൽ മാനേജരായ ഭർത്താവ് ശങ്കർദാസിനോടൊപ്പം. പ്രശസ്ത തന്ത്രകുടുംബമായ ചവനപ്പുഴ മുണ്ടോട്ട് പുളിയപ്പടമ്പ് ഇല്ലത്തെ അംഗമാണ് അദ്ദേഹം. ഇവരുടെ ഏക മകൻ ഡോക്ടറാണ്.



തറവാട്ടുകാരണവർ കേശവൻ നമ്പൂതിരിയുടെ മകൾ ശ്രീജയെ ചെത്തല്ലൂർ കറുത്തേടത്തേയ്ക്കാണ് വിവാഹം ചെയ്തത്.കെമിക്കൽ എൻജിനീയറിംഗിൽ റാങ്ക് ഹോൾഡറായ കൃഷ്ണൻ നമ്പൂതിരിയാണ് ഭർത്താവ്. ഇവർക്ക് രണ്ടു മക്കൾ; വാസുദേവും ദേവികയും.

എണ്ണമറ്റ സുഹൃദ്വലയങ്ങളുടെ സംഗമഭൂമികൂടിയാണ് മൂത്തമന ചെമ്പകശ്ശേരി. മതത്തിനപ്പുറത്തെ സൗഹൃദങ്ങൾ. അതിലെടുത്തു പറയേണ്ട മുസ്ലീം സൗഹൃദങ്ങൾ.. കാത്തുസൂക്ഷിക്കുകയാണ് ഇന്നും ഈ സ്നേഹ തറവാട്. വേലികെട്ടുകൾക്കിടയിൽ പിണഞ്ഞു തീരാനുള്ളതല്ല ജീവിതം. അത് സ്വപ്നം കണ്ട സ്വർഗ്ഗങ്ങൾ സ്വന്തമാക്കാനുള്ളതാണ്. നല്ല സൗഹൃദങ്ങൾ ഏറ്റുവാങ്ങണം... മതം, ജാതികളുടെ പേരിൽ അകറ്റി നിർത്തരുത്. സൗഹൃദചിന്ത മതത്തിനും ജാതിക്കും അപ്പുറം ഉയർന്നുപടരേണ്ടതാണെന്ന് എല്ലാവരെയും പഠിപ്പിച്ചത് എം.സി മാഷായിരുന്നു. അദ്ദേഹത്തിന്റെ ജീവിതം നൽകുന്ന സന്ദേശം അതാണ്. ഏതാഘോഷമായാലും ഇവിടെ പ്രധാന അതിഥികൾ മുസ്ലിം സുഹൃത്തുക്കളും അവരുടെ കുടുംബങ്ങളുമാണ്. ഓണത്തിന് പ്രത്യേകിച്ചും. അയ്യപ്പനും അങ്ങിനെയല്ലേ.. വാവരല്ലേ പ്രധാന തോഴൻ ! അതുപോലെത്തന്നെയായിരുന്നു എം,സി മാഷും. അവർ ചെമ്പകശ്ശേരിയിലെ സൗഹൃദവും സൽക്കാരവും ആസ്വദിക്കുന്നു. ജാതിമതങ്ങൾ മറന്ന് വാസുദേവൻ നമ്പൂതിരി സ്വരുക്കൂട്ടിയ സുഹൃദ്ബന്ധങ്ങൾ മറ്റാർക്കും എത്തിപ്പിടിക്കാനാവാത്തവയാണ്. മതാതീത മനോഭാവവും ബന്ധങ്ങളുടെ ഊഷ്മളതയും നിലനിർത്താൻ എം.സി മാഷെപ്പോലെ നിഷ്കളങ്കർക്കേ കഴിയൂ. ഏറെയുണ്ട് ഉൾക്കൊള്ളാൻ അദ്ദേഹത്തിൽ നിന്ന്.

സൗഹൃദചെമ്പനീരിന്റെ ആത്മസൗരഭം ഈ ജന്മത്തിന് അർത്ഥം നൽകിയിരിക്കുന്നു.

''അൻപാർന്ന സൗരഭം തൂവും
ചെമ്പനീർ മലർപോലവെ
സമ്പന്നം സൗഹൃദത്താലെ ചെ
മ്പകശ്ശേരി തൻമനം''

എം.സി മാസ്റ്ററുടെ മരണവാർത്തയറിഞ്ഞ് സ്മരണാഞ്ജലി അർപ്പിക്കാൻ ചെമ്പകശ്ശേരിയിലെത്തിയ, അടുത്ത ബന്ധുവും സുഹൃത്തും യോഗക്ഷേമ സഭയുടെ ആദ്യകാല സജീവ പ്രവർത്തകനുമായ അച്ചുറ ഇല്ലത്ത് കുബേരൻ നമ്പൂതിരിയുടെ ഈ വരികൾ മാത്രം മതി സൗഹൃദം പൂത്തുപടർന്നു പന്തലിച്ച ഈ വടവൃക്ഷത്തെക്കുറിച്ചറിയാൻ....

കലിയുഗവരദനായ അയ്യപ്പൻ കാലിക ദുഃഖങ്ങൾക്ക് അറുതി വരുത്തുന്നു. സങ്കടങ്ങൾ തീർക്കുന്നു. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനെന്ന് നമുക്കു മുമ്പിൽ കാണിച്ചുതരുന്നു. മതാതീതനായി വിരാജിക്കുന്ന ഒരേയൊരു ദൈവം... അയ്യപ്പൻ, പിന്നീട് വിലയം പ്രാപിച്ചത് ശാസ്താവിലെന്നു പറയുന്നതുപോലെ ഏവർക്കും പ്രിയങ്കരനായ നമ്മുടെ എം.സി മാഷും ആ പാദാരവിന്ദങ്ങളിലേ ചെന്നെത്തുകയുള്ളൂ.. ഈ ജന്മം ഇത്രയും മഹത്തരമായ കർമ്മങ്ങളിലൂടെ സാധ്യമാക്കിയതും സുകൃതമേകിയതും തറവാട്ടിലെ സ്വയംഭൂ ആയ അയ്യപ്പൻ തന്നെയായിരിക്കാം. സങ്കടവും വേദനയും വിരഹവുമറിയുന്ന അയ്യപ്പൻ, തന്നെപ്പോലെത്തന്നെയാവട്ടെ തന്റെ പ്രിയഭക്തനുമെന്ന് സർവ്വഭൂത ദയാപരനായ സ്വാമി ആശിർവദിച്ചിട്ടുണ്ടാവാം.. ഉള്ളുനിറഞ്ഞ് അനുഗ്രഹിച്ചിട്ടുണ്ടാവാം.

● അനുഭവം

# മുറിഞ്ഞുപോയ വാല്

**മുറിഞ്ഞു പോവാതെ നട്ടുനനച്ചു വളർത്തിയ വാല് ഒരിക്കൽ ആരുമറിയാതെ മുറിഞ്ഞു പോയി. ഒരാശുപത്രിയിലെ നഴ്സാണ് അതൊപ്പിച്ചത്. മുറിഞ്ഞാൽ പല്ലിയെപ്പോലെ തനിയെ നീണ്ടു വരുന്ന വാലല്ല നമ്പൂതിരിയുടേത് . ശസ്ത്രക്രിയ നടത്തി തുന്നിച്ചേർക്കണം. അതിനായി ഇയ്യിടെ കുറച്ചൊന്നുമല്ല പാടുപെട്ടത്.**

**പദ്മനാഭൻ നമ്പൂതിരി**



ഗോവിന് കൊമ്പും കുളമ്പും. ശ്വാവിന് പല്ലും നഖവും . ഓരോ ജീവിയ്ക്കും ഓരോന്നിലാണ് ബലം. നമ്പൂരിയ്ക്ക് നൂലും വാലുമാണ് . ദേഹത്തൊരു നൂല് , പേരിനൊപ്പം വാലും . അതാണ് നമ്പൂരിത്തത്തിന്റെ യു.എസ്.പി.

നൂലറ്റു പോയാൽ പുതിയത് പിരിച്ചിടാം. എന്നാൽ വാലറ്റുപോയാലോ? പൂണൂലു പോലെ ഏച്ചു കൂട്ടാൻ പറ്റില്ല . ശസ്ത്രക്രിയ തന്നെ വേണം. മുറിഞ്ഞുപോയ വാല് തുന്നിച്ചേർക്കാൻ ഈയിടെ വട്ടം കറങ്ങിയത് കുറച്ചൊന്നുമല്ല.

ചിലരുണ്ട് , വാലുമുറിയ്ക്കലാണ് അവരുടെ പണി. സ്വന്തമായി വാലില്ലാത്തതിന്റെ കലിപ്പ് തീർക്കുന്നത് അങ്ങനെയാണ്. ആദ്യമായി വാല് മുറിച്ചത് ജോർജ്ജ് മാഷാണ്. ആറാം ക്ളാസിൽ പഠിക്കുമ്പോൾ.

അമ്മാത്തടുത്ത് കൊടൽ നടക്കാവിലാണ് സ്കൂൾ . മാഷ്മ്മാരും ടീച്ചർമാരുമെല്ലാം പരിചയക്കാർ. ഇല്ലത്തെ കുട്ടിയ്ക്ക് പേരിനൊപ്പം വാലുണ്ടാവും. ആ കുട്ടി വാലുവച്ച് നടന്നാൽ ആർക്കുമില്ല ചേതം.

അങ്ങനെയിരിക്കെ തിരുവിതാംകൂറിൽ നിന്നൊരു ജോർജ്ജ് മാഷ് വന്നു. ഇന്നാട്ടിലെ സമ്പ്രദായങ്ങളോ ഭാഷയോ ഒന്നും അത്ര പിടിയില്ല. അറ്റൻഡൻസ് ബുക്കെടുത്ത് കുട്ടികളെ പേര് വിളിക്കാൻ തുടങ്ങി. ബാലൻ,മുകുന്ദൻ, അശോകൻ,സുരേഷ്....

ഒടുവിൽ പദ്മനാഭൻ നമ്പൂതിരി. പി യുടെ ഊഴം. മാഷ് അടുത്തുവന്നു. അടിമുടിയൊന്നു നോക്കി. ട്രൗസറും ഷർട്ടുമിട്ട ഒരു സാധാരണ പയ്യൻ. കുടവയറും ഭസ്മക്കുറിയും പൂണൂലുമൊക്കെയായി ഷർട്ടിടാത്ത ഒരു മാവേലി രൂപത്തെ പ്രതീക്ഷിച്ച പോലെ. വിടാനുള്ള ഭാവമല്ല മാഷ്. എന്തൊക്കെയോ ചോദിച്ചു. അറിയാവുന്ന പോലെ മറുപടിയും നൽകി. പക്ഷേ മാഷ്ക്ക് എന്തോ ഒരു പ്രശ്നം.



**പക്ഷേ, റിക്കാർഡിലൊന്നും പേര് തിരുത്തിയില്ല.**

ചെറിയ കുട്ടികൾക്ക് വാല് ചേരില്ലത്രെ. ശ്രീപദ്മനാഭന്റെ മണ്ണിൽ നിന്ന് വന്ന മാഷ് വാല് മുറിച്ച് പപ്പനാവനെന്നാക്കി വിളി. നാടൻ നായയെ ഊട്ടി ജനുസ്സാക്കാൻ വേണ്ടി നായയുടെ വാല് പിശാങ്കത്തി കൊണ്ട് മുറിച്ച എടപ്പറ്റ ശങ്കരൻ നായരെയാണ് ഓർമ്മ വന്നത്. പക്ഷേ, പപ്പനാവനെന്ന് കേൾക്കുമ്പോൾ ഒരു അസ്വ്യത. അന്നുവരെ സ്കൂളിലെ ആരും നമ്പൂരിയെന്നല്ലാതെ പേര് വിളിച്ചിരുന്നില്ല. എങ്കിലും ചെറിയൊരു സുഖവും തോന്നി. പപ്പനാവൻ എന്നാണെങ്കിലും മാഷ് പേര് വിളിച്ചല്ലൊ. സ്വത്വം എന്നൊക്കെ പറയാവുന്ന എന്തോ ഒന്ന് കിട്ടിയ പോലെ.

മാഷ് പക്ഷേ, റിക്കാർഡിലൊന്നും പേര് തിരുത്തിയില്ല.

എട്ടാം ക്ളാസിലായപ്പോഴേക്കും കുഴിമണ്ണ ഹൈസ്കൂളിലായി. അവിടെ ഭൂരിപക്ഷവും മുസ്ലീങ്ങളാണ്. നമ്പൂതിരി ജനുസ്സിൽപ്പെട്ട ഒരുജീവിയെ അവർ ആദ്യം കാണുകയാണ്. ബീഫാണ് അവരുടെ ലോകം. എറച്ചീം മീനും കൂട്ടാത്ത ഏതോ ഒരു ജീവി ക്ളാസിൽ വന്നുപെട്ടതിന്റെ അദ്ഭുതത്തിലാണ് അവർ . അവർക്ക് ആകെപ്പാടെ ഹരം. കലശലൂട്ടാൻ ഒരാളായല്ലൊ.

''ഇജ്ജ് എറച്ചീം മീനും എത്തും തിന്നൂലേ'' കുശലം.

''അനക്കും നൂല്ണ്ടോ?'' അന്വേഷണം.

''നൂല് അരമ്മ്ലാണോ കെട്ട്ആ?'' അദ്ഭുതം.

''ഒറക്കത്തില് അത് അയിച്ച് ബെച്ച്ഓ?'' ജിജ്ഞാസ.

''നൂല്മ്മ് തൊട്ടാ എത്തേയ്ക്കാരം ബെര്ആ'' കൗതുകം.

''പുഗ്ഗ് ണ്ടാവും അയിമ്മ്ല് ല്ലേ. അതേയ്ക്കാരം പൂനൂല്'' ഗവേഷണം.

പൂണൂല് ഉണ്ടെന്നോ ഇല്ലെന്നോ പറയാൻ പോയില്ല. അവരെങ്ങാനും ഷർട്ടഴിച്ച് അത് പൊട്ടിച്ചാലോ? നമ്പൂതിരിയെന്ന വാലായിരുന്നു അവിടെയും പ്രശ്നം. കുറച്ച് കഴിഞ്ഞപ്പോൾ അവരിൽ ചിലർ ചങ്ങാതിമാരായി. അവരുടെ മോല്യാൻമാർക്ക് പിടിച്ചാൽ കിട്ടാത്ത ബ്രഹ്മരക്ഷസ്സിനെ ഒഴിപ്പിക്കാൻ അച്ഛന്റെ അമ്മാത്ത് പോയ അദ്രുവും മറ്റും അക്കൂട്ടത്തിലുണ്ട്. അവരുടെ തങ്ങൾമാരെപ്പോലെ സിദ്ധിയുള്ള വർഗ്ഗമാണ് നമ്പൂതിരിയെന്ന് അവനറിയാം. ഭാഗ്യം ! ദേഹോപദ്രവമുണ്ടായില്ല. അവരാരും നൂല് പൊട്ടിച്ചില്ല. വാല് മുറിച്ചുമില്ല. വാലിനെ പേടിയുള്ളവരും ഉണ്ടെന്ന് മനസ്സിലായി.

വാലിന്റെ മഹത്വം മനസ്സിലായത് കോളേജിൽ ചേർന്നപ്പോഴാണ്.

പ്രീ ഡിഗ്രിക്ക് ഫാറൂഖ് കോളേജിലായിരുന്നു. അവിടെ അതിപ്രശസ്തനായ ഒരു നമ്പൂതിരി. മലയാളം പ്രൊഫസറായ എ. പി. പി. നമ്പൂതിരി. നമ്പൂതിരിയായാൽ പേരല്ല വാലാണ് പ്രധാനം എന്ന് തോന്നി. എൻ. എൻ. കക്കാട്. എം.എൻ .പാലൂര് എന്നൊക്കെ പേരും വാലും കളഞ്ഞ് ഇല്ലപ്പേരിലൊതുങ്ങിയ ചില നമ്പൂതിരിമാരെ കേട്ടിട്ടുണ്ട്. എങ്കിലും ഇഷ്ടമായത് എ. പി. പി.യുടെയും ഇ. എം.എസിന്റെയും ലൈനാണ്. അവരെപ്പോലെ പേര് മുറിച്ച് കളഞ്ഞ് വാലിലൊതുങ്ങിപി. പി. നമ്പൂതിരി. നോട്ടു ബുക്കിലെല്ലാം ആ പേര് എഴുതി വച്ചു. അന്ന് കവിതപ്പാടത്ത് വിളവെടുക്കുന്ന കാലമാണ്. ആ പേരിൽത്തന്നെ എഴുതി. ആ വാലിന്റെ ബലത്തിലാണോ എന്നറിയില്ല പല പൊട്ടക്കവിതകളും അച്ചടിച്ചു വരാനും തുടങ്ങി. ജന്മസാഫല്യം കൈവന്ന ആത്മനിർവൃതി.

പിന്നെ അച്ചടിയുടെ ലോകത്ത് പത്രത്തിലായി ജീവിതം. നമ്പൂതിരിയ്ക്ക് വാലാണ് വേണ്ടതെങ്കിൽ റിപ്പോർട്ടർക്ക് ആത്മാവ് ബൈലൈനിനാണ്. ആ ലൈനിലും 'നമ്പൂതിരി' നീണ്ടു നിവർന്നു തന്നെ നിന്നു. അങ്ങനെ മുറിഞ്ഞു പോവാതെ നട്ടുനനച്ചു വളർത്തിയ ആ വാല് ഒരിക്കൽ ആരുമറിയാതെ മുറിഞ്ഞു പോയി. ഒരാശുപത്രിയിലെ നഴ്സാണ് അത് മുറിച്ചു കളഞ്ഞത്. മുറിഞ്ഞു പോയ കാര്യം അറിഞ്ഞതാകട്ടെ ഇയ്യിടെയാണ്.

രണ്ടു വർഷം മുമ്പാണ്. മകന് ഒരു വിദേശ സർവകലാശാലയിൽ ഇന്റേൺഷിപ്പിന് അവസരം ലഭിച്ചു. അയാൾ പാസ്പോർട്ടിന് അപേക്ഷിച്ചു . എസ് എസ് എൽ സി ബുക്ക്, തിരിച്ചറിയൽ രേഖ തുടങ്ങി ചില രേഖകൾ വേണം. അതുമായി പാസ്പോർട്ട് ഓഫീസിലെത്തി.

എസ് എസ് എൽ സി ബുക്കിൽ അച്ഛന്റെ പേര് പദ്മനാഭൻ നമ്പൂതിരി. എന്നാൽ ജനനസർട്ടിഫിക്കറ്റിലോ വാല് മുറിഞ്ഞ വെറും പദ്മനാഭൻ ! രണ്ടും രണ്ടാളാണെന്ന് പാസ്പോർട്ട് ഓഫീസിലെ ഉദ്യോഗസ്ഥർ. ഒന്നുകിൽ എസ് എസ് എൽ സി ബുക്കിലേതു പോലെ ജനനസർട്ടിഫിക്കറ്റ് തിരുത്തുക. അല്ലെങ്കിൽ ജനനസർട്ടിഫിക്കറ്റിലേതു പോലെ എസ് എസ് എൽ സി ബുക്കിലും അച്ഛന് വാലില്ലാതാക്കുക.

വാലില്ലാതാക്കാൻ പത്ത് നാല്പത് കൊല്ലം മുമ്പ് അവസരമുണ്ടായിരുന്നതാണ്.

എസ് .എസ്. എൽ. സി ബുക്ക് തയ്യാറാക്കുന്ന സമയം.

ക്ലാസ് ടീച്ചർ ഒരു കാര്യം



**സമക്ഷത്തിങ്കൽ ദയവുണ്ടായാൽ അത് മാപ്പാക്കിത്തരുമത്രേ.**

അനൗൺസ് ചെയ്തു. പേരിലോ വീട്ടു പേരിലോ ഒക്കെ തിരുത്തൽ വരുത്താനുണ്ടെങ്കിൽ ഹെഡ്മാസ്റ്റർക്ക് അപേക്ഷ നൽകാം. വീരാൻ കുട്ടി അക്ഷരമാലയിലെ അവസാനത്തിൽ നിന്ന് ബീരാൻകുട്ടിയായി മുന്നേറി. വേണമെങ്കിൽ വാല് മുറിയ്ക്കാൻ പറ്റിയ അവസരമാണ്. പിന്നീടാണെങ്കിൽ ഗസറ്റ് നോട്ടിഫിക്കേഷൻ വേണ്ടി വരുമത്രെ. വാല് മുറിച്ച ഉണ്ണികൃഷ്ണൻ നായർ ഉപദേശിച്ചു.

പക്ഷേ, അന്ന് വാല് മുറിയ്ക്കാൻ തോന്നിയില്ല. മൂന്നു കൊല്ലം ബുദ്ധിമുട്ടി ഒപനിച്ചിരുന്നത് അതിനല്ലല്ലൊ. പൂണൂലഴിച്ച് ആണീമ്മേൽ തൂക്കുന്ന പോലെ എളുപ്പമല്ല അത്. മുറിഞ്ഞാൽ മുറിഞ്ഞതു തന്നെ. നമ്പൂതിരിയെന്ന വാലോടെതന്നെ എസ് .എസ്. എൽ. സി ബുക്ക് തയ്യാറായി. ആ വാലാണ് ഇപ്പോൾ പുലിവാലായത്.

ഇപ്പോൾ പറയുന്നത് മകന്റെ എസ് എസ് എൽ സി ബുക്കിൽ നിന്ന് അച്ഛന്റെ വാല് മുറിയ്ക്കാനാണ്.

മകന്റെ എസ് എസ് എൽ സി ബുക്ക് തിരുത്താൻ ഗസറ്റ് നോട്ടിഫിക്കേഷൻ മുതലുള്ള കടമ്പകളുണ്ട്. നിരവധി വട്ടം തിരുവനന്തപുരത്ത് പോവേണ്ടി വരും. മാത്രമല്ല പ്ളസ് ടു സർട്ടിഫിക്കറ്റിലും അതേ തിരുത്ത് വരുത്തണം. അതിലും എളുപ്പം ജനനസർട്ടിഫിക്കറ്റിൽ തിരുത്തുന്നതാണ്. അതാവുമ്പോൾ മുനിസിപ്പാലിറ്റി മാത്രം കനിഞ്ഞാൽ മതി. അങ്ങനെ ചെയ്യാൻ തീരുമാനിച്ചു.

അച്ഛന്റെയും മകന്റെയും എസ് എസ് എൽ സി ബുക്കിന്റെ കോപ്പി സഹിതം വെള്ളക്കടലാസിൽ ഒരപേക്ഷ നൽകിയാൽ അതു പ്രകാരം തിരുത്തി നൽകാവുന്നതേയുള്ളൂ. എന്നാൽ, അത്ര നിസ്സാരമായിരുന്നില്ല അത്. ഒരു മേജർ സർജറിയ്ക്ക് വേണ്ട എല്ലാ പ്രയാസങ്ങളും അനുഭവിക്കേണ്ടി വന്നു അതിന്.

അപേക്ഷ വെള്ളക്കടലാസിൽ പോരാ . 50 രൂപയുടെ മുദ്രക്കടലാസിൽ വേണം. അവിടന്ന് തുടങ്ങി കഷ്ടകാലം. മുദ്രക്കടലാസ് എങ്ങും കിട്ടാനില്ല. പ്രത്യേകിച്ച് 50 രൂപയുടെത്. മാവൂരും ചേവായൂരും എന്നു വേണ്ട സബ് രജിസ്ട്രാർ ഓഫീസ് പരിസരങ്ങൾ മുഴുവൻ അരിച്ചു പെറുക്കി. പലയിടത്തു നിന്നായി എട്ട് സ്റ്റാമ്പ് വേണ്ടർമാരെ കണ്ടു പിടിച്ചു. എങ്ങുമില്ല മുദ്രപത്രം.

മുദ്രപത്രം കിട്ടാതായിട്ട് നാലു മാസമായത്രെ. ഇതിലേറെ തിടുക്കക്കാരായ ചിലർ കൈക്കൂലി പോലും കൊടുക്കാൻ തയ്യാറായി വേണ്ടർമാരെ കാണുന്നുണ്ടത്രെ. 50 രൂപയുടെ മുദ്രക്കടലാസിന് 500 രൂപ കൈക്കൂലി! പാലാഴിയിലെ ഒരു വീട്ടിൽ ഒരു സ്ത്രീ വേണ്ടരുണ്ട്. ചിലപ്പോൾ അവിടെ കിട്ടുമെന്നായി ഒരാൾ. ഒടുവിൽ പാലാഴി കടഞ്ഞ് അത് സംഘടിപ്പിച്ച് തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെത്തി.

ആ മുനിസിപ്പാലിറ്റിയ്ക്ക് കീഴിലാണ് പ്രസവം നടന്നത്.അതുകൊണ്ട് അവിടെ നിന്ന് വേണം സർട്ടിഫിക്കറ്റ് തിരുത്താൻ. എഴുതേണ്ട വാചകം ക്ളാർക്ക് പറഞ്ഞു തന്നു. ''കുട്ടിയുടെ ജനനസർട്ടിഫിക്കറ്റിൽ അച്ഛന്റെ പേര് തെറ്റായി നൽകിയത് മാപ്പാക്കണമെന്നും സമക്ഷത്തിങ്കൽ ദയവുണ്ടായി തിരുത്തി നൽകണമെന്നും'' ആയിരുന്നു വാചകം.

നമ്മൾ എന്തോ വലിയ തെറ്റു ചെയ്ത പോലെ. സമക്ഷത്തിങ്കൽ ദ

യവുണ്ടായാൽ അത് മാപ്പാക്കിത്തരുമത്രേ. തെറ്റു ചെയ്തത് പ്രസവക്കിടക്കയിലെ സമക്ഷത്തുള്ള സ്റ്റാഫ് നഴ്സാണ്.

പ്രസവത്തിന് അഡ്മിറ്റ് ചെയ്ത സമയത്ത് കൂടെ നിന്ന ആരോടോ നഴ്സ് പേര് ചോദിച്ചു . അച്ഛന്റെ പേര് പദ്മനാഭൻ എന്ന് ആരോ പറയുകയും ചെയ്തു. ആ ആശുപത്രി രേഖയാണ് പിന്നീട് മുനിസിപ്പൽ രേഖയായി മാറിയത്. അച്ഛന് വാലുണ്ടോ എന്നും അതു തന്നെയാണോ അച്ഛന്റെ പേരെന്നും ആ സമയത്ത് ആരും തിരക്കിയില്ല.

എന്തായാലും മുനിസിപ്പൽ സമക്ഷത്തിങ്കൽ മുദ്രക്കടലാസിങ്കൽ മാപ്പെഴുതിക്കൊടുത്തു. കുതിരവട്ടം പപ്പുവിനെപ്പോലെ ഇപ്പം ശര്യാക്കിത്തരാം എന്ന് അയാൾ പറയുമെന്ന് കരുതി. പക്ഷേ പറഞ്ഞതിങ്ങനെ:

''ഇനിയും വേണം കുറെ രേഖകൾ . കുട്ടിയുടെയും അച്ഛന്റെയും എസ്. എസ് എൽ സി ബുക്കിന്റെ കോപ്പി , ആധാർ കാർഡിന്റെ കോപ്പി, അപേക്ഷകൻ സ്ഥിരതാമസമാക്കിയ പഞ്ചായത്തിലെ വിശ്വസനീയരായ രണ്ടു വ്യക്തികളുടെ സാക്ഷ്യപത്രം, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, റേഷൻ കാർഡിന്റെ കോപ്പി, ജനനം നടന്ന ആശുപത്രിയിൽ നിന്ന് അച്ഛന്റെ വാല് തുന്നിച്ചേർത്ത തിരുത്തൽ രേഖ......''

ഇതെല്ലാം ഒരു നടയ്ക്ക് തീരുന്നതല്ലെന്ന് ബോദ്ധ്യമായി. എന്നാലും ഓരോ ദിവസം ഓരോന്ന് എന്ന ക്രമത്തിൽ രേഖകൾ ശരിയാക്കാൻ തുടങ്ങി. ജനനം നടന്നത് തളിപ്പറമ്പ് നഴ്സിംഗ് ഹോമിലാണ്. അക്കാലത്ത് അതാണ് അവിടത്തെ പ്രധാന പ്രസവാശുപത്രി. പക്ഷേ, അവിടെ ചെന്നപ്പോൾ തൽസ്ഥാനത്ത് ഒരു ഷോപ്പിംഗ് കോപ്ളക്സാണ് . ആശുപത്രിയുടെ പൊടി പോലുമില്ല കണ്ടു പിടിക്കാൻ.

ഈശ്വരാ!

ഇനിയെന്തു ചെയ്യും?

പ്രസവം നടന്ന ആശുപത്രി പൂട്ടിപ്പോയാൽ എന്തു ചെയ്യണമെന്നറിയാൻ മുനിസിപ്പാലിറ്റിയിൽ അന്വേഷിച്ചു. ആശുപത്രി നിലവിലില്ലെങ്കിൽ അതിന് വഴിയുണ്ട്. ഒരു രൂപ കോർട്ട് ഫീസ്റ്റാമ്പൊട്ടിച്ച് വെള്ളക്കടലാസിൽ സത്യവാങ്മൂലം. കുഞ്ഞ് ജനച്ച ആശുപത്രി അന്യം നിന്ന് പോയിരിക്കുന്നു എന്നാണ് സാക്ഷ്യപ്പെടുത്തേണ്ടത്. എന്തിനും ഏതിനും സത്യവാങ്മൂലമാണ് അവരുടെ ഒറ്റമൂലി. അവിടെ ആശുപത്രി ഉണ്ടോ ഇല്ലയോ എന്ന് മറ്റാരെക്കാളും നന്നായറിയുക മുനിസിപ്പാലിറ്റിക്കാണ്. കെട്ടിട നികുതിയും മറ്റും അവരാണ് വാങ്ങുന്നത്. എന്നാലും സത്യവാങ്മൂലം നമ്മൾ വേണം നൽകാൻ .അതാണ് ചട്ടം.

അതുമായി വീണ്ടും മുനിസിപ്പാലിറ്റിയിലേക്ക്. തന്റെ അറിവിലും ഉത്തമവിശ്വാസത്തിലും പെട്ടേടത്തോളം അസീസ് ഡോക്ടർ എന്നയാൾ പ്രവർത്തിപ്പിച്ചിരുന്ന തളിപ്പറമ്പ് നഴ്സിംഗ് ഹോം എന്ന ആശുപത്രി നിലവിലില്ലെന്ന് ഇതിനാൽ ബോധിപ്പിച്ചു നൽകി. എന്നാൽ അത് അസത്യവാങ്മൂലം ആണെന്നായി നഗരസഭ! പശു ചത്താലും മോരിലെ പുളി പോവാത്തപോലെ ആശുപത്രി അന്യം നിന്നാലും സർട്ടിഫിക്കറ്റ് നശിക്കില്ലത്രെ!!

ആ ആശുപത്രി നാമമാത്രമായി മറ്റൊരു കെട്ടിടത്തിൽ ഒരൊറ്റമുറിയിൽ പ്രവർത്തിക്കുന്നുണ്ട് പോലും. ഇത്തരം പഴയ രേഖകളുടെ ആവശ്യക്കാർക്ക് അതു നൽകാനായി ആഴ്ചയിൽ രണ്ടു ദിവസം അവിടെ കറവയും പുളിച്ച മോര് വീഴ്ത്തലുമുണ്ട്. അങ്ങനെ ആ ഒറ്റമുറിക്കെട്ടിടം കണ്ടെത്തി.

അവർക്കും വേണം ചില രേഖകൾ. 22 വർഷം മുമ്പ് നടന്ന



**ഇക്കണക്കിന് പോയാൽ ഡി.എൻ.എ ടെസ്റ്റ് കൂടി നടത്തി പിതൃത്വ സർട്ടിഫിക്കറ്റ് ഹാജരാക്കാനാവും അടുത്ത നിർദ്ദേശം.**

ആ പ്രസവത്തിലെ കുഞ്ഞിന്റെ ആൾ തന്നെയാണ് അപേക്ഷയുമായി വന്നതെന്ന് അവരെങ്ങനെ മനസ്സിലാക്കും? ചോദ്യം ന്യായം. അതിന് എന്തൊക്കെ വേണമെന്നായി. അന്നത്തെ എന്തെങ്കിലും രേഖ ഉണ്ടെങ്കിൽ നന്ന്. പിന്നെ ജനനസർട്ടിഫിക്കറ്റിന്റെ കോപ്പി. റേഷൻ കാർഡ് കോപ്പി. കുട്ടിയുടെ തിരിച്ചറിയൽ രേഖ.

ഭാഗ്യം!

ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്യുമ്പോൾ അടച്ച ബില്ലുണ്ട്. കുട്ടിക്ക് ആദ്യമായി കുത്തിവെപ്പ് നൽകിയ കടലാസും. അതു മതി. ആ കുഞ്ഞിന്റെ ആളെന്ന് മനസ്സിലാക്കാൻ എന്തെങ്കിലും കടലാസ് ,അത്രയേ വേണ്ടൂ.

അതു നൽകിയപ്പോൾ ആശുപത്രിയുടെ അവശേഷിപ്പിൽ നിന്ന് വാല് തപ്പിയെടുത്തു. അന്നത്തെ തിയ്യതിയിൽ ഇത്രാം നമ്പറായി നടന്ന പ്രസവത്തിൽ ജനിച്ച ആൺകുഞ്ഞിന്റെ അച്ഛന്റെ പേര് വെറും പദ്മനാഭനല്ലെന്നും വാലുള്ള സാക്ഷാൽ നമ്പൂതിരിയാണെന്നും ബോധിപ്പിച്ചു കിട്ടി. ഊക്കും തേവാരോം കൂടി ഉള്ള ആളാണെന്ന് പറയാൻ തോന്നി അപ്പോൾ.

അതുമായി വീണ്ടും നഗരസഭയിലേക്ക്. ഇനിയും വേണം ചിലത്. സ്ഥിരതാമസമുള്ള വില്ലേജ് ഓഫീസിൽ നിന്ന് വൺ ആൻഡ് ദ സെയിം സർട്ടിഫിക്കറ്റ് ! പദ്മനാഭനും പദ്മനാഭൻ നമ്പൂതിരിയും ഒരാളാണെന്ന് വില്ലേജ് ഓഫീസർ സർട്ടിഫൈ ചെയ്യണം.

അത് അങ്ങനെ വെറുതെ ചെയ്യാൻ പറ്റില്ല. വാലോടു കൂടിയ ആധാർ അല്ലെങ്കിൽ വോട്ടർ കാർഡ്. വാലില്ലാതെ അബദ്ധം പറ്റിയ രേഖ , ഇതിൽ പറയുന്ന അച്ഛനും മകനും ഒരില്ലത്തു നിന്നു തന്നെയാണ് ഊണ് കഴിക്കുന്നത് എന്നറിയിക്കാൻ റേഷൻ കാർഡ്...

ഇതെല്ലാമായി വില്ലേജ് ഓഫീസിൽ പോയി. ഇവിടെ ധർമ്മമില്ല എന്ന് പറഞ്ഞ് അവർ മടക്കി. അധികാരപ്പെടുത്തിയ കാരണവർ അക്ഷയ കേന്ദ്രമാണ്. പെരുമണ്ണയിലെ അക്ഷയ കേന്ദ്രത്തിൽ ചെന്നു. അവിടെ പലമാതിരി ധർമ്മക്കാരുടെ തിരക്ക്. കടലാസെല്ലാം കൊടുത്തു.ഫീസും നൽകി. അത് ഇന്റർനെറ്റിലൂടെ വില്ലേജ് ഓഫീസിലെത്തുമത്രെ. ഓഫീസർ തീർപ്പു കല്പിച്ചു

കഴിഞ്ഞാൽ എസ് എം എസ് വഴി മൊബൈലിൽ വിവരമെത്തും. രണ്ടു ദിവസം കഴിഞ്ഞപ്പോൾ എസ് എം എസ് എത്തി. വീണ്ടും അക്ഷയ കേന്ദ്രത്തിൽ ചെന്നു. സർട്ടിഫിക്കറ്റ് അവർ ഡൗൺലോഡ് ചെയ്തു തന്നു.

പെരുമണ്ണ അംശം ദേശത്ത് ശ്രീലകത്ത് കുടികൊള്ളുന്ന പദ്മനാഭനും പദ്മനാഭൻ നമ്പൂതിരിയും ഒരാൾ തന്നെ!

രണ്ടെന്നു കണ്ട ഇണ്ടൽ ഇല്യാണ്ടായി!!

അസ്സല് സർട്ടിഫിക്കറ്റ്. പക്ഷേ, ഒരു കണ്ടീഷൻ. ഈ സർട്ടിഫിക്കറ്റ് തളിപ്പറമ്പ് നഗരസഭയിൽ കുഞ്ഞിന്റെ ജനനസർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്താൻ മാത്രമായി ഒറ്റത്തവണത്തേക്ക് നൽകിയതാകുന്നു. എന്ന് അടിക്കുറിപ്പ്. മുറിഞ്ഞ വാലിന്റെ വിഷയത്തിൽ വേറെ എവിടെയെങ്കിലും ഇത് ഹാജരാക്കാൻ പറ്റില്ലെന്നർത്ഥം. അതിനിടെ മുനിസിപ്പാലിറ്റിയിൽ വിളിച്ചു ചോദിച്ചു. ഇനിയും വല്ല രേഖയും വേണ്ടതുണ്ടോ?

വേണ്ട എന്ന് പറയുമെന്നാണ് പ്രതീക്ഷിച്ചത്. പക്ഷേ, പറഞ്ഞത് ഇങ്ങനെ: ''നഗര സഭ നൽകിയ ഒറിജിനൽ ജനനസർട്ടിഫിക്കറ്റ് കൂടി തിരിച്ചു നൽകണം.''

അമ്പട നഗരസഭേ!

ഇക്കണക്കിന് പോയാൽ ഡി.എൻ.എ ടെസ്റ്റ് കൂടി നടത്തി പിതൃത്വ സർട്ടിഫിക്കറ്റ് ഹാജരാക്കാനാവും അടുത്ത നിർദ്ദേശം. പക്ഷേ, ആവശ്യക്കാരന് ഔചിത്യമില്ലല്ലൊ.

ഒറിജിനൽ ജനനസർട്ടിഫിക്കറ്റിന് ഇനി എവിടെപ്പോവും. അത് കുട്ടിയെ എൽ.കെ. ജിയിൽ ചേർക്കുമ്പോൾ സ്കൂളിൽ നൽകിയതാണ്. തിരിച്ചു കിട്ടിയിട്ടില്ല. ജനനതീയതി എസ്.എസ്. എൽ.സി ബുക്കിൽ ഉള്ളതിനാൽ ഇനി അതിന്റെ ആവശ്യം വരില്ലെന്നും വിചാരിച്ചു. പക്ഷേ, അതൊന്നും മുനിസിപ്പാലിറ്റിക്ക് ബോദ്ധ്യമായില്ല. ഒറിജിനൽ ജനനസർട്ടിഫിക്കറ്റ് കിട്ടിയേ തീരൂ.

അത് കിട്ടിയില്ലെങ്കിലും ഒരു വഴിയുണ്ടാവണമല്ലൊ. അതെന്താണ്. അവരോടു തന്നെ ചോദിച്ചു.

വഴിയൊക്കെയുണ്ട്. വഴിയില്ലാത്ത ഒരു കാര്യവും സർക്കാരിലില്ല. സർട്ടിഫിക്കറ്റ് കളഞ്ഞു പോയെങ്കിൽ അക്കാര്യം കാണിച്ച് നോട്ടറി പബ്ളിക് സാക്ഷ്യപത്രം നൽകണം. അതാണ് വഴി.

നോട്ടറി പബ്ളിക് എന്നു പറയുന്നത് പ്രത്യേക ജനുസ്സ് വക്കീലാണ്. അതാത് കാലത്ത് ഭരണകക്ഷിയിൽ പിടിപാടുള്ള വക്കീലൻമാർക്ക് നൽ

**കലിയുഗത്തിൽ ഭാരതഖണ്ഡത്തിൽ ജനിക്കാനും മനുഷ്യജന്മം ലഭിക്കാനും അതിൽത്തന്നെ ബ്രാഹ്മണകുലത്തിൽ പിറക്കാനും ഭാഗ്യം സിദ്ധിക്കുന്നത് ജന്മാന്തര സുകൃതം ഉള്ളവർക്ക് മാത്രമാണെന്ന് പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. ചില പഴഞ്ചൊല്ലിലെല്ലാം സാമാന്യം നല്ല പതിരുണ്ടെന്ന് തോന്നാൻ തുടങ്ങി. ഇമ്മാതിരി വാലിന്മേൽ ശസ്ത്രക്രിയ അവർക്കൊന്നും വേണ്ടി വന്നിരിക്കില്ല.**



കുന്ന ലൈസൻസ്. നമ്മൾ പറഞ്ഞാൽ കളവായി ഗണിക്കുന്ന കാര്യം നോട്ടറി ഒപ്പിട്ടു നൽകിയാൽ സത്യമായി മാറും.അത്രയ്ക്ക് സിദ്ധിയുണ്ട് നോട്ടറിയ്ക്ക്.

കളവിനെ സത്യമാക്കാൻ സർക്കാർ ലൈസൻസ് കൊടുത്ത് ആളെ വയ്ക്കുന്നു. നമ്മൾ സത്യം പറഞ്ഞാൽ പോലും വിശ്വസിക്കാൻ സർക്കാർ തയ്യാറുമല്ല.

കലിയുഗത്തിൽ ഭാരതഖണ്ഡത്തിൽ ജനിക്കാനും മനുഷ്യജന്മം ലഭിക്കാനും അതിൽത്തന്നെ ബ്രാഹ്മണകുലത്തിൽ പിറക്കാനും ഭാഗ്യം സിദ്ധിക്കുന്നത് ജന്മാന്തര സുകൃതം ഉള്ളവർക്ക് മാത്രമാണെന്ന് പഴമക്കാർ പറഞ്ഞു കേട്ടിട്ടുണ്ട്. ചില പഴഞ്ചൊല്ലിലെല്ലാം സാമാന്യം നല്ല പതിരുണ്ടെന്ന് തോന്നാൻ തുടങ്ങി . ഇമ്മാതിരി വാലിന്മേൽ ശസ്ത്രക്രിയ അവർക്കൊന്നും വേണ്ടി വന്നിരിക്കില്ല.

ഇനി രണ്ട് മാർഗ്ഗമാണ് മുന്നിലുള്ളത്. ഒന്നുകിൽ ഒരു നോട്ടറി പബ്ളിക്, അല്ലെങ്കിൽ പഴയ സ്കൂൾ. പരിചയത്തിലുള്ള ചിലരോട് ചോദിച്ചു. ടൗണിൽ ഒരു നോട്ടറിയുണ്ട്. നമ്മുടെ കയ്യിലെ ഒറിജിനൽ ജനനസർട്ടിഫിക്കറ്റ് കൈമോശം വന്നു പോയി എന്ന് അയാൾ സാക്ഷ്യപത്രം ഒപ്പിട്ടു തരികയാണ് വേണ്ടത്. എത്ര ആലോചിച്ചിട്ടും അതിന്റെ യുക്തി പിടി കിട്ടിയില്ല. സർട്ടിഫിക്കറ്റ് മോഷണം പോയി എന്നു കാണിച്ച് പോലീസ് സ്റ്റേഷനിൽ പരാതി നൽകി എഫ് .ഐ.ആറിന്റെ കോപ്പിയുമായി ചെല്ലാൻ പറഞ്ഞാൽ വീണ്ടും നടത്തം തന്നെ. അതിലും ഭേദം മകനെ എൽ.കെ.ജിയിൽ ചേർത്ത പഴയ സ്കൂളിൽ പോവുന്നതാണ്.

നെല്ലിക്കോട്ടെ ചിന്മയ വിദ്യാലയയിൽ ചെന്നു. പ്രിൻസിപ്പൽ പഴയ പരിചയം പുതുക്കി.

യൂണിഫോമിന് ക്യൂനിൽക്കുന്ന വരെ വകഞ്ഞു മാറ്റി അകത്ത് കയറി. എല്ലാറ്റിനും കൂടി ഒരാളേയുള്ളൂ. രണ്ടു ദിവസം കഴിഞ്ഞ് വന്നാൽ തിരക്കൊഴിയും .നോക്കി വയ്ക്കാമെന്നായി ഓഫീസ് ക്ളാർക്ക്. ഒരാഴ്ച കഴിഞ്ഞ് ചെന്നപ്പോൾ അയാൾ പഴയൊരു ഫയൽ കൊണ്ടു വന്നു. അതിലുണ്ടെങ്കിൽ നോക്കിയെടുക്കാം.

മുന്നൂറോളം പഴയ സർട്ടിക്കിക്കറ്റുകൾ. തൊട്ടാൽ കീറുന്ന പരുവം. നിറയെ പൊടി.

ഒരു ടവ്വലെടുത്ത് മൂക്കിൽക്കെട്ടി.

രണ്ടു മണിക്കൂർ കഴിഞ്ഞു. തിരച്ചിൽ അവസാനിപ്പിക്കാമെന്ന് വച്ചു. ആ ക്ളാർക്ക് ഇടക്കിടെ നോക്കുന്നുണ്ട്. എങ്ങനെയുണ്ട് തിരച്ചിൽ എന്ന മട്ടിൽ. പെട്ടെന്നതാ ആ പഴയ സർട്ടിഫിക്കറ്റ്. മുനിസിപ്പാലിറ്റി നൽകിയ വാലില്ലാത്ത പദ്മനാഭൻ. അത് തപ്പിയെടുത്ത് കോഴിക്കോട് നിന്ന് വീണ്ടും തളിപ്പറമ്പിലേക്ക്. ഇത്തവണ മുടന്തൻ ന്യായങ്ങൾ ഒന്നുമുണ്ടായില്ല. വാല് തുന്നിച്ചേർത്ത സർട്ടിഫിക്കറ്റിന് വേണ്ടി ഓഫീസിൽ കാത്തു നിന്നപ്പോൾ അയാൾ പറഞ്ഞു. പുതിയ സർട്ടിഫിക്കറ്റ് നേരിൽ തരില്ല. സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. രണ്ടാഴ്ച സമയമെടുക്കും. അതാണ് ഓപ്പറേഷൻ കഴിഞ്ഞാൽ നല്ലരിക്കയുടെ സമയം.

സംഗതി ഉറപ്പാക്കണമല്ലൊ. രണ്ടാഴ്ച കഴിഞ്ഞ് സർക്കാറിന്റെ സൈറ്റിൽ കയറി തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെത്തി. ജനനതീയതിയും അമ്മയുടെ പേരും വച്ച് സെർച്ച് ചെയ്തു. സർട്ടിഫിക്കറ്റ് അതാ ഡൗൺലോഡ് ആയി വരുന്നു. അച്ഛന്റെ പേര് നോക്കി. അവിടെയതാ അസ്സല് വാല് നീണ്ട് നിവർന്നിരിക്കുന്നു. കുട്ടിക്കാലത്ത് വാലില്ലാത്ത ഇലക്കോണകത്തിനു പകരം നല്ല പട്ടുകോണകം കിട്ടിയ സുഖം തോന്നി അപ്പോൾ.

●

ഓർമ്മ

# കൽച്ചട്ടിയിലെ ചോറുരുള



**മല്ലിക**
നാറാണിയാട്ട് ഇല്ലം

മഴ തിമർത്ത് പെയ്യുന്നു. ഇക്കൊല്ലം ചിങ്ങത്തിലാണല്ലോ നല്ല മഴ. ഭാരതപ്പുഴയുടെ ഇരുകരയും തൊട്ടു കവിഞ്ഞൊഴുകുന്ന ദൃശ്യം ടി.വിയിൽ കണ്ടപ്പോഴാണ് ഞാൻ ആ പഴയ കാല ഓർമ്മയിലേക്ക് പോയത്.

എന്തൊരു ചിട്ടയോടെയായിരുന്നു ദിവസങ്ങൾ കഴിഞ്ഞുപോയിരുന്നത്. ഞങ്ങൾ താമസിച്ചിരുന്ന ഇല്ലം പാടത്തിനടുത്തായിരുന്നു. പാടത്തിന്റെ നടുവിൽകൂടി വരമ്പ്, പിന്നെ ചെറിയ തോട്, അതു കഴിഞ്ഞായിരുന്നു നാലാം ക്ലാസുവരെയുള്ള സ്കൂൾ. ചിങ്ങമാസത്തിൽ പാടത്ത് ഞാറ് നട്ട് അവസാനിക്കുന്നിടത്ത് പൂക്കളം ഉണ്ടാക്കി പണിക്കാർ പണികഴിഞ്ഞു പോകുന്ന കാഴ്ച എന്തൊരു രസമാണ്. ചെണ്ടുമല്ലിപ്പൂക്കളെക്കൊണ്ട് വട്ടത്തിൽ പൂവിട്ട് നടുവിൽ ഈർക്കലിൽ പൂക്കൾ കുത്തി നിർത്തും. അതുപോലെത്തന്നെയാണ് പാടം നിറയെ കതിർ നിറന്ന ആ വരമ്പത്തു കൂടെയുള്ള സ്കൂൾ യാത്ര. കൊയ്തു കഴിഞ്ഞ് കറ്റയും ചുമന്ന് പണിക്കാർ ചെമ്മിണിക്കാവിലെ കൂത്തുമാടത്തിൽ മെതിച്ച് നെല്ല് കൂമ്പാരത്തോടെ കൂട്ടിയിട്ടിരിക്കുന്നത് കാണുന്നത് നല്ലൊരു കാഴ്ചയായിരുന്നു. വൈകുന്നേരം കാവിൽ തൊഴാൻ പോകുമ്പോൾ വൈക്കോലിൽ കിടന്നു മറിഞ്ഞു കളിക്കുന്ന കുട്ടികൾ, കൊയ്തു കഴിഞ്ഞ പാടത്തു മേയുന്ന പശുക്കൾ. അന്നൊക്കെ പശുക്കളെ രാവിലെ മേയാൻ വിടും. അവ തനിയെ വന്ന് തൊഴുത്തിൽ കയറി വെള്ളം കുടിയ്ക്കും എന്തൊരനുസരണയോടെയാണ് പശുക്കൾ.

റെയിൽപ്പാളം കടന്ന് പറളിപ്പുഴ മുറിച്ചു വേണം ഹൈസ്കൂളിലേയ്ക്കുള്ള യാത്ര. അന്നൊക്കെ ഭാരതപ്പുഴ കവിഞ്ഞൊഴുക്കാത്ത കാല വർഷം ഉണ്ടായിരുന്നില്ല. പിന്നീട് നിളയെ കണ്ടിട്ട് സങ്കടം ഉണ്ടായിട്ടുണ്ട്. നടുവിൽ നീർച്ചാലുപോലെ ഒഴുകുന്ന പുഴ, അങ്ങിങ്ങായി പുല്ലുകൾ. എന്തോ, ഇപ്പോൾ കവിഞ്ഞൊഴുകുന്ന ഭാരതപ്പുഴയുടെ ദൃശ്യം കണ്ടപ്പോൾ ആ പഴയകാലം ഓർത്തുപോയി.

അതുപോലെ പിറന്നാൾ ദിവസം സ്കൂളിൽ നിന്ന് ഉച്ചയ്ക്ക് ഭക്ഷണം കഴിക്കാൻ വരും. അന്ന് പിറന്നാളിന് പുതിയ ഉടുപ്പുകളോ, കേയ്ക്ക് മുറിക്കലോ ഒന്നും ഉണ്ടായിരുന്നില്ല. എല്ലാവരും കൂടിച്ചേർന്ന് ചെറിയ സദ്യയുണ്ടാക്കി ഉച്ചയൂണ്. എന്തൊരു സന്തോഷമായിരുന്നു പിറന്നാൾ ദിവസം. അന്നു വൈകുന്നേരം സ്കൂൾ വിട്ടുവരുമ്പോഴേയ്ക്കും കാളൻ ഉണ്ടാക്കിയ കൽച്ചട്ടിയിൽ ചോറ് കുഴച്ച് ഉരുളകളാക്കിവയ്ക്കും. ഓരോ ഉരുളയും അമ്മ കൈയ്യിൽ വച്ചു തന്നിരുന്ന ആ ഓർമ്മയും രുചിയും ഇന്നും മനസ്സിൽ നിന്നും നാവിൽ നിന്നും പോയിട്ടില്ല.

# ദശാവതാര കീർത്തനം





**പാർവ്വതി കേശവൻ നമ്പൂതിരി**
നരിയങ്ങൽ തലപ്പണ ഇല്ലം

നാരായണാ ഹരേ നാരായണാ ഹരേ...
നാരായണാ ഹരേ നാരായണാ...
ഈരേഴു ലോകവും പാലിയ്ക്കും താവക-
പാരിലവതാരം പത്തും ചൊല്ലാം
വേദം ഹരിച്ചൊരു ദാനവനെ കൊല്ലാൻ
ഒന്നാമവതാരം **മീന**മായീ... (നാരായണാ...)
മന്ദമായ് മന്ദരം പാലാഴീലാണ്ടപ്പോൾ
രണ്ടാമവതാരം **കൂർമ്മ**മായി (നാരായണാ...)
ആണ്ടുപോം ക്ഷോണിയെ വീണ്ടെടുത്തീടുവാൻ
മൂന്നാമവതാരം **സൂകര**മായ്... (നാരായണാ..)
ഭക്തനാം പ്രഹ്ലാദ ബാലനെ രക്ഷിപ്പാൻ
നാലാമതു **നരസിംഹ**മായീ... (നാരായണാ..)
ഇന്ദ്രനുവേണ്ടി മഹാബലിയെത്താഴ്ത്താൻ
അഞ്ചാമവതാരം **വാമനനായ്**... (നാരായണാ..)
ക്ഷത്രിയ ദർപ്പത്തെപ്പാടെയകറ്റുവാൻ
ആറാമവതാരം **ഭാർഗ്ഗവനായ്**.. (നാരായണാ..)
രാത്രിഞ്ചര കുലനാശം വരുത്തുവാൻ
ധർമ്മരക്ഷാർത്ഥം നീ **ശ്രീരാമനായ്**... (നാരായണാ..)
ആനർത്ത രാജാവിൻ പുത്രിയെ വേൾപ്പാനായ്
കൃഷ്ണ സഹജൻ **ബലരാമനായ്** (നാരായണാ..)
ഭൂഭാരം തീർക്കാനും കംസനെക്കൊല്ലാനും
പൂർണ്ണമവതാരം **കൃഷ്ണനായീ**... (നാരായണാ..)
ഭാരതയുദ്ധത്തെ പാടെ നയിച്ചതും
സാധു സംരക്ഷണം ചെയ്തതും നീ...
ഗീതയാം ദിവ്യാമൃതം തന്നു ഞങ്ങളെ-
നേരെ നയിച്ചൊരെൻ തമ്പുരാനെ...!
എത്രയുമത്ഭുതം നിൻ ചരിതങ്ങൾ ഹാ!
പത്മ വിലോചനാ പാഹി പാഹി...
കാലം കലികാലം മൂത്താലോ ഭാവിയിൽ
പ്പാലനം ചെയ്യും നീ **ഖഡ്ഗി**യായി
നാരായണാ ഹരേ നാരായണാ...
നാരായണാ ഹരേ നാരായണാ...



**ആറ്റൂർ രവിവർമ്മയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ**

എഴുത്തച്ഛൻ പുരസ്കാരം @ പ്രേംജി പുരസ്കാരം @ കേരള സാഹിത്യ അക്കാദമി അവാർഡ് @ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് @ ഉള്ളൂർ അവാർഡ് @ ചെന്നൈ ആശാൻ സമിതിയുടെ ആശാൻ പുരസ്കാരം@ പി.കുഞ്ഞിരാമൻ നായർ പുരസ്കാരം@ കേന്ദ്രസാഹിത്യ അക്കാദമിയുടെ വിവർത്തന പുരസ്കാരം @ ഇ.കെ.ദിവാകരൻ പോറ്റി പുരസ്കാരം

**ആറ്റൂർ രവിവർമ്മയെപ്പറ്റി ചിലർ പറഞ്ഞത്:**

എന്റെ തലമുറയിൽപ്പെട്ട എത്ര കവികളുടെ കവിതകൾ നിലനിൽക്കും എന്നെനിക്കറിഞ്ഞുകൂടാ. സുഗതകുമാരിയുടെ കുറച്ചു കവിതകൾ നിലനിൽക്കും. തീർച്ച. അതുപോലെ ആറ്റൂർ രവിവർമ്മയുടെ ഏതാനും കവിതകളും

**എൻ.എൻ.കക്കാട്**

ഒരു തിടമ്പിനും കുനിക്കാത്ത ശിരസ്സോടെ, ഒരു ക്ഷയത്തിലും പതിക്കാത്ത മനസ്സോടെ, തന്റെ അനുഭവങ്ങളുടെ നേർവരപിടിച്ചുള്ള ഒരു ഒറ്റയാൻ സഞ്ചാരമാണ് ആറ്റൂർ തുടർന്നുവരുന്ന കാവ്യജീവിതം

**കെ.സി.നാരായണൻ**

ആറ്റൂർ രവിവർമ്മയാണ് എനിക്കു ഹിമാലയത്തിന്റെ വലിപ്പം കാണിച്ചു തന്നത്. വലിപ്പത്തിന്റെ വലിപ്പം കണ്ട് ഞാനന്തംവിട്ടു. 'ഇവ മാനദണ്ഡ' എന്നവസാനിക്കുന്ന കാളിദാസ കൽപ്പനയുടെ സാധുത ഞാൻ തിരിച്ചറിഞ്ഞു

**കൽപ്പറ്റ നാരായണൻ**

# ഒരു ഓൾഡ് അങ്കിളിന്റെ പ്രശംസ

മൂന്നു കൊല്ലം മുമ്പാണ്. ആറ്റൂരിലെ മുണ്ടയൂർ ഇല്ലത്ത് ഒരു കുടുംബസംഗമം നടന്നു. നമ്പൂതിരി അല്ലെങ്കിലും ആ കുടുംബത്തിലെ അംഗമാണ് പ്രമുഖകവി ആറ്റൂർ രവിവർമ്മ. അദ്ദേഹത്തിന് സംസ്ഥാന സർക്കാരിന്റെ ഏറ്റവും വലിയ സാഹാത്യപുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരം കിട്ടിയ സമയം.രവിവർമ്മയുമുണ്ടായിരുന്നു ആ സംഗമത്തിന്. അത് കഴിഞ്ഞ് ഒരു സ്മരണികയിറക്കാൻ പരിപാടിയിട്ടു. അതിൽ ആറ്റൂരിനെപ്പറ്റി നല്ലൊരു കുറിപ്പ് തയ്യാറാക്കണം. ആരെ ഏല്പിക്കും ആ നിയോഗം?

മുണ്ടയൂരിലെ മരുമകനായ നാറണിയാട്ടെ ശ്രീജിത്തിന്റെ പത്നി ശ്രീഭ ചിലതൊക്കെ എഴുതുന്ന കൂട്ടത്തിലാണെന്ന് ആരോ പറഞ്ഞു. കോളേജിൽ പഠിക്കുമ്പോൾ കവിതയെഴുത്തിന്റെ അസുഖം ഉണ്ടായിരുന്നു എന്നതൊഴിച്ചാൽ വല്യ സാഹിത്യമൊന്നും ശ്രീഭയ്ക്കില്ല. മഹാകവി പി.കുഞ്ഞിരാമൻ നായരെക്കുറിച്ച് ആറ്റൂർ രവിവർമ്മയെഴുതിയ മേഘരൂപൻ വായിച്ചിട്ടുണ്ട്. അതല്ലാതെ ആറ്റൂരിനെപ്പറ്റി അത്രയൊന്നും അറിയില്ല. സംക്രമണവും അർക്കവും മറ്റും വായിച്ച് ഒന്നും പിടികിട്ടാത്ത മറ്റുള്ളവരേക്കാൾ ഭേദം ഈ കുട്ടി തന്നെ . അങ്ങനെ ആ നിയോഗം ശ്രീഭയ്ക്കായി. ആറ്റൂർ കവിതകളുടെ മൂന്നു വാല്യങ്ങളും അരിച്ചുപെറുക്കി വായിച്ചു. അല്ല, ആസ്വദിച്ചു. ആറ്റൂരിന്റെ നിലവാരത്തിൽ ത്തന്നെ.



**എ.ബി. ശ്രീഭ**

അങ്ങനെ പിറന്നു വീണതാണ് ഇത്.

ഇപ്പോൾ കേരള സർവകലാശാലയിൽ ഫിസിക്സിൽ പി.എച്ച് .ഡി. ചെയ്യുന്ന ശ്രീഭ കവിതയുടെ വഴിയിലൂടെയല്ല അധികവും സഞ്ചരിച്ചത്. ഫിസിക്സ് ആണ് പഠനമേഖല. കുസാറ്റിൽ നിന്ന് എം.ഫിൽ . മാലിയംകര എസ് എൻ കോളേജിൽ നിന്ന് എം.എസ്. സി. മൂവാറ്റുപുഴ നിർമ്മല കോളേജിൽ നിന്ന് ഫിസിക്സ് ബി.എസ് .സി . ഇരിങ്ങാലക്കുട സെന്റ് ജോസഫ്സിൽ നിന്ന് പ്രീഡിഗ്രി. ഇങ്ങനെയുള്ള ഒരു കാലത്തും പാഠപുസ്തകത്തിൽപ്പോലും മലയാളം പഠിച്ചിട്ടുമില്ല. ഇടക്കാലത്ത് തിരുവനന്തപുരം ടെക്നോപാർക്കിൽ ഉദ്യോഗത്തിലിരിക്കുമ്പോൾ പോലും.

കവിതയുമായും സംസ്കൃതവുമായും മൽപ്പിടുത്തം നടന്നത് അതിനും മുമ്പാണ്.

ഇരിങ്ങാലക്കുട ലിറ്റിൽ ഫ്ളവറിൽ സ്കൂൾ വിദ്യാർത്ഥി ആയിരിക്കുമ്പോൾ.

അമ്പലത്തിനടുത്താണ് ശ്രീഭയുടെ ഇല്ലമായ ആത്രശ്ശേരി മന. അവിടെ അടുത്ത് സംസ്കൃത പണ്ഡിതനായ ഒരു നമ്പ്യാർ മാഷ് ഉണ്ടായിരുന്നു. രാവിലെ മൂന്നു മണിക്ക് കുളിച്ച് അമ്പലത്തിൽ തൊഴാനെത്തുന്ന മാഷ് നാലു മണിയോടെ നമ്പിമഠത്തിൽ തിരിച്ചെത്തും. ഒപ്പം ശ്രീഭയെന്ന പത്തു വയസ്സുകാരി കുട്ടിയെയും കൂട്ടും . പിന്നെ രാവിലെ ആറു മണി വരെ സംസ്കൃതമാണ്. ശ്രീരാമോദന്തവും സിദ്ധരൂപവും കാവ്യങ്ങളും അക്ഷരശ്ളോകങ്ങളും. സരസ്വതീയാമത്തിലെ ആ സംസ്കൃതപഠനം വഴിത്തിരിവായി.

ചെങ്ങമനാട്ട് ദാമോദരൻ നമ്പ്യാർ അക്കാലത്ത് പേരുകേട്ട അക്ഷരശ്ളോക വിദഗ്ദ്ധനാണ്. അദ്ദേഹത്തിന്റെ വിജയഭാരതി അക്ഷരശ്ളോകവേദി അതിപ്രശസ്തവും. മഹാകവി വൈലോപ്പിള്ളിയും മറ്റും ആ വേദിയിലെ സാന്നിദ്ധ്യമായിരുന്നു. നമ്പ്യാരും അവരുടെശിഷ്യ ചന്ദ്രകടീച്ചറും മറ്റും ശ്രീഭയെ ശ്ളോകത്തിന്റെ വഴിയിലൂടെയും കുറെ നയിച്ചു. കവിത കണ്ടാൽ വൃത്തം തിരിച്ചറിയാവുന്ന അവസ്ഥയുമായി. കേവലം ഒരു കാവ്യാസ്വാദനക്കുറിപ്പു

പോലും ഇങ്ങനെ ഛന്ദോബദ്ധമായി അനുഷ്ഠുപ്പിൽ ഒഴുകി വരാൻ മറ്റൊന്നല്ല കാരണം.

ശാർദ്ദൂലവിക്രീഡിതത്തിൽ നീട്ടി പ്പരത്തി ഏത് അക്ഷരശ്ലോകക്കാരനും എന്തെങ്കിലുമൊക്കെ എഴുതാൻ പറ്റും. പക്ഷേ, ഭൂപടം ചൂണ്ടി രാമയ്യർ ക്ളാസി ലെത്തിച്ച ഭൂമിയിൽ കാണുന്നൂ ലോക മിപ്പോഴും എന്നൊക്കെ അനുഷ്ഠുപ്പിൽ കാച്ചിക്കുറുക്കാൻ.... അത് അത്രയ്ക്ക് എളുപ്പമല്ല. അതാണ് കവിതയുടെ ഊർ ജതന്ത്രം.

'മീനച്ചിലാറിന്നറിയില്ല, നീന്തൽക്കു ളം പോലൊരുങ്ങാനും, തണ്ണീർക്കുഴലാ യ് മെരുങ്ങാനും, തെക്കുപടിഞ്ഞാറൻ കാറ്റിനു മേശപ്പങ്കയായ് കറങ്ങാനും' എന്ന് സ്വന്തം കവിതയെ നിർവചിച്ച ആളാണ് ആറ്റൂർ. അങ്ങനെയുള്ള ആറ്റൂരിനോട്, ശേഷിയറ്റൊരു നാവാ ലാക്കഴമ്പൂറ്റി രുചിക്കുവാൻ ഗ്രഹിക്കാം സാദരം മാലാമേകാമാകുംവിധം മയാ എന്നൊക്കെ പറയാൻ മേശപ്പങ്കയെങ്കി ലും ആവേണ്ടതുണ്ട്.

'ഒരു പൂവിന് എത്രവട്ടത്തിൽ വാസ നപരത്താനാകും, ഒരു മൂക്കിനു ചുറ്റും' എന്നാണ് ആറ്റൂർ എഴുതിയത്. സഹ്യ നേക്കാൾ തലപ്പൊക്കത്തിൽ ആറ്റൂരിന് വായനപരത്താനായത് എങ്ങനെയെന്ന് ഈ വരികളിൽ വായിക്കാം.

സ്വസ്തി പോലൊരു പ്രസിദ്ധീക രണത്തിലെ എഴുത്ത് ഒരു മൂക്കിനു ചുറ്റും മാത്രം പരത്തുന്ന വാസനയാണ്. എന്നിട്ടും പ്രസിദ്ധീകരിക്കാനായി ഇതു പോലൊരു കാവ്യകൗതുകം അയച്ചു കിട്ടിയപ്പോൾ അന്വേഷിക്കാതിരിക്കാൻ കഴിഞ്ഞില്ല . ആ കൃതിയുടെ പിന്നിൽ ആരെന്നും അത് എഴുതാനുണ്ടായ പ്രേരണ എന്തെന്നും. സ്വസ്തിയുടെ ഏ റ്റവും വലിയ അഭ്യുദയകാംക്ഷി കൂടിയാ യ നാറണിയാട്ടെ ( ഫറോക്ക് ഉപസഭ ) ദാമോദരൻ നമ്പൂതിരിയുടെ പുത്രവധു വാണ് ശ്രീഭ. ഭർത്താവ് ശ്രീജിത് തിരുവ നന്തപുരത്ത് കമ്പനി സെക്രട്ടറിയായി ജോലി ചെയ്യുന്നു.

ഒരനുബന്ധം കൂടി. അന്നത്തെ ആ സ്മരണിക പുറത്തിറങ്ങിയില്ല. ആറ്റൂരിന്റെ കവിതയെക്കുറിച്ചുള്ള കാവ്യാസ്വാദനം വെളിച്ചം കണ്ടതുമി ല്ല, എന്നാൽ ആറ്റൂർ രവിവർമ്മയ്ക്ക് മുണ്ടയൂരിലെ ശ്രീധരൻ നമ്പൂതിരി ഇത് സമ്മാനിച്ചു. മറുപടി വന്നത് ശ്രീഭയ് ക്കാണ് ഈ മെയിൽ വഴിയായി. തന്റെ കവിതയ്ക്കു നേരെ മനോഹരമായി പൊയറ്റിക് റിയാക്ഷൻ നടത്തിയതിന് നന്ദി!

thank you very much for your nice poetic reactions to my poems Attoorravivarmma (an old uncle)

ആ മനോഹരമായ വരികൾ ഇതോടൊ പ്പം ചേർക്കുന്നു.

## എ.ബി. ശ്രീഭ

### ആമുഖപഞ്ചകം

തെല്ലുമേ ജ്ഞാനമില്ലെന്നാൽ
ഹസിയ്ക്കില്ലാരുമൊട്ടുമേ!
അജ്ഞതയ്ക്കത്ര പാവത്തം
ഹാസ്യമല്പജ്ഞതയ്ക്കഹോ!!
സാധുത്വമെന്നിലും കണ്ടാ
ലേറ്റിടാം ശങ്കയെന്നിയേ
കാവ്യപാനമിദം ദൗത്യം
സാദരം കൂപ്പുകയ്യുമായ്
പദ്യസൂനങ്ങൾകോർത്തീടും
മൂന്നുഹാരങ്ങളെത്രയും*
വിസ്മയം മേളനം ചെയ്വൂ
ആറ്റൂരിൻ കാവ്യസഞ്ചയേ
മലർകൾക്കുണ്ടു വൈവിദ്ധ്യം
തെളിവാർന്ന ദളങ്ങളും
ഗന്ധപൂരിതവർണ്ണങ്ങൾ
ക്കേറെ മത്തു രസത്തിനും
ശേഷിയറ്റൊരു നാവാലാ
ക്കഴമ്പൂറ്റി രുചിക്കുവാൻ
ഗ്രഹിക്കാം സാദരം മാലാ
മേകാ*മാകും വിധം മയാ

### ആസ്വാദന ദശകം

**മധുരം:**
തെളിയും മധുരത്തിങ്കൽ
മാന്യതയ്ക്കും നിരർത്ഥത
പായസോന്മത്തമാം ഹൃത്തിൽ
ശൂന്യമാകൂ കളങ്കമേ
നഗരത്തിൽ ഒരു യക്ഷൻ:
രാഗവും വിരസം ചിത്രം
യക്ഷനാം ജീവയാത്രയിൽ
പ്രവാസേ വിരഹം നൽകു
ന്നൻപോലും സ്നേഹമാനസം
**ഭാരതദർശൻ:**
ഭൂപടം ചൂണ്ടിരാമയ്യർ
ക്ളാസിലെത്തിച്ച ഭൂമിയിൽ
കാണുന്നൂ ലോകമിപ്പോഴും
കാവ്യസങ്കല്പമേ ദൃഢം.
**പേടി:**
ധ്വനിപ്പൂ പേടിയിൽ ബിംബം
മൂകമവ്യക്തമെങ്കിലും
കേൾക്കുന്നൂ നിസ്വനം പിന്നിൽ
ക്കൂടുന്നെപ്പോഴുമെന്തിനോ?
**അവൻ ഞാനല്ലോ:**
ഞാനാണവനിലേകാകീ
വിരസീ വ്യർത്ഥ കർമ്മിയും
ഇരുളാം ഭീതികൾചുറ്റും
പറ്റുന്നില്ലാ കരേറുവാൻ
**ഭ്രാന്ത്:**
മൃത്യുവാമൊരനൗചിത്യൻ
ഭ്രാന്തിയിൽദർശിതൻ,തഥാ
ഭീതിയാർന്നു വഹിപ്പൂ ഞാൻ
ചോരവാർന്ന ദിനങ്ങളെ.
**മേഘരൂപൻ:**
സ്വൈര്യമായലയും, ചാർത്തും
കളഭം കൈരളിയ്ക്കവൻ
നമിപ്പൂ നാട്യമോരോന്നിൽ
ക്കീഴ്പ്പെടാ മേഘരൂപനെ.
**ക്ളാസിൽ:**
രമിയ്ക്കും ക്ളാസിലുച്ചയ്ക്കാ
കാവ്യപശ്ചാത്തലങ്ങളിൽ
വന്നു പോകുന്നു യാഥാർത്ഥ്യ
മെന്നാലും സ്വപ്നമേ സുഖം.
**നിത്യവിരഹം:**
വീണുപോയ് ഭുവി നാകത്തിൽ
നിന്ന് ശാപ വിരൂപനായ്
കീഴടക്കി ജയിച്ചൂ പാ
രൊക്കെയെന്തിനഹം വൃഥാ?
**യാത്ര:**
പദയാനം സുഖം; വേണ്ടും
നാളേയ്ക്കാരോഗ്യദായകം
ആസ്വാദ്യമേറ്റവും ചെമ്മേ
ദിനത്തിൽ സ്വാസ്ഥ്യമുള്ളതാം
**അർക്കം:**
അറിയും ഞാനന്യാത്മാനം
തിരിയാ സ്വീയമുൺമയെ
ഇല്ലാ ഞാനെന്ന ഭാവത്താൽ
സർവം കാണ്മൂ മുഖം മമ.
**സ്വകാര്യം:**
സ്വകാര്യം ചിന്തനം ഗൂഢം
സ്വത്വ സത്യത്തെ വീക്ഷണം
വേറിട്ട യാത്രികൻ താണ്ടും
പന്ഥാവാണതു വിസ്മയം.

### ഉപസംഹാര ഷഡ്കം:

നൂനമേതൊരു വ്യാഖ്യാന
ത്തിന്നതീത മഹാസരിത്
സാഗരം, വിസ്മയം നൽകും
സഞ്ചയം കാവ്യകൗതുകം.
സാനന്ദമുണ്ടു ഞാൻ പൂന്തേ
നാവോളമെങ്കിലും മമ
അറിയാ ഭാവനാ കല്പം
തോന്നായോ കവികാംക്ഷിതം?
ചിത്തിനുള്ളു കവിഞ്ഞൂറും
തന്മയത്വ വിഭാവന
വിരിയും ഭാസ്കരൻ തന്റെ
രശ്മിയെക്കൊണ്ടവേളയിൽ
വിടരും പൂക്കളെക്കൊയ്തേൻ
നാൽദളത്തിലൊതുക്കി ഞാൻ
അറിയാം ചോർന്നു പോയയ്യോ!
സ്വാദേറും ലഹരീരസം
സ്രഷ്ടാവേ! നീ ചമയ്ക്കും നൽ
വൈഭവത്തെയറിഞ്ഞിടാൻ
ആവതില്ല മനസ്സിന്നും
സന്തതം മാപ്പു നൽകുമോ?
മോഹമുണ്ടിനിയും കാമ്പിൻ
സാരസത്തു നുകർന്നിടാൻ
നേരമില്ലാകുമെന്നാകിൽ
ശിഷ്ടപേയം വരുത്തിടാ.

### സമർപ്പണം:

അർപ്പിപ്പൂ രുചികെട്ടീടും
നൈവേദ്യം നാണമെന്നിയേ
എനിക്കും കൊതി നിൻകാലിൽ
വീണുകിട്ടും വരത്തിനായ്.



# നമ്പൂതിരി വിദ്യാലയം ഇല്ലായിരുന്നെങ്കിൽ...

**ഉമശ്രീ**



“ഇന്നത്തെ പോലെ സ്കൂളിൽ പോയി പഠിക്കാനൊന്നും അന്നത്തെ കുട്ടികൾക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഭാവി തലമുറക്ക് വിദ്യാഭ്യാസം നൽകുക എന്നതാണ് സമുദായ ഉന്നമനത്തിനു വേണ്ടി ചെയ്യേണ്ട പ്രഥമവും പ്രധാനവുമായ കർത്തവ്യം എന്ന തിരിച്ചറിവാണ് നമ്പൂതിരി വിദ്യാലയം സ്ഥാപിക്കപ്പെടാനുള്ള കാരണമെന്ന് ഞാൻ വിശ്വസിക്കുന്നു''. ഇതു പറയുന്നത് കണ്ണിപറമ്പ് നടുവിലേടം ദേവകി ടീച്ചർ.....കരിക്കാട് നമ്പൂതിരി വിദ്യാലയത്തിലെ അന്നത്തെ പ്രഥമ വിദ്യാർത്ഥിനി..... തന്റെ എൺപത്തി രണ്ടാമത്തെ വയസ്സിലും പഴയ ഓർമ്മകൾക്ക് കഴിയുന്നത്ര ഊർജ്ജം നൽകി ഇല്ലത്തിന്റെ ഉമ്മറപടിയിൽ ഞങ്ങളെയും കാത്തിരിക്കുന്നുണ്ടായിരുന്നു ടീച്ചർ.

“അന്നത്തെ അന്തർജ്ജനങ്ങളുടെ അവസ്ഥ ഇന്നത്തെ തലമുറക്ക് സങ്കൽപ്പിക്കാൻ പോലും പറ്റാത്ത തരത്തിലായിരുന്നു.. അസ്വാതന്ത്ര്യത്തിന്റെയും അവഹേളനത്തിന്റെയും തടങ്കലിൽ വാതിലിനു മറവിലും മറക്കുടക്കുള്ളിലുമായി എരിഞ്ഞു തീരുന്ന ജീവിതങ്ങൾ..ഒരു മാറ്റം ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്തിരുന്നു അന്നത്തെ കുറേ പെൺമനസ്സുകൾ....''

അവരുടെ പ്രാർത്ഥനാ ഫലം .... സമുദായ പുരോഗമനം ആവശ്യമെന്ന് തിരിച്ചറിഞ്ഞ ഒരു കൂട്ടം വ്യക്തികൾ സഭയുടെ നേതൃത്വത്തിൽ കരിക്കാട് നമ്പൂതിരി വിദ്യാലയത്തിന് തുടക്കമിട്ടു... 1944ൽ ആണ് ആ വിദ്യാലയം സ്ഥാപിച്ചത്.. വിളക്കാട്ട് ശ്രീധരൻ നമ്പൂതിരിയുടെ പത്തായപ്പുരയിൽ ആണ് ഈ വിദ്യാലയം ആരംഭിച്ചത്.... പിന്നീട് സ്വന്തമായി ഒരു കെട്ടിടം പണിത് കരിക്കാട് അമ്പലത്തിനടുത്തേക്ക് മാറ്റി.

: വണ്ടൂർ പുന്നപ്പാല ദേശം കൂടത്തിങ്കൽ തെന്നാട്ട് ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടേയും ദേവകി അന്തർജനത്തിന്റെയും മകളായാണ് ദേവകി ടീച്ചർ ജനിച്ചത്..... അച്ഛന്റെയും അമ്മയുടെയും മങ്ങിയ ഓർമ്മകൾ മാത്രമേ ടീച്ചർക്ക് ഉള്ളൂ...... മുത്തശ്ശിയും അഫനുമാണ് ടീച്ചറേയും ഏടത്തിയേയും വളർത്തിയത്...

നമ്പൂതിരി വിദ്യാലയത്തിൽ ചേരുമ്പോൾ ടീച്ചർക്ക് 8 വയസ്സ്..... ടീച്ചറേക്കാൾ കേവലം 2 വയസ്സ് മാത്രം മുതിർന്ന ഏടത്തിയെ ആദ്യം സ്കൂളിൽ ചേർക്കുകയു

> ക്ലാസിൽ ഒരു കുട്ടിയോട് മാഷ് അല്പം കൂടുതൽ പ്രത്യേകത കാണിക്കുന്നുണ്ടോ എന്ന് മറ്റു കുട്ടികളിൽ ചിലർക്ക് സംശയം. ആ സംശയം എം.സി. മാഷിനോട് തുറന്നു പറയാൻ തന്നെ കുട്ടികൾ തീരുമാനിച്ചു. പറയാനുള്ളത് സ്ളേറ്റിൽ എഴുതി നിവേദനമായി നൽകി



**നമ്പൂതിരി വിദ്യാലയമില്ലായിരുന്നെങ്കിൽ താനും അന്നത്തെ സ്ത്രീകളെ പോലെ വാതിലിനു മറവിൽ ഒളിക്കേണ്ടി വരുന്ന, പുക പിടിച്ച അടുക്കളക്കുള്ളിൽ മുഷിഞ്ഞ ഒന്നരയും മുണ്ടുമായി കഴിയുന്ന, വടക്കേകെട്ടിൽ പണിക്കാർ കൊണ്ടുവരുന്ന വർത്തമാനങ്ങളും കേട്ടു കഴിയുന്ന ഒരു സാധാരണ അന്തർജനമായി കഴിയേണ്ടി വരുമായിരുന്നു.**

ണ്ടായില്ല.... വലിയ ''പെൺകുട്ടിയായി ഇനി പുറത്തൊന്നും വിടാൻ പറ്റില്ല'' എന്നു പറഞ്ഞ് അന്നത്തെ മുത്തശ്ശിമാരും മറ്റും എതിർത്തു...... പിന്നീട് സഭാപ്രവർത്തകർ ഇടപെട്ട് എല്ലാവരേയും സമ്മതിപ്പിച്ച് ഏടത്തിയേയും വിദ്യാലയത്തിൽ ചേർത്തു..... അഫന്റെ പുരോഗമന ചിന്തയും ടീച്ചർക്കും ഏടത്തിക്കും തണലായി.......

ഒരേ പ്രായത്തിലുള്ള കുട്ടികളായിരുന്നില്ല ക്ലാസിൽ.... അഞ്ച് പെൺകുട്ടികളാണ് അന്ന് അവിടെ ഉണ്ടായിരുന്നത്....ഉപനയനം കഴിഞ്ഞ് സമാവർത്തനം കഴിയാത്ത ഉണ്ണികളായിരുന്നു ആൺകുട്ടികൾ.. സമാവർത്തനം കഴിഞ്ഞാൽ മുതിർന്നവരായി എന്ന ധാരണയായാണോ എന്നറിയില്ല... അത്തരം കുട്ടികൾ അവിടെ പഠിക്കാൻ ഉണ്ടായിരുന്നില്ല...

തന്റെ 82 വർഷത്തെ ജീവിതത്തിന്റെ അടിത്തറ ഉറപ്പിച്ചത് തീർച്ചയായും ആ വിദ്യാലയത്തിലെ പാഠങ്ങളും അനുഭവങ്ങളുമാണെന്ന് ടീച്ചർ പറയുന്നു. നമ്പൂതിരി വിദ്യാലയമില്ലായിരുന്നെങ്കിൽ താനും അന്നത്തെ സ്ത്രീകളെ പോലെ വാതിലിനു മറവിൽ ഒളിക്കേണ്ടി വരുന്ന, പുക പിടിച്ച അടുക്കളക്കുള്ളിൽ മുഷിഞ്ഞ ഒന്നരയും മുണ്ടുമായി കഴിയുന്ന, വടക്കേകെട്ടിൽ പണിക്കാർ കൊണ്ടുവരുന്ന നാട്ടുവർത്തമാനങ്ങളും കേട്ടു കഴിയുന്ന ഒരു സാധാരണ അന്തർജനമായി കഴിയേണ്ടി വരുമായിരുന്നു......

കുട്ടികളും അദ്ധ്യാപകരും താമസിച്ചിരുന്നത് വിദ്യാലയത്തിൽ തന്നെ ആയിരുന്നു...മാടമ്പി നീലകണ്ഠൻ നമ്പൂതിരി(എം.സി. മാഷ്) യും ലക്ഷ്മി കുട്ടി വാരസ്യാരുമായിരുന്നു അദ്ധ്യാപകർ.... ബ്രഹ്മചാരികളായ ആൺകുട്ടികൾ രാവിലെ കുളിയും ചമതയിടലും തേവാരവും ഒക്കെ കഴിഞ്ഞാണ് വിദ്യാലയത്തിൽ പഠിക്കാനെത്തുക... സ്വന്തം ഇല്ലത്തിന്റെ അന്തരീക്ഷം കുട്ടികൾക്ക് ആ വിദ്യാലയത്തിൽ ലഭിച്ചിരുന്നു.

സംസ്കൃതവും മലയാളവും ഇംഗ്ലീഷും ഹിന്ദിയുമെല്ലാം ഞങ്ങളെ അവിടെ എഴുതാനും വായിക്കാനും പഠിപ്പിച്ചു.. അതുവരെ ഇല്ലാതിരുന്ന അറിവിന്റെ ഒരു ലോകം കുട്ടികൾക്ക് മുന്നിൽ തുറക്കപ്പെട്ടു. ''അക്ഷരങ്ങൾ പഠിപ്പിക്കുക, കണക്കും സയൻസും മാത്രം പഠിപ്പിക്കുക എന്നത് മാത്രമായിരുന്നില്ല അവിടെ. പൊതുകാര്യങ്ങൾ മാഷ് കുട്ടികൾക്ക് ധാരാളമായി പറഞ്ഞു തന്നിരുന്നു. അതുകൊണ്ടു ഞങ്ങൾ കുട്ടികൾക്ക് നല്ല അറിവുണ്ടായിരുന്നു'' ടീച്ചർ ഓർക്കുന്നു.

എം സി മാഷ് കുട്ടികളിൽ ചെലുത്തിയിരുന്ന സ്വാധീനം വളരെ വലുതായിരുന്നു.... അദ്ദേഹം ആദർശശുദ്ധിയുള്ള ഒരു കമ്മ്യൂണിസ്റ്റ് കാരനായിരുന്നു.... വിപ്ലവഗാനങ്ങൾ അദ്ദേഹം കുട്ടികൾക്ക് പാടിതന്നിരുന്നു... ലെനിൻ സ്റ്റാലിൻ മാവോ സേതുംഗ് എന്നിവരേപ്പോലെ തന്നെ ഗാന്ധിജി നെഹ്റു വിവേകാനന്ദൻ ടാഗോർ തുടങ്ങിയവരും അദ്ദേഹത്തിന് ആരാധ്യരായിരുന്നു.... ഇവരെ കുറിച്ചെല്ലാമുള്ള അറിവുകൾ മാഷ് കുട്ടികൾക്ക് പകരും... വള്ളത്തോളിന്റെയും ആശാന്റെയും ബാലാമണിയമ്മയുടേയും ഉള്ളൂരിന്റെയും കവിതകൾ കുട്ടികൾക്ക് ചൊല്ലി തരും...

ലക്ഷമി കുട്ടി ടീച്ചർ ഒരമ്മ തന്നെയായിരുന്നു ഞങ്ങൾ കുട്ടികൾക്ക്..... സന്ധ്യക്ക് വിളക്ക് കൊളുത്തിയാൽ ടീച്ചറും ഞങ്ങളും ഒരുമിച്ചിരുന്ന് നാമം ചൊല്ലും.... ചെറിയ കീർത്തനങ്ങൾ മനോഹരമായി ചൊല്ലി തന്നിരുന്നത് ഇന്നലെ കഴിഞ്ഞ പോലെ എന്റെ മനസ്സിലുണ്ട് .... ദേവകി ടീച്ചർ പറഞ്ഞു....

ഇടക്കൊക്കെ ഞങ്ങളിൽ പലർക്കും വരുന്ന ചിരങ്ങും ചൊറിയും ടീച്ചർ ചൂടുവെള്ളം കൊണ്ട് തേച്ചു കഴുകി മരുന്നു പുരട്ടി തരും.......

ക്ലാസിൽ ഒരു കുട്ടിയോട് മാഷ് അല്പം കൂടുതൽ പ്രത്യേകത കാണിക്കുന്നുണ്ടോ എന്ന് മറ്റു കുട്ടികളിൽ ചിലർക്ക് സംശയം. ആ സംശയം എം.സി. മാഷിനോട് തുറന്നു പറയാൻ തന്നെ കുട്ടികൾ തീരുമാനിച്ചു. അവരുടെ സംശയം ഒരു നി



*ദേവകി ടീച്ചർ- പഴയൊരു കുടുംബ ചിത്രം*



*കരിക്കാട് നമ്പൂതിരി വിദ്യാലയത്തിൽ വച്ചെടുത്ത ഒരു ഗ്രൂപ്പ് ഫോട്ടോ*

പ്പിക്കപ്പെട്ടു.. സ്ളേറ്റിൽ സംശയക്കാരെല്ലാം പേരെഴുതി ഒപ്പിട്ടിരുന്നു. വായിച്ച ശേഷം മാഷിന്റെ മുഖത്ത് കണ്ട ഗൗരവം ആദ്യം കുട്ടികളെ ഒന്നു പേടിപ്പിച്ചെങ്കിലും ക്രമേണ ഗൗരവം പൊട്ടിച്ചിരിയിലേക്ക് മാറി. കുട്ടികളുടെ നിഷ്ക്കളങ്കതക്കും ആശങ്കക്കും മാഷ് അതിന്റേതായ വില നൽകി. എല്ലാകാര്യവും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം അദ്ദേഹം കുട്ടികൾക്ക് എപ്പോഴും നൽകുകയും അവയെ ക്ഷമയോടെ സമീപിക്കുകയും ചെയ്തിരുന്നു. അതെല്ലാം വിദ്യാർത്ഥികൾക്ക് പുതിയ പുതിയ പാഠങ്ങളായി മാറുകയും ചെയ്തു...

മൂന്നു വർഷക്കാലം മാത്രമേ ആ വിദ്യാലയം പ്രവർത്തിച്ചുള്ളൂ.... എങ്കിലും ആ ചുരുങ്ങിയ കാലയളവു കൊണ്ട് കരിക്കാട് ഗ്രാമത്തിനുണ്ടായ മാറ്റം അത്ഭുതാവഹമായിരുന്നു എന്ന് ടീച്ചർ ഓർക്കുന്നു.....

''ആദ്യ വർഷം ഞങ്ങൾ 'കോലാട്ടം' എന്ന പരിപാടി വിദ്യാലയത്തിൽ അവതരിപ്പിക്കുകയുണ്ടായി... ഞങ്ങൾ ആദ്യമായി സ്റ്റേജിൽ അവതരിപ്പിച്ച പരിപാടിയായിരുന്നു. 'ഋതുമതി' എന്നൊരു നാടകവും അവതരിപ്പിക്കുകയുണ്ടായി... എല്ലാവരേയും ആ നാടകം വളരെയധികം സ്വാധീനിച്ചു. അന്ന് അന്തർജ്ജനങ്ങൾ പ്രത്യേകം മറച്ചു കെട്ടിയ പന്തലിലായിരുന്നു പരിപാടികൾ കണ്ടിരുന്നത്. ഇന്നുള്ളവർക്ക് അത്തരത്തിലുള്ള അസ്വാതന്ത്ര്യം ചിന്തിക്കാൻ കഴിയുമോ? പക്ഷേ അടുത്ത വർഷത്തെ പരിപാടി കാണാൻ 'ഘോഷാബഹിഷക്കരണം' എന്നൊരു വിപ്ലവം തന്നെ നടന്നു..... മറക്കുടക്കുള്ളിൽ കഴിഞ്ഞിരുന്ന യുവതികളായ അന്തർജ്ജനങ്ങളെല്ലാം സദസ്സിന്റെ മുന്നിലിരുന്ന് പരിപാടികൾ കണ്ടു....മറക്കുടയും, തങ്ങൾക്കു മുന്നിൽ വലിച്ചുകെട്ടിയ മറയും അന്തർജ്ജനങ്ങൾ ബഹിഷ്ക്കരിച്ചു.. അത് വലിയൊരു മാറ്റത്തിന്റെ തുടക്കം തന്നെയായിരുന്നു....''

ഒരുപക്ഷേ സഭകൊണ്ടും വിദ്യാലയം കൊണ്ടും എറ്റവും കൂടുതൽ ഗുണമനുഭവിച്ചത് അന്നത്തെ സ്ത്രീകൾ ആയിരിക്കും....



*ടീച്ചറുടെ സഹപാഠികൾ- ഇരിക്കുന്നതിൽ ഇടതുവശത്ത് ദേവകി ടീച്ചർ*

അന്ന് സഭാപ്രവർത്തകരും ഇടക്കിടക്ക് വിദ്യാലയം സന്ദർശിക്കും...സഖാവ് പി.എൻ. എന്ന പേരിലറിയപ്പെടുന്ന ദേവകി ടീച്ചറുടെ ബന്ധു കൂടിയായ പുളിക്കത്തൊടി അപ്ഫൻ വിദ്യാലത്തിലെത്തുന്നത് അന്ന് കുട്ടികൾക്കെല്ലാം സന്തോഷം നൽകുന്നതായിരുന്നു...

ബോർഡിൽ കേരളത്തിന്റെ മാപ്പ് വരച്ച് 'പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വച്ചും' എന്ന മഹാകവി വള്ളത്തോളിന്റെ കവിതാശകലം പാടി കേരളത്തിന്റെ മനോഹര ചിത്രം കുട്ടികളിൽ പതിപ്പിച്ചത് ടീച്ചറിന് മറക്കാൻ കഴിയാത്ത ഓർമ്മയാണ്..

സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള ഗർജ്ജനങ്ങളായിരുന്നു സഖാവ് പി.എൻ.ന്റെ കവിതകൾ.. വിപ്ലവാവേശത്തോടെ അന്ന് കുട്ടികൾ അദ്ദേഹത്തിന്റെ കവിതകൾ പാടുമായിരുന്നു

''യാതൊന്നിന്റെ സ്മാരകമായ്
യാഥാസ്ഥിതികാഹങ്കാരം
വെച്ചു പൂജിക്കപ്പെടുന്നു
അച്ഛൂത്തതാം ബ്രാഹ്മണ്യങ്ങൾ''

എന്ന പി.ൻ.ന്റെ കവിതാശകലം ദേവകി ടീച്ചർ ഇന്നും ഓർത്ത് ഞങ്ങൾക്ക് വേണ്ടി പാടി.......

കരിക്കാട് വിദ്യാലയത്തിലെ 3 വർത്തെ വിദ്യാഭ്യാസത്തിനു ശേഷം ദേവകി ടീച്ചറും മറ്റു നാലു പെൺകുട്ടികളും തൃശൂർ നമ്പൂതിരി വിദ്യാലയത്തിൽ ചേർന്നു.... മങ്ങോട്ടിരി ലീല പനക്കാട് അമ്മിണി, ഉപ്പിലാപ്പറ്റ അമ്മിണി ദേവകി ടീച്ചറുടെ എടത്തി ലീല, എന്നിവരായിരുന്നു മറ്റു നാലു പേർ....6 7 ക്ലാസുകളായിരുന്നു തൃശൂരിൽ പഠിച്ചത് .... സദനം എന്ന പേരിൽ ഒരു ഹോസ്റ്റൽ സംവിധാനം അവിടെ ഉണ്ടായിരുന്നു. വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾ അവി



*തൃശൂർ നമ്പൂതിരി വിദ്യാലയത്തിൽ വച്ചെടുത്ത ഒരു ഗ്രൂപ്പ് ഫോട്ടോ*

ടെ താമസിച്ചിരുന്നു.. കരിക്കാട് നമ്പൂതിരി വിദ്യാലയത്തിലെ അദ്ധ്യാപകരെ പോലെ തന്നെ അവിടുത്തെ അദ്ധ്യാപകരും കുട്ടികളെ വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നു..

നെൻമിനിമംഗലം മാഷും(പാർവ്വതി നെൻമിനിമംഗലത്തിന്റെ ഭർത്താവ്) സംസ്കൃതം അദ്ധ്യാപകനുമാണ് തൃശൂർ വിദ്യാലയത്തിൽ ടീച്ചറെ വളരെയധികം സ്വാധീനിച്ച വ്യക്തികൾ.

സ്ക്കൂൾ വിട്ട ശേഷം വൈകുന്നേരം നെൻമിനിമംഗലം മാഷ് പഠിപ്പിലും മറ്റ് കാര്യങ്ങളിലും തങ്ങളെ സഹായിച്ചിരുന്നത് ടീച്ചർ ഓർക്കുന്നു.. പേന, പെൻസിൽ, പുസ്തകം തുടങ്ങിയവ എല്ലാം അദ്ദേഹമാണ് കുട്ടികൾക്ക് എത്തിച്ചിരുന്നത്..

''അനദ്ധ്യായ ദിവസങ്ങളിൽ കുട്ടികൾ ഒന്നിച്ചു കൂടുകയും രസകരമായ ചർച്ചകൾ നടത്തുകയും, കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യും.. ഈ ദിവസങ്ങളിലും അദ്ധ്യാപകരുടെ ഇടപെടലുകൾ ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നു.

സംസ്കൃതം മാഷ് കുട്ടികളിലെ കലയെ പ്രോത്സാഹിപ്പിച്ചിരുന്നു. കോലാട്ടം, തിരുവാതിരക്കളി തുടങ്ങിയവ അവിടെ വച്ച് പരിശീലിക്കുകയും അവതരിപ്പിക്കുകയും ചെയ്തിരുന്നു.''

എല്ലാം ടീച്ചറിന്റെ ഓർമ്മയിൽ ഇന്നലെ കഴിഞ്ഞ പോലെ...

ഇല്ലങ്ങളിലെ പോലെ തന്റെ ശുദ്ധം,പുല, വാലായ്മകളെല്ലാം സദനത്തിലും ആചരിച്ചിരുന്നത് ടീച്ചർ ഓർക്കുന്നു..രാവിലെ നേരത്തെ കുളിക്കുക നിർബന്ധം തന്നെ ആയിരുന്നു...

''എടത്തി ലീല സദനത്തിൽ താമസിക്കുന്ന സമയത്താണ് ഋതുമതിയായത്. അന്ന് മാറിയിരിക്കലും പിന്നീട് നാലാം ദിവസം കുളിച്ചു വന്ന് പുണ്യാഹമുണ്ടായതുമെല്ലാം എനിക്ക് നല്ല ഓർമ്മയുണ്ട്.''

അന്ന് പഠിപ്പിച്ചിരുന്ന അദ്ധ്യാപകർ ആരും ഇന്നില്ല... സഹപാഠികളിൽ ചിലർ ജീവിച്ചിരിപ്പുണ്ട്... വല്ലപ്പോഴും കണ്ടുമുട്ടുമ്പോൾ അന്നത്തെ ഓർമ്മകളുടെ സുഖം പരസ്പരം പങ്കുവയ്ക്കാനുള്ള അവസരമായിട്ടാണ് കാണാറുള്ളത്.....

നമ്പൂതിരി സമുദായത്തിലെ വലിയൊരു മുന്നേറ്റത്തിന്റെ ഭാഗമായി പഠിക്കാനുള്ള അവസരം ലഭിച്ചത് ഭാഗ്യമായി ടീച്ചർ കാണുന്നു. കാരിക്കാട് ഗ്രാമത്തിൽ നമ്പൂതിരി പെൺകിടാങ്ങളിൽ നിന്ന് ആദ്യമായി ജോലിയിൽ പ്രവേശിച്ചത് ദേവകി ടീച്ചറാണ്.

പിന്നീട് യോഗക്ഷേമസഭയുടെ സജീവ പ്രവർത്തകനായിരുന്ന കണ്ണിപറമ്പ് നടുവിലേടത്ത് രാമൻ നമ്പൂതിരി(N. R) മാസ്റ്ററുടെ സഹധർമ്മിണിയായി ഇവിടെ എത്തിയപ്പോഴും ഈ പ്രദേശത്തെ നമ്പൂതിരി വിഭാഗത്തിൽ നിന്നുള്ള ആദ്യ ടീച്ചറായി... N.R.മാഷ് ടീച്ചറുടെ ഔദ്യോഗിക ജീവിതത്തിന് എല്ലാ പ്രോത്സാഹനവും നൽകി...

ടീച്ചറിന് മൂന്ന് മക്കൾ .. രാമചന്ദ്രൻ(റിട്ടയേഡ് അദ്ധ്യാപകൻ), സാവിത്രി(സിവിൽ എഞ്ചിനീയർ), മുരളീകൃഷ്ണൻ(ITI ഉദ്യോഗസ്ഥൻ) മരുമക്കൾ ...മായ (അദ്ധ്യാപിക), ശങ്കരൻ(എഞ്ചിനീയർ), സിന്ധു

വണ്ടൂർ പുന്നപ്പാല സ്ക്കൂളിലാണ് ടീച്ചർ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. പിന്നീട് പാറമ്മൽ സ്ക്കൂൾ രാമനാട്ടുകര, ഓർഫനേജ് സ്ക്കൂൾ മുക്കം, ചൂലൂർ എ യു പി സ്ക്കൂൾ എന്നിവിടങ്ങളിൽ ജോലി ചെയ്തു... ഇല്ലത്ത് ഒരുപാട് പ്രാരാബ്ധങ്ങൾ ഉണ്ടായിട്ടും തന്റെ ഔദ്യോഗിക ജീവിതം ടീച്ചർ വേണ്ടെന്ന് വച്ചില്ല... വാഹനസൗകര്യകുറവും ശമ്പളകുറവും എല്ലാം ടീച്ചറിനു ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്... തനിക്ക് അമൂല്യമായി കിട്ടിയ അറിവുകൾ പുതുതലമുറക്ക് പകർന്നു നൽകാൻ നിസ്വാർത്ഥമായി ആഗ്രഹിച്ചു.. എം സി മാഷ് ഹൃദയത്തിൽ കൊളുത്തി വച്ച അറിവിന്റെ ഭദ്രദീപം അണയാൻ ടീച്ചർ അനുവദിച്ചില്ല....

രാവിലെ സൂര്യോദയത്തോടൊപ്പം തുടങ്ങുന്ന ടീച്ചറുടെ ദിനം സന്ധ്യയാകുന്ന വരെ തന്റെയും ഭർത്താവിന്റെയും അദ്ധ്വാനത്തിൽ, ആഗ്രഹങ്ങൾ ചാലിച്ചെടുത്ത് ഉണ്ടാക്കിയ പഴയ നടുവിലേടത്ത് ഇല്ലത്തിന്റെ ചുമരുകൾക്കുള്ളിൽ തന്നെയാണ്.... രാത്രി ഉറങ്ങാൻ വേണ്ടി തൊട്ടടുത്ത് മകൻ മുരളി ഉണ്ടാക്കിയ പുതിയ വീട്ടിലേക്ക് പോകും..

''എനിക്ക് ഇവിടെ കിടക്കാൻ പേടിയുണ്ടായിട്ടല്ല. കുട്ടികളുടെ സമാധാനത്തിനാണ് ഞാൻ രാത്രി പുതിയ വീട്ടിലേക്ക് പോകുന്നത്.. ഞാൻ രാത്രി ഒറ്റക്ക് ഇവിടെ നിന്നാൽ അവർക്ക് സ്വസ്ഥമായി ഉറങ്ങാൻ പറ്റുമോ. ഇവിടെ ഞാൻ അനുഭവിക്കുന്ന ഗൃഹാതുരത്വത്തിന്റെ സുഖം അവർ മനസ്സിലാക്കുന്നുണ്ട്.. അതിനുള്ള സ്വാതന്ത്ര്യം അവർ എനിക്ക് തരുന്നുമുണ്ട്....'' ടീച്ചറിന്റെ വാക്കുകളിൽ ഇന്നു കാണപ്പെടുന്ന വാർദ്ധക്യജീവിതങ്ങൾക്കിടയിൽ നിന്നുയരുന്ന ഒരു നെടുവീർപ്പും എനിക്ക് കേൾക്കാനായില്ല....

പൂമുഖപടിയിൽ ചാരി നിന്ന് നിറഞ്ഞ ചിരിയോടെ ടീച്ചർ ഞങ്ങളെ യാത്രയാക്കി....ഓർമ്മകളെ ഒപ്പം കൊണ്ടു നടക്കാൻ ഇഷ്ടപ്പെടുന്ന, ''എന്നെ ഞാനാക്കിയത് തീർച്ചയായും ആ നമ്പൂതിരി വിദ്യാലയമാണ്.'' എന്ന് അഭിമാനത്തോടെ സ്മരിക്കുന്ന ടീച്ചറിന് എല്ലാവിധ ആയുരാരോഗ്യ സൗഖ്യങ്ങളും ഉണ്ടാകട്ടെ ... ●



സുധ
അകപ്പുറം

# പ്രാർത്ഥന

മനതാരിൽ മരുവുന്ന മഹനീയ ജ്യോതിസ്സി-
ന്നറിവായ് മതിയിലിന്നുണർവ്വേകുന്നു
സവിതാവായ് വസുധയിൽ, പരമാണുതന്നിലും
സ്ഫുരണമായ് മിന്നിത്തെളിഞ്ഞിടുന്നു
പകരേണമീയൂർജ്ജമവനിതൻ നന്മക്കായ്
മനുജന്റെ വീഥിയിൽ തുണയായെന്നും
ചൊരിയേണമീദീപ്തി സഹജരിൽ
സ്നേഹത്തിൽ
തിരിനാളമുജ്ജ്വലിപ്പിക്കുവാനായ്
വിരിയേണമീസൂനമധികാഭയോടെന്നും
ക്ഷിതിയാകെ ഹരിതാഭമാക്കിടാനായ്
പുലരേണം ഹൃത്തിങ്കൽ
സത്യവും ശാന്തിയും
അവനിയിൽ ധർമ്മം പുലർന്നിടാനായ്

നമ്മുടെ ബാലസഭയിലെ കുട്ടികളുടെ ഏതാനും രചനകൾ ഇതോടൊപ്പം കൊടുക്കുന്നു. കഥ, കവിത, പെയിന്റിംഗ് തുടങ്ങി വിവിധങ്ങളായ മേഖലകളിൽ മത്സരങ്ങളിലും അല്ലാതെയും കഴിവ് തെളിയിച്ചവരും ഇക്കൂട്ടത്തിൽ ഉണ്ട്.

# ചെന്നായയുടെ കണ്ണുകൾ



അഭിരാം മങ്ങത്തായ

കൃത്യമായി ഒന്നും കാണാൻ കഴിയുന്നില്ല. വിശന്നു കണ്ണിൽ ഇരുട്ട് കയറിയതാകാം. അതോ കണ്ണുനീർ മൂടിക്കെട്ടി നിൽക്കുന്നതാണോ, എവിടേക്കെന്ന് അറിയാതെ ആ കാലുകൾ അയാളെയും കൊണ്ടുപോവുകയാണ്. കണ്ണിന് കുളിർമ്മയേകുന്ന കാഴ്ചകളൊന്നും ചുറ്റിലുമില്ല. വയലുകളിൽ മണ്ണിട്ടു. തണൽ മരങ്ങൾ മുറിച്ചു. എന്നിട്ടോ അവിടെ വിശ്രമകേന്ദ്രങ്ങളും ബസ് സ്റ്റോപ്പുകളും പണിതിരിക്കുന്നു.

ബൈപ്പാസിൽ നിന്നും ഒരു ഊടുവഴിയിലേക്ക് അയാൾ തിരിഞ്ഞു. രണ്ടു ഭാഗത്തും നിറയെ വീടുകൾ. തന്റെ മുന്നിലുള്ള കാഴ്ച കണ്ട് അയാളുടെ കണ്ണുകൾ ശരിക്കും തുറന്നു. ഒരു കൊച്ചു പെൺകുട്ടി കൈയിൽ ഒരു പാവയും പിടിച്ചിരിക്കുന്നു. അവളുടെ അച്ഛനും അമ്മയും എവിടെയെന്ന് അയാൾ നോക്കി. അച്ഛൻ ചിലപ്പോൾ ജോലിത്തിരക്കുകളിൽ ആകാം. അമ്മ ടി.വി. സീരിയലിലെ നായികയെയോർത്ത് കണ്ണുനീർ ഒഴുക്കുകയാകാം. അല്ലെങ്കിൽ രണ്ടാളും 'വാട്സാപ്പിൽ' അകപ്പെട്ടിരിക്കാം.

നിഷ്കളങ്കത നിറഞ്ഞ ആ കുഞ്ഞുകണ്ണുകൾ അയാളെ നോക്കി. അയാളുടെ കണ്ണുകൾ ചെന്നായയുടേതുപോലെ ക്രൂരമാണോ അതോ വാത്സല്യം നിറഞ്ഞത് ആണോ, ആ കുഞ്ഞിന് മനസ്സിലാകുന്നില്ല. അയാൾ കുട്ടിയുടെ അടുത്തേക്ക് ചെന്നു. അവളെ രസിപ്പിച്ചു ആ കുഞ്ഞുമുഖത്ത് പുഞ്ചിരി വിടർന്നു.

അപ്പോഴാണ് അതിലൂടെ രണ്ട് യോഗ്യന്മാർ വണ്ടിയിൽ അവരെ കടന്നുപോകുന്നത്. അതിൽ ഒരാൾക്ക് ഒരു സംശയം.

''എടാ... ആ ഇരിക്കുന്ന ആളിന്റേത് ചെന്നായയുടെ കണ്ണുകൾ അല്ലേ?''

''അങ്ങനെ ആണോ, ഞാൻ ശ്രദ്ധിച്ചില്ല... നിനക്ക് ഉറപ്പാണോ?''

''പിന്നല്ലാതെ.. ഉറപ്പ്'' ''എങ്കിൽ അങ്ങനെ കണ്ണുള്ള ഒരാളെ വെറുതെ വിടാമോ?'' ''ഒരിക്കലും വിടരുത്, നീ കുട്ടനെയും സൈമണിനെയും ജാഫറിനെയും ഉടനെ വിളിക്ക്...'' അവർ വണ്ടി തിരിച്ചു.

അയാൾ അപ്പോഴും ആ കുട്ടിയെ കളിപ്പിച്ചിരിക്കുകയായിരുന്നു. ആ ചെന്നായ കണ്ണുകളിലേക്ക് ഒരാൾ വന്ന് ആദ്യത്തെ അടി അടിച്ചു. പിന്നെ കൂട്ടയടി ആയി. നിഷ്കളങ്കത നിറഞ്ഞ കണ്ണുകൾ ഒന്നും അറിയാതെ നോക്കിനിന്നു. ആ ശബ്ദങ്ങൾ കേട്ട് അച്ഛൻ അതാ ഫോണുംകൊണ്ട് ഓടിവരുന്നു. അമ്മ ടി.വി. ഓഫാക്കാതെ കണ്ണുകൾ തുടച്ചുകൊണ്ട് ഓടിവന്ന് അവരെ മാറ്റി.

അയാൾ എണീറ്റു. മുഖത്തും ദേഹത്തും നിറയെ പരിക്കുകൾ ആയിരുന്നു. ആ കുഞ്ഞിനോടും അവരോടും ഒന്നു പുഞ്ചിരിച്ച് അയാൾ നടന്നു. ''എന്താ പ്രശ്നം?'' അച്ഛൻ ചോദിച്ചു. ''അയാളുടേത് ചെന്നായ കണ്ണുകൾ ആണ്.'' അവർ പറഞ്ഞു.

അയാൾ നടന്നുനീങ്ങുകയായിരുന്നു. ആ നിഷ്കളങ്കത നിറഞ്ഞ കണ്ണുകളിൽ അയാൾ കണ്ടത് തന്റെ ഒപ്പം ഇന്ന് ഇല്ലാത്ത കുഞ്ഞുകണ്ണുകളെയാണ്. അതേ.. അയാളുടെ കണ്ണുകൾ വാത്സല്യം നിറഞ്ഞത് തന്നെയായിരുന്നു.

# ആർദ്രമീ മഴ

## ഹൃദയമേ നിനക്ക് വിട....



**പൗർണ്ണമി എം**

*മല്ലിശ്ശേരി ഇല്ലം നിവേദിത വിദ്യാലയം, പുന്നാട്*
*9946546091*

കാത്തിരിപ്പിന്റെയാ മൊട്ടൊന്ന് വിടരുവാൻ
പൂക്കളായ്ത്തീരുവാൻ നോറ്റിരിക്കുന്നു ഞാൻ
വിരിയുന്നൊരിതളുകൾ രാവിന്റെ മാറിലായ്
ഗന്ധം പരത്തുന്നൊരീറൻ നിലാവുമായ്
ചിറകൊന്ന് വീശുവാൻ അരികത്തണയുവാൻ
മലരൊന്നിലടിയുവാൻ അരികത്തലിയുവാൻ
നിൻപ്രിയ തോഴനാം ശലഭമായ് വന്നുനിൻ
കവിളിൽ തലോടുവാൻ അധരം നുകരുവാൻ
പ്രിയതമാം വാക്കോതി ശലഭമാപ്പൂവിനെ
മോഹനഗാനതരംഗ ശ്രുതികളാൽ
ഇതളായയിതളിലും മെല്ലെ വിധാനിച്ചു
ദൂരേയ്ക്ക് മറയുമ്പോളീരടികളുയരുന്നു
കണ്ടുമുട്ടാമെന്ന വാക്കിനാൽ മൗനമായ്
അകലേയ്ക്ക് മറയുന്നു സൗമ്യനായ് തീർന്നവൻ
മോഹങ്ങളൊക്കെയും സാഫല്യമാക്കുവാൻ
കൂട്ടിനായ് ചേരുന്നു ഉണരുന്ന രാവുകൾ
ഒന്നിച്ച് പങ്കിട്ടെടുത്ത ദിനങ്ങളും
ഓർമ്മതൻ വാക്കോതി മുട്ടിവിളിക്കുന്നു
രാവേറെ മോഹങ്ങളൊന്നായ് സ്വരുക്കൂട്ടി
കാത്തിരിക്കുന്നു വിഭാതമൊന്നെത്തുവാൻ
നേരമേറെപ്പുലർന്നൊന്നോടിയെത്തുവാൻ
അവളും കൊതിച്ചുപോയ് ആ മൃദുസ്പർശത്തെ
അന്തരംഗങ്ങളിലോർമ്മകൾ മീട്ടവേ
അറിയാതെ വന്നതാ ക്രൂരനാം വർഷാശ്രു .......
നെഞ്ചകത്തിൻ ഗന്ധം മണ്ണോട് ചേരവെ
ഓർമ്മകളൊക്കെയും പഴകിയളിഞ്ഞുപോയ്
കൊഴിഞ്ഞുപോയവളുടെ ഇതളിന്റെയോരത്ത്
അരികത്തിരുന്നവനേറെ  വിവശനായ്
പൊട്ടിക്കരഞ്ഞുനിന്നരികത്തിരുന്നു ഞാൻ
ചൊല്ലുന്നു നിന്നാത്മ ശാന്തിമന്ത്രത്തിനായ്
നിൻ സ്പന്ദനത്തിന്റെ നാളുകളിനിയില്ല
കേൾക്കുക നീയെന്റെ അന്ത്യമാം വാക്കുകൾ
നിൻ, തന്ത്രികൾചൊല്ലിയൊരോർമ്മകൾ ബാക്കിയായ്
സർവ്വവും എന്റെയീ ചിറകിലൊതുക്കിയും
യാത്രയാകുന്നു ഞാനെൻ സ്നേഹ തോഴിയേ....
അകലേയ്ക്ക് മറയുന്നു എൻ സ്നേഹ ഹൃദയമേ....



## പ്രാർത്ഥന കരിപ്പത്ത്



തണുത്ത കാറ്റിനൊത്ത്
ചാഞ്ചാടിവന്ന മധുരമഴ
പുൽക്കൊടിത്തുമ്പിനെ
ഊഞ്ഞാലാട്ടിയ കുഞ്ഞുമഴ
ശോഷിച്ച പുൽനാമ്പുകളെ
ഉണർത്തിയ ശക്തിമഴ
ആർദ്രമായി എന്റെ മനസ്സിനെ
തഴുകിയ കുളിർമഴ

# കൊമ്പൻ

**സാന്ദ്ര വൈത്തല**



കുട്ടിക്കുറുമ്പനെ നിങ്ങൾ കണ്ടോ
കൊമ്പുകണ്ടാൽ ഭയം തോന്നിടുന്നു
കണ്ടു നിൽക്കുന്നേരം പേടിയുണ്ടോ  ?
മിണ്ടിപ്പറയുവാനെന്തുമോഹം!
പാമ്പുപോലുള്ളോരാ തുമ്പിക്കയ്യും
ചൂലുപോലുള്ളൊരാ നല്ലവാലും
ചേലിലാടുന്ന വലിയ കാതും
മസ്കതമെത്ര വിശാലമെന്നാൽ
കണ്ണുകൾ നന്നേ ചെറുതു മാത്രം
തത്തക്കം പിത്തക്കം പോണുകണ്ടാൽ
കുട്ടികൾക്കുത്സവമായിടുന്നു



# സായന്തനം



**അനഘ തിരുമംഗലം**

"അമ്മേ, വേഗമാവട്ടെ. എനിക്ക് ഓഫീസിൽ പോകണം." മാലതി ടീച്ചർ തല ഉയർത്തി വിദ്യയെ നോക്കി. തന്റെ മകൾ എത്ര മാറിയിരിക്കുന്നു! ടീച്ചർ ഓർമ്മകൾ അയവിറക്കി.

തനിക്കൊരു ചെറിയ തലവേദന വന്നാൽപോലും ഒരു പോള കണ്ണടയ്ക്കാതെ സ്കൂളിൽ പോകാതെ, അവൾ ശുശ്രൂഷിച്ചിരുന്നു. അമ്മയുടെ സാരിത്തുമ്പിൽ പിടിച്ചുതൂങ്ങി നടന്നിരുന്ന, നാണം കുണുങ്ങിയായ ഒരു കൊച്ചു പെൺകുട്ടി. സ്കൂളിൽ നടന്ന കാര്യങ്ങൾ വള്ളിപുള്ളി തെറ്റാതെ അമ്മയോട് വർണ്ണിച്ചിരുന്ന വായാടിപ്പെണ്ണ്! അവൾ ഒരു നല്ല നിലയിലെത്തണമെന്ന് ആത്മാർത്ഥമായി താൻ ആഗ്രഹിച്ചിരുന്നു. പ്രാർത്ഥിച്ചിരുന്നു. ചെറുപ്പത്തിലേ അച്ഛൻ മരിച്ചുപോയതായിരുന്നെങ്കിലും ഒരു കുറവും വരുത്തിയില്ല.

വിദ്യയുടെ വിവാഹം കഴിഞ്ഞ്, താൻ ജോലിയിൽ നിന്ന് വിരമിച്ചപ്പോൾ മകളുടെ കൂടെ ശിഷ്ടകാലം കഴിയണമെന്നായിരുന്നു മോഹം. എന്നാൽ ഒരു ദിവസം വൈകുന്നേരം അവൾ പറഞ്ഞതിങ്ങനെയായിരുന്നു: "അമ്മേ, ഓൾഡ് ഹോമിലേക്ക് മാറ്റാം അമ്മയുടെ താമസം. എല്ലാ സൗകര്യങ്ങളും ഉണ്ടാവും. പണം രവിയേട്ടൻ അടച്ചു."

ഇന്ന് അവൾ തന്റെ മുന്നിൽ നിൽക്കുന്നു– സ്വത്ത് എഴുതിവാങ്ങാനായി. മാലതി ടീച്ചറുടെ ഒരു ആയുഷ്കാലത്തിന്റെ സമ്പാദ്യം! ഓർമ്മകളുടെ പ്രവാഹം നിലയ്ക്കുന്നില്ല. തന്റെ മകൾക്കുവേണ്ടി എന്തെല്ലാം ത്യജിച്ചു! ദാരിദ്ര്യം വീട്ടിലെ സ്ഥിരതാമസക്കാരനായിരുന്ന കാലത്ത് താൻ പട്ടിണി കിടന്നാലും മകളുടെ വിശപ്പകറ്റാനായിരുന്നു ശ്രമിച്ചത്. "അമ്മ കഴിച്ചോ?" എന്ന ചോദ്യത്തിന് "കഴിച്ചു" എന്ന് ഉത്തരം പറയുമ്പോഴും വയറ്റിൽ ഒരു കാളലായിരുന്നു. എല്ലാം തന്റെ മകൾക്കു വേണ്ടി...

"അമ്മ എന്താണാലോചിക്കുന്നത്? രവിയേട്ടൻ പുറത്ത് വെയ്റ്റ് ചെയ്യുന്നുണ്ട്. അല്ലെങ്കിൽ തന്നെ ലേറ്റായി." മാലതി ഒന്നും പറഞ്ഞില്ല. മകൾ പറഞ്ഞ സ്ഥലത്ത് ഒപ്പിടുക മാത്രം ചെയ്തു. ആ സ്ത്രീക്ക് അവ ഉപയോഗശൂന്യമായ കടലാസ് തുണ്ടുകൾ മാത്രമായിരുന്നു...

മടങ്ങുന്നതിനു മുമ്പ് ഒക്കത്തിരിക്കുന്ന രണ്ടര വയസ്സുകാരിയോട് വിദ്യ പറഞ്ഞു: "മോളേ, ഗ്രാന്റ്മായ്ക്ക് റ്റാറ്റാ കൊടുക്കൂ." കുട്ടി കൈകൾ വീശി. മാലതി ടീച്ചർക്ക് പൊട്ടിക്കരയാൻ തോന്നി. പക്ഷേ, അവൾ കരഞ്ഞില്ല. ജനലഴികളിലൂടെ വിദൂരതയിലേക്ക് കണ്ണുംനട്ട് ആ സ്ത്രീ അവിടെ ഇരുന്നു. അപ്പോഴേക്കും നിർവികാരതയുടെ ഇരുട്ട് ആ കണ്ണുകളിലേക്കും വ്യാപിച്ചിരുന്നു. നിശ്ശബ്ദമായ വാർദ്ധക്യവിലാപത്തിന് സാക്ഷ്യം വഹിച്ച് മഴ തകർത്തുപെയ്തുകൊണ്ടിരുന്നു. അപ്പോഴും ആ മാതൃഹൃദയം മന്ത്രിച്ചതിങ്ങനെയാണ്: "വിദ്യ കുടയെടുത്തിട്ടുണ്ടാവുമോ..."

# തിര തീരത്തോട് പറഞ്ഞത്

**പാർഥിവ് കൃഷ്ണൻ**
കരിപ്പത്ത് ഇല്ലം



ഓടിക്കിതച്ചു വന്ന് തീരത്തെ പുണരുന്ന തിര
മൗനത്തിന്റെ നൂൽ മുറിയുംമുമ്പേ
ഓടിയകലുന്നു
മനസ്സാഴങ്ങളിൽ വേരുറച്ച ഒന്നിനെ
ചുറ്റിപ്പിണഞ്ഞ്
അവർ പുതിയ മാനങ്ങൾ
തേടിക്കൊണ്ടേയിരിക്കുന്നു
പിണങ്ങിപ്പോവുന്നു.... ആർത്തലച്ചുകൊണ്ട്
വീണ്ടുമെത്തുന്നു... പറയാൻ...
പറയാതെ പറയാൻ
കാക്കത്തൊള്ളായിരം കഥകൾ
പാതിയിൽ മുറിഞ്ഞുപോയ
സ്വപ്നങ്ങൾ അകത്ത് ഉറവപൊട്ടുന്നു
മഹാസാഗരത്തിലെ ഉപ്പുകണങ്ങളായ്
അവ അലിഞ്ഞുചേരുന്നു
അവർ... തിരയും തീരവും
ഇരുട്ടിനെ വെറുക്കുന്നു
നാളെയുടെ വെളിച്ചത്തിനായ്
പ്രത്യാശയർപ്പിക്കുന്നു
സ്വയം നിഴലുകളായ്
അവർ മാറുന്നു
നിറം മാറാതെ എന്നും കൂടെയുണ്ടാവാൻ

## ഒരു കഥ പറയട്ടെ



**ശരണ്യ പി.**

ഒരു കഥ പറയട്ടെ...
ഒട്ടും ഒച്ചയില്ലാത്ത കഥ...
ഒരായുഷ്കാലം ഒരുക്കിക്കൂട്ടിയത്
ഒരു മുളന്തണ്ടിൽ രണ്ടറ്റത്ത്
ഒതുക്കിക്കെട്ടി ഒളിച്ചോടിപ്പോയ കഥ.
ഒന്നും പറയാതെ എന്റുമ്മയെ
ഒറ്റ വെടിക്ക് ഒറക്കിക്കെടത്തിയ കഥ...
ഒരുമ്മപോലും കൊടുക്കാതെ ഒറ്റക്കാക്കി,
ഓടിപ്പോയ ഒരുത്തിയുടെ കഥ...
ഒന്നിൽ നിന്നു തുടങ്ങി ഒന്നുമല്ലാതായ
ഒരുപ്പയുടെ ഒടുങ്ങിപ്പോയ കഥ...
ഒരുപാട് കിനാവ് കണ്ടത്!!

ഒറ്റരാത്രികൊണ്ട് ഒടച്ചുകളഞ്ഞ കഥ...
ഒരു കവിൾ പച്ചവെള്ളത്തിനുള്ള
ഒന്നരവയസ്സുകാരന്റെ വിശപ്പിന്റെ കഥ
ഒറ്റമുറിയല്ല... ഒന്നിരിക്കാനൊരിടം
ചോദിക്കുന്ന
ഒരു രോഹിങ്ക്യക്കാരിയുടെ
തട്ടമിട്ട കഥ...
ഒരു കഥ പറയട്ടെ??

ഒട്ടും ഒച്ചയില്ലാത്ത...
ഒരു രസവുമില്ലാത്ത...
ഒരു മനവുമില്ലാത്ത...
ഒരായിരം കഥകൾ??

## മഴയുടെ സംഗീതം



**പല്ലവി ശങ്കർ താമരക്കുളം**

നിർമ്മല ചാരുത പെയ്തിറങ്ങും
വൻമഴക്കുള്ളിലലിഞ്ഞു നിൽക്കേ
കാലം ചിലങ്കകൾ ചാർത്തിയപോൽ
താളമെന്നുള്ളിൽ നിറഞ്ഞിരിക്കേ.
കേട്ടു ഞാനിന്നാ മധുരഗാനം
പാട്ടു പോലമ്മതൻ താരാട്ടുപോൽ.

ഊഷരഭൂവിൽ നനവിനായി
ആർദ്രത തേടുന്ന പുൽനാമ്പു പോൽ
അമ്മയെക്കാണാതെ കേണിടുന്ന
കുഞ്ഞിൻെറ നീറുന്ന കണ്ണീരു പോൽ
മാനത്തെ മാധുരി പെയ്തിടുന്ന
ഗാനത്തിനായി ഞാൻ തേടിടുന്നൂ

ഇന്നീ മഴയിൽ അറിയാതെയെൻ
കണ്ണുനീർചേർന്നു കലർന്നനേരം
കാറ്റിനൊടൊപ്പമെതിരേറ്റിടും
മാമഴയെ ഞാനറിഞ്ഞതില്ല.
ഞാനൊന്നറിയുന്നു ജീവിതത്തിൻ
വേദനയൊപ്പിയ സൗഹൃദം നീ.

ഭിന്നമാം ജീവിതപ്പാതകളിൽ
മങ്ങിയ ചിത്രങ്ങൾ
കണ്ടു നിൽക്കെ
കാലത്തിൽ നിന്നു
ഞാൻ ചൂഴ്ന്നെടുക്കും
കണ്ണുനീരല്ലീ മഴത്തുള്ളികൾ
കാതിൽനീ ഗീതമായ്
പെയ്തിടുമ്പോൾ
ഓർമ്മകളുള്ളിൽ നിറഞ്ഞിടുന്നൂ



## കാവിലെ പൂമരം

താഴെക്കാവിൽ പൂരം കാണാൻ
വരുമോ വരുമോ പൂമ്പാറ്റേ
കൊട്ടും പാട്ടും താലപ്പൊലിയും
ഒത്തിരിയൊത്തിരി ആനകളും
കണ്ടു നമുക്കു രസിച്ചു കളിക്കാം
വർണ്ണ ബലൂണുകൾ വാങ്ങിവരാം

**സുവർണ്ണ മുല്ലപ്പള്ളി**
9ാം ക്ലാസ്
ജി.എച്ച് എസ് എസ്
നായർകുഴി

## ഞാൻ കണ്ട കണ്ണൻ

**സൗമ്യ മുല്ലപ്പള്ളി**

ഉണ്ണി ഗുരുവായൂരുണ്ണീ ഉള്ളിൽ
നന്നായിട്ടോർത്തു തൊഴുതു
നാമം ജപിച്ചേറെ നേരം ഞാനെൻ
കണ്ണനെയും കണ്ടു നിന്നൂ
ചുറ്റും നടന്നടി വെച്ചൂ വീണ്ടും
ആ ദിവ്യ ബിംബം തൊഴുതൂ.
ഓടക്കുഴൽ വിളി കേട്ടൂ നല്ല
മാനസപ്പൂക്കൾ കൊടുത്തൂ.
അജ്ഞാനമേറിടുമുള്ളിൽ വിങ്ങും
ദുഃഖവും ഞാൻ പങ്കു വെച്ചൂ

കൃഷ്ണാ മുകുന്ദാ ഹരേ നിൻ നാമം
ചൊല്ലി മടങ്ങാനിരിക്കേ.
എന്നിനിക്കാണുമെന്നല്ലീ വീണ്ടും
എന്നോടു ചോദിച്ചിടുന്നൂ
ആരു നീയമ്പാടിക്കണ്ണൻ താനോ
മാനസ ചോരനോ ചൊല്ലൂ!





## എന്റെ ഗ്രാമം

**ദേവിക വി.പി.**
ശ്രീശൈലം, വീട്ടിക്കാട്ട് ഇല്ലം

പൂങ്കാവനവും, പൂവണിമേടും
പൂഞ്ചോലകളും, പുൽമേടുകളും
നിറഞ്ഞുനിൽക്കും ഗ്രാമം
എന്റെ മനോഹര ഗ്രാമം
വള്ളിച്ചെടിയും പൂച്ചെടിയും
പൂമ്പാറ്റകളും തുമ്പികളും
നിറഞ്ഞുനിൽക്കും ഗ്രാമം
എന്റെ മനോഹര ഗ്രാമം
കണ്വമഹർഷി തപസ്സ് ചെയ്ത
കണ്ണിപറമ്പെന്ന ഗ്രാമം
എത്ര മനോഹരഗ്രാമം
എന്റെ സുന്ദരഗ്രാമം
കിളികൾ കലപില പാടുന്നു
കുട്ടികളാർത്തുരസിക്കുന്നു
എന്റെ മനോഹരഗ്രാമം
ആഹാ! സുന്ദര ഗ്രാമം

# വരക്കൂട്ട്









**സ്നിഗ്ദ്ധ താമരക്കുളം**
3rd std
ദയാപുരം റസിഡൻഷ്യൽ
സ്കൂൾ, മുക്കം ഉപസഭ

**അഭിനവ് മാധവ്**
4th std
പഴങ്ങോട്ടു പൊറ്റ ഇല്ലം







**ശ്രീക്കുട്ടി**
2nd std
പഴങ്ങോട്ടു പൊറ്റ ഇല്ലം

# ദീർഘസുമംഗലീഭവഃ



**ഡോ. ആരതി ശങ്കർ**

D/o ശങ്കരനാരായണൻ നമ്പൂതിരി
& സി.പി.ഇന്ദിര (Late)
കോൽപ്പുറം ഇല്ലം, ചാത്തമംഗലം

**സജിത്ത് നമ്പൂതിരിപ്പാട്**

S/o അനുജൻ നമ്പൂതിരിപ്പാട്
& ശോഭ അന്തർജ്ജനം
മാത്തൂർ മന, പാഞ്ഞാൾ.

ആശംസകളോടെ: ബന്ധുമിത്രാദികൾ

## അനുമോദനം



ചാത്തമംഗലം എൻ.ഐ.ടി യിൽ നിന്നും ഗണിത ശാസ്ത്രത്തിൽ പി. എച്ച്. ഡി. ബിരുദം നേടിയ വെസ്റ്റ്ഹിൽ ഗവ. പോളിടെക്നിക് കോളേജിലെ അസിസ്റ്റന്റ് **പ്രൊഫ. മഞ്ജുഷ.ഒ.ടി.** നീലേശ്വരം ഒഴുകിൽ തട്ടയൂർ ഇല്ലത്ത് പരേതനായ ഒ.ടി.രാമൻ നമ്പൂതിരിയുടെയും വാസന്തി അന്തർജനത്തിന്റെയും മകളും നടുവിലേടത്തില്ലത്ത് വിനോദ് നമ്പൂതിരിയുടെ ഭാര്യയുമാണ്.



ഹൈദരാബാദ് ഐ.ഐ.ടി.യിലെ സൈക്കോളജി വിഭാഗത്തിൽ എം.ഫിൽ പ്രോഗ്രാമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട **അനഘ. പി.** പുല്ലങ്കോട്ട് ഇല്ലത്തെ വാസുദേവൻ നമ്പൂതിരിയുടെയും സന്ധ്യയുടെയും മകളാണ്.

## സഭാ വാർത്തകൾ

# ആത്മവിശ്വാസം കൈവിടാതിരിക്കുക

പ്രവർത്തകരിൽ ആത്മവിശ്വാസം ഉണ്ടാക്കാനും പ്രവർത്തന രീതി എങ്ങനെ എന്നു മനസ്സിലാക്കാനും വേണ്ടി പ്രജാഗരം 2017 നേതൃത്വ പഠനക്ലാസ് സംഘടിപ്പിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ബ്രഹ്മശ്രീ സ്വർണ്ണത്ത് മന നാരായണൻ നമ്പൂതിരി ഉദ്ഘാടനം ചെയ്തു. മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാലാഞ്ചേരി നാരായണൻ നമ്പൂതിരി, കോരമ്പറ്റ ശങ്കരൻ നമ്പൂതിരി, പി.എം.ഗംഗാധരൻ നമ്പൂതിരി എന്നിവർ സംസാരിച്ചു. ടി.കെ.ശ്രീകുമാർ, പി.വി.ശിവദാസൻ, ആർ.പി. ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവർ പരിശീലന ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സഭാ പ്രവർത്തകരുടെ ഉയർന്ന പങ്കാളിത്തം പരിപാടിയെ വിജയപ്രദമാക്കി.





സംസ്ഥാന സമ്മേളനത്തിന് ജില്ലയിൽ നിന്ന് 19 പേരാണ് പങ്കെടുത്തത്. സമ്മേളന വേദികളിൽ കോഴിക്കോടിന്റെ പ്രകടനം മികവുറ്റതാക്കാൻ പ്രവർത്തകർ ശ്രദ്ധിച്ചിരുന്നു. കോഴിക്കോട് നിന്ന് പങ്കെടുത്ത പ്രീത കോരമ്പറ്റയുടെ ഭരതനാട്യം ശ്രദ്ധേയമായിരുന്നു.

കോവൂരിലുള്ള നമ്മുടെ സ്ഥലത്ത് ആസ്ഥാന മന്ദിര നിർമ്മാണം ഉടൻ തുടങ്ങുന്നതായിരിക്കും. പ്രത്യേക കമ്മിറ്റി ദൗത്യം ഏറ്റെടുത്തിട്ടുണ്ട്. 10 സെന്റിൽ ഇരുനില കെട്ടിടം ഉണ്ടാക്കാനുള്ള 50 ലക്ഷം രൂപ സമാഹരിക്കുകയാണ് ഇനി സഭാ പ്രവർത്തകരുടെ ലക്ഷ്യം. എല്ലാ സമുദായ സ്നേഹികളുടെയും അകമഴിഞ്ഞ സഹായം അഭ്യർത്ഥിക്കുന്നു. ഉപസഭകൾ ഈ സ്വപ്ന സാക്ഷാൽക്കാരത്തിന് വേണ്ട പ്രവർത്തനങ്ങളിൽ മുന്നോട്ടുവരണം. പ്രധാന ബിൽഡിംഗിന്റെ പ്രവർത്തനം തുടങ്ങുന്നതിനു മുമ്പ് ഈ സ്ഥലത്ത് ഒരു മാസത്തിനുള്ളിൽ ഏതാണ്ട് 4 ലക്ഷം രൂപ ചെലവിൽ ഒരു താൽക്കാലിക ബിൽഡിംഗ് ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നു. അവിടെ വെച്ച് മീറ്റിംഗുകൾ നടത്താനുള്ള സൗകര്യത്തോടുകൂടിയാണ് താൽക്കാലിക ബിൽഡിംഗിന്റെ നിർമ്മാണം. സംഘടനാ ഭാരവാഹികൾ ഉൾപ്പെടുന്ന വ്യക്തികൾ നിർമ്മാണം തുടങ്ങുന്നതിനുള്ള സാമ്പത്തികം സ്പോൺസർ ചെയ്തിട്ടുണ്ട്.

സമൂഹത്തിൽ വളരെ തുച്ഛമായ അംഗബലമുള്ള ബ്രാഹ്മണ വിഭാഗത്തിന്റെ പ്രതികരണങ്ങൾക്ക് എത്രമാത്രം ശ്രദ്ധ ഗവൺമെന്റിൽ നിന്ന് കിട്ടുമെന്ന കാര്യത്തിൽ ആശങ്കയുണ്ട്. എങ്കിലും വിശ്വാസം കൈവിടാതെ നമ്മുടെ കൂട്ടായ്മ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ഓരോരുത്തരും ശ്രമിക്കുക. പരസ്പരം സഹായകമാകാനുള്ള അവസ്ഥയെങ്കിലും നമ്മൾ ഉണ്ടാക്കിയെടുക്കുക. സാമൂഹികപരമായും വിദ്യാഭ്യാസപരമായും ഇനിയും മുന്നേറാൻ ശ്രമിക്കുക. പുതുതലമുറയെ മുന്നോട്ടുകൊണ്ടുവരാൻ ശ്രമിക്കുക.

**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**
ജില്ലാ സെക്രട്ടറി

# ശങ്കരായനം

ബ്രാഹ്മണ സമൂഹത്തിലെ വനിതകൾക്കിടയിൽ ഇന്ന് ഹൈന്ദവ ദർശനങ്ങളെക്കുറിച്ചും പുരാണ ഇതിഹാസങ്ങളെക്കുറിച്ചും ചരിത്ര പുരുഷന്മാരെക്കുറിച്ചുമുള്ള അവബോധം കുറവാണ് എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ഈ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സംസ്ഥാന കമ്മിറ്റി തീരുമാനിക്കുകയും ജില്ലകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. സത്സംഗം യൂണിറ്റുകൾ തുടങ്ങുക, ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ മനനം, ചർച്ചാ ക്ലാസുകൾ, ആചാരാനുഷ്ഠാനങ്ങളുടെ ശാസ്ത്രീയ പഠനം, ശങ്കര പഠനം തുടങ്ങിയ പരിപാടികൾ ഉപസഭ മുതൽ സംഘടിപ്പിക്കുക. അതിന്റെ ആദ്യ കാൽവെയ്പ് എന്ന നിലയ്ക്ക് വിഷ്ണുസഹസ്രനാമം, ലളിതാ സഹസ്രനാമം, ജ്ഞാനപ്പാന, ഹരിനാമ കീർത്തനം എന്നിവ ഹൃദിസ്ഥമാക്കാൻ ശ്രമിക്കുക. ഇവ മൊബൈലിൽ പകർത്തി അതു കേട്ടുകൊണ്ട് ദിവസത്തെ ജോലി ആരംഭിക്കുക.

പെരുമണ്ണ ഉപസഭയിൽ വെച്ച് നടന്ന കഴിഞ്ഞ ജില്ലാ യോഗത്തിൽ ഇത്തരം കാര്യങ്ങൾ പ്രാധാന്യം നൽകിക്കൊണ്ട് പ്രവർത്തനമാരംഭിച്ചു. യോഗത്തിനു പുറമെ നാരായണീയ പാരായണം, ക്വിസ്, തിരുവാതിരക്കളി എന്നിവ നടന്നു. ഓരോ വനിതാ അംഗങ്ങളും ചെറിയൊരു സമയമെങ്കിലും നമ്പൂതിരി വനിതകളുടെ ഉന്നമനത്തിനും കൂട്ടായ്മക്കുമായി മാറ്റിവെക്കുക.

**ഹേമലത പാറക്കോട്**
ജില്ലാ വനിതാസഭാ പ്രസിഡന്റ്

> 'ശങ്കരായനം' എന്ന പരിപാടിയുടെ ഭാഗമായി ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള സമയത്ത് ഉപസഭാ തലത്തിൽ ശങ്കര കൃതികളെ അധികരിച്ച് വിവിധ മത്സര പരിപാടികൾ സംഘടിപ്പിക്കണം. നിർദ്ദേശങ്ങൾ ജില്ലാ കമ്മിറ്റി നൽകുന്നതായിരിക്കും. ഉപസഭാ സെക്രട്ടറിമാർ, ജില്ലാ വനിതാ സെക്രട്ടറിയെയോ പ്രസിഡന്റിനെയോ കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുകയും ചെയ്യുക. ജനുവരിയിൽ ജില്ലാതല മത്സരം നടത്തും. 2018 ശങ്കര ജയന്തിക്ക് മുമ്പായി സ്റ്റേറ്റ് തല മത്സരവും നടക്കും. ഉപസഭകൾ തയ്യാറെടുക്കുക.

# കർക്കിടക മാസാചരണവും പൂക്കളമത്സരവും

2017 ആഗസ്റ്റ് 13 ഞായറാഴ്ച (കർക്കിടകം 28) മുക്കം ഉപസഭ വനിതാ സഭയുടെ ആഭിമുഖ്യത്തിൽ രാമായണ മാസാചരണം നടത്തി. 35 പേർ പങ്കെടുത്തു. പങ്കെടുത്ത എല്ലാവരും ചേർന്ന് രാമായണ പാരായണം നടത്തി. കർക്കിടക മാസാചരണത്തെക്കുറിച്ചും രാമായണത്തെക്കുറിച്ചും താമരക്കുളം ശ്രീദേവി അന്തർജനം ക്ലാസ്സെടുത്തു. രാമായണത്തെ അധികരിച്ച് നടത്തിയ പ്രശ്നോത്തരിയിൽ ആറു കുട്ടികളും 10 മുതിർന്നവരും പങ്കെടുത്തു. താമരക്കുളം ശ്രീദേവി അന്തർജ്ജനവും മീര അന്തർജ്ജനവും മോഡറേറ്റർമാരായിരുന്നു. വിജയികൾക്കും പങ്കെടുത്ത എല്ലാ കുട്ടികൾക്കും ഉപഹാരങ്ങൾ നൽകി. മുക്കുടി, ഔഷധം, കർക്കിടക കഞ്ഞി, പുഴുക്ക്, പായസം എന്നിവ വിതരണം ചെയ്തു. അന്നേ ദിവസം പ്രദർശിപ്പിച്ച കലിയന്റെ ആലയും കലിയന് കൊടുക്കൽ ചടങ്ങും പലർക്കും പുതുമയായിരുന്നു.

എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ താമരക്കുളം പ്രണവ് ശങ്കർ, താമരക്കുളം പല്ലവീ ശങ്കർ, കിഴക്കുമ്പാട് ജിഷ്ണു, കാഞ്ഞിരത്തോട്ടം പാർവ്വതി, മൂത്തേടം വാസുദേവ് എന്നിവർക്കും എൽ.എസ്.എസ്. സ്കോളർഷിപ്പ് നേടിയ താമരക്കുളം ആർദ്ര എന്നിവരെ ഉപഹാരങ്ങൾ നൽകി അനുമോദിച്ചു. രാമായണ ശീലുകളെ കോർത്തിണക്കിക്കൊണ്ടുള്ള പുതുമ നിറഞ്ഞ കൈകൊട്ടിക്കളി ഒരു പ്രത്യേക അനുഭൂതിയായിരുന്നു. മുക്കം ഉപസഭയും, വനിതാ സഭയും ചേർന്ന് നടത്തിയ ഈ പരിപാടി പ്രശംസിക്കപ്പെടേണ്ടതാണ്.

ഉത്രാടത്തിൻനാൾ നടത്തിയ ഗൃഹാങ്കണ പൂക്കള മത്സരം നല്ല നിലവാരം പുലർത്തി. ഒൻപത് ടീമുകൾ പങ്കെടുത്ത മത്സരത്തിൽ, 1, 2, 3 സ്ഥാനക്കാർക്ക് റോളിംഗ് ട്രോഫി, കാഷ്പ്രൈസ്, ഓണക്കോടി എന്നിവ അന്നുതന്നെ നൽകി.

സംസ്ഥാന സമ്മേളനത്തിൽ നിന്നും മുക്കം ഉപസഭയിൽ നിന്നും ജില്ലാ വൈസ് പ്രസിഡന്റ് കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട് പങ്കെടുത്തു. ഉപസഭയുടെ സംഭാവനാ വിഹിതം കൈമാറി.

**ദിവാകരൻ നമ്പൂതിരി**
മുക്കം ഉപസഭാ പ്രസിഡന്റ്

# ഓണാഘോഷം



15.8.17ന്ന് രാമായണ മാസം ആഘോഷം ശ്രീ ഹരിശങ്കർ ഉൽഘാടനം ചെയ്തു. തുടർന്ന് പ്രഭാഷണവും പ്രശ്നോത്തരിയും ഉണ്ടായിരുന്നു ഉപസഭാംഗമായ സരസ്വതി അന്തർജനത്തിന്ന് ചികിൽസാ സഹായം നൽകി ആഗസ്റ്റ് ഒന്നിന് ഓണാഘോഷവും കുടുംബസംഗമവും ശ്രീദേവി ധർമമന്ദിരത്തിൽ വെച്ചു നടന്നു. യോഗം ശ്രീപാറക്കോട്ട് ശങ്കരൻ നമ്പൂതിരി ഉൽഘാടനം ചെയ്തു. SSLC, +2 പരീക്ഷയിൽ പ്രശസ്തമായി വിജയിച്ച കുട്ടികൾക്ക് ഉപഹാരം നൽകി തുടർന്ന് സഭാംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു വനിതാ സഭാംഗങ്ങൾ അവതരിപ്പിച്ച തിരുവാതിരക്കളി നന്നായിരുന്നു

**വിനോദ് കീഴൂർ**
ഫറോക്ക് ഉപസഭാ സെക്രട്ടറി

# ഓണാഘോഷവും നവതിപ്രണാമം

17.9.2017 ഞായറാഴ്ച വൈദിക വിജ്ഞാന കേന്ദ്രത്തിൽ വെച്ച് ഓണാഘോഷവും കുടുംബ സംഗമവും നടത്തി. കുടുംബസംഗമം കൊയ്ത്തടി പരമേശ്വരൻ നമ്പൂതിരി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ഉപസഭാ പ്രസിഡന്റ് പാലാഞ്ചേരി നീലകണ്ഠൻ നമ്പൂതിരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി രാമകൃഷ്ണഹരി നമ്പൂതിരി സ്വാഗതവും ഉപസഭയുടെ പ്രവർത്തന അവലോകനവും നടത്തി. നവതിയിലേക്ക് കടക്കുന്ന ടി.സി. നാരായണൻ നമ്പൂതിരിയെ പൊന്നാട അണിയിച്ചും ഉപഹാരം നൽകിയും ആദരിച്ചു. വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ ഉന്നത സ്ഥാനങ്ങളിലേക്ക് ഉയർന്നുവന്ന 15 ഓളം ഉപസഭാ അംഗങ്ങളെയും ഉപഹാരങ്ങൾ നൽകി ആദരിച്ചു. വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ ഉന്നത സ്ഥാനങ്ങളിലേക്ക് ഉയർന്നുവന്ന 15 ഓളം ഉപസഭാ അംഗങ്ങളെയും ഉപഹാരങ്ങൾ നൽകി ആദരിക്കുകയും തുടർന്ന് ഓണസദ്യയോടുകൂടി കുടുംബ സംഗമത്തിന് സമാപനം കുറിക്കുകയും ചെയ്തു

വനിതാ സഭയുടെ നേതൃത്വത്തിൽ പൂക്കളം ഒരുക്കിയത് വളരെ ശ്രദ്ധേയമായി. സംസ്ഥാന സമ്മേളനത്തിലേക്ക് പെരുമണ്ണ ഉപസഭ പിരിച്ച തുക ജില്ലാ സഭയിലേക്ക് ഏൽപ്പിക്കുകയും ചെയ്തു.



17.10.2017 ഞായറാഴ്ച അന്തരിച്ച ആലഞ്ചേരി ഇല്ലത്ത് സാവിത്രി അന്തർജനത്തിന്റെ ദേഹവിയോഗത്തിൽ അനുശോചനം നേരിൽ അറിയിക്കുകയും, സഭയുടെ വകയായി റീത്ത് സമർപ്പിക്കുകയും ചെയ്തു.

**രാമകൃഷ്ണഹരി നമ്പൂതിരി**
പെരുമണ്ണ ഉപസഭാ സെക്രട്ടറി

# രാമായണ പരിക്രമണം



രാമായണ പരിക്രമണം-2017 എന്ന പേരിൽ രാമല്ലൂർ ഉപസഭ കർക്കടക മാസം സമുചിതമായി ചേക്രയ്ക്കൽ വേണുമ്പൂതിരിയുടെ ഇല്ലത്തു വച്ച് ആഘോഷിച്ചു. പന്ന്യംവള്ളി ശ്രീകുമാർ, ചേക്ര ഉണ്ണികൃഷ്ണൻ നമ്പൂതിരി, ചെമ്പക്കോട് പ്രകാശൻ നമ്പി, അജിത്ത് മാക്കന്തേരി എന്നിവരുടെ യഥാസമയത്തുള്ള ഗൃഹസമ്പർക്ക നോട്ടീസ് വിതരണം കാരണം മിക്ക ഉപസഭാംഗങ്ങളും ഹർത്താലിനെ വകവെക്കാതെ പരിപാടിയിൽ പങ്കെടുത്തു. ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ശ്രീ. അനിൽകുമാർ ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നടത്തി. തുടർന്ന് തെഞ്ചേരി ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ രാമായണം ക്വിസ്, രാമായണ പാരായണ മത്സരം എന്നിവ നടത്തി. ഉപസഭാംഗങ്ങൾക്ക് മഴക്കാല പ്രത്യേക വൃക്ഷത്തൈ വിതരണം നടത്തി.

2017 ആഗസ്റ്റ് 12 ന് സമന്വയ ബ്രാഹ്മണ കൂട്ടായ്മയുമായി ചേർന്ന് മലപ്പുറം ജില്ലയിലെ നാലമ്പല ദർശനം നടത്തി. അതിനു പുറമെ തിരുമാന്ധാംകുന്ന് ക്ഷേത്രത്തിലും ദർശനം നടത്തി.

2017 ആഗസ്റ്റ് 13 ന് ഉപസഭയിലെ ഏറ്റവും മുതിർന്ന അംഗമായിരുന്ന പാറപ്പുറത്ത് ഇല്ലത്ത് സുഭദ്ര മനയമ്മ, ആഗസ്റ്റ് 18 ന് മുഡുവമ്പുറത്ത് ഇല്ലത്ത് പത്മിനി അന്തർജനം എന്നിവരുടെ നിര്യാണത്തിൽ അനുശോചിക്കുകയും, അടിയന്തിരമായി വേണ്ട സംസ്കാര സാധനങ്ങൾ ഏർപ്പാടാക്കി നൽകുകയും പിണ്ഡാടിയന്തിരത്തിന് ആവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു.

2017 ലെ ഓണസംഗമം, സമന്വയ ബ്രാഹ്മണ കൂട്ടായ്മയോടൊപ്പം തെഞ്ചേരി ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ ഭവനത്തിൽ വെച്ച് വിവിധ കലാ കായികപരിപാടികളോടെ കൊണ്ടാടി.

**ഹരിനാരായണൻ തെഞ്ചേരി**
സെക്രട്ടറി, രാമല്ലൂർ ഉപസഭ

# ഗുരുവന്ദനം



വ്യത്യസ്തമായ ചില പ്രവർത്തനങ്ങളുമായാണ് ഉപസഭയുടെ ഒരു പാദ വർഷം കൂടി കടന്നുപോയത്. രാജ്യത്തെ പുതിയ സാമ്പത്തിക രംഗത്തിന് ഒപ്പം നീങ്ങുവാൻ അംഗങ്ങളെ ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെ ''കറൻസി രഹിത പണവിനിമയം' എന്ന വിഷയത്തിൽ 23.7.2017 ന് ഒരു പഠന ക്ലാസ് സംഘടിപ്പിക്കുകയുണ്ടായി. ഉപസഭാമെമ്പറും കേരള ഗ്രാമീൺ ബാങ്ക് ഉദ്യോഗസ്ഥയുമായ എടവല്യം സരസ്വതിയാണ് ക്ലാസ് കൈകാര്യം ചെയ്തത്. ഓണത്തെ വരവേൽക്കാൻ ഉപസഭ വിപുലമായ പരിപാടികളാണ് ഒരുക്കിയത്. 1.9.2017 ന് കൊയിലാണ്ടി നിത്യാനന്ദ ഓഡിറ്റോറിയത്തിൽ വെച്ച് ഉപസഭാ ജനറൽബോഡിയും ഓണാഘോഷവും ഡോ. പീയൂഷ് നമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്തു. കഥകളി ആചാര്യൻ പത്മശ്രീ ചേമഞ്ചേരി കുഞ്ഞിരാമൻ നായർക്ക് ആദരവും ഇതേ വേദിയിൽ വെച്ച് നടന്നു. ഉപസഭയിലെ മുതിർന്ന അംഗങ്ങൾക്ക് മുഴുവൻ ഓണപ്പുടവ നൽകിക്കൊണ്ട് ഗുരുവന്ദനം പരിപാടി ഇതൊന്നിച്ച് നിർവ്വഹിക്കപ്പെട്ടു. ഓണസദ്യയും അംഗങ്ങളുടെ കലാസദ്യയും പരിപാടിക്ക് ഉത്സവാന്തരീക്ഷം നൽകി. സംസ്കാര വാഹിനിയാണല്ലോ സംസ്കൃത ഭാഷ. സംസ്കൃത പഠന പരിപാടിയാണ് ഉപസഭ ഏറ്റെടുത്ത മറ്റൊരു പദ്ധതി. 8.10.17 ന് തുടക്കം കുറിക്കപ്പെട്ട സംസ്കൃത ക്ലാസ്സിന് നേതൃത്വം നൽകുന്നത് ജയശ്രീ എടവല്യം, മധുസൂദനൻ പുതുശ്ശേരി, പ്രൊഫ. ദാമോദരനുണ്ണി എന്നീ അംഗങ്ങളാണ്.

**അകപ്പുറം കേശവൻ നമ്പൂതിരി**
സെക്രട്ടറി, കൊയിലാണ്ടി ഉപസഭ

# ശ്രമസംഘ രൂപീകരണം

12.10.17 ന് വീട്ടിക്കാട്ട് ഇല്ലത്ത് വെച്ച് രാമായണം, സ്വാതന്ത്ര്യദിനം എന്നീ വിഷയങ്ങളെ അധികരിച്ച് ക്വിസ് മത്സരം നടത്തുകയുണ്ടായി. കൂടാതെ രാമായണ പാരായണവും നടത്തി. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സമ്മാനം നൽകി. വനിതാ ഫണ്ടിൽ നിന്ന് 5000 രൂപ ധനസഹായമായി ഉപസഭയിലെ ഒരു വനിതാ അംഗത്തിന് നൽകി. വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ശ്രമസംഘം രൂപീകരിച്ചു. സെപ്തംബർ 15 ന് എടക്കാട്ട് ഇല്ലത്ത് വെച്ച് നടന്ന ഒരു പിറന്നാളിന് വനിതകളുടെ ശ്രമസംഘം പ്രവർത്തനം ആരംഭിച്ചു. ചാത്തമംഗലം ഉപസഭയിലെ അംഗങ്ങൾ കൂടി ഇതിൽ സഹകരിച്ചു.

**ലത തലപ്പണ**
കണ്ണിപറമ്പ് ഉപസഭ
വനിതാ വിഭാഗം സെക്രട്ടറി

## ആദരാഞ്ജലികൾ



**ആലഞ്ചേരി ഇല്ലത്ത് സാവിത്രി അന്തർജനം**
പെരുമണ്ണ ഉപസഭ



**സുഭദ്ര മനയമ്മ**
പാറപ്പുറത്തില്ലം, രാമല്ലൂർ ഉപസഭ



**പറമ്പത്ത് എടലക്കുളം**
**വാസുദേവൻ നമ്പൂതിരി**
കണ്ണിപറമ്പ് ഉപസഭ



**പത്മിനി അന്തർജനം**
മുടുവമ്പുറത്തില്ലം
രാമല്ലൂർ ഉപസഭ

## പാണിഗ്രഹണം

കുംഭശ്ശനി തുലാം വ്യാഴം കൊല്ലം 1169-ാമത് മിഥുന മാസം 19-ാംനുക്ക് 1994 ജൂലായ് മാസം 3-ാംനു ഞായറാഴ്ച ഉദിച്ച് 17 നാഴിക 25 വിനാഴികക്ക് പകൽ ഒരു മണി 10 മിനുട്ടിന് ഭരണി നക്ഷത്രത്തിൽ സ്ത്രീ ജനനം. 17 കൊല്ലം 11 മാസം 3 ദിവസം വരെ ജനനശിഷ്ട ജന്മതാരാധിപ ശുക്രദശ. പേര്: ഗായത്രി, വയസ്സ് 23, ഉയരം: 155 സെ.മീ, നക്ഷത്രം: ഭരണി. വിദ്യാഭ്യാസം: എം.ടെക് (എൻവിറോൺമെന്റൽ എഞ്ചിനീയറിംഗ്- ഐ.ഐ.ടി, ചെന്നൈ (doing)). അച്ഛൻ: വിഷ്ണു നമ്പൂതിരി, റിട്ട. മാനേജർ, കനറാ ബാങ്ക്, അമ്മ: ഗീതാ ഗൗരി, മൊബൈൽ: 9746097890, 8086488005, 8714170947. വിലാസം: പുല്ലങ്ങോട്ടില്ലം, പൈങ്ങോട്ടുപുറം, പെരിങ്ങളം പി.ഒ.

| | | | |
|---|---|---|---|
| | ച ശി | കു | ര ബു |
| മ | ഗ്രഹസ്ഥിതി | | ശു |
| | | | |
| | മാ | ഗു സ | ല |

| | | | |
|---|---|---|---|
| ര ശു | | | മ സ |
| കു മാ | അംശകം | | |
| ഗു | | | ച |
| ശി | ബു | | ല |

5-1-3 ഗർഭശിഷ്ട ചന്ദ്രദശ

## ദീർഘസുമംഗലീ ഭവഃ



**വിഷ്ണുപ്രസാദ്**

S/o താമരക്കുളം ദിവാകരൻ നമ്പൂതിരി
& മീര ദിവാകരൻ
താമരക്കുളം ഇല്ലം, മാമ്പറ്റ, മുക്കം

**ദേവിപ്രിയ**

D/o പരമേശ്വരൻ നമ്പൂതിരി
& ഗീതാ പരമേശ്വരൻ
വാഴകുന്നത്ത് മന, തിരുവേഗപ്പുറ, പാലക്കാട്

ആശംസകളോടെ: തുളസി, കേശവൻ വെദിരമന, നിവേദ്


ആയുർവേദ രംഗത്ത്
95 വർഷത്തിലേറെ സേവന പാരമ്പര്യം
അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് മൂസ്സ്
എസ് എൻ എ
സ്ഥാപകൻ:
അഷ്ടവൈദ്യൻ
തൃശ്ശൂർ തൈക്കാട്ട് ഉണ്ണി മൂസ്സ്
എസ് എൻ എ
ഔഷധശാല പ്രൈവറ്റ് ലിമിറ്റഡ്
അഷ്ടവൈദ്യൻമാരുടെ മേൽനോട്ടത്തിൽ മരുന്നു നിർമ്മാണം
15 - ഓളം ബ്രാഞ്ചുകളും, 1,000 - ലധികം ഔട്ട്ലെറ്റുകളും
400 - ലധികം ആയുർവ്വേദ മരുന്നുകൾ
ജി എം പി അംഗീകാരം
ഇറ്റലിയിൽ ആയുർവ്വേദ കോളേജ്
അമേരിക്ക, റഷ്യ, യൂറോപ്പ്, യു എ ഇ, മലേഷ്യ എന്നിവിടങ്ങളിലേക്ക് കയറ്റുമതി
എസ് എൻ എ
ആയുർവേദ നഴ്സിങ് ഹോം
ആധുനിക സൗകര്യങ്ങൾ
അഷ്ടവൈദ്യൻമാരുടെ മേൽനോട്ടത്തിൽ പഞ്ചകർമചികിത്സ
ധാര, പിഴിച്ചിൽ, നവരക്കിഴി തുടങ്ങിയ ചികിത്സാകർമങ്ങൾ
എസ് എൻ എ കോർപറേറ്റ് ട്രീ
എസ് എൻ എ ഔഷധശാല, തൃശ്ശൂർ
എസ് എൻ എ ഔഷധശാല, അരിമ്പൂർ
എസ് എൻ എ ആയുർവേദ നഴ്സിങ് ഹോം, തൃശ്ശൂർ
ഉണ്ണിമൂസ്സ് ഫൗണ്ടേഷൻ
ആയുർവേദിക് പോയിന്റ്, ഇററലി
എസ് എൻ എ പബ്ലിക്കേഷൻസ്
അഷ്ടവൈദ്യൻ തൃശ്ശൂർ തൈക്കാട്ട് മൂസ്സ്
എസ് എൻ എ
ഔഷധശാല പ്രൈവറ്റ് ലിമിറ്റഡ്
ആയുർവേദ നഴ്സിങ് ഹോം
Since 1920
മൂസ്പെറ്റ് റോഡ്, കിഴക്കേകോട്ട, തൃശ്ശൂർ-5 Tel: 0487- 2420948, 2441947
mail@thaikatmooss.com | www.thaikatmooss.com | www.moossayurveda.com